Grace Books



മുസ്‌ലിം ലീഗ് നൂറ്റാണ്ടിന്റെ ചരിത്രം

എ.എം. ഹനീഫ്

വിവർത്തനം: ഷാഫി ചെറുമാവിലായി

മുസ്‌ലിം ലീഗ്
നൂറ്റാണ്ടിന്റെ ചരിത്രം

ഷാഫി ചെറുമാവിലായി

കണ്ണൂർ ജില്ലയിലെ ചെറുമാവിലായിയിൽ 1962ൽ ജനനം. എസ്.എസ്.എൽ. സി വരെ വിദ്യാഭ്യാസം. ഇരുപതു വർഷത്തോളമായി തമിഴിൽ നിന്നും കഥകൾ മലയാളത്തിലേക്കും വിവർത്തനം ചെയ്തുവരുന്നു. കേന്ദ്രസാഹിത്യ അക്കാദമിക്കു വേണ്ടി അഞ്ചു കഥകളും സാഹിത്യ അക്കാദമി അവാർഡു നേടിയ സാ. കന്തസ്വാമിയുടെ *വിസാരണൈ കമ്മീഷൻ* എന്ന നോവൽ *അന്വേഷണ കമ്മീഷൻ* എന്ന പേരിലും വിവർത്തനം ചെയ്തു. വിവർത്തനത്തിനുള്ള *നല്ലി തിസൈ എട്ടും* സാഹിത്യം പുരസ്കാരം ലഭിച്ചു. ഇപ്പോൾ കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് എന്ന സ്ഥലത്തും താമസം.

മുസ്‌ലിം ലീഗ്
നൂറ്റാണ്ടിന്റെ ചരിത്രം

എ.എം. ഹനീഫ്

പരിഭാഷ:
ഷാഫി ചെറുമാവിലായി

ഗെയ്‌സ് എജ്യൂക്കേഷണൽ അസോസിയേഷൻ

Original Title in Tamil
Muslim League Nootandu Varalar 1906-2006
Malayalam
Muslim League Nootandinte Charithram
(History)
By
A.M Haneef
Translated by
Shafi Cherumavilayi

First Published September 2021

Published by
Grace Educational Association
PB No.3, Camp Sayyid
Malappuram - 676 317

© All rights reserved

Book Design: Anwar Swadique

Distributors:
Grace Books
PB No.3, Camp Sayyid
Malappuram - 676 317
+91 9446 334931
gracevelimukku@gmail.com

www.gracebooks.in

Price: ₹ 200

പ്രസാധകക്കുറിപ്പ്

ഇന്ത്യയിലെ രാഷ്ട്രീയം പല വിധത്തിൽ വിശകലനം ചെയ്യപ്പെടുകയും പഠന വിധേയമാവുകയും ചെയ്തിട്ടുണ്ട്. വിഭജന പൂർവ്വ ഇന്ത്യയിലെ മുസ്‌ലിം മതന്യൂന പക്ഷത്തിന്റെ പുരോഗതിയും ഉന്നമനവും ലക്ഷീകരിച്ച് ഇരുപതാം നൂറ്റാണ്ടി ന്റെ ആദ്യത്തിൽ രൂപം കൊണ്ട സർവേന്ത്യ മുസ്‌ലിം ലീഗ് ഇന്ത്യാ വിഭജന ത്തോടെ സംഘടനയെ രണ്ടായി വിഭജിക്കാൻ 1947-ൽ തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായതാണ് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ്.

വിഭജനാനന്തര ഇന്ത്യയിൽ രാജ്യത്തിന്റെ വിന്യസ്ത ഭാഗങ്ങളിൽ മതഭ്രാന്തി ന്റെ പേരിൽ പൊട്ടിപ്പുറപ്പെട്ട കലാപങ്ങളെ അടിസ്ഥാനമാക്കി മതന്യൂനപക്ഷ മായ മുസ്‌ലിം സമുദായം നേരിട്ട വെല്ലുവിളികളെയും മറ്റും മതേതര ചിന്തയുമാ യി നിലകൊള്ളുന്ന രാഷ്ട്രീയ സംഘടനയായ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് കൈകാര്യം ചെയ്തത് മുതലുള്ള ചരിത്രം വിശകലനം ചെയ്യുന്ന ഗ്രന്ഥമാണിത്.

രാജ്യത്തിന്റെ രാഷ്ട്രീയ സംവിധാനത്തിന്റെ അവിഭാജ്യ ഘടകമായ തീർന്ന ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് കാലങ്ങളായി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങ ളെയും സംഭവങ്ങളെയും ചരിത്രാഖ്യാന ശൈലിയിൽ വായനക്കാരന് മുമ്പിൽ വിശദീകരിക്കുന്ന എ.എം ഹനീഫ് സാഹിബിന്റെ ഈ കൃതിയുടെ പ്രസാധനം രാഷ്ട്രീയ പഠന പരമ്പര പ്രസിദ്ധീകരിക്കുന്നതിന്റെ ഭാഗമായാണ് ഗ്രെയ്സ് എഡ്യുക്കേഷണൽ അസോസിയേഷൻ ഏറ്റെടുത്തിരിക്കുന്നത്.

'മുസ്‌ലിം ലീഗ് നൂറ്റാണ്ട് വരലാർ 1906-2006' എന്ന തമിഴ് ഭാഷയിലുള്ള മൂല ഗ്രന്ഥത്തിന്റെ മലയാള വിവർത്തനമായ 'മുസ്‌ലിം ലീഗ് നൂറ്റാണ്ടിന്റെ ചരിത്രം' എന്ന ഈ പുസ്തകത്തിന്റെ ഗ്രന്ഥകർത്താവായ എ. എം ഹനീഫ് സാഹിബിനും വിവർത്തകനായ ഷാഫി ചെറുമാവിലായിക്കും എല്ലാ വിധ നന്മകളും കടപ്പാടു കളും നേരുകയും ചെയ്യുന്നു.

ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ

വറുത്തെടുത്ത അക്രമം!

ബ്രിട്ടീഷ് ഏകാധിപത്യത്തിന്റെ അടിമത്വത്തിൽ നിന്നും മോചനം നേടിയ ഇന്ത്യാ മാഹാ രാജ്യം, 'ഇന്ത്യ- പാക്കിസ്ഥാൻ' എന്ന, രണ്ടു സ്വതന്ത്ര നാടുകളായി 1947 ആഗസ്റ്റ് മാസം 14,15 തിയ്യതികളിൽ രൂപംകൊണ്ടു.

അതേസമയം, രാജ്യ വിഭജനത്തിന്- ഇന്ത്യാ മഹാരാജ്യം 'ഇന്ത്യ' എന്നും 'പാക്കിസ്ഥാൻ' എന്നും രണ്ടാകുന്നതിനും- കഷണമാകുന്നതിനും അഖിലേന്ത്യാ മുസ്ലിം ലീഗ് കാരണമായിട്ടില്ല എന്നതാണ് സത്യം!

അടിമച്ചങ്ങല അറുത്തെറിയപ്പെട്ട ആഹ്ലാദം ജനങ്ങളെ ആന്ദത്തിൽ ആറാടിക്കുന്നതിന് പകരം, ഭയത്തിന്റെ കടലിൽ ആഴ്ത്തുകയാണ് ചെയ്തത്., നിർഭാഗ്യകരം!

അതെ! ഇന്ത്യാ മഹാരാജ്യം ഇന്ത്യ- പാക്കിസ്ഥാൻ എന്നീ രണ്ടു സ്വതന്ത്ര രാജ്യങ്ങളായി ലോക അരങ്ങിൽ ഉടലെടുത്ത് ജനങ്ങളെല്ലാം സന്തോഷത്തിൽ തിളയ്ക്കുവാൻ തുടങ്ങിയ വിഷയത്തിൽ 'സ്വാതന്ത്ര്യം കിട്ടിയിരിക്കുന്നു' എന്ന ആനന്ദത്തിൽ ആറാടാൻ ഇരുന്ന നേരത്ത്- അവരുടെ സന്തോഷത്തെ ഭയമായി മാറ്റാൻ തുനിഞ്ഞ മനുഷ്യത്വവൈരികളായ മതഭ്രാന്തരുടെ തേരോട്ടം രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരുന്നു.

അക്രമ സംഭവങ്ങൾ- രക്തക്കളരി- എങ്ങോട്ടു തിരിഞ്ഞാലും മൃതദേഹങ്ങളുടെ കൂമ്പാരം- ജനങ്ങളുടെ മരണ നിലവിളി- പരിതാപകരമായ കരച്ചിൽ- ന്യൂന പക്ഷ സമുദായത്തിലെ ജനങ്ങൾ, ഭൂരിപക്ഷക്കാരുടെ ക്രൂര ആക്രമണത്തിനിരയായി 'അടയ്ക്കാ കുരുവികളെ'പോലെ ചുരുണ്ടുവീഴുന്ന ശോകാവസ്ഥ!

ചുരുക്കിപ്പറഞ്ഞാൽ പാവപ്പെട്ട ജനങ്ങളുടെ ജീവനും സ്വത്തിനും ഉറവിടത്തിനും സംരക്ഷണമില്ലാത്ത അവസ്ഥ- ആ നിരപരാധികളായ ജനങ്ങളുടെ സ്വത്തു

Downloaded from www.gracebooks.in

സുഖങ്ങൾ കൊള്ളയടിക്കപ്പെട്ട്, വീടുകളൊക്കെ ക്രൂരമായി ചുട്ടെരിക്കപ്പെടുന്ന മൂഗീയത എങ്ങും പടർന്നുപിടിച്ചിരുന്നതിനാൽ, ഇതിനൊക്കെ ഇരയായ സമുദായത്തിലെ ജനങ്ങൾ നിരാലംബരായ അവസ്ഥയിൽ അഗതികളായി കഷ്ടപ്പെടുന്ന ദുഃഖാവസ്ഥ!

ന്യൂനപക്ഷക്കാരായ ജനങ്ങളുടെ സ്വന്തം തൊഴിൽ ശാലകൾ, കച്ചവടസ്ഥാപനങ്ങൽ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒക്കെ വേരോടെ നശിപ്പിക്കപ്പെട്ടു!

സ്വാതന്ത്ര്യത്തിന്റെ സൂര്യൻ പ്രകാശിക്കാൻ തുടങ്ങിയ അടുത്ത നിമിഷം തന്നെ അത്, ചുട്ടെരിക്കുവാനും ആരംഭിച്ചല്ലോ! എന്ന് ജനങ്ങൾ പരിതപിച്ചു!

സ്വാതന്ത്ര്യത്തിന്റെ വായു ശ്വസിക്കുവാൻ തുടങ്ങിയപ്പോൾ, സുഭിക്ഷത്തെ ചുട്ടെരിക്കുവാൻ കച്ചകെട്ടിക്കൊണ്ട് കളത്തിൽ ഇറങ്ങിയ 'സംഘപരിവാർ'കളുടെ ചതികളും ചടുലമാർന്ന പോരാട്ടങ്ങളും ന്യൂനപക്ഷ സമുദായ ജനങ്ങളെ കൊത്തിവലിക്കുന്ന ക്രൂരതകളും തടസ്സങ്ങളേതുമില്ലാതെ തലയുയർത്തി ആടുവാൻ തുടങ്ങി.

ഇത്തരം ക്രൂരതകളുടെ ഘോര മുഖങ്ങളെക്കുറിച്ച് 'ഹിന്ദുത്വത്തിന്റെ പരിണാമ വളർച്ച എന്ന പുസ്തകം ഇങ്ങനെ പറയുന്നു. രാജ്യങ്ങൾ സ്വാതന്ത്ര്യം നേടി രണ്ടു മാസങ്ങൾക്കകം, ആയുധങ്ങൾ ശേഖരിച്ച് പല ഗ്രാമങ്ങളിൽ കടന്നുചെന്ന് ആക്രമിച്ച്- മുസ്‌ലിംങ്ങളിൽ പലരെയും അരുംകൊല ചെയ്തതായി (700) എഴുന്നൂറിലധികം കേസ്സുകൾ ആർ.എസ്.എസ്സിന് എതിരായി ഫയൽ ചെയ്യപ്പെട്ടതായി പോലീസ് അധികാരി ശ്രീ. പി.പി.എസ്. ജെറ്റ്‌ലി, കപൂർ കമ്മീഷനും മുന്നിൽ സാക്ഷിപറഞ്ഞു'

'മാത്രമല്ല, അന്നത്തെ യു.പി. മുഖ്യമന്ത്രി ജി.പി. പന്ത്, ആഭ്യന്തര മന്ത്രി ലാൽ ബഹദൂർ ശാസ്ത്രി എന്നിവരോടും ലഹളയ്ക്ക കാരണമായ ആർ.എസ്.എസ്സിനെ നിരോധിക്കണമെന്ന് ജെറ്റ്‌ലി ആവശ്യപ്പെട്ടു.'

അവർ ഇരുവരും ഈ ആവശ്യം അംഗീകരിച്ചെങ്കിലും സർദ്ദാർ വല്ലഭായ് പട്ടേൽ അവർകളോട്, ഇതിനെക്കുറിച്ച് കൂടിയാലോചിക്കണമെന്ന് മറുപടി പറഞ്ഞു!

1947 ഒക്ടോബർ, നവവംബർ മാസങ്ങളിലാണ് ഇത് നടന്നത്. ആർ.എസ്.എസ്സിനോട് ആഭിമുഖ്യമുണ്ടായിരുന്ന സർദാർ വല്ലഭായി പട്ടേൽ, ഗാന്ധിജി പടുകൊല ചെയ്യപ്പെടുന്നതുവരെ അതിനെ ആർ.എസ്.എസ്സിനെ ഗവൺമെന്റാൽ അൽപംപോലും അടക്കിനിർത്താനായില്ല. (പേജ് 96- ലേഖകർ, കെ.ഇ.എൻ, കെ.എസ് ഹരിഹരൻ)

പഞ്ചാബ് വിഭജനത്തിന്റെ ഭയങ്കര പ്രത്യാഘാതം!

ജാതി ഭ്രാന്തന്മാരാൽ വിതറപ്പെട്ട വിദ്വേഷ വിഷവും തോണ്ടിയിടപ്പെട്ട പൈശാചിക പ്രവർത്തികളും പുതുതായി പൂത്തുകുലുങ്ങിയ ഭാരത ദേശത്തെ രക്തത്തിൽ കുളിപ്പിച്ച് കളങ്കപ്പെടുത്താൻ തുനിഞ്ഞു. എന്നാൽ മതത്തിന്റെ അടിസ്ഥാനത്തിൽ രാജ്യം വിഭജിക്കപ്പെടുമ്പോൾ, പഞ്ചാബും ബംഗാളും വിഭ

Downloaded from www.gracebooks.in

ജിക്കപ്പെടേണ്ടത് അത്യാവശ്യമാണെന്ന് കോൺഗ്രസ്സ് പാർട്ടി നിർബന്ധിച്ചു.

അതായത്, പഞ്ചാബ് സംസ്ഥാനത്ത് മുസ്ലിംകൾ അധികമുള്ള ഭാഗം പാക്കിസ്ഥാനോട് ചേർത്തിട്ട്, മുസ്ലിം അല്ലാത്തവർ താമസിക്കുന്ന ഭാഗം ഇന്ത്യയോട് ചേർക്കണം; ഇതേ നടപടി തന്നെ ബംഗാളിലും നടപ്പാക്കണം എന്ന് കോൺഗ്രസ് പാർട്ടി ഉറച്ചുനിന്നതിനാൽ, മുസ്ലിം ലീഗും അതിനെ അംഗീകരിച്ചതിനെ തുടർന്ന്, പഞ്ചാബിനെയും ബംഗാളിനെയും വിഭജിക്കുന്നതിനായി, സിറിൾ റാഡ് ക്ലിഫ് എന്നയാളെ ബ്രിട്ടീഷ് ഗവൺമെന്റ് നിയമിച്ചു.

ഇത് പഞ്ചാബ് വിഭജനത്താൽ ഏർപ്പെട്ട ഭയങ്കര വിപത്തുക്കൾ ചരിത്രം കണ്ടില്ല എന്ന് വർണ്ണിക്കപ്പെടുന്നു.

ഭയങ്കരമായി സംഭവിച്ച ഈ മൂഗീയതയിൽ, ജീവൻ നഷ്ടപ്പെട്ടവർ, അവകാശം നഷ്ടപ്പെട്ടവർ, ഉറവിടങ്ങൾ ബലികൊടുക്കപ്പെട്ടവർ എന്നിങ്ങനെ ലക്ഷോപലക്ഷമുണ്ടെന്ന് പറയപ്പെടുന്നു

പുതിയതായി രൂപംകൊണ്ട ഒരു സ്വന്തം നാട്ടിൽ കാട്ടുമൃഗങ്ങളുടെയത്ര ക്രൂരത ഉടലെടുക്കുവാനുണ്ടായ കാരണത്തെക്കുറിച്ച് ധാർക്ഷിയ എന്ന മുസ്ലിം അല്ലാത്ത ഒരു സഹോദരൻ എഴുതിയ 'ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അവസാന ദിനങ്ങൾ!' എന്ന പുസ്തകം പറയുന്നു: വിഭജയനത്തെ തുടർന്ന്, ചരിത്രം കാണാത്ത ലഹളകളും കലാപങ്ങളും പുറപ്പെട്ടു'

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു ശേഷം, ഉണ്ടായ വലിയ കലാപങ്ങൾക്കു മുഖ്യമായ കാരണം പഞ്ചാബ് സംസ്ഥാനത്തെ ഇന്ത്യക്കും പാക്കിസ്ഥാനുമായി വിഭജിച്ചുകൊടുക്കുന്ന ജോലിയിൽ നിയമിക്കപ്പെട്ടിരുന്ന സിറിൽ റാഡ് ക്ലിഫ് എന്നയാൾ ഉണ്ടാക്കിക്കൊടുത്ത, പഞ്ചാബിനെ രണ്ടായി പിളർക്കുന്ന വിഭജന രേഖയാണ്''

ജനസംഖ്യാനുപാതത്തിൽ മുസ്ലിംകൾ അധികം ഉള്ള ഭാഗം പാക്കിസ്ഥാനും ഹിന്ദുക്കൾ കൂടുതലായുള്ള ഭാഗം ഇന്ത്യക്കും എന്ന അടിസ്ഥാനത്തിലും പ്രകൃതി ഘടനകളേയും വച്ച് റാഡ് ക്ലിഫ് പഞ്ചാബ് സംസ്ഥാനത്തെ വിഭജിച്ചു (പേജ് 138) എന്നു പറയുന്നു. ആ പുസ്തകം വീണ്ടും

'വിഭജന രേഖയുണ്ടാക്കിയ റാഡ് ക്ലിഫ്, നദീജലഘടന വെച്ച് സംസ്ഥാനത്തെ വിഭജിക്കുവാൻ ശ്രമിച്ചാൽ മുഴുവനും സിഖുകാർ അല്ലെങ്കിൽ, ഹിന്ദുക്കൾ താമസിക്കുന്ന ഭാഗം പാക്കിസ്ഥാനിലും മുസ്ലിംകൾ താമസിക്കുന്ന ഭാഗം ഇന്ത്യയിലും ആയിപ്പോകും.

അദ്ദേഹം ഏതടിസ്ഥാനത്തിൽ വിഭജന രേഖ വരച്ചാലും ഈ നാടിന്റെ പ്രകൃതി ഘടനകൾ കാരണമായി ഇരുഭാഗത്തും ഇതിനാൽ ബാധിക്കപ്പെടാത്ത ജനങ്ങളേ ഉണ്ടാവില്ല എന്നത് വ്യക്തമാണ്.

'ഏതോ ഒരു സ്ഥലത്തു മാത്രമെന്നില്ലാതെ ഈ അവസ്ഥ ഏറെക്കുറെ അഞ്ഞൂറ് മൈൽ വിസ്തീർണ്ണത്തിൽ വിഭജന രേഖ മുഴുവനും ഈ അവസ്ഥയായിരുന്നു. എങ്ങനെ നോക്കിയാലും ഇതൊരു വലിയ ലഹളയ്ക്കു കാരണമാകാൻ

Downloaded from www.gracebooks.in

പോകുന്ന എന്ന് സിറിൽ റാഡ് ക്ലിഫ് മനസ്സിലാക്കിയിരുന്നെങ്കിലും അദ്ദേഹത്തിന് മറ്റു വഴികളൊന്നും തോന്നിയില്ല.

ആ പുസ്തകം വീണ്ടും എടുത്തുകാട്ടുന്നത്.

'വിഭജനത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ മുഴുവൻ നേരിട്ട് ചെന്ന് റിസർച്ച നടത്തി, കൂലം കഷമായി ചിന്തിച്ച് പല പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ ഈ വിഭജന രേഖയ്ക്ക് രൂപം കൊടുത്താൽ ഒരളവോളം പ്രശ്നങ്ങൾ ഒന്നും ഉണ്ടാവാതെ നോക്കാനാകും'

'എന്നാൽ ആഗസ്റ്റ് 15-ാം തിയ്യതിക്കകം ഈ ജോലി തീർക്കണം എന്ന മൗണ്ട് ബാറ്റന്റെ ഉത്തരവ്, അദ്ദേഹത്തെ ബുദ്ധിമുട്ടിലാക്കി. സ്വതന്ത്ര ചിന്താഗതിക്കാരനായ സിറിൾ റാഡ് ക്ലിഫ് വൈസ്റോയ് മൗണ്ട് ബാറ്റന്റെ ഉത്തരവിനെ വേദവാക്യമായിട്ടെടുത്തില്ല. ധാരാളം ജനങ്ങളുടെ ജീവിതത്തെ ബാധിക്കുന്ന പ്രശ്നം ആയതിനാൽ അദ്ദേഹം ഇന്ത്യയുടെ ഇടക്കാല പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിനെയും പാകിസ്ഥാന്റെ ഭാഗത്തു നിന്ന് മുഹമ്മദലി ജിന്നാ സാഹിബ് അവർകളെയും പ്രത്യേകം പ്രത്യേകം ചെന്നു കണ്ട് അവസ്ഥകൾ ബോധ്യപ്പെടുത്തി. ആഗസ്റ്റ് 15-ാം തിയ്യതിക്കകം വിഭജന രേഖയെ നിർണ്ണയിക്കുന്നത് തടയാനാകുമോ? ഇനിയും കുറച്ച് കൂടുതൽ സാവകാശം ലഭിക്കുവാൻ വഴിയുണ്ടാകുമോ? എന്നു ചോദിച്ചു.

'എന്തു കാരണത്താലോ ഇരു നേതാക്കന്മാരും ആഗസത് 15-ാം തിയ്യതിക്കകം വിഭജന ജോലി തീർത്തിരിക്കണം എന്ന് പറഞ്ഞു (പേജ് 139, 140)

അതിനാൽ, ധൃതിയിലും ജനങ്ങളുടെ മാനസികാവസ്ഥ മനസ്സിലാക്കാനുള്ള സാവകാശം ലഭിക്കാത്തതിനാലും തന്റെ നടപടിയുടെ പ്രതിഫലാവസ്ഥ എങ്ങനെയായിരിക്കും? അദ്ദേഹം, ഉണ്ടാക്കുന്ന 'രേഖ'യും രാജ്യത്തിന് 'ദോഷം' വരുത്തിവെക്കുമോ? എന്തൊക്കെ ക്രൂരതകളൊക്കെ സംഭവിച്ചേക്കാം? എന്ന് അനുമാനിക്കാനാവുന്നുണ്ടെങ്കിലും വളരെ കുറഞ്ഞ സമയത്തിനുള്ളിൽ തന്റെ ഉത്തരവാദിത്തം നിറവേറ്റണം എന്ന നിർബന്ധിതാവസ്ഥയ്ക്ക് തള്ളപ്പെട്ടതിന്റെ പരിണിത ഫലമായി ദീർഘമായ പ്രവർത്തിയിൽ ധൃതിയിലിറങ്ങേണ്ടിയിരുന്നതിനാൽ മനുഷ്യത്വം ചവിട്ടിമെതിക്കുന്ന നിർഭാഗ്യം മുളയിടുന്നത് കണക്കിൽ എടുക്കാതെയും ശ്രദ്ധയിൽ വെക്കാതെയും സിറിൾ റാഡ് ക്ലിഫ് പ്രവർത്തിക്കേണ്ടിവന്നതിനെ മിസ്റ്റർ ദാർക്ഷിയാ, തന്റെ പുസ്തകത്തിൽ ഇങ്ങനെ പറയുന്നു:

'സിറിൾ റാഡ് ക്ലിഫിന് വേറെ വഴിയില്ല. ശസ്ത്രക്രിയക്ക് ഡോക്ടർമാർ ഉപയോഗിക്കുന്ന ചെറിയ കത്തി ഉപയോഗിച്ച് അദ്ദേഹം പഞ്ചാബിനെ വിഭജിക്കുവാൻ പോകുന്നില്ല, കശാപ്പുകാരൻ ഉപയോഗിക്കുന്ന വെട്ടുകത്തിയാണ് അതിനുവേണ്ടി ഉപയോഗിക്കുവാൻ പോകുന്നത്! എന്ന് മനസ്സിലാക്കിയ അദ്ദേഹം, ഭാരം നിറഞ്ഞ മനസ്സോടെ തന്റെ ഉത്തരവാദിത്തം നിറവേറ്റാൻ നിർബന്ധിതനായി. പറ്റുന്നേടത്തോളം എല്ലാ സ്ഥലങ്ങളിലും നേരിട്ടുപോയി പലരുമായും സംസാരിച്ച് പെട്ടെന്നൊരു സർവ്വേ നടത്തി.'

Downloaded from www.gracebooks.in

'ജലസേചന സൗകര്യം, പ്രധാനപ്പെട്ട ഇരുമതസ്ഥർക്കുമുള്ള ആരാധനാലയങ്ങൾ, പ്രകൃതി സമ്പത്ത്, യാത്രാ മാർഗങ്ങൾ തുടങ്ങിയവയോടു കൂടി ഹിന്ദു-മുസ്‌ലിം ജനസംഖ്യാനുപാതത്തിൽ അദ്ദേഹം തന്റെ പ്രയാസകരമായ ജോലി നിറവേറ്റി. ചില ഭാഗങ്ങളിൽ വളരെ കൂടുതൽ പാക്കിസ്ഥാൻ പ്രദേശത്തിനകത്തും മറ്റു ചില സ്ഥലങ്ങളിൽ ഇന്ത്യക്കകത്തും ഉൾപ്പെട്ടിരുന്ന ഭാഗങ്ങളൊഴികെ, ബാക്കിയൊക്കെ ഹിന്ദു മുസ്‌ലിം മെജോരിറ്റി കണക്കിൽ തന്നെയാണ് വിഭജിച്ചത്. എന്നാൽ ഇത് പലരും പ്രതീക്ഷിച്ചതുപോലെ രാജ്യനയപ്രകാരം ശരി, എന്നാൽ, പ്രായോഗികത്തിൽ വലിയ വിപത്ത്" എന്ന വിധത്തിലാണ് സംഭവിച്ചത് (പേജ് 141) എന്ന് ആ പുസ്തകം അടിവരയിട്ടുകാട്ടുന്ന അതേ സമയത്ത്, തന്റെ പരിശ്രമം- വിഭജനത്തിനായുള്ള ഏർപ്പാട് വലിയൊരു വിപത്തിനായുള്ള മുന്നൊരുക്കം- വിപരീതത്തിനായുള്ള മാറ്റൊലി എന്നതിനെ ചൂണ്ടിക്കാട്ടുന്നതും ഉണരാനാവുന്നു.

പ്രത്യക്ഷാവസ്ഥയ്ക്കായ ആധാരത്തിന് എന്തൊക്കെ കാരണ കാര്യങ്ങൾ രൂപംകൊണ്ടു എന്തനിനെക്കുറിച്ച് ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അവസാന നാളുകൾ എന്ന പുസ്തകത്തിൽ വീണ്ടും പറയുന്നത്.

'പഞ്ചാബ് വിഭജന രേഖ കാശ്മീരിനരികെ വടക്കുദിക്കിൽ നിന്ന് പഞ്ചാബിലേക്ക് പ്രവേശിക്കുന്ന ഒരു ചെറു നദിക്കരയിലൂടെ ആരംഭിച്ച് തെക്കു കിഴക്കായി നെടുകെ ചെന്ന് സംസ്ഥാനത്തെ രണ്ടായി പിളർത്തി ലാഹോർ നഗരം പാക്കിസ്ഥാനും അമൃതസർ അവിടത്തെ സുവർണ്ണക്ഷേത്രത്തോടൊപ്പം ഇന്ത്യയിലേക്കും വന്നു. വിഭജന രേഖാമൂലം കൂടുതലും ബാധിക്കപ്പെട്ടവർ ഹിന്ദുക്കൾ ആണെങ്കിലും പല സ്ഥലങ്ങളിൽ സിഖുകാർ താമസിക്കുന്ന ഭാഗങ്ങളും രണ്ടായി പിളർക്കപ്പെട്ടു. പ്രകൃത്യാ കലഹഗുണമുള്ള സിഖുകാർ, ഈ വിഭജനം മൂലം ഏർപ്പെട്ട ലഹളകളിൽ മുഖ്യ പങ്കുവഹിച്ചു.

ഭൂരിപക്ഷം ജനങ്ങൾ ഒരു ഭാഗത്ത് എന്ന നയപ്രകാരത്തിനു വിപരീതമായി ഗുരുദാസ്പൂർ എന്ന ചെറിയ നഗരം രവിനദിയുടെ കിടപ്പുമൂലം ഇന്ത്യക്കുവന്നുപെട്ടു. അങ്ങനെ അത് വിഭജിക്കപ്പെട്ടില്ലായിരുന്നെങ്കിൽ ആ ഭാഗം മാത്രം ഇന്ത്യൻ മണ്ണിൽ തലനീട്ടിക്കൊണ്ട് കിടക്കുന്ന പ്രത്യേക ഭാഗമായി തോന്നും. അങ്ങനെ സംഭവിക്കാതിരിക്കാനായി മുസ്‌ലിംകൾ കൂടുതൽ താമസിക്കുന്ന പ്രദേശമായിരുന്നിട്ടും അത് ഇന്ത്യക്ക് നൽകപ്പെട്ടു.'

'എന്നാൽ, ഭൂമിയുടെ കിടപ്പു നോക്കി ഇങ്ങനെ ചെയ്തതു മൂലം സിറിൾ റാഡ്ക്ലിഫ് തന്നെപ്പോലുമറിയാതെ ഇന്ത്യക്ക് ഒരു വലിയ സമ്മാനം നൽകപ്പെട്ടു. ഇതിനായി ലക്ഷക്കണക്കിന് പാകിസ്ഥാൻകാർ അദ്ദേഹത്തെ കുറ്റപ്പെടുത്തി സംസാരിച്ചു. കാര്യം ഇതാണ്. കാശ്മീരിലേക്കു പോകാനുള്ള ഒരേയൊരു ഭൂമിമാർഗം 'ഗുരുദാസ്പൂരി'ൽക്കൂടിയുള്ളതാണ്?

ഗുരുദാസ്പൂർ, പാകിസ്ഥാന് ലഭിച്ചിരുന്നെങ്കിൽ കാശ്മീരിനെ പാക്കിസ്ഥാനോട് ചേർക്കകയല്ലാതെ വേറെവഴിയില്ലാതായിപ്പോകുമായിരുന്നു (പപേജ് 142)

Downloaded from www.gracebooks.in

അതിനാൽ, പഞ്ചാബിനെ വിഭജിക്കുന്നതിന് പ്രയോജനപ്പെടുത്തപ്പെട്ട മാർഗം, അതുമൂലം വിഭജിച്ച് മാറ്റപ്പെട്ട നിലങ്ങൾ, തൊഴിൽ ശാലകൾ, സ്വത്ത് സുഖങ്ങൾ മുതലായവ മൂലം ഉണ്ടായ മനഃപ്രയാസം, ഇരു സമുദായത്തിൽ പെട്ടവരുടേയും ഇടയിൽ വലിയ നിരാശയേയും അതേസമയം രൂപംകൊണ്ട വിരോധ ക്രോധ വികാരങ്ങൾ ജനങ്ങളെ സടകുടഞ്ഞെഴുന്നേൽപ്പിക്കുന്ന ചൂറ്റുപാടിലേക്ക് തൃണയായി നിന്നതിന്റെ ഫലമാണ് വലിയ ലഹളയായി പൊട്ടിപ്പുറപ്പെട്ടതെന്ന് മനസ്സിലാക്കാനാകുന്നു.

ദിശ മാറിപ്പോയതിനാൽ

പഞ്ചാബ്, ബംഗാൾ വിഭജനം എന്നത് രാജ്യ വിഭജനത്തിന്റെ അവസാന നിമിഷത്തിൽ പ്രതീക്ഷിക്കാതെ ഉയർന്ന അഭ്യർതത്ഥനയായതിനാൽ വിഭജിക്കപ്പെടുന്ന പ്രദേശത്തെ ജനങ്ങൾ തങ്ങളുടെ സ്വത്ത്- സുഖങ്ങൾ കാലം മുഴുവൻ സംരക്ഷിച്ചു വളർത്തിയ വിളനിലങ്ങൾ, തൊഴിൽ ശാലകൾ മുതലായവ 'ദിശ മാറിപ്പോയതിനാൽ' ഏർപ്പെട്ട മനക്ലേശങ്ങൾ, വികാരങ്ങൾ ഭ്രതാകാരമായി പൊട്ടിച്ചിതറിയതിന്റെ ഫലം ദേഷ്യത്തിനും ആവേശത്തിനും അവരെ നിർബന്ധിതരാക്കി എന്ന് സമാധാനിച്ചാലും ഇരുവിഭാഗക്കാർക്കും ഏർപ്പെട്ട നഷ്ടം, അവരുടെ ജീവിതത്തിൽ നിവരാനാകാത്ത ഒരു വെള്ളിടിയായി വീണ് ചരിത്രം കാണാത്ത സംഭവമായും പടർന്നു എന്നതിനും 'ദാർക്ക്ഷിയാ'യുടെ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അവസാന നാളുകൾ' എന്ന പുസ്തകം നൽകുന്ന ആധാരങ്ങൾ മനുഷ്യ മനസ്സുകളെ ലാഘവപ്പെടുത്തും വിധത്തിലാണുള്ളത്.

കാട്ടുമൃഗങ്ങളുടെ പോലും കണ്ണ് നനയിക്കുന്ന അതിഭയങ്കരമായ പഞ്ചാബ് ലഹളയിൽ ന്യൂനപക്ഷക്കാരായ ജനങ്ങളുടെ അഭിമാനക്ഷതം ഇതുവരെ ചരിത്രത്തിലുണ്ടാകാത്തവിധമായിരുന്നുവെന്ന് പറഞ്ഞാൽ തെറ്റില്ല.

മൃഗീയമായ ഈ പൈശാചിക തേരോട്ടത്തിൽ മരണമടഞ്ഞവർ എത്രപേരാണ്? വല്ല കണക്കും ഉണ്ടോ? കണക്കിട്ടുനോക്കാൻ പറ്റിയോ? എന്നതിനെക്കുറിച്ച് ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അവസാന നാളുകൾ എന്ന പുസ്തകം പറയുന്നത് നോക്കാം.

'പഞ്ചാബ് സംസ്ഥാനം വിഭജിക്കപ്പെട്ടതിനാൽ ഏർപ്പെട്ട പാതകങ്ങൾ എത്രയാണ്? നഷ്ടപ്പെട്ട ജീവനുകൾ എത്ര'

'ഇതിന് ആർക്കും ഇതുവരെ ശരിയായ കണക്ക് നൽകുവാൻ സാധിച്ചിട്ടില്ല! വീടുകളിൽ, ഗ്രാമങ്ങളിൽ തീകൊളുത്തപ്പെട്ടവർ, കൊന്ന് വഴിവക്കുകളിൽ, ഓടകളിൽ, നദികളിൽ എറിയപ്പെട്ടവർ, ക്ഷേത്രങ്ങൾ, ഗുരുദ്വാരകൾ, പള്ളികൾ ഇവയിൽ അടയ്ക്കപ്പെട്ട് തീ കൊളുത്തപ്പെട്ടവർ; വഴിയിൽ കാണാതായവർ; നദിയിൽ മുങ്ങിപ്പോയവർ- ഇങ്ങനെയുള്ളവരുടെയൊക്കെ കണക്ക് ആർക്കാണ് എടുക്കാനാവുക'

'കാണാതായവരുടെ എണ്ണം അഞ്ചു ലക്ഷം എന്നത് ജസ്റ്റിസ് ജി.ടി. കോസ്‌വായുടെ ഊഹമാണ്.

Downloaded from www.gracebooks.in

'ബണ്ട്രിൻ മൂൺ', വി. ഹട്സൻ എന്നീ ബ്രീട്ടീഷ് ചരിത്രകാരന്മാർ പറയുന്നത് രണ്ടു ലക്ഷം അല്ലെങ്കിൽ രണ്ടര ലക്ഷം പേരെ കാണാതായിരിക്കും എന്നാണ്. സർ ചണ്ടുലാൽ ത്രിവേദി എന്ന പഞ്ചാബ് ഗവർണർ രണ്ടു ലക്ഷത്തി ഇരു പത്തയ്യായിരം ജീവൻ ബലിയായിട്ടുണ്ടാകും എന്ന് പറയുന്നു.' പത്രക്കാർ പോലുള്ള പലരും പത്തുലക്ഷം മുതൽ ഇരുപത് ലക്ഷംവരെ ഉണ്ടായേക്കാം എന്നും പറയുന്നു.

'ശരിയായ കണക്ക് ആർക്കും അറിയില്ല; തീർച്ചയായും അറിയുവാൻ സാധിക്കുകയുമില്ല' (പേജ് 266)

ഡൽഹിയേയും വറുത്തെടുത്തു!

പഞ്ചാബ് പോർക്കളം, പന്ത്രണ്ട് സംസ്ഥാനങ്ങളെ പന്താടി ഭസ്മമാക്കിയ വിവരങ്ങളെല്ലാം ആ പുസ്തകത്തിൽ ഭീകരമായി വർണ്ണിച്ചുകാട്ടിയപ്പോഴും അവയൊന്നും ഇവിടെ നാം വിവരിച്ചിട്ടില്ലെങ്കിലും പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം ഓർമ്മിക്കാനായെടുത്തു.

എന്നാൽ ഈ മതഭ്രാന്ത് 'തീ' ഇതോടെ നിന്നില്ല. അത് ഡൽഹിയിലും ആളിപ്പടർന്നു. അതിനെക്കുറിച്ചും അൽപം കാണാം.

'ഡൽഹി തലസ്ഥാനത്ത് മതലഹള പടരും എന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ, ഡൽഹിയുടെ തൊട്ടടുത്തുള്ള പഞ്ചാബ് സംസ്ഥാനത്ത് ഭീകര താണ്ഡവമാടിയ ഈ ലഹളയുടെ മാറ്റൊലി തീർച്ചയായും ഡൽഹിയിലും പ്രതിഫലിക്കും എന്ന് ചിലർ അറിഞ്ഞിരുന്നു. എന്നാൽ, അപ്പോൾ പടർന്ന കഴപ്പത്തിലും ഭീകരാവസ്ഥകളിനാലും പുതിയതായി അധികാരം ഏറ്റെടുത്തിരുന്ന ഇന്ത്യൻ സർക്കാർ, അതിനായി ഒന്നും ചെയ്തില്ല. പെട്ടെന്നൊരു ദിവസം അതായത്, സെപ്തംബർ (1947) മൂന്നാം തിയ്യതി ലഹള പൂർവ്വാധികം ശക്തിയോടെ ഡൽഹിയിൽ ആരംഭിച്ചു.'

ഡൽഹിയിൽ താണ്ഡവമാടിയ ലഹളയുടെ ഭീകര മുഖത്തെ കാട്ടുവാൻ മുന്നോട്ടുവന്ന പുസ്തക രചയിതാവ് ദാർക്ഷിയാ-

'ഡൽഹി ചില നൂറ്റാണ്ടുകളായി മുഗൾ രാജാക്കന്മാരുടെ തലസ്ഥാന നഗരമായി വിളങ്ങിയ കാരണത്താൽ പലകാലം മുസ്ലിംകൾ അധികമായി ജീവിക്കുന്ന നഗരമായിരുന്നു. ഇപ്പോഴും അതായത്, സ്വാതന്ത്ര്യം നേടിയ 1947-ാം ആണ്ടിലും അത്, ഏറെക്കുറെ പലവിധങ്ങളിലും മുസ്ലിംങ്ങളുടെ നഗരം തന്നെയായിരുന്നു. എല്ലാ ജോലിക്കാരും നോട്ടക്കാരും ചില വ്യാപാരികളും ടോഗോവണ്ടി ഓടിക്കുന്നവരും കൂലിക്കാരും പല തൊഴിലുകളും ചെയ്ത് ജീവിക്കുന്നവരും മുസ്ലിംകൾ തന്നെയാണ്. പഴയ ഡൽഹിയിലെ ഗ്രീൻ മാർക്കറ്റുള്ള എല്ലാ പഴക്കടകളും പച്ചക്കറിക്കടകളും അവരുടേതാണ്...' (പേജ് 267, 268)

മുസ്ലിംകളുടെ അന്തസ്സ്, ഡൽഹിയിൽ ഏതളവിൽ ഉയർന്നിരുന്നു, അവരുടെ സമ്പത്ത് എത്രയായിരുന്നു എന്നതിനേയും മുസ്ലിംകൾ പെരുകി വളരുന്ന മുസ്ലിംകളുടെ നഗരമായി ഡൽഹി മാറി; മുസ്ലിംകളാൽ ഡൽഹി

Downloaded from www.gracebooks.in

മഹാനഗരം പുകൾപെറ്റ് എന്നതിനേയും ദാർക്ഷിയാ വ്യക്തമാക്കിക്കാണിക്കുന്നുണ്ട്.

ദുഖകരമായ തുടക്കം

ഇത്രയ്ക്കും പേരും പെരുമയും സമ്പത്തും സമ്പാദിച്ചുനൽകിയ മുസ്‌ലിംകൾ സമാധാനത്തോടെ ജീവിച്ച ഡൽഹി മഹാ നഗരത്തെ ലഹളയെന്ന കരിനാഗം എങ്ങനെയാണ് വിഴുങ്ങിയത്? അതിന്റെ കൊടും വിഷം നിരപരാധികളായ ജനങ്ങളിൽ എങ്ങനെയാണ് പടർന്ന് ബലിയായത്? എന്നതിനെ 'ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അവസാന ദിനങ്ങൾ' എന്ന പുസ്തകം വിവരിക്കുന്നത് നോക്കാം.

'ആദ്യം ഡൽഹി റെയിൽവെ സ്റ്റേഷനിൽ ഒരു ഡസൻ മുസ്‌ലിം പോർട്ടർമാർ 'കൊലചെയ്യപ്പെട്ടതിൽ നിന്ന് കലഹം നഗരം മുഴുവൻ മിന്നൽ വേഗത്തിൽ പടർന്നു. ഏതോ ഒരു സംജ്ഞയ്ക്കായി കാത്തിരുന്നതുപോലെ നീല നിറ തലപ്പാവണിഞ്ഞ അകാലിദളിൽ പെട്ട സിഖുകാർ തങ്ങളുടെ നീണ്ട വാൾ എടുത്ത്കൊണ്ട് കൂട്ടം കൂട്ടമായി ചെന്ന് കണ്ണിൽപെട്ട എല്ലാ മുസ്‌ലിംങ്ങളേയും വെട്ടിക്കൊന്ന് നഗരത്തെ ഭീതിയിൽ ആഴ്ത്തി. ഹിന്ദു തീവ്രവാദികൾ അവരോടൊപ്പം ചേർന്ന് വലിയ 'ഗ്രീൻ മാർക്കറ്റിനെ' തീയ്ക്കിരയാക്കി അവിടെയുണ്ടായിരുന്ന ധാരാളമായ മുസ്‌ലിം ജനങ്ങളെ വെട്ടിക്കൊന്നു' (പേജ് 269,270)

'രാവിലെ തുടങ്ങിയ ഈ ലഹള - നേരം പോകെ ഉഛസ്ഥായിയിലെത്തി'

'പല ആഢംബരമായ ജാഥകളെ കണ്ട ഡൽഹി നഗരത്തിന്റെ വീതിയേറിയ റോഡുകൾ പലതിലും ധാരാളം വെട്ടിക്കൊല്ലപ്പെട്ട മൃതദേഹങ്ങൾ ചലനമറ്റുകിടന്നു. പഴയ ഡൽഹി ഭാഗത്തുനിന്ന് പുതു ഡൽഹിയിലേക്ക് കാറിൽ യാത്ര ചെയ്ത ബെൽജിയം ദൂതൻ, വരുന്ന വഴിയിൽ പതിനേഴ് മൃതദേഹങ്ങൾ അങ്ങിങ്ങ് കിടക്കുന്നത് എണ്ണിക്കൊണ്ടു വന്നു. പഴയ ഡൽഹിയുടെ ഇരുണ്ട ഇടവഴികളിൽ വാളുകളുമായി ചുറ്റിത്തിരിഞ്ഞ സിഖുകാർ അവിടെനിന്ന് 'അല്ലാഹു അക്ബർ' എന്ന് ഒച്ചവെച്ചു. ഈ ആക്രോശം കേട്ട് തങ്ങളുടെ മുസ്‌ലിം സഹോദരന്മാർ സഹായത്തിന് വന്നിരിക്കുകയാണ് എന്ന് വിചാരിച്ച് 'അല്ലാഹു അക്ബർ' എന്ന് മറുപടി കൊടുത്തുകൊണ്ട് പുറത്തേക്കു വന്ന മുസ്‌ലിംകളേയും ആ സിഖുകാർ വെട്ടിക്കൊന്നു'

'മുസ്‌ലിംകൾക്ക് അഭയം നൽകുന്ന ഏതു വീടും കത്തിച്ചു ചാമ്പലാക്കും' എന്ന് സിഖുകാരുടെ കൂട്ടം കഠിന മുന്നറിയിപ്പു നൽകിയിരുന്ന കാരണത്താൽ നഗരത്തിലുണ്ടായിരുന്ന ഹിന്ദു- ക്രിസ്ത്യൻ- പാർസി- സിഖ് കാരുടെ വീടുകളിൽ ഉണ്ടായിരുന്ന മുസ്‌ലിം വേലക്കാരെ മുഴുവൻ തെരുവിലേക്കിറക്കിവിട്ടു. പലരും കൊല്ലപ്പെട്ടു. ചിലർ രക്ഷപ്പെട്ട് അഗതി മന്ദിരങ്ങളിലേക്ക് ചെന്നു (പേജ് 270)

'ഡൽഹിയെ ചുഴലിക്കാറ്റുപോലെ ആക്രമിച്ച ലഹളകൾ വളരെ ക്രൂരമായതായിരുന്നു. ഇതുപോലത്തെ നഗരങ്ങളിൽ ഇതും ഒന്ന് എന്ന് എടുത്തുകൊള്ളാനാവില്ല'

Downloaded from www.gracebooks.in

ഡൽഹി ഇന്ത്യയുടെ തലസ്ഥാന നഗരമാണ്. ഡൽഹിയിൽ നിയമവും നെറിയും കെട്ടുപ്പാടിനകത്ത് ഇല്ലെങ്കിൽ ഇന്ത്യ മുഴുവനും ബാധിക്കും. പുതുതായി രൂപംകൊണ്ട സ്വതന്ത്ര നാട് ചിതറിപ്പോകും. സത്യത്തിൽ സെപ്തംബർ നാലാം തിയ്യതി ഇന്ത്യ ആ അവസ്ഥയിലേക്കാണ് വേഗത്തിൽ ചെരിഞ്ഞുകൊണ്ടിരുന്നത്.

പണ്ഡിറ്റ് നെഹ്റുവിന്റെ സഹതാപം

വിശാലമായ ഡൽഹി നഗരത്തിൽ ലഹള പടരാത്ത ഒരൊറ്റ സ്ഥലംപോലും ഇല്ല. എല്ലാ സ്ഥലത്തും ലഹള പടർന്നു. ഡൽഹിക്കു പുറത്തുള്ള നഗരങ്ങളും രക്ഷപ്പെട്ടില്ല. വലിയ മാളികകൾ മുതൽ മൺകുടിലുകൾ വരെ എല്ലാം സിഖുക്രൂട്ടം ആക്രമിച്ചു.

ഭീതിപൂണ്ട മുസ്‌ലിം ജനങ്ങൾ പല സ്ഥലങ്ങളിലും അഭയം തേടി ഓടി.

സ്തംഭിച്ചുപോയ പുതിയ സർക്കാർ അവർക്ക് പെട്ടെന്ന് തന്നെ കുറെ അഭയാർത്ഥി ക്യാമ്പുകൾ സ്ഥാപിച്ചു. ധാരാളം മുസ്‌ലിം സ്ത്രീകൾ 'ഗ്രർഖാ' സോൾജിയർമാരുടെ സംരക്ഷണത്തിൽ പണ്ഡിറ്റ് നെഹ്റുവിന്റെ വീട്ടിലേക്കു ചെന്നപ്പോൾ, നെഹ്റു അദ്ദേഹം എല്ലാവർക്കും സമാശ്വാസം നൽകി.

ഡൽഹിയുടെ ഹൃദയം 'കോണാട് പ്ലേസ്' എന്ന വ്യാപാര സ്ഥലത്ത് ഉണ്ടായിരുന്ന മുസ്‌ലിംകളുടെ കടകൾ കൊള്ളയടിക്കപ്പെട്ട്, ചാമ്പലാക്കപ്പെട്ട ധാരാളം കച്ചവടക്കാർ കൊല്ലപ്പെട്ടു.

ഫ്രാൻസിലെ പത്രാധിപർ മാർക്സ് ഒളിവർ ലാകാമ്പ് എന്നയാൾ കോണാട് പ്ലേസിലേക്കു വന്നപ്പോൾ ഒരു അതിശയകരമായ കാഴ്ച കണ്ടു.

കൊള്ള, കൊല തീവെപ്പ് തുടങ്ങിയ പാതകങ്ങളിൽ ഏർപ്പെട്ടിരുന്ന ആളുകൾക്കിടയിൽ തലയിൽ വെള്ള ഖദർ തൊപ്പി ധരിച്ച ഒരാൾ തന്റെ കൈയിലുണ്ടായിരുന്ന പോലീസ് ലാത്തി തലയ്ക്കു മേലെ ചുഴറ്റി ലഹളക്കാരെ അടിച്ചു നുറുക്കിക്കൊണ്ടിരുന്നു. അയാളുടെ കൂടെയുണ്ടായിരുന്ന ഒരു ഡസൻ പോലീസുകാരും ലഹളക്കാരെ അടിച്ച് ഓടിച്ചുകൊണ്ടിരുന്നെങ്കിലും അവർ മുഴുവൻ ഉൽസാഹത്തോടെ അങ്ങനെ ചെയ്തില്ല എന്നു തോന്നി. പത്രാധിപർ അടുത്തേക്കുവന്നു നോക്കിയപ്പോൾ ഉറച്ച ശബ്ദത്തിൽ ഗർജ്ജിച്ചുകൊണ്ട് ലാത്തി ചുഴറ്റി ലഹളക്കാരെ അടിച്ചുകൊണ്ടിരുന്നയാൾ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ആണെന്ന് മനസ്സിലായി!

ഡൽഹി പോലീസ് സേനയിലുണ്ടായിരുന്ന എല്ലാ മുസ്‌ലിംകളും ഒളിച്ചോടി....! (പേജ് 271, 272)

ലഹള കൈവിട്ടുപോയിക്കൊണ്ടിരുന്നു. തലസ്ഥാന നഗരമായ ഡൽഹി നഗരം വിറച്ചുകൊണ്ടിരുന്നു. ഭീകരത എങ്ങും താണ്ഡവമാടിക്കൊണ്ടിരുന്നു. ഇതൊക്കെ വരുതിക്കു കൊണ്ടുവരാൻ വണ്ണം, പട്ടാളമോ, പോലീസോ മതിയായ അളവിൽ ഇല്ലായെന്ന അവസ്ഥയിൽ, ഇന്ത്യൻ സർക്കാർ, ഗവർണർ ജനറൽ ലോർഡ് മൗണ്ട് ബാറ്റന്റെ അഭിപ്രായങ്ങൾ മാത്രമല്ലാതെ

Downloaded from www.gracebooks.in

സഹായവും തേടണമെന്ന തീരുമാനത്തിലെത്തിച്ചേർന്നു.

മൗണ്ട് ബാറ്റൺ, ഗവർണർ ജനറൽ പദവി ഏറ്റെടുത്തതിനു ശേഷം ഇനി അധികാരപൂർവ്വം ഇന്ത്യൻ വ്യവഹാരങ്ങളിൽ തലയിടാൻ തനിക്ക് അവകാശമോ, അധികാരമോ ഇല്ലെന്നതിനാൽ, ഇംഗ്ലീഷ്കാരുടെ വിശ്രമകേന്ദ്രമായി വിളങ്ങിയ സിംലയെ തന്റെ വാസസ്ഥലമാക്കി.

ഈ അവസ്ഥയിൽ (1947) 'സെപ്തംബർ മാസം മൂന്നാം തിയ്യതി, ഡൽഹി ലഹളകൾ ആരംഭിച്ച പിറ്റേന്ന് സിംലയിൽ, പഴയ വൈസ്രോയി മാളികയിൽ തങ്ങിയിരുന്ന മൗണ്ട് ബാറ്റൺ ഡൽഹിയിൽ നിന്ന് ടെലഫോൺ വന്നു, സംസാരിച്ചയാൾ അദ്ദേഹം വളരെ ബഹുമാനിക്കുന്ന വി.വി. മേനോൻ' യുവർ എക്സലൻസി നിങ്ങൾ ഉടനെ ഡൽഹിയിലെക്ക് തിരിച്ചുവരണം' എന്ന് മേനോൻ പറഞ്ഞു.

മൗണ്ട് ബാറ്റന് അത് സ്വീകാര്യമായില്ല. 'ഞാൻ എന്തിന് അങ്ങോട്ട് വരണം? മന്ത്രിസഭയുടെ ഏതെങ്കിലും തീരുമാനത്തിൽ ഞാൻ ഒപ്പിടണമെങ്കിൽ ആ കടലാസുകൾ ഇങ്ങോട്ട് അയക്കുക. ഞാൻ ഉടനെ ഒപ്പിട്ട് തിരിച്ചയക്കാം' എന്നു പറഞ്ഞു. ഗവർണർ ജനറൽ എന്നത് ഒരു അടയാളപൂർവ്വമായ ഉന്നത പദവിയാണ്. ഞാൻ അങ്ങോട്ട് വന്ന് ചെയ്യാൻ എന്താണുള്ളത്? എന്നതാണ് മൗണ്ട് ബാറ്റന്റെ ചിന്ത.

'വിഷയം അതല്ല, നിങ്ങൾ ഇവിടെ നിന്ന് പോയതിനു ശേഷം പുതിയതായി ഡൽഹിയിൽ ലഹള ആരംഭിച്ചിരിക്കുന്നു. പ്രധാനമന്ത്രിയും സർദാർ വല്ലഭായി പട്ടേലും വല്ലാതെ ഉൽക്കണ്ഠപ്പെട്ടിരിക്കുകയാണ്.'

'ഇവിടെ ഒരേ ലഹളയും കുഴപ്പവുമാണ്. നിങ്ങൾ ഉടനെ ഇങ്ങോട്ടുവരേണ്ടത് ആവശ്യമാണെന്ന് അവർ കരുതുന്നു. ഇപ്പോൾ ഞങ്ങൾക്ക് താങ്കളുടെ അഭിപ്രായം മാത്രമല്ല സഹായവും ആവശ്യമാണ്' എന്ന് വി.വി. മേനോൻ പറഞ്ഞു.

'എന്റെ സഹായമോ? ഇപ്പോൾ അധികാരപൂർവ്വം എനിക്ക് ചെയ്യാനായി ഒന്നും ഇല്ലല്ലോ. ഇപ്പോഴാണ് നിങ്ങൾക്ക് സ്വാതന്ത്ര്യം കിട്ടിയിരിക്കുന്നത്. ഞാൻ വരുന്നത് അത്രയ്ക്കും ആവശ്യമാണെന്ന് എനിക്കു തോന്നുന്നില്ല.' എന്ന് മൗണ്ട് ബാറ്റൺ പറഞ്ഞു.

വി.പി. മേനോന് വല്ലാത്ത ദേഷ്യം വന്നു. എന്തിനാണ് ഈ മനുഷ്യൻ ഇങ്ങനെ കടുംപിടുത്തം പിടിക്കുന്നത്?

'നല്ലത്, യുവർ എക്സലൻസി, എന്നാൽ പിന്നീട് നിങ്ങൾ നിങ്ങളുടെ മനസ്സ് മാറ്റിക്കൊണ്ട് ഇങ്ങോട്ട് വരാനാഗ്രഹിച്ചാൽ അതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാവില്ല. ഇരുപത്തിനാലു മണിക്കൂറിനകം നിങ്ങൾ വന്നില്ലെങ്കിൽ പിന്നീട് ഇങ്ങോട്ട് വരേണ്ട പ്രയാസം നിങ്ങൾക്കു വേണ്ട. അതിനകം ഇവിടെ എല്ലാം അവസാനിച്ചിരിക്കും. ഇന്ത്യയെ തന്നെ നമുക്ക് നഷ്ടപ്പെടും' എന്നു പറഞ്ഞു.

Downloaded from www.gracebooks.in

പരിഭ്രമിച്ചുപോയ മൗണ്ട് ബാറ്റൺ

'മിസ്റ്റർ വി.പി. ഞാൻ ഉടനെ പുറപ്പെടുകയായി' എന്നു പറഞ്ഞു. മൗണ്ട് ബാറ്റൺ ഡൽഹിക്കു വന്നതിനു ശേഷം പണ്ഡിറ്റ് നെഹ്റുവും സർദാർ വല്ലഭായി പട്ടേലും അദ്ദേഹത്തെ കണ്ടു സംസാരിച്ചു.

'അധികാര ഉത്തരവാദിത്തം ഏറ്റെടുത്തുകൊള്ളൂ...' എന്ന് ആവശ്യപ്പെട്ടതായും സ്വാതന്ത്ര്യം കിട്ടി ഇരുപതാം ദിവസം തന്നെ എനിക്ക് അധികാരം തിരികെ നൽകുന്നത് പുറത്തറിഞ്ഞാൽ നിങ്ങളെക്കുറിച്ചുള്ള പൊതുജന അഭിപ്രായം വളരെ വലുതായിരിക്കും' എന്നും മൗണ്ട് ബാറ്റൺ പറഞ്ഞതായും പറയപ്പെടുന്നു (പേജ് 275)

പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, നാടിന്റെ നന്മ മാത്രം ആഗ്രഹിച്ച - അൽപത്തരങ്ങൾ തൊട്ടുതീണ്ടിയിട്ടില്ലാത്ത മനുഷ്യനാണ്. സർദാർ പട്ടേലാണെങ്കിൽ അവസ്ഥ നന്നായി മനസ്സിലാക്കിയവരാണ്; ആരാൽ, എന്ത് എങ്ങനെ ചെയ്യിക്കണം എന്നത് മനസ്സിലാക്കിയവർ. ഇവർ ഇരുവരും തങ്ങളുടെ പ്രസിദ്ധിയും പെരുമയും നാടിന്റെ നന്മയ്ക്കായി ബലിനൽകേണ്ടിവന്നാൽ അൽപംപോലും മടിക്കാതെ അത് അനുസരിക്കുന്നവരാണ്.

എന്നാൽ, അവർ മൗണ്ട് ബാറ്റണ് ഇങ്ങനെയൊരപേക്ഷ സമർപ്പിച്ചതിൽ ആശ്ചര്യമില്ലെന്ന് തോന്നുന്നു. ആര് മൂലമാണെങ്കിലും, എന്തെങ്കിലും ചെയ്ത് അപ്പോൾ നാട്ടിൽ പടർന്ന അരാജകങ്ങളേയും കുഴപ്പങ്ങളേയും തീർക്കണം എന്നതാണ് അവരുടെ ലക്ഷ്യം.

ദുഖവും നിരാശയും നാട്ടിലെ ജനങ്ങൾക്ക് ഏർപ്പെട്ടിരിക്കുന്ന കൊടുമകളും ബാധിക്കപ്പെട്ട് തളർന്ന് അവശ നിലയിൽ നെഹ്റുവും പട്ടേലും മൗണ്ട് ബാറ്റനെ സന്ധിച്ചു എന്ന് എടുത്തുപറയുന്ന ഈ പുസ്തകം വീണ്ടും പറയുന്നത്;

'പഞ്ചാബ് ലഹളകളെ അടിച്ചമർത്താനായില്ല. പ്രതീക്ഷിച്ചതിലും നൂറുമടങ്ങായി അഗതികൾ വർദ്ധിച്ചു. തലസ്ഥാനത്തുതന്നെ ലഹള ആരംഭിച്ചു. സർക്കാർ, ഭരണം എന്നതൊക്കെ വെറും വാക്കുകളായിപ്പോയി. ഇത് എവിടെച്ചെന്നവസാനിക്കും എന്ന് മനസ്സിലാവുന്നില്ല.' എന്ന് നെഹ്റു പറഞ്ഞു.

'എല്ലാം വരുതിക്കു കൊണ്ടുവരണം. എല്ലാം തീരുമാനിച്ചുറപ്പിച്ച് പ്രവർത്തിക്കണം.' എന്ന് മൗണ്ട് ബാറ്റൺ പറഞ്ഞു.

'അതു തന്നെയാണ് എങ്ങനെയെന്ന് ഞങ്ങൾക്കു മനസ്സിലാകാത്തത്. ജീവിതത്തിന്റെ പകുതിയും സ്വാതന്ത്ര്യ സമരങ്ങളിലും നിങ്ങളുടെ ബ്രിട്ടീഷ് ജയിലറകളിലും കഴിച്ചവരാണ് ഞങ്ങൾ'

'സത്യം പറഞ്ഞാൽ ഭരണത്തിലും അധികാരത്തിലും ഞങ്ങൾക്ക് എന്ത് അനുഭവമാണുള്ളത്? സമാധാനമായിരുന്നാൽ ഈ വലിയ നാടിനെ കൈയാളുക എന്നത് പ്രയാസമുള്ള കാര്യംതന്നെയാണ്. എല്ലാ സമാധാനങ്ങളും കൈവിട്ട് നാശനഷ്ടങ്ങൾ ഏർപ്പെട്ട് നാടിന്റെ തലസ്ഥാനത്തു തന്നെ നിയമവും വ്യവസ്ഥകളും നശിച്ച്, ലോകം ഇതുവരെ കണ്ടിട്ടില്ലാത്ത അളവിൽ അരാജകവും ജന

Downloaded from www.gracebooks.in

ങ്ങൾ വാസസ്ഥലം നഷ്ടപ്പെട്ട് അഭയം തേടി. ഓടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ അവസ്ഥയിൽ എന്താണ് ചെയ്യുക. എങ്ങനെയാണ് ചെയ്യുക? എന്ന് താങ്കളെപ്പോലെ അനുഭവമുള്ള ഒരു അധികാരി തന്നെയാണ് തീരുമാനിക്കാൻ ഉത്തമം. പട്ടാള മേധാവിയായി പല യുദ്ധാവസരങ്ങളിലും പല കുഴപ്പം പിടിച്ച അവസരങ്ങളിലും എല്ലാം തരണം ചെയ്തയാളാണ് താങ്കൾ. ഇതും ഒരു യുദ്ധാവസ്ഥയാണ് ഉടനെ എന്തെങ്കിലും ചെയ്യ. എല്ലാ അധികാരങ്ങളേയും ആവശ്യമുള്ള സഹായങ്ങളേയും താങ്കൾക്ക് നൽകാം' എന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞു.

'നല്ലത്, ഞാൻ ഉത്തരവാദിത്തം ഏറ്റെടുക്കുന്നു.' മൗണ്ട് ബാറ്റൺ സമ്മതിച്ചു.

'ഉടനടിയായി നമ്മൾ പെട്ടെന്നൊരു കമ്മിറ്റി ഉണ്ടാക്കണം' എന്നു പറഞ്ഞു.

'മന്ത്രിസഭയെ മുഴുവനായും താങ്കൾക്ക് ഉപയോഗിക്കാം' നെഹ്റു പറഞ്ഞു.

'അവരെക്കൊണ്ട് പ്രയോജനപ്പെടില്ല. വലിയ കുഴപ്പവും പ്രശ്നങ്ങളും ഉണ്ടാകും. മന്ത്രിമാരെക്കൊണ്ട് എന്താണ് ചെയ്യാനാവുക? എനിക്ക് ജോലി ചെയ്യുന്നവരേയാണ് വേണ്ടത്. തങ്ങളുടെ ജോലി എന്താണെന്ന് മനസ്സിലാക്കുന്നവരെയാണ് വേണ്ടത്. ഞാൻ ആവശ്യപ്പെടുന്നവരെ ഉടനെ ഇവിടെ എത്തിക്കാനുള്ള ഏർപ്പാട് ചെയ്യുക' മൗണ്ട് ബാറ്റൺ പറഞ്ഞു.

ഉടനെ ഒരു തിരക്കുപിടിച്ച കമ്മിറ്റി കൂടി. സിവിൽ വിമാന ഡയരക്ടർ, ഇന്ത്യൻ റെയിൽവേയുടെ തലവൻമാർ, മെഡിക്കൽ മറ്റും റെഡ്ക്രോസ് തലവൻമാർ, പോലീസ്, ഇന്റലിജൻസ് വിഭാഗങ്ങളിലെ തലവൻമാർ ഇങ്ങനെ പലരും ഡൽഹിയിലേക്ക് വിളിക്കപ്പെട്ട് തീവ്രമായ കൂടിയാലോചന നടന്നു.

'ഉടനടിയായി ചെയ്യേണ്ട ജോലികളെക്കുറിച്ച് ഓരോരുത്തർക്കും ഉത്തരവു നൽകി. ഓരോ വകുപ്പും തങ്ങൾക്കു നൽകപ്പെട്ട ജോലികളെ കൃത്യമായി നിറവേറ്റുന്നുണ്ടോയെന്ന് പരിശോധിക്കാനായി മൗണ്ട് ബാറ്റന്റെ സഹായികളായി ഉണ്ടായിരുന്ന ഉന്നത പദവികൾ വഹിച്ച പല വെള്ളക്കാരായ ഉദ്യോഗസ്ഥരും ഇന്ത്യൻ ഉദ്യോഗസ്ഥരും നിയമിക്കപ്പെട്ടു.'

പുറത്തേക്കു വരുന്ന അഭയാർത്ഥി കൂട്ടങ്ങളേ ഓരോന്നിനേയും ഓരോ മണിക്കൂറിലും ആകാശത്തു നിന്ന് ശ്രദ്ധിച്ച് മൗണ്ട് ബാറ്റന്റെ ഹെഡ് ഓഫീസിലേക്ക് വിവരങ്ങൾ അറിയിക്കാനായി ഇന്ത്യൻ വ്യോമസേനയുടെ വിമാനങ്ങൾ ലഹള ബാധിത പ്രദേശങ്ങളിലേക്കയക്കപ്പെട്ടു. അഭയാർത്ഥികൾ പോകുന്ന എല്ലാ തീവണ്ടി ബോഗികളിലും ആയുധമേന്തിയ പട്ടാളക്കാർ കാവൽക്കാരായി പോയി. ആവശ്യമായ സ്ഥലങ്ങളിലെല്ലാം വൈദ്യസഹായത്തിനായി ഡോക്ടർമാരേയും നഴ്സുമാരേയും നിയമിക്കപ്പെട്ടു. ഡൽഹിയിൽ ലഹള തുടങ്ങിയതിന്റെ നാലാമത്തെ ദിവസം തന്നെ എല്ലാ യൂണിറ്റുകളും തങ്ങളുടെ ജോലി ആരംഭിച്ചു.

'തന്നെ പൂർണ്ണമായി വിശ്വസിച്ച് ഉത്തരവാദിത്തം ഏൽപിച്ച ഇന്ത്യൻ നേതാക്കൾക്കും ജനങ്ങൾക്കും തങ്ങളാൽ കഴിയുന്നത്ര സഹായം ചെയ്യണമെന്ന

Downloaded from www.gracebooks.in

ലക്ഷ്യത്തോടെ മൗണ്ട് ബാറ്റൺ മുഴുവൻ ശക്തിയോടെ പ്രവർത്തിയിലേക്കിറങ്ങി. സാവകാശമോ, അലംബാവമോ അദ്ദേഹം സഹിച്ചില്ല. ഉദ്യോഗസ്ഥർ വല്ലാതെ വിഷമിച്ചു. ഉത്തരവാദിത്തമുള്ള നൂറുകണക്കിന് ഉദ്യോഗസ്ഥരെ രാവും പകലും എന്നില്ലാതെ ജോലി ചെയ്യിപ്പിച്ചു. അദ്ദേഹത്തിന്റെ വേഗതയ്ക്കും ദേഷ്യത്തിനും പാത്രമാകാനാകാതെ അധികാരികൾ വട്ടംകറങ്ങി.

മൗണ്ട് ബാറ്റന്റെ രോഷം!

പണ്ഡിറ്റ് നെഹ്റുവിന്റെ പ്രൈവറ്റ് സെക്രട്ടറിയും വ്യോമസേന ഡയരക്ടറുമായ എച്ച്.വി.ആർ. അയ്യങ്കാർ ഒരു പ്രാവശ്യം പഞ്ചാബിലേക്ക് വിമാനത്തിൽ അയക്കേണ്ട അത്യാവശ്യ മരുന്നുകൾ കൃത്യസമയത്ത് അയച്ചില്ല. മൗണ്ട് ബാറ്റന് ദേഷ്യം വന്നു.'

'മിസ്റ്റർ അയ്യങ്കാർ, നിങ്ങൾ ഉടനെ ഇവിടെ നിന്നും വിമാനത്താവളത്തിലേക്കു പോകണം. പറഞ്ഞ മരുന്നുകളുമായി ആ വിമാനം പുറപ്പെടുന്നതുവരെ അവിടെതന്നെ നിൽക്കണം. വിമാനം പുറപ്പെട്ടുപോയി എന്ന് വീണ്ടും എന്നോടു വന്ന് പറയുന്നതു വരെ നിങ്ങൾ ഭക്ഷണം കഴിക്കുവാനോ, ഉറങ്ങുവാനോ പാടില്ല.' എന്നു പറഞ്ഞു.

'അപമാനത്തോടെയും വ്രണപ്പെട്ട മനസ്സോടുകൂടിയും എച്ച്.വി.ആർ അയ്യങ്കാർ പെട്ടെന്ന് അവിടെ നിന്നും പോയി. എന്നാൽ വിമാനം ഉടനെ മരുന്നുകളുമായി പോയിരുന്നു.'

'ഡൽഹിയിലുള്ള കലാപങ്ങളും കുഴപ്പങ്ങളും ഉടനെ നിർത്തണം എന്ന കാര്യത്തിൽ മൗണ്ട് ബാറ്റൺ അതീവ ശ്രദ്ധ ചെലുത്തിയിരുന്നു.'

'കിട്ടാവുന്നിടത്തോളം എല്ലാ സൗകര്യങ്ങളും ഡൽഹിയിലേക്ക് അതീവ പ്രാധാന്യത്തോടെ നൽകണം. തലസ്ഥാനത്തെ നിയമവാഴ്ച കൈപ്പിടിയിലൊതുങ്ങിയില്ലെങ്കിൽ രാജ്യം തന്നെ കൂട്ടിച്ചോറാകും എന്നു പറഞ്ഞ അദ്ദേഹം, ഗവർണർ ജനറലിന്റെ ബോഡീഗാർഡു മുതൽ അലങ്കാരമായി നിർത്തിയിരിക്കുന്ന സർക്കാർ ജോലിക്കാരായ പട്ടാളക്കാർ വരെ എല്ലാവരേയും നഗരം മുഴുവൻ റോന്തു ചുറ്റുവാനായി ഇറക്കി. ഉടനെ തന്നെ പല സ്ഥലങ്ങളിൽ നിന്നും പട്ടാളക്കാരെ ഡൽഹിക്കു കൊണ്ടുവരപ്പെട്ടു. എല്ലാ സിവിൽ യാത്രാ വിമാനങ്ങളും ഡൽഹിയിലേക്കു കൊണ്ടുവരപ്പെട്ടു. ഡൽഹി തെരുവുകളിൽ ചിതറിക്കിടക്കുന്ന മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിനും തലസ്ഥാനത്തുള്ള ഹിന്ദു- സിഖ് അഭയാർത്ഥികളെ നഗരത്തിനു പുറത്ത് താമസിപ്പിക്കുന്നതിനും ഏർപ്പാടുകൾ ചെയ്യപ്പെട്ടു.'

'മൗണ്ട് ബാറ്റൻ തയ്യാറാക്കിയിരുന്ന ചാർട്ട് റൂം ചുളിവുപറ്റാത്ത വസ്ത്രങ്ങൾ ധരിച്ച പട്ടാള അധികാരികൾ, ഇന്റലിജൻസ് മേധാവികൾ, വാർത്താവിനിമയക്കാർ തുടങ്ങിയവരെക്കൊണ്ട് മിലിട്ടറി ഹെഡ് ക്വാർട്ടേഴ്സ് പോലെ ചുറുചുറുക്കോടെ പ്രവർത്തിച്ചു.'

'ലോക ചരിത്രത്തിൽ തന്നെ ഏറ്റവും വലിയ ജനങ്ങളുടെ കുടിയേറ്റം, മൃഗീയ

Downloaded from www.gracebooks.in

മായ ഈ ലഹളയും അതിന്റെ വിനകളും ഒറ്റ ദിവസംകൊണ്ട് നിർത്തപ്പെട്ടില്ല; അതിന് കുറേ ആഴ്ചകൾ വേണ്ടിവന്നു. ഈ ജോലിയിൽ തങ്ങളെ അർപ്പിച്ച അപരിചിതരായ ധാരാളം ഉദ്യോഗസ്ഥന്മാരും ജോലിക്കാരും തങ്ങളുടെ കഠിനമായ പ്രയത്നംമൂലം ഈ ഭാഗങ്ങളിൽ സാധാരണ നിലയിലേക്ക് കൊണ്ടുവരാൻ സഹായിച്ചു. ഈ ശ്രമത്തിനിടയിൽ പരിക്കേറ്റവർ, ജീവൻ നഷ്ടപ്പെട്ടവർ ഇവരുടെയൊന്നും കണക്ക് ആർക്കും അറിയില്ല.'

'തലസ്ഥാന നഗരമായ ഡൽഹിയിൽ മരിച്ചുകിടക്കുന്ന മൃതദേഹങ്ങൾ മാറ്റുന്നതിന് ആളുകളെ അന്വേഷിക്കുന്നത് വലിയ ജോലിയായിരുന്നു. ഹിന്ദുക്കൾ ഒരാളും മൃതദേഹം തൊടാൻ മുന്നോട്ടുവരില്ല. മുസ്‌ലിംകളാണെങ്കിൽ ഒളിച്ചുകഴിഞ്ഞു അല്ലെങ്കിൽ തലസ്ഥാനം വിട്ട് ഓടിപ്പോയി. (ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അവസാന ദിനങ്ങൾ' ഗ്രന്ഥകർത്താവ് ദാർക്ഷിയ - പേജ് 276 മുതൽ 281 വരെ)

പുതുതായി പൂത്തുലഞ്ഞ പൂന്തളിരു പോലത്തെ സ്വാതന്ത്ര്യത്തെ ചുട്ടെരിച്ച്, തളിരിടുവാൻ തുടങ്ങിയ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യ സുവർണ്ണ ഭരണത്തെ ചുടുകാടാക്കിയും ഭരണാധികാരത്തെ നിർവീര്യമാക്കിയും ഇതിനെല്ലാം ഉപരി നാട്ടിൽ എല്ലായിടത്തും ജീവിക്കുന്ന ന്യൂനപക്ഷ സമുദായ ജനങ്ങളെ വേരോടെ നശിപ്പിച്ച് പടുകുഴിയിൽ തള്ളിവിടാൻ തിരശ്ശീലയ്ക്ക പിന്നിൽ മറഞ്ഞിരുന്ന ചില ദുഷ്ട ശക്തികളും രക്തഭ്രാന്തു പിടിച്ച കുറുക്കനെപ്പോലത്തെ ചതിയന്മാരും ആടിയ പേക്കൂത്തുകലാണ് മുകളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ളത്.

ആ വർണ്ണനയുടെ ഘോര ദൃശ്യങ്ങളേ, ക്രൂരമായ കൊലപാതകങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ എല്ലാം ഇവിടെ വിവരിച്ചിട്ടില്ല. അവയൊക്കെ ഒഴിവാക്കിയിരിക്കുകയാണ്.

അതേസമയം, മുസ്‌ലിം അല്ലാത്ത ഒരാൾ എഴുതിയ- സ്വതന്ത്ര ഇന്ത്യ ഉദയം കൊണ്ടതും അൽപം പോലും താമസമില്ലാതെ പൊട്ടിപ്പുറപ്പെട്ട രാക്ഷസീയതയുടെ അരാജകങ്ങളിൽ 'പടം' ഒരളവെങ്കിലും പതിഞ്ഞിരിക്കണം എന്ന സദുദ്ദേശത്തോടെയും ഇതു പോലത്തെ പകപ്പുകയും ഭ്രാന്താഗ്നിയും ഉയരുകയോ, കനലുകളായി ഉയിർത്തെഴുന്നേൽക്കുവാനോ രാജ്യത്തെ ജനങ്ങൾക്ക് അൽപം പോലും അവസരം നൽകരുത് എന്ന ബോധവും ദൃഢതയും ഉണ്ടാവാനായി ഈ ക്രൂര സംഭവങ്ങൾ ഒരു പാഠമായി മാറണം എന്ന സദുദ്ദേശത്തോടെയാണ് ഇവിടെ എടുത്തുകാട്ടിയിട്ടുള്ളത്.

Downloaded from www.gracebooks.in

സൂത്രക്കളം!

ആക്രമ ക്രൂരതകൾ നാടിന്റെ പല ഭാഗങ്ങളിലും പടർന്ന് താണ്ഡവ നൃത്തമാടിക്കൊണ്ടിരുന്ന അതേ സമയത്ത്, ഭയവും ഭീതിയും സമുദായത്തെ പിടിക്കുടി പരീക്ഷണ ചൂറ്റുപാടിലകപ്പെട്ട്, വേദനയിൽ പുളഞ്ഞുകൊണ്ടിരുന്ന ദുഃഖകരമായ അവസ്ഥയിൽ-

'താൻ ഒരു മുസ്ലിമാണെന്ന് പറയാനോ, തലയിൽ തൊപ്പി ധരിച്ചുകൊണ്ട് പോകാനോ സാധിക്കാത്ത ഭയങ്കരമായ ചുറ്റുപാട് മുസ്ലിംകളെ ഉരുക്കിക്കൊണ്ടിരുന്ന വിഷമകരമായ സന്ദർഭത്തിൽ-

'കത്തുന്ന വീട്ടിൽ നിന്ന് ഊരിയത് ലാഭം' എന്നതുപോലെ സമുദായം വെന്തെരിഞ്ഞാലെന്ത്? വേദനിച്ചാലെന്താ? എന്ന ചിന്തയും അതേസമയം 'കലക്കവെള്ളത്തിൽ മീൻപിടിക്കാൻ' ഇതാണ് ശരിയായ സന്ദർഭം എന്നു കണക്കുകൂട്ടിയ 'കങ്കാണികൾ', ലഹളയാൽ ഭീതിയടഞ്ഞിരുന്ന ഈ അവസരത്തിൽ ആണ് സമുദായ ജനങ്ങളെ എളുപ്പത്തിൽ പറ്റിക്കാനാവും. അവരുടെ ഒത്തൊരുമയെ ചിതറിക്കാൻ സാധിക്കും എന്നു നൊയമ്പു നോറ്റ അവർ, 'വൈരത്തെ വൈരംകൊണ്ടു മാത്രമേ മുറിക്കാനാവൂ' എന്നതിന്, മുസ്ലിം ലീഗ് നേതൃസ്ഥാനം അലങ്കരിച്ചവരെ കൊണ്ടു മാത്രമേ, മുസ്ലിം ലീഗിന്റെ ഉണർവ്വിൽ ഉറച്ചു കിടക്കുന്ന മുസ്ലിംകളെ കവരാൻ സാധിക്കൂ എന്ന യുക്തിയെ ഉപയോഗിച്ച് വിരിച്ച വലയിൽ അകപ്പെട്ട, ഒന്നിച്ചുണ്ടായിരുന്ന ബംഗാളിൽ- വിഭജനത്തിനു മുൻപ് രൂപപ്പെട്ടിരുന്ന മുസ്ലിം ലീഗ് മന്ത്രിസഭയിൽ പ്രധാനമന്ത്രിയായി പദവി വഹിച്ച എച്ച്.എസ്. സുഹറവർത്തി (ഹുസൈൻ ഷഹീദ് സുഹറവർത്തി) അവർകളുടെ നേതൃത്വത്തിൽ, ഇന്ത്യൻ മുസ്ലിംകളുടെ ഭാവികാലത്തെക്കുറിച്ച് തീരുമാനമെടുക്കാൻ ഒരു കൂട്ടത്തെ 'സമ്മേളനം' എന്ന പേരിൽ 9-11-1947ന്

കൽക്കത്തയിൽ സംഘടിപ്പിച്ചു. പിന്നണിയിൽ ഭരണകക്ഷി ബലത്തോടെയുണ്ടായിരുന്നെങ്കിലും സമ്മേളനത്തിന് അങ്ങിങ്ങുനിന്ന് ആൾക്കാരെ സംഘടിപ്പിച്ചയക്കുന്ന ഏജന്റായും പ്രവർത്തിച്ചു.

സമുദായത്തെ വേട്ടയാടുവാനായി ഒരുമിച്ചുകൂട്ടിയ സമ്മേളനം തുടങ്ങി രാഷ്ട്രീയ കാര്യങ്ങളിൽ അൽപ സുഖഭോഗത്തിനടിമയായ പലരും ഒപ്പം പല ഭാഗങ്ങളിൽ നിന്നും കൊണ്ടുവന്ന പല ലക്ഷ്യങ്ങളുള്ളവരും സ്റ്റേജിൽ ഒത്തൊരുമിച്ചപ്പോൾ, എന്തൊക്കെയോ പ്രതീക്ഷിച്ച് അദ്ധ്യക്ഷനാകാൻ സമ്മതിച്ച സുഹറവർതിയെ സ്റ്റേജിലേക്കാനയിച്ചുകൊണ്ടുവന്നു. അദ്ദേഹം കസേരയിൽ ഇരിക്കുമ്പോഴേക്കും ഓരോരുത്തരിൽ നിന്നും ചോദ്യങ്ങൾ ശരമാരിപോലെ പാഞ്ഞുവന്നപ്പോൾ, പകച്ചുപോയ സുഹറവർതി, ആ സമ്മേളനത്തിൽ കായിതേമില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ് ഇരിക്കുന്നത് കണ്ട് ലജ്ജിച്ചു തലയും താഴ്ത്തി അവിടെനിന്നും ധൃതിയിൽ പുറത്തുകടന്നപ്പോൾ, കൂടിയിരുന്ന ജനങ്ങളും ഒച്ചയും വിളിയുമായി ചിതറിയോടി! സമുദായത്തെ തകർക്കാനായി സംഘടിപ്പിച്ച 'സൂത്രക്കളം' താറുമാറായിപ്പോയി!

രാജ്യം വിദേശിയരുടെ അധികാരപ്പിടിയിൽ നിന്നും സ്വാതന്ത്ര്യം നേടിയതിന്റെ കുറച്ചു ദിവസങ്ങളിൽ, ആ സ്വാതന്ത്ര്യത്തിന്റെ സുഖാനന്ദം ജനങ്ങളെ അനുഭവിക്കാൻ വിടാതെ, ദുഖങ്ങളും പ്രയാസങ്ങളും മാത്രമല്ലാതെ, രാജ്യത്തെ ജനങ്ങളുടെ സമാധാനത്തേയും രാജ്യത്തിന്റെ നവനിർമ്മാണത്തേയും നശിപ്പിക്കാൻ കച്ചകെട്ടിയിറങ്ങിയ സമൂഹവിരോധികളും മതഭ്രാന്തന്മാരും കൈകോർത്ത് രാജ്യത്തിന്റെ പരമാധികാരത്തെ തന്നെ പുച്ഛിച്ച് ഭീകരത അഴിച്ചുവിട്ട്, ന്യൂനപക്ഷ സമുദായക്കാരെ നശിപ്പിക്കുവാൻ ലക്ഷ്യമിട്ടിറങ്ങിയതുമൂലം, സ്വാതന്ത്ര്യത്തെതന്നെ ഇല്ലാതാക്കുവാൻ അവർ തുനിഞ്ഞിറങ്ങിയതിനാൽ ഏർപ്പെട്ട വിനാശങ്ങളേയും ജനങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു.

ഇത്തരം പരീക്ഷണങ്ങളും, വേദനയും സമുദായത്തെ ചുഴറ്റിവരിഞ്ഞത്, ഭയത്തിനും, നിലവിളിക്കും അടിമപ്പെട്ട ഭീകര ചുറ്റുപാടിൽ 'കലക്കവെള്ളത്തിൽ മീൻ പിടിക്കാൻ' മതിയായിരുന്നു. നാടുമുഴുവൻ പടർന്നുപിടിച്ച ലഹളയുടെ ഭീകരതയിലും ഭയപ്പെടുത്തി ഒതുക്കുവാൻ തുനിഞ്ഞിറങ്ങിയ സംഘപരിവാർ കൂട്ടത്തിന്റെ ക്രൂരതയിലും മുസ്‌ലിം സമുദായത്തിലെ ജനങ്ങൾ കഷ്ടപ്പെട്ട്, അങ്ങിങ്ങ് വിലപിച്ച്, വടക്കൻ സംസ്ഥാനങ്ങളിൽ അഭയാർത്ഥികളായി അലങ്കോലമായി അലഞ്ഞുതിരിഞ്ഞും, വേദനാവസ്ഥയിൽ വെന്തുരുകിക്കൊണ്ടിരുന്ന നേരത്ത് ഭരണകക്ഷിക്കാരും മറ്റ പാർട്ടിക്കാരും വേദനിച്ച പുണ്ണായ സമുദായത്തിനകത്തേക്കു കടന്ന്, അവരുടെ കണ്ണീരേയോ, ചുടുനീരെയോ തുടയ്ക്കാനല്ല- പാർട്ടിക്ക് ആളെ പിടിക്കാൻ- തങ്ങളുടെ ആലാപനത്തിന് ആളെ കൂട്ടാനാണ് ചുറുചുറുക്കോടെ തുനിഞ്ഞിറങ്ങിയത്.

സമുദായത്തെ ചുറ്റിവളച്ച് വേട്ടയാടാൻ ഭരണ ഉത്തരവാദിത്തം ഏറ്റെടുത്തിരുന്നവർ വരിഞ്ഞുകെട്ടിക്കൊണ്ട്, അന്നത്തെ ചുറ്റുപാടിൽ- വീടുകൾ നഷ്ടപ്പെട്ട്,

Downloaded from www.gracebooks.in

വഴിയാധാരമാക്കപ്പെട്ട് ജനങ്ങളുടെ ദുഃഖം അകറ്റാനോ, രക്ഷപ്പെടുത്താനോ ശ്രമിക്കാതെ, കടമ മറന്ന്, മുസ്‌ലിം ജനതയെ തങ്ങളുടെ പാർട്ടിക്കകത്ത് വളച്ചിടാൻ, മുസ്‌ലിംകളിൽ തന്നെ ചലർ കങ്കാണിമാരെ ഉപയോഗിച്ച് സമുദായത്തിന്റെ ഒത്തൊരുമയെ വെട്ടിപ്പിളർക്കുന്ന കോടാലികളാക്കി കളത്തിലേക്കിറക്കിയത് കോൺഗ്രസ്സ് പാർട്ടിയാണ്!

മുസ്‌ലിംങ്ങളെ വശീകരിക്കുവാൻ കോൺഗ്രസ് പാർട്ടിയുടെ ഏജന്റുമാരായി കളത്തിലിറങ്ങിയ, മുസ്‌ലിം നാമധാരികൾ, ആശകൾ വാരിവിതറി നൃത്തം ചെയ്തു.

ഇത്തരം കപട നാടകങ്ങൾ തീവ്രമാകുന്നത് മനസ്സിലാക്കിയ തിരുച്ചി നഗര മുസ്‌ലിം ലീഗിന്റെ മുന്നണി പ്രവർത്തകർ 'കടമ നിറവേറ്റ'ന്ന ഉണർവ്വോടെ നർത്തനമാടുന്ന 'കുറുക്കൻ'മാരെക്കുറിച്ച് സമുദായത്തെ ബോധ്യപ്പെടുത്തി, ബോധോദയമുണ്ടാക്കുന്ന പ്രവർത്തികളിലേക്കിറങ്ങി.

അന്ന് 1937ൽ ഉത്തർ പ്രദേശിൽ നടന്ന പൊതു തെരഞ്ഞെടുപ്പിനെ അടിസ്ഥാനമാക്കി കോൺഗ്രസ്സ് പാർട്ടി അഖിലേന്ത്യാ മുസ്‌ലിം ലീഗുമായുണ്ടാക്കിയ തെരഞ്ഞെടുപ്പ് ഉടമ്പടിയിൽ, കോൺഗ്രസ് പാർട്ടി വലിയ വിജയം നേടി, മന്ത്രിസഭ രൂപീകരിക്കാനുള്ള അവസരവും അധികാരവും ലഭിച്ചപ്പോൾ, ന്യായമായി മുസ്‌ലിം ലീഗിന് മന്ത്രിസഭയിൽ ലഭിക്കേണ്ട രണ്ടു സ്ഥാനങ്ങൾ എന്നതിനു പകരം, മുസ്‌ലിം ലീഗിനെ ഉദാസീനപ്പെടുത്തി, മുസ്‌ലിം ലീഗിന് മന്ത്രിസഭയിൽ ഒരു സ്ഥാനവും മറ്റൊരു സ്ഥാനം, കോൺഗ്രസ്സ്, ദേശീയ മുസ്‌ലിം ലീഗിനും നൽകപ്പെടും എന്ന് കടുംപിടുത്തം പിടിച്ച്, ഉടമ്പടി അറുത്ത്, മുസ്‌ലിം ലീഗിനെ മൂലയ്ക്കിരുത്തിയ കോൺഗ്രസ്സ് നേതാക്കന്മാർ പ്രത്യേകിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു- 'മുസ്‌ലിം സമുദായത്തിനുള്ളിൽ നേരിട്ടുകടന്നുചെന്ന്, അവരുടെ പിൻതുണ ഞങ്ങളുടെ ഭാഗത്തേക്ക് തിരിക്കും! കോൺഗ്രസ്സ് പാർട്ടിയിൽ മുസ്‌ലിംകളെയെല്ലാം സംഘടിപ്പിക്കണം! അതിനു വേണ്ടിയുള്ള പരിശ്രമത്തിൽ ഇറങ്ങണം.'

എന്ന് വെല്ലുവിളിച്ച പണ്ഡിറ്റ് നെഹ്റുവും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും മുസ്‌ലിം സമുദായത്തിലേക്കു കടന്നു ചെന്ന് തങ്ങളുടെ കൈവശമുള്ള എല്ലാ ശക്തികളേയും ഉപയോഗിച്ച് പെടാപ്പാടു പെട്ടിട്ടും ഒരു മുസ്‌ലിമിനേപ്പോലും തങ്ങളുടെ ഭാഗത്തേക്ക് കൊണ്ടുവരാനാകാതെ തോറ്റ് തുന്നംപാറി 'മുഖാരി' പാടിയ സംഭവം ചരിത്രത്തിലുണ്ട്.

1937-ാം ആണ്ടിൽ മുസ്‌ലിംകളെ തമ്മിൽ പിരിക്കാൻ ശ്രമിച്ചും ആഗ്രഹങ്ങളും ആശകളും വാരിക്കൊടുത്തും അധികാര മോഹ ബയോസ്കോപ്പ്, കാണിച്ചും പ്രയോജനമൊന്നും ഇല്ലാതെ പരിതാപപ്പെട്ടത് മറന്ന് വീണ്ടും അതേ ജോലി 1947ലും പ്രയോഗിച്ച് മുസ്‌ലിംകളെ തങ്ങളുടെ ഭാഗത്തേക്ക് തിരിക്കാൻ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു വെല്ലുവിളിച്ചത് വിദ്യതന്നെയാണ!

Downloaded from www.gracebooks.in

ലക്‌നോയും തിരിച്ചിയും!

മുസ്‌ലിങ്ങളെ വലവീശിപ്പിടിക്കുന്ന തന്റെ പദ്ധതിയെ നടപ്പിലാക്കുന്ന ദിനം പണ്ഡിറ്റ് നെഹ്റു 1947 ഡിസംബർ 28-ാം തിയ്യതിയാണെന്ന് അറിയിച്ചു.

മുസ്‌ലിംങ്ങളുടെ ഭാവി കാലത്തെക്കുറിച്ച് അധികം ഉൽക്കണ്ഠപ്പെട്ടവരായി തങ്ങളെ കാണിച്ചുകൊടുക്കുവാനായി മുന്നോട്ടുവന്ന കോൺഗ്രസ്സ്, മൗലാനാ അബുൽ കലാം ആസാദ് അവർകളെ കരുവാക്കിക്കൊണ്ട്, കപടക്കളത്തിനായുള്ള അറിയിപ്പ് പുറപ്പെടുവിച്ച്-

സ്വതന്ത്ര ഇന്ത്യയിൽ മുസ്‌ലിംങ്ങളുടെ ഭാവികാലത്തെക്കുറിച്ച് ആലോചിച്ച് തീരുമാനിക്കുന്നതിനായി അഖിലേന്ത്യാ മുസ്‌ലിംങ്ങളുടെ സമ്മേളനം 1947 ഡിസംബർ 28-ാം തിയ്യതി ലക്നൗവിൽ നടക്കാനിരിക്കുകയാണ്. മുസ്‌ലിം ദേശീയ നേതാക്കന്മാർ, കേന്ദ്ര, സംസ്ഥാന മന്ത്രിമാർ പലരും പങ്കെടുക്കാനിരിക്കുന്ന ഈ സമ്മേളനത്തിൽ അദ്ധ്യക്ഷസ്ഥാനം കേന്ദ്ര വിദ്യാഭ്യാസ മന്ത്രി മൗലാനാ അബുൽകലാം ആസാദ് ഏറ്റെടുക്കുകയാണ്. ഭാവിയെക്കുറിച്ച പ്രധാന തീരുമാനത്തിന് വഴികാണുവാൻ എല്ലാവരും പങ്കെടുത്തു പ്രവർത്തിക്കണം!' എന്ന അറിയിപ്പ് നാട് മുഴുവൻ പ്രചരിപ്പിക്കപ്പെട്ടു.

മുസ്‌ലിംങ്ങളുടെ മേൽ പെട്ടെന്ന് 'ഉൽക്കണ്ഠ' കാട്ടുന്ന ഈ അറിയിപ്പും, സമ്മേളന വാർത്തയും തിരുച്ചി മുസ്‌ലിം ലീഗ് മുന്നണികളെ കണ്ണുതുറപ്പിക്കുകയും ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്തു! സമുദായത്തെ ചൂഴ്ന്ന വരുന്ന വഞ്ചകക്കൂട്ടത്തെ- ചാക്കും എടുത്തുകൊണ്ട് കൂട്ടികളെ പിടിക്കുവാൻ വരുന്ന കള്ളത്തരത്തെ സമുദായത്തിന് മനസ്സിലാക്കിക്കൊടുക്കുവാൻ വേണ്ട ആവശ്യമായ നടപടികൾ എടുക്കുവാൻ തീരുമാനിച്ചു. വിരലിൽ എണ്ണാൻ പറ്റുന്ന ചിലരാണ് തിരുച്ചി നഗരത്തിൽ, ഇത്രയും വലിയ ഉത്തരവാദിത്തം ചുമക്കാനായി മുന്നോട്ടുവന്നത്.

രാജ്യം സ്വാതന്ത്ര്യം നേടി നാലുമാസങ്ങളിൽ മുസ്‌ലിംങ്ങളെ ചുറ്റി ലഹളയുടെ കാർമേഘവും; ആളെ പിടിക്കുന്ന ചൂതുവല വീശുന്ന അപശകുനങ്ങളും; രാഷ്ട്രീയ പ്രവേശനത്തെ മുസ്ലിംങ്ങൾ തികച്ചും തള്ളിക്കളയണം; അതേസമയം കോൺഗ്രസ് പാർട്ടിയേ ഗതി! നെഹ്റു തന്നെ വിധി! എന്ന് കഥാഭിഷേകം ചെയ്തുകൊള്ളണം എന്ന പല പല ഹിതോപദേശങ്ങളും, അതേസമയം നിർദ്ദേശം, ഉരുട്ടൽ വിരട്ടലുകളും സമുദായത്തെ നോക്കി ശരമാരിയായി പാഞ്ഞുവന്ന ആ സന്ദർഭത്തിൽ ആണ് അബുൽകലാം ആസാദിന്റെ പേരിൽ, അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ നടത്തുന്ന സമുദായത്തിന്റെ പേരിലുള്ള സമ്മേളനം അരങ്ങേറുന്നത്!

ഇത്തരം രാഷ്ട്രീയ ചതുരംഗക്കളികളിൽ അകപ്പെടാതെ സമുദായത്തെ ഗുണദോഷിച്ച്, വഴിതെറ്റിക്കുന്നവരെ അകറ്റിയും സമുദായത്തിന്റെ കണ്ണു തുറപ്പിക്കുവാൻ വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന ഉദ്ദേശത്തോടെ, അബുൽകലാം ആസാദ് ലക്നൗവിൽ സമ്മേളനം നടത്തുന്നതായി അറിയിച്ച അതേ ദിവസം

Downloaded from www.gracebooks.in

1947 ഡിസംബർ 28-ാം തിയ്യതി 'തമിഴ്നാട് മുസ്ലിം ലീഗ് പ്രവർത്തകർ സമ്മേളനം' തിരുച്ചിയിൽ നടത്തുന്നു എന്നും സമുദായത്തിന്റെ ഭാവി കാലത്തെ കുറിച്ച് വ്യക്തമായ തീരുമാനങ്ങൾ എടുക്കുമെന്നും, തിരുച്ചിയിൽ മുസ്ലിംലീഗ് നേതാക്കൾ തീരുമാനിച്ചു.

'തമിഴ്നാട് മുസ്ലിം ലീഗ് പ്രവർത്തകർ സമ്മേളനം' എന്ന പേരിൽ സമ്മേളനം നടത്തുവാൻ തീരുമാനിച്ച് അതിനുള്ള ഏർപ്പാടുകളെക്കുറിച്ചുള്ള വിവരങ്ങളൊക്കെ വിവരിച്ച്, പ്രശസ്ത നോവലിസ്റ്റ് എ.എം. യൂസുഫ് സാഹിബ് അവർകൾ പത്രാധിപരും, തിരുച്ചി ടോർപ്പിഡോ എ.കെ. ബാഷാസാഹിബ് ചീഫ് എഡിറ്ററുമായിട്ട് കായൽപട്ടണത്തിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'മുസ്ലിം ലീഗ്' എന്ന വാരികയിൽ കാര്യങ്ങൾ വ്യക്തമാക്കിയുള്ള വാർത്ത പ്രസിദ്ധീകരിച്ചു.

ഈ വാർത്തയറിഞ്ഞ തമിഴ്നാട്ടിലെ പല ഭാഗങ്ങളിലുമുള്ള സമുദായ പ്രമുഖന്മാരും, എഴുത്തുകാരും, പത്രക്കാരും, സമുദായ സേവകരും പ്രാസംഗികർ പലരും-

'മുസ്ലിംകളിൽ പലതരത്തിലുമുള്ള രാഷ്ട്രീയ അഭിപ്രായങ്ങൾ ഉള്ളവരും, മറ്റു പാർട്ടികളിൽ അംഗത്വമെടുക്കാതിരിക്കുന്നവരും, പൊതു ജനങ്ങളും- ഒരു വലിയ രാഷ്ട്രീയ പ്രളയത്തിന് വഴിയൊരുങ്ങുന്നതിനാൽ- എല്ലാ തരക്കാരും പങ്കെടുക്കുന്ന വിധത്തിൽ 'തമിഴ്നാട് മുസ്ലിം ലീഗ് പ്രവർത്തകർ സമ്മേളനം' എന്ന വിശാലാടിസ്ഥാനത്തിൽ നല്ല മനസ്സോടെ സമ്മേളനം നടത്തപ്പെട്ടാൽ പ്രാധാന്യം നിറഞ്ഞ ഈ കാലഘട്ടത്തിൽ പലതരം അഭിപ്രായങ്ങൾ പ്രകടമാവുകയും അതിൽനിന്നും ഉന്നതമായ ഒരു തീരുമാനം കൈക്കൊള്ളുവാനും സാധിക്കും'

എന്ന വെളിപ്പെടുത്തിയ അഭിപ്രായ, ആവലാതികൾക്ക്; അങ്ങനെയും ഒരവസരം കൊടുക്കാം! എന്ന കാരണത്തോടെ 'തമിഴ്നാട് മുസ്ലിം ലീഗ് പ്രവർത്തകർ സമ്മേളനം! എന്ന പേരിൽ തന്നെ നടത്തുന്നു എന്നും അതിൽ പലതരം അഭിപ്രായക്കാരും പങ്കെടുക്കും എന്നും തീരുമാനമായി.

സമ്മേളന കൂടിയാലോചനയിൽ തീരുമാനിക്കപ്പെട്ട തീരുമാനങ്ങൾക്കനുസരിച്ച് ജോലികൾ ധൃതിയിൽ നടത്തപ്പെടുന്നതിന്-

തിരുച്ചി ടോർപ്പിഡോ എ.കെ. ബാഷാ സാഹിബ്, 'മുസ്ലിം ലീഗ്' വാരികയുടെ പത്രാധിപർ നോവലിസ്റ്റ് എ.എം. യൂസുഫ് സാഹിബ്, തുത്തുക്കുടി എം. മുസ്തഫാ ഹുസൈൻ സാഹിബ്, കെ.എസ്. അബ്ദുൽ വഹാബ് ജാനി സാഹിബ്, പി.എച്ച് മുഹമ്മദ് നസ്റുദ്ദീൻ സാഹിബ്, തിരുച്ചി ടി.എസ്.എ. റസൂൽ സാഹിബ്, മദനി സാഹിബ്, എം.കെ. ദീൻ സാഹിബ്, കെ.ജി. അബ്ദുൽ സത്താർ സാഹിബ്, ആർ.എ. കരീം സാഹിബ്, മൗലാനാ, മൗലവി അബുൽ ഹസനാത് കുതുബുദ്ദീൻ മുഹമ്മദ് ബാജിൽ, ബാകവി സാഹിബ്, എ.എം. ഹനീഫ് തുടങ്ങിയവർ തങ്ങളെ മുഴുവനായും സമ്മേളനക്കാര്യങ്ങൾക്കായി അർപ്പിച്ചു.

ബഹുമാനപ്പെട്ട ഖായിതേ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ്

Downloaded from www.gracebooks.in

അവർകളും എ.കെ. ജമാലി സാഹിബ് തുടങ്ങിയവർ. കറാച്ചിയിൽ നടക്കുന്ന അഖിലേന്ത്യാ മുസ്‌ലിം ലീഗ് കൗൺസിൽ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ടിരുന്ന അവസരത്തിൽ ഇങ്ങ് തിരുച്ചിയിൽ 'രാഷ്ട്രീയ കളം' ചൂടുപിടിക്കാൻ തുടങ്ങിയിരുന്നു.

ഇങ്ങനെ രാഷ്ട്രീയ രംഗം ചൂടുപിടിക്കുവാൻ തുടങ്ങിയ അതേ സമയത്ത്, അഖിലേന്ത്യാ മുസ്‌ലിം ലീഗിന്റെ തലവിധി നിർണ്ണയിക്കുന്ന ശ്രമം കറാച്ചിയിൽ നടന്നുകൊണ്ടിരുന്നു.

രാജ്യം രണ്ടായിപ്പോയതുപോലെ പാർട്ടികളും രണ്ടായി പിളരുന്നതിന് നിർബന്ധിതമായി.

പ്രത്യേകിച്ച്, ഒന്നായിരുന്ന ഇന്ത്യയിൽ അഖിലേന്ത്യാ അളവിൽ പ്രവർത്തിച്ചുവന്ന ഇന്ത്യൻ ദേശീയ കോൺഗ്രസ്സ് പാർട്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടി മുതലായവയും രണ്ടു രാജ്യങ്ങൾക്കുമായി പ്രത്യേകം പ്രത്യേകമായി വിഭജിക്കപ്പെട്ടു.

അങ്ങനെ വിഭജിക്കപ്പെടാത്ത ഇന്ത്യയിൽ മുസ്‌ലിം സമുദായത്തിലെ മുഴുവൻ ജനതയുടേയും പൂർണ്ണ വിശ്വാസത്തോടും 'മാതൃസംഘടന'യായ - അന്നത്തെ പത്തു കോടി മുസ്‌ലിം ജനതയുടെ ഒരേ രാഷ്ട്രീയ പ്രാതിനിധ്യം എന്ന അന്തസ്സോടെ പ്രവർത്തിച്ച അഖിലേന്ത്യാ മുസ്‌ലിം ലീഗിന്റെ അവസ്ഥ എന്താണ്?

രാജ്യം രണ്ടായതിനു ശേഷം രണ്ടു രാജ്യങ്ങളിൽ സംഘടന ഒന്നായി ഒരേ സംഘടനയായി എങ്ങനെ പ്രവർത്തിക്കാനാകും?

ഇതിനെക്കുറിച്ചുള്ള തീരുമാനത്തെ- പ്രവർത്തനത്തെക്കുറിച്ച ദീർഘമായ ഒരു തീരുമാനം എടുക്കുവാനുള്ള ഉത്തരവാദിത്തവും കടമയും അഖിലേന്ത്യ മുസ്‌ലിം ലീഗ് കൗൺസിലിന് മാത്രമാണ്.

അതിനാൽ, അഖിലേന്ത്യാ മുസ്‌ലിം ലീഗ് കൗൺസിൽ സമ്മേളനം 1947 ഡിസംബർ മാസം 13,14 തിയ്യതികളിൽ - ശനി, ഞായർ ദിവസങ്ങളിൽ, പാക്കിസ്ഥാനിൽ - അന്നത്തെ തലസ്ഥന നഗരമായ കറാച്ചിയിൽ നടന്നു.

അഖിലേന്ത്യാ മുസ്‌ലിം ലീഗ് കൗൺസിൽ സമ്മേളനം

അഖിലേന്ത്യാ മുസ്‌ലിം ലീഗ് എന്ന വലിയ കക്ഷിയുടെ അവസാനത്തെ കൗൺസിൽ സമ്മേളനം, അഖിലേന്ത്യാ മുസ്‌ലിം ലീഗിന്റെ തലവൻ ഖായിതെ ഹാജം മുഹമ്മദ് അലി ജിന്നാ അവർകളുടെ നേതൃത്വത്തിൽ കറാച്ചിയിൽ നടന്നു. ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ അതിൽ പങ്കെടുത്തു.

ചെന്നൈ രാജധാനിയിൽ അഖിലേന്ത്യാ മുസ്‌ലിം ലീഗ് കൗൺസിൽ അംഗങ്ങളുടെ ആകെ എണ്ണം ഇരുപതാണെന്നാണ് അറിയാനായത്. ഇവർക്കെല്ലാവർക്കും കറാച്ചിയിലേക്കു പോകുന്നതിന്നായി വിമാനയാത്രാനുമതി ലഭിക്കാത്തതിനാൽ, ഇരുപത്തി രണ്ടു പേർക്കു മാത്രം യാത്ര ചെയ്യാൻ പറ്റുന്ന ചെറിയ 'ഡെക്കോട്ടാ' വിമാനത്തിൽ അഞ്ചു പേർക്ക് മാത്രം സ്ഥലം അനുവദിക്കാനാകും എന്ന എയർ ഇന്ത്യാ വിമാന കമ്പനി (അന്നത്തെ കാലഘട്ടത്തിൽ ആ

Downloaded from www.gracebooks.in

കമ്പനിയിൽ, ഇത്തരം ചെറിയ 'ഡെക്കോട്ടാ' വിമാനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നത് പ്രത്യേകം എടുത്തു പറയേണ്ട കാര്യമാണ്) അറിയിച്ചതിനാൽ അംഗങ്ങൾ എല്ലാവർക്കും ചെന്നൈയിൽ നിന്നും കറാച്ചിയിലേക്ക് പോകുവാനുള്ള അവസരം ലഭിച്ചില്ല.

ഈ അവസ്ഥയിൽ, ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ്, സംസ്ഥാനത്തെ പൊതുപ്രവർത്തകൻ കെ.ടി.എം. അഹമ്മദ് ഇബ്രാഹീം സാഹിബ് ബി.എ.ബി.എൽ, എം.എൽ.ബി, എം.സി.എ, ജനാബ് കെ.എം. സീതി സാഹിബ്, ബി.എ.ബി.എൽ, എം.എൽ.എ, ജനാബ് എൻ.എം. അൻവർ സാഹിബ് എം.എ, എം.എൽ.എ, ജനാബ് എ.കെ. ജമാലി സാഹിബ് തുടങ്ങിയ അഞ്ചുപേർ മാത്രം ഈ അവസാന കൗൺസിൽ സമ്മേളനത്തിൽ പങ്കെടുക്കുവാനായി ചെന്നൈയിൽ നിന്നും കറാച്ചിയിലേക്ക് പോയി.

ആദ്യമേ കറാച്ചിയിലേക്കു പോയിരുന്ന- 1941 മുതൽ 1945 വരെ ചെന്നൈ രാജധാനി മുസ്‌ലിം ലീഗ് നേതാവായിരുന്നവരും, രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയപ്പോൾ കേന്ദ്ര നിയമസഭാംഗവുമായിരുന്നവരും, കൗൺസിൽ അംഗവും ആയ ജനാബ് എസ്.എം. ബാഷാ സാഹിബും അതുപോലെ കറാച്ചിയിലുണ്ടായിരുന്ന- കേരളക്കാരനായ- കൗൺസിൽ അംഗം ഹാജി അബ്ദുൾ സത്താർ ഇസ്ഹാഖ് സേഠ് അവർകളും അടക്കം മൊത്തം ഏഴുപേർ കറാച്ചിയിൽ നടന്ന അവസാനത്തെ കൗൺസിൽ സമ്മേളനത്തിൽ പങ്കെടുത്തു.

ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളിൽ നിന്നും ചൗദരി ഖലീഹുജ്ജമാൻ, നവാബ് മുഹമ്മദ് ഇസ്മാഈൽ ഖാൻ, ബോംബെ എ.എ. ഖാൻ, ഇസ്മായീൽ ഇബ്രാഹീം സുന്ത്രികർ, റിസ്വാനുല്ല, ഒറീസ്സാ എ.എ. റൗഫ്ഷാ, യു.പി. മൗലാനാ ഹസ്റത് മോഹാനി തുടങ്ങിയ പ്രധാനപ്പെട്ട പലരും കൗൺസിൽ സമ്മേളനത്തിൽ പങ്കെടുത്തു.

ഖായിതെ ഹാജ് മുഹമ്മദലി ജിന്നയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കൗൺസിൽ സമ്മേളനത്തുടക്കത്തിൽ, ജമാഅത്തുൽ ഉലമാ ഇസ്‌ലാം നേതാവ് അല്ലാമാ മൗലാനാ ഷബീർ അഹമ്മദ് ഉസ്മാനി ഹസ്റത് അവർകൾ കിറാഅത്ത് ഓതി.

അഖിലേന്ത്യാ മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറിയും പാകിസ്ഥാൻ പ്രധാനമന്ത്രിയുമായ നവാബ് ജാതാ ലിയാഖത് അലിഖാൻ സ്വാഗതപ്രസംഗം നടത്തി, മുസ്‌ലിം ലീഗിന്റെ നടപടികളെക്കുറിച്ചുള്ള അറിയിപ്പ് വായിച്ചു.

കൺവീനർമാർ: ഖായിതെ ആജം മുഹമ്മദദലി ജിന്നയുടെ അദ്ധ്യക്ഷ പ്രസംഗത്തെ തുടർന്ന് കൗൺസിൽ അംഗങ്ങളുടെ അഭിപ്രായപ്രകടനങ്ങൾ വളരെ കണിശമായി നടന്നു.

എല്ലാവരുടേയും അഭിപ്രായങ്ങൾ കേട്ടതിനു ശേഷം കൗൺസിൽ സംഘം ഈ തീരുമാനത്തിലെത്തി.

'അഖിലേന്ത്യാ മുസ്‌ലിം ലീഗിന്റെ പ്രവർത്തികൾ ഭാവിയിൽ എങ്ങനെ നട

Downloaded from www.gracebooks.in

ത്തണം? എന്നത് തീരുമാനിക്കുന്നതിന്നായി പാകിസ്ഥാനിലേയും ഇന്ത്യയിലേയും മുസ്‌ലിം ലീഗ് കൗൺസിൽ അംഗങ്ങൾ പ്രത്യേകം പ്രത്യേകം അവരവരുടെ രാജ്യത്ത് കൂടിച്ചേർന്ന് അവരവർ തീരുമാനിക്കണം'

ഇങ്ങനെ ഇരു നാടുകളിലുമുള്ള മുസ്‌ലിം ലീഗ് കൗൺസിൽ അംഗങ്ങളെ അതാതു നാടുകളിൽ പ്രത്യേകം പ്രത്യേകം ചേർന്ന കൂടിയാലോചിച്ച് തീരുമാനിക്കുന്നത് സംഘാടകരായി- കൗൺസിൽ അംഗങ്ങളുടെ സമ്മേളനം നടത്തുന്നതിന്റെ സംഘാടകരായി ഇരു നാടുകൾക്കും പ്രത്യേകം പ്രത്യേകം രണ്ടു കൺവീനർമാരെ ഈ സമ്മേളനത്തിൽ തെരഞ്ഞെടുക്കണം.

തെരഞ്ഞെടുക്കുന്ന ഈ കൺവീനർമാർ ഇന്നുമുതൽ മൂന്നുമാസത്തിനകം തങ്ങളുടെ ഭാഗത്തെ അഖിലേന്ത്യാ മുസ്‌ലിം ലീഗ് കൗൺസിൽ അംഗങ്ങളുടെ യോഗം നിർബന്ധമായും കൂടേണ്ടതാകുന്നു.

അഖിലേന്ത്യാ മുസ്‌ലിം ലീഗിന്റെ സ്വത്തുക്കൾ, മുസ്‌ലിം ലീഗിന്റെ സ്വന്തമായ ഇംഗ്ലീഷ് ദിനപത്രം 'ഡോൺ'ിന്റെ സ്വത്തുക്കൾ മറ്റും റൊക്കം കൈയിരിപ്പു പണം മുതലായവയുടെ കണക്കു നോക്കി സംസാരിച്ച്, അതാതു രാജ്യത്തെ മുസ്‌ലിം ലീഗിനു ചേരേണ്ട പങ്ക് സാധ്യതകൾ ചെയ്തു തീർക്കുന്നതിനായി ഇരു രാജ്യങ്ങളുടേയും കൗൺസിൽ അംഗങ്ങളടങ്ങിയ യോഗങ്ങളിൽ പ്രത്യേകം പ്രത്യേകം മൂന്ന് ട്രസ്റ്റിമാരെ തെരഞ്ഞെടുത്തുകൊള്ളണം.'

തെരഞ്ഞെടുക്കുന്ന ഇരു ഭാഗത്തേയും ട്രസ്റ്റിമാരും മുസ്‌ലിം ലീഗിന്റെ സ്വത്തുക്കളും മറ്റു ധന ആധാരങ്ങളും സമാസമം ഭാഗിച്ചു നൽകുന്നതിനായി വഴികണ്ടെത്തണം.

അഖിലേന്ത്യാ മുസ്‌ലിം ലീഗ് കൗൺസിൽ യോഗം എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൗൺസിലർമാരുടെ തെരഞ്ഞെടുപ്പും അവിടെ നടന്നു.

പാക്കിസ്ഥാൻ മുസ്‌ലിം ലീഗ് കൗൺവീനറായി നവാബ് ജാതാലിയാഖത് അലിഖാനെ എതിരില്ലാതെ തെരഞ്ഞെടുത്തു.

തുടർന്ന്, അഖിലേന്ത്യാ മുസ്‌ലിം ലീഗിന്റെ സ്വത്തു സംബന്ധമായ കമ്മിറ്റിക്ക്-ട്രസ്റ്റിമാരായി പാക്കിസ്ഥാൻ മുസ്‌ലിം ലീഗിന്റെ ഭാഗത്തുനിന്ന്-

1. ഫാത്തിമാ ജിന്ന (ജിന്നയുടെ സഹോദരി)
2. നവാബ് ജാതാലിയാഖത് അലിഖാൻ
3. സർദാർ അബ്ദുറബ്ബ് നിഷ്തർ.

എന്നീ മൂന്നു പേരെ ട്രസ്റ്റിമാരായി ഒറ്റക്കെട്ടായി തെരഞ്ഞെടുത്തു.

ഖായിതെ മില്ലത്ത്: പാക്കിസ്ഥാൻ മുസ്‌ലിം ലീഗുമായി ബന്ധപ്പെട്ട് തെരഞ്ഞെടുപ്പുകൾ കഴിഞ്ഞതിനു ശേഷം, ഇന്ത്യൻ മുസ്‌ലിം ലീഗ് കൗൺസിലർമാർക്ക് തങ്ങളുടെ നാട്ടിന് വേണ്ടി ഒരു കൺവീനറെ തെരഞ്ഞെടുക്കാം എന്ന് അറിയിച്ചതിനെത്തുടർന്ന് ബോംബെയിലെ ജനാബ് റിസ്‌വാനുല്ല എന്നയാളുടെ പേര് മാറാഠി സംസ്ഥാനത്തെ ചിലർ മുന്നോട്ടുവെച്ചു.

അടുത്ത നിമിഷം തന്നെ, ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാ

Downloaded from www.gracebooks.in

ഹിബിന്റെ പേരും ധാരാളം പേർ ഉന്നയിച്ചു.

മൽസരം വേണ്ടിവന്ന ഈ അവസ്ഥയിൽ ജനാധിപത്യ പ്രകാരം വോട്ടെടുപ്പ നടത്തി തെരഞ്ഞെടുകന്നതാണ് നല്ലത് എന്ന് അദ്ധ്യക്ഷതവഹിച്ച കായിതെ ആജം മുഹമ്മദലി ജിന്ന അറിയിച്ചപ്പോൾ വോട്ടെടുപ്പ് നടത്തപ്പെട്ടു.

ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് ജനാബ് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ്,, നാന്നൂറ്റ് പതിമൂന്ന് വോട്ടുകൾ നേടി, ഇന്ത്യൻ മുസ്ലിം ലീഗ് കൺവീനറായി തെരഞ്ഞെടുക്കപ്പെട്ടു.

കൺവീനർ തെരഞ്ഞെടുപ്പിനെ തുടർന്ന്, ഇന്ത്യൻ മുസ്ലിം ലീഗ് കൗൺസിൽ അംഗ സമ്മേളനം ചെന്നൈയിൽ നടത്താം എന്നും, മുക്കാൽ ഭാഗം അംഗങ്ങളുടേയും അഭിപ്രായപ്രകാരം തീരമാനിച്ചു.

അബുൽ കലാമും അബുൽ ഹസനാത്തും

അഖിലേന്ത്യാ മുസ്ലിം ലീഗിന്റെ അവസാന കൗൺസിൽ കറാച്ചിയിൽ വെച്ച് പല തീരുമാനങ്ങളും കൈക്കൊണ്ട്, 1906ൽ രൂപം കൊണ്ട അഖിലേന്ത്യാ മുസ്ലിം ലീഗിന്റെ പ്രവർത്തനങ്ങൾക്കും ഫുൾസ്റ്റോപ്പിട്ടതിനെത്തുടർന്ന്, ഇന്ത്യയിൽ മുസ്ലിംകൾക്ക് വേണ്ടി വലവീശുന്ന ശ്രമവും അതിനെ തകർക്കുന്ന നടപടികളും തുടർന്ന് ഉഛസ്ഥായിയിലെത്തി 1947 ഡിസംബർ 28-ാം തിയ്യതി അതിനുവേണ്ടിയുള്ള കളമൊരുക്കുന്ന നാളായി അറിയിക്കപ്പെട്ടു.

ഭരണകക്ഷിയുടെ പിൻതുണയോടെയും അധികാര വർഗത്തിന്റെ ബലത്തോടെയും കേന്ദ്ര സംസ്ഥാന മന്ത്രി പ്രമുഖൻമാർ ഒത്തുകൂടവെ, ഇന്ത്യയുടെ വിദ്യാഭ്യാസ മന്ത്രി എന്ന അധികാരം- അന്തസ്സ് നേടിയ മൗലാനാ അബുൽകലാം ആസാദ്- പഴയ കോൺഗ്രസ്സ് നേതാക്കന്മാരിൽ ഒരാളും മുഴുത്ത ദേശീയ വാദിയുമായ മൗലാനാ ആസാദിന്റെ നേതൃത്വത്തിൽ 1947 ഡിസംബർ 28-ാം തിയ്യതി ലക്നൗവിൽ, മുസ്ലിംകളുടെ പേരിൽ സമ്മേളനം!

ഖദർ ധാരികളായ മാന്യന്മാർ, മുസ്ലിംകൾ, പല ഭാഗങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യപ്പെട്ടവർക്ക് ഖദർ തൊപ്പിയണിയിച്ച് വാഹനങ്ങളിൽ കൊണ്ടുവന്ന് നിറയ്ക്കപ്പെട്ടവരും കാലത്തിന്റെ കോലത്താൽ- രാഷ്ട്രീയ മാറ്റത്താൽ, ആലങ്കാര ബിംബങ്ങളായി തങ്ങളെ മാറ്റിയ 'പുതിയ ജീവികൾ' പലരും ലക്നൗ സമ്മേളനത്തിൽ നിറഞ്ഞാടി!

തിരുച്ചിയിൽ- സമുദായത്തിലെ എളിയ, സാധാരണക്കാരായ പ്രവർത്തകതിലകങ്ങളാൽ- താഴേക്കിടയിലുള്ള പ്രവർത്തകരാൽ- എന്നാൽ അന്തസ്സ് കാക്കുന്ന കളങ്കമില്ലാത്ത കർമ്മവീരന്മാരാൽ- കടമാ ബോധത്തോടെ മാത്രം വിളിച്ചുകൂട്ടിയ തമിഴ്നാട് മുസ്ലിം പ്രവർത്തകർ സമ്മേളനം തിരുച്ചിയിൽ 1947 ഡിസംബർ 28-ാം തിയ്യതിയിൽ!

മുസ്ലിം ലീഗ് സംഘടനയുടെ തലമുതിർന്ന പ്രവർത്തകരിൽ ഒരാളും ബുദ്ധിജീവിയും വാഗ്മിയുമായ മൗലാനാ മൗലവി, അബുൽ ഹസനാത്ത് കുതുബുദ്ദീൻ മുഹമ്മദ് ഫാജിൽ ബാക്കവി അവർകളുടെ നേതൃത്വത്തിൽ, തിരുച്ചി മുനിസിപ്പൽ

Downloaded from www.gracebooks.in

പബ്ലിക് ഹാളിൽ സമ്മേളനം!

മൗലാനാ അബുൽകലാം ആസാദിന്റെ സമ്മേളനത്തിൽ മൗലാനാ ഹുസൈൻ അഹമ്മദ് മദനി സാഹിബ്, മൗലാനാ ഹിബ്‌സുർ റഹ്മാൻ സാഹിബ്, ഹഫീസ് മുഹമ്മദ് ഇബ്രാഹീം സാഹിബ്, ഡോക്ടർ സൈയ്യദ് മുഹമ്മദ്, റഫി അഹമ്മദ് കിദ്വായി മറ്റും കേന്ദ്ര സംസ്ഥാന മന്ത്രിമാർ പലരും പങ്കെടുത്തു.

സമുദായത്തിലെ എളിയ പ്രവർത്തകരാൽ ഏർപ്പാട് ചെയ്യപ്പെട്ട, തിരുച്ചി നഗരത്തിൽ ഉള്ള മുൻസിപൽ പബ്ലിക് ഹാളിൽ (ഇപ്പോൾ തേവർമന്റം) നടന്ന തമിഴ്നാട് മുസ്‌ലിം പ്രവർത്തകർ സമ്മേളനത്തിൽ പ്രമുഖ എഴുത്തുകാരിൽ ഒരാളും രാജ്യം സ്വാതന്ത്ര്യം നേടുന്നതിന് മുൻപ് 'പാക്കിസ്ഥാൻ' എന്ന പേരിൽ ഈറോഡിൽ നിന്നും തമിഴ് വാരിക നടത്തിവന്നിരുന്നവരും, സ്വാതന്ത്ര്യത്തിനു ശേഷം 'മിലാബ്' തുടങ്ങിയ പല പേരുകളിലും തമിഴ് പ്രസിദ്ധീകരണങ്ങൾ പ്രസിദ്ധീകരിച്ചുവന്നിരുന്നവരുമായ ഈറോഡ് എം.എ. റഹ്മാൻ, വവ്വാലടി ഷംസുദ്ദീൻ, കോവൈ സി.ഐ. അല്ലാപിച്ച, തിരുച്ചി സമരസം പത്രാധിപർ എസ്. എം. സുൽത്താൻ ബാഖാദി, തുത്തുക്കുടി ഇബ്രാഹീം കുത്താനല്ലൂർ കവി ശാരണ ഭാസ്കരൻ, പ്രമുഖ കോൺഗ്രസ്സ് ത്യാഗിയും 'ആസാദ്' എന്ന പേരിൽ തമിഴ് മാസിക നടത്തിവന്നവരുമായ കുംഭകോണം മൗലാനാ ഹക്കീം, അബ്ദുൽ ഹക്കീം അവർകളുടെ മൂത്ത സഹോദരൻ ഹക്കീം അബ്ദുൽ കദീം, കെ.എസ്. അബ്ദുൽ വഹാബ് ജാനി സാഹിബ്, ആർ.എ. കരീം സാഹിബ്, കമ്യൂണിസ്റ്റ് പാർട്ടിക്കാരനായ അബ്ദുൽ കയ്യും സാഹിബ്, അബ്ദുൽ റഹീം സാഹിബ് കോൺഗ്രസ് പാർട്ടിക്കാരനായ അബ്ദുൽ അസീസ്, മുസ്‌ലിം ലീഗ് പി.എച്ച്. മുഹമ്മദ് നസ്റുദ്ദീൻ സാഹിബ്, ജി. ഗുലാം അഹമ്മദ് ബി.എ.ബി.എൽ, സന്തുക്കൈ സെഡ്. മുഹമ്മദ് ഗൗസ് എന്ന മൗലിഭായ്, ഈറോഡ് മൈതീൻ ബാഷ, സേലം ടി. അബ്ദുൽ ഫാസിദ്, തിരുച്ചി ജി. സാഹിബ് ജാൻ സാഹിബ്, കെ.ജി അബ്ദുൽ സത്താർ സാഹിബ്, ജി. സെഡ്. നവാബ് ജാൻ, പെരിയകുളം എം. അബ്ദുർ റഹ്മാൻ, അടിയാമംഗലം അബ്ദുൽ റസാഖ് ഷാകാദിരി, നാഗൈ യൂസുഫ് സമാരൈക്കായർ, തിരുച്ചി സവുക് മെഹബൂബ്, എ.എം. ഹനീഫ് തുടങ്ങി തമിഴ്നാട്ടിലെ പല ഗ്രാമങ്ങളിൽ നിന്നും അനേകം പ്രവർത്തകർ പങ്കെടുത്തു വിജയിപ്പിച്ചു.

ചെന്നൈ സംസ്ഥാനത്തെ സ്പീക്കറും മധുര ജില്ലാ മുസ്‌ലിം ലീഗ് നേതാവുമായ ചിന്ന ഖാളിയാർ എം.എൽ.എ. അവർകൾ സമ്മേളനം തുടങ്ങിവെച്ച് സംസാരിച്ച ഈ സമ്മേളനത്തിന്റെ അദ്ധ്യക്ഷസ്ഥാനം മൗലവി അബുൽ ഹസനാത് കുത്തുബുദ്ദീൻ മുഹമ്മദ് അവർകൾ ഏറ്റെടുത്ത് സംസാരിച്ചു.

'മുസ്‌ലിം ലീഗ്' വാരികയുടെ മുഖ്യ പത്രാധിപരും, മികച്ച പ്രാസംഗികനുമായ തിരുച്ചി ടോർപ്പിഡോ എ.കെ. ബാഷാ സാഹിബ് അവർകൾ ഇന്ത്യൻ ദേശീയ പതാക സമ്മേളന നഗരിയിൽ ഉയർത്തി വീര്യം നിറഞ്ഞ പ്രസംഗം നടത്തി.

Downloaded from www.gracebooks.in

തുടർന്ന്, 'മുസ്‌ലിം ലീഗ്' വാരികയുടെ പത്രാധിപരും തമിഴ്നാട്ടിൽ അറിയപ്പെട്ട പ്രചാര പീരങ്കിയുമായ നോവലിസ്റ്റ് എ.എം. യൂസുഫ് സാഹിബ് അവർകൾ, ചരിത്ര പുകൾപെറ്റ ചന്ദ്രനും നക്ഷത്രവും ചിഹ്നമുള്ള പച്ചക്കൊടി, സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായി ഈ സമ്മേളനത്തിൽ ഉയർത്തി, വികാരഭരിതമായി സംസാരിച്ചത്, കൂടിയിരുന്ന ജനങ്ങളുടെ നാടി ഞരമ്പുകളെ ത്രസിപ്പിച്ചു! തക്ബീർ! സിന്ദാബാദ്! മുഴക്കങ്ങൾ സമ്മേളന നഗരിയെ പ്രകമ്പനം കൊള്ളിച്ചു!

മണവൈ എം.എൻ.യു. മുഹമ്മദ് യൂസുഫ് സാഹിബ്, കൂടിക്കാട് റഹ്മത്തുല്ലാ സാഹിബ് ലബ്ബ, മഹ്ഷർ അലി സാഹിബ്, കുത്താനല്ലൂർ അഹമ്മദ് ഷാ, കാരൈ എ.എം. അലി തുടങ്ങി തമിഴ്നാടിന്റെ പല ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്ന പ്രവർത്തക തിലകങ്ങൾ എല്ലാറ്റിനും കരുത്തേകി.

ചോദ്യ ചിഹ്നം!

രാജ്യം സ്വാതന്ത്ര്യം നേടി നാലു മാസങ്ങളിൽ മുസ്‌ലിംകളുടെ രാഷ്ട്രീയ ജീവിതം ചോദ്യചിഹ്നമാക്കപ്പെട്ട, ദിശയറിയാതെ സമുദായം മിഴിച്ചുനിന്ന അവസ്ഥയിൽ അവരെ ശരിയായ വഴിക്ക്, നയിച്ചുകൊണ്ടുപോകാൻ പ്രധാന ലക്ഷ്യമിട്ട ഈ സമ്മേളനത്തെ പ്രബല പ്രാസംഗികനും സാഹിത്യകാരനും സമ്മേളനത്തിന്റെ അദ്ധ്യക്ഷനുമായ തുത്തുക്കുടി എം. മുസ്തഫാ ഹുസൈൻ എല്ലാവരേയും സ്നേഹത്തോടെ സ്വാഗതം ചെയ്ത് സംസാരിക്കുകയും സമ്മേളനത്തിന്റെ ലക്ഷ്യങ്ങളെ - സമുദായം ചിന്നിച്ചിതറാതെ കരുതലോടെയിരിക്കേണ്ട ആവശ്യകതയേയും കുറിച്ച് സംസാരിച്ചു.

ആയിരമായിരം ജനങ്ങൾ സമ്മേളന നഗരിക്കകത്തും പുറത്തെ പാതയോരങ്ങളിലും നിറഞ്ഞു കവിഞ്ഞ, ചരിത്ര സംഭവമായ ഈ മഹാ സമ്മേളനത്തിൽ എല്ലാതരക്കാർക്കും പങ്കെടുത്ത് അഭിപ്രായപ്രകടനങ്ങൾ നടത്തുവാൻ അവസരമൊരുക്കിയത് പ്രത്യേകതയാണ്.

സമ്മേളനത്തിൽ അഭിപ്രായം പ്രകടിപ്പിച്ചവരെല്ലാം-

സമുദായം ആത്മാഭിമാനത്തോടെ ജീവിക്കുന്നതിന് രാഷ്ട്രീയ രംഗത്തും തങ്ങളുടെ അവകാശങ്ങൾ പ്രകടിപ്പിച്ചും, നിലനിർത്തുന്നതും അത്യാവശ്യമാണ്.

ഈ വകയിൽ മുസ്‌ലിംകൾ തങ്ങൾക്കെന്ന് പ്രത്യേകമായൊരു സംഘടനരൂപീകരിക്കേണ്ടതും അതിൽ ഐക്യപ്പെട്ട് ജീവിക്കുന്നതും ഉത്തമമാണെങ്കിലും മുസ്‌ലിംകളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തി നേടിയെടുത്ത് ചരിത്രം സൃഷ്ടിച്ച മുസ്‌ലിം ലീഗിനെ നമ്മുടെ സംഘടനയായി വീണ്ടും അംഗീകരിച്ച് ഉറപ്പുവരുത്തി പ്രവർത്തിക്കാം എന്ന ആവശ്യകതയെ കാര്യകാരണ സഹിതം വിവരിച്ചു-

ഇങ്ങനെ ഒത്തൊരുമിച്ച ശബ്ദം സമ്മേളനത്തിൽ മുഴങ്ങി കരഘോഷങ്ങൾക്കിടയിൽ ജനങ്ങൾ വരവേറ്റ വ്യത്യാസമായ ഒരേയൊരു ശബ്ദം- ഒരേയൊരു ശബ്ദം മാത്രം! അത്, എല്ലാവരേയും ആശ്ചര്യപ്പെടുത്തുക മാത്രമല്ല, കോപാ

Downloaded from www.gracebooks.in

കലരാക്കുകയും ചെയ്തെങ്കിലും അവിടെ സമാധാനം അലതല്ലി ഖദർ വസ്ത്രം ധരിച്ചു പങ്കെടുത്തവരും ചെങ്കൊടിക്ക് സ്വന്തക്കാരായി പങ്കെടുത്തവരും (കമ്മ്യൂണിസ്റ്റുകാർ)

'മുസ്‌ലിംകൾ രാഷ്ട്രീയമായി ഒരുമിക്കുന്നത്, മുമ്പത്തേക്കാളും ഇപ്പോൾ അത്യാവശ്യമായ ഒന്നായും അതും ഒരേ സംഘടനയുടെ കീഴിൽ ഒരേ നേതൃത്വത്തിന്റെ വഴികാട്ടലുകൾ അനുസരിച്ച് ഇണങ്ങി ജീവിക്കുന്നത് ശ്ലാഘനീയമാണ്. ഇതിനൊക്കെയുള്ള ശക്തി ലഭിച്ച മുസ്‌ലിം ലീഗിനെ തന്നെ തെരഞ്ഞെടുക്കാം എന്ന് ഇവിടെ ഒത്തൊരുമിച്ച് അഭിപ്രായം പ്രകടിപ്പിച്ചതിനെ ഈ സമ്മേളനത്തിൽ ആ വ്യത്യസ്ഥമായ ഒരേ ഒരു ശബ്ദം മാത്രം'

'മുസ്‌ലിംകൾക്ക് സുരക്ഷിതമായ സ്ഥാപനം കോൺഗ്രസ്സ് പാർട്ടി മാത്രമാണ്! പണ്ഡിറ്റ് നെഹ്റു, മൗലാനാ ആസാദ് തുടങ്ങിയ മുതിർന്ന നേതാക്കന്മാർ മുസ്‌ലിംകൾക്ക് ന്യായം നൽകും! അതിനാൽ, ഏതൊരു ചലനങ്ങൾക്കും സംശയങ്ങൾക്കും ഇടം കൊടുക്കാതെ എല്ലാവരും കോൺഗ്രസ്സ് പാർട്ടിയിൽ ചേർന്ന് അതിനെ ബലപ്പെടുത്തി നമുക്ക് സാധകമായി പ്രയോജനപ്പെടുത്തിക്കൊള്ളുവാൻ മുന്നോട്ടുവരണം' എന്ന് ദേശീയ മുസ്‌ലിം സഹോദരൻ ഹാക്കിം അബ്ദുൽ കദീം സാഹിബ് സ്റ്റേജിൽ കയറി പറഞ്ഞു!

അദ്ദേഹത്തിന്റെ ഈ സംസാരം കേട്ട ജനക്കൂട്ടം ഇളകി; ആവേശഭരിതരായി!

മൗലാനാ ആസാദും പണ്ഡിറ്റ് നെഹ്റുവും ശ്വാശ്വത മനുഷ്യരാണോ? മരണമില്ലാ വരം നേടി ഈ ലോകത്തേക്കു വന്നവരാണോ? അവർക്കു ശേഷം സമുദായത്തിന്റെ അവസ്ഥ എന്താണ്? എന്ന് പലരും മറു ചോദ്യം ചോദിച്ചു! അദ്ദേഹത്തിന് മറുപടി പറയാനായില്ല! ഒപ്പം തന്റെ സംസാരം നിർത്തിയിട്ട് നിശ്ശബ്ദനായി ഇരുന്നു.

മുസ്‌ലിം ലീഗ് വിപുലീകരിക്കണം!

സമ്മേളനത്തിൽ സംസാരിച്ച എല്ലാവരും സമുദായം ഐക്യത്തോടെ ഒരുമിച്ച് ഒരേ രാഷ്ട്രീയ സംഘടനയുടെ കീഴിൽ അണിചേർന്ന് പ്രവർത്തിച്ചാൽ മാത്രമേ സമുദായത്തിന് മതിപ്പും മര്യാദയും ലഭിക്കും അന്തസ്സ് സംരക്ഷിക്കപ്പെടും എന്ന് ഊന്നിപ്പറഞ്ഞു.

'സമുദായത്തിന്റെ അച്ചടക്ക കോട്ടയെ തകർക്കാൻ ഒരു കാരണവശാലും ആരെയും അനുവദിക്കരുത്. പല നേട്ടങ്ങളും ഉണ്ടാക്കി ചരിത്രം സൃഷ്ടിച്ച മുസ്‌ലിം ലീഗിൽ അണിചേർന്നു നിൽക്കുമോ'

എന്ന് ഇളകിമറിഞ്ഞ ജനങ്ങൾ ഒറ്റക്കെട്ടായി ശബ്ദമുയർത്തി

ജനങ്ങളുടെ വികാരങ്ങൾക്കനുസരിച്ച് ഇന്ത്യൻ മുസ്‌ലിംകളിൽ വിശ്വസ്ഥനായ പ്രതിനിധികലായ മാന്യ ദേഹങ്ങൾ വിളങ്ങിയ നമ്മുടെ മുൻഗാമികളായ, വലിയ നേതാക്കന്മാരാൽ മാർഗം കാട്ടിയ ത്യാഗബോധത്തോടും സമുദായത്തിന്റെ നന്മ ചിന്തയോടും ആരംഭിച്ച ചരിത്ര പുകൾപെറ്റ മുസ്‌ലിം ലീഗ് എന്ന

Downloaded from www.gracebooks.in

സംഘടനയെ സ്വതന്ത്ര ഇന്ത്യാ രാജ്യത്തിനനുസരിച്ച വിധത്തിൽ രൂപപ്പെടുത്തി തുടർന്നും പ്രവർത്തിക്കാം-

സ്വാതന്ത്ര്യം നേടിയ ഇന്ത്യാ മഹാരാജ്യത്ത് ന്യൂനപക്ഷ സമുദായക്കാരായ മുസ്‌ലിം ജനങ്ങൾ മാനം മര്യാദ അന്തസ്സോടെ തലയുയർത്തി ജീവിക്കുന്നതിനും തങ്ങളുടെ മാർഗ, വിദ്യാഭ്യാസ, സംസ്കാര സ്വത്വങ്ങളെ സംരക്ഷിക്കുവാനും അവകാശങ്ങൾ നിഷേധിക്കപ്പെടാതിരിക്കുവാനും സർക്കാർ ഓഫീസുകളിലും സ്വകാര്യ മേഖലകളിലും ജോലിക്കാര്യങ്ങളിൽ മുസ്‌ലിംകൾക്ക് അർഹിക്കുന്ന വിഹിത സംവരണങ്ങൾ ലഭിക്കുവാനും പൊതുവായി സമുദായത്തിന്റെ സംരക്ഷണ- അഭയമായി മുസ്‌ലിം ലീഗ് ഇന്ത്യാ മഹാ രാജ്യത്ത് പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണെന്ന് എല്ലാവരും അഭിപ്രായവ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ-

'മുസ്‌ലിം ലീഗ് ഇന്ത്യാ മഹാരാജ്യത്ത് നിലനിന്ന് ദീർഘമായി പ്രവർത്തിക്കണം! മുസ്‌ലിംകളുടെ രാഷ്ട്രീയ, സമുദായ നാദമായി മുസ്‌ലിം ലീഗ് തന്റെ ഉൽകൃഷ്ടമായ പ്രവർത്തി വീണ്ടും സ്വതന്ത്ര ഇന്ത്യയിൽ തുടരണം'

എന്ന തീരുമാനം തക്ബീർ! സിന്ദാബാദ്!! ധ്വനികൾ മുഴങ്ങവെ ഒറ്റ മനസ്സോടെ നിറവേറി.

ഇഷ്ടപ്പെട്ട പാർട്ടിയിലേക്ക് പോകാം!

സ്വതന്ത്ര ഇന്ത്യയിൽ മുസ്‌ലിംകളുടെ നന്മ, അവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ ഒത്തൊരുമിച്ച് ആത്മാഭിമാനത്തോടെ തലയുയർത്തി ജീവിക്കുവാൻ മുസ്‌ലിം ലീഗ് ഈ രാജ്യത്ത് നിലനിൽക്കണം; എന്ന് സ്വതന്ത്ര ഇന്ത്യയിൽ മുസ്‌ലിംകളുടെ രാഷ്ട്രീയ നിലപാടിനെക്കുറിച്ച് ആദ്യമായി തീരുമാനിച്ച് രാജ്യത്തിന് ബോധ്യപ്പെടുത്തുവാൻ അറിയിച്ചത് 1947 ഡിസംബർ 28-ാം തിയ്യതി തിരുച്ചിയിൽ നടന്ന തമിഴ്നാട് മുസ്‌ലിം പ്രവർത്തക സമ്മേളനം മാത്രമാണ് എന്നത് ചൂണ്ടിക്കാട്ടപ്പെടേണ്ടതാണ്!

അതേപോലെ സ്വാതന്ത്ര്യം നേടിയ ഇന്ത്യാ മഹാരാജ്യത്ത് ചന്ദ്രക്കലയും നക്ഷത്ര ചിഹ്നവും അടയാളമിട്ട മുസ്‌ലിം ലീഗ് പച്ചക്കൊടിയെ ആയിരക്കണക്കിന് ജനങ്ങളുടെ മുന്നിൽ ആദ്യമായി ഉയർത്തിയ- പറത്തിയ പെരുമ 'മുസ്‌ലിം ലീഗ്' വാരികയുടെ പത്രാധിപർ, നാടറിഞ്ഞ നോവലിസ്റ്റ് എ.എം. യൂസുഫ് സാഹിബിനാണ്. തിരുച്ചി മഹാ സമ്മേളനത്തിൽ വെച്ച്!

അതേ സമയത്ത്, ഭരണവർഗത്തിന്റെ പിൻതുണയോടും പിൻബലത്തോടും മുസ്‌ലിംകളുടെ ഭാവിയെക്കുറിച്ച് ശരിയായ വഴികൾ കണ്ടറിഞ്ഞ്, ശരിയായ വഴിയിൽ മുന്നേറുവാൻ സമ്മേളനം നടത്തുന്നതായി വിശ്വസിപ്പിച്ച് പാവപ്പെട്ട മുസ്‌ലിംകളെ പലവിധത്തിലും ഒരുമിച്ചു കൂട്ടി, കേന്ദ്ര സംസ്ഥാന മന്ത്രിമാരേയും ഉന്നതരായ കോൺഗ്രസ്സ് നേതാക്കന്മാരേയും പങ്കെടുപ്പിച്ച്, ഇന്ത്യാ ഗവൺമെന്റിന്റെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി മൗലാനാ അബുൽ കലാം ആസാദ് അവർകളുടെ അദ്ധ്യക്ഷതയിൽ- തിരുച്ചി സമ്മേളനം നടന്ന അതേ നാളായ 1947

Downloaded from www.gracebooks.in

ഡിസംബർ 28-ാം തിയ്യതി നടന്ന അഖിലേന്ത്യാ മുസ്‌ലിംകൾ സമ്മേളനത്തിൽ സംസാരിച്ച എല്ലാവരും ദേശീയ ജീവിതത്തിൽ തങ്ങളുടെയും കൂട്ടിച്ചേർക്കും വിധത്തിൽ മതേതര പാർട്ടികളിൽ മാത്രം പ്രത്യേകിച്ച്, കോൺഗ്രസ് പാർട്ടിയിൽ മുസ്‌ലിംകൾ ഉൾപ്പെട്ട് പ്രവർത്തിക്കുന്നതാണ് അവരുടെ ഭാവി നന്മക്ക് നല്ലതെന്ന് എടുത്തുകാട്ടി!

മന്ത്രിമാരും കോൺഗ്രസ്സ് നേതാക്കന്മാരും നേരത്തെ തന്നെ ദേശീയ 'ജ്ഞാനസ്നാനം' നേടിയ മുസ്‌ലിം നാമധാരികളും രാഷ്ട്രീയ പ്രശ്നങ്ങളെ പല കോണുകളിൽ കൂടിയാലോചിച്ച് സംസാരിച്ചതിനു ശേഷം സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ മൗലാനാ അബുൽകലാം ആസാദ് തന്റെ പ്രസംഗത്തിൽ സമുദായത്തിനു കാട്ടിയ ഉന്നത വഴിയും ലക്ഷ്യപ്രകടനവും എന്താണെന്നറിയാമോ?

'ജാതിഭേദം നോക്കാതെ, മതവാദഗന്ധമേയില്ലാത്ത കോൺഗ്രസ്സ് പാർട്ടിയിൽ മുസ്‌ലിംകൾ എല്ലാവരും കൂട്ടത്തോടെ ചേർന്ന് നന്മയും ബലവും നേടുന്നതിന് പാടുപെടണമെന്ന് ഈ സമ്മേളനം മുസ്‌ലിം ജനതയെ അറിയിച്ചുകൊള്ളുന്നു'

ഇല്ലെങ്കിൽ, കോൺഗ്രസ്സ് പാർട്ടിയിൽ ചേരാൻ ഇഷ്ടമില്ലായെങ്കിൽ, ജാതി ചിന്തയില്ലാത്ത, മതവ്യത്യാസം നോക്കാത്ത, അവസര വാദികളല്ലാത്ത- നിങ്ങൾക്കിഷ്ടപ്പെട്ട മറ്റേതെങ്കിലും പാർട്ടിയിൽ ചേർന്നുകൊള്ളുവീൻ'

'അതല്ലാതെ, സ്വതന്ത്ര കക്ഷി എന്നതോ മുസ്‌ലിംകൾക്കായുള്ള സംഘടനയെന്നതോ, അല്ലെങ്കിൽ, പഴയപടി മുസ്‌ലിം ലീഗിനെ ഉയിർത്തെഴുന്നേൽപിക്കുന്നതിനേയോ സ്വപ്നത്തിൽപോലും ചിന്തിക്കരുത്!

'അതിനാൽ, കോൺഗ്രസ്സ് പാർട്ടിയിൽ ചേരാൻ മുസ്‌ലിംകൾ കൂടുതലായി മുന്നോട്ടുവരണം. നിങ്ങളുടെ മനസ്സ് അതിനെ അനുസരിക്കുന്നില്ലെങ്കിൽ മറ്റേതെങ്കിലും മതേതര പാർട്ടിയിൽ ചേർന്ന് പ്രവർത്തിക്കുക!

ഇത്തരം അഭിപ്രായങ്ങൾ പ്രതിഫലിക്കുന്ന ആലോചനകളെ ഉപദേശങ്ങളായി വാരിക്കോരി നൽകി അത്ഭുതകരമായി വഴികാട്ടുന്നതായി സർവ്വ കക്ഷികൾക്കും മുസ്‌ലിംകളെ ധാരകോരി, യാത്രയാക്കുന്ന തീരുമാനങ്ങളെ നിറവേറ്റി ആരവാരങ്ങളോടു കൂടി അവസാനിച്ച അബുൽകലാം ആസാദ് അവർകളുടെ ലക്നൗ സമ്മേളനം!

'ലക്- നോ!'

സ്വതന്ത്ര ഇന്ത്യയിൽ മുസ്‌ലിംകളുടെ ഭാവികാലം, രാഷ്ട്രീയ അന്തസ്സ്, സമൂഹ നിലപാട് ഒക്കെ കൂടിയാലോചിച്ച് തീരുമാനമെടുക്കുന്നതിനായി പ്രബലനായ ദേശീയ നേതാവും പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പോലുള്ള നേതാക്കന്മാരോട് അടുപ്പവും സ്നേഹവും ഉള്ളവരും അഖിലേന്ത്യാ കോൺഗ്രസ് പാർട്ടിയുടെ നേതാവായി വർഷങ്ങളോളം പദവി വഹിച്ചവരും രാജ്യത്തിന്റെ പ്രഥമ വിദ്യാഭ്യാസ മന്ത്രിയുമായ മൗലാനാ അബുൽ കലാം ആസാദ് അവർകളുടെ നേതൃത്വത്തിൽ ലക്നൗവിൽ നടന്ന അഖിലേന്ത്യാ മുസ്‌ലിം സമ്മേളന

Downloaded from www.gracebooks.in

ത്തിൽ നിറവേറ്റപ്പെട്ട തീരുമാനങ്ങൾ, വഴികാട്ടലുകളേയും-

ആ സമ്മേളനം നടന്ന അതേ ദിവസം, തമിഴകത്തിന്റെ ഹൃദയകമലമായി വിളങ്ങുന്ന തിരുച്ചി നഗരത്തിൽ മുസ്‌ലിം ലീഗിന്റെ സാമാന്യ പ്രവർത്തകരാൽ നടത്തപ്പെട്ട തമിഴ്നാട് മുസ്‌ലിം പ്രവർത്തകർ സമ്മേളനത്തിൽ എടുക്കപ്പെട്ട തീരുമാനങ്ങളേയും, സമുദായത്തിന് കാണിച്ച വഴികാട്ടലിനേയും-

അംഗീകരിച്ച്, നാട്ടിലുള്ള പ്രധാനപ്പെട്ട വർത്തമാന പത്രങ്ങളിലെല്ലാം വാർത്തകൾ പ്രസിദ്ധീകരിക്കുകയും ഒപ്പം പല പത്രങ്ങളും പ്രത്യേകിച്ച് ഇംഗ്ലീഷ് ദിനപത്രങ്ങൾ, പ്രത്യേകിച്ച് 'ദിമെയിൽ' തുടങ്ങിയ പത്രങ്ങൾ മുഖപ്രസംഗങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരിച്ചിരുന്നു.

രാഷ്ട്രീയ രീതിയിൽ മുസ്‌ലിംകൾ ഒരേ സംഘടനയിൽ അതും മുസ്‌ലിം ലീഗ് എന്ന യൂണിയനിൽ ഒരുമിച്ചു നിന്ന് പ്രവർത്തിക്കേണ്ടത് ഇന്നത്തെ കാര്യം മാത്രമല്ല, കാലത്തിന്റെ നിർബന്ധമാണ് എന്നും അതിനാൽ ഇന്ത്യാ മഹാരാജ്യത്തിൽ മുസ്‌ലിം ലീഗ് നിലനിൽക്കണം; ദീർഘമായി പ്രവർത്തിക്കണം എന്ന് വ്യക്തമായ രാഷ്ട്രീയ വഴികാട്ടൽ തിരുച്ചിയിൽ നടന്ന തമിഴ് മുസ്‌ലിം പ്രവർത്തകർ സമ്മേളനം രൂപപ്പെടുത്തി തന്നിരിക്കുന്ന-

മൗലാനാ അബുൽ കലാം ആസാദ് നേതൃത്വം വഹിച്ചു നടത്തിയ അഖിലേന്ത്യാ മുസ്‌ലിംകൾ സമ്മേളനം, സമുദായത്തിന് ശരിയായ വ്യക്തമായ, രചനാത്മകമായ വഴികൾ കാട്ടുക എന്ന പ്രതീക്ഷയെ - വിശ്വാസത്തെ തകർത്തെറിയും വിധത്തിൽ മുസ്‌ലിംകളുടെ ഐക്യത്തെ തന്നെ തകർക്കുന്നതായും ന്യൂനപക്ഷക്കാരായ ജനങ്ങൾ, കോലം മാറി, ശീലങ്ങൾ നശിച്ച് സകല കക്ഷികളിലും ചേർന്ന് നശിക്ക്' എന്ന് ആലോചന നൽകുന്ന വിചിത്ര സമ്മേളനമായി രൂപപ്പെട്ടത് വലിയ നിരാശയായിപ്പോയി!

എന്ന് മുഖപ്രസംഗം എഴുതിയ ഇംഗ്ലീഷ് പത്രങ്ങൾ-

'മുസ്‌ലിംകൾക്ക് എന്ത്, രാഷ്ട്രീയ രീതിയിലായ പ്രത്യേകം സംഘടന ആവശ്യമില്ലെന്ന് തീരുമാനിച്ച ആസാദ് സമ്മേളനം, മുസ്‌ലിംകൾ കോൺഗ്രസ് പാർട്ടിയിലോ, അല്ലെങ്കിൽ തങ്ങൾക്കിഷ്ടപ്പെട്ട ഇതര രാഷ്ട്രീയ പാർട്ടികളിലോ 'സംഗമം' ആകണം എന്ന സമ്മേളന തീരുമാനം, സമ്മേളനം ഏർപ്പാടാക്കിയവരുടെ ചിന്താകുഴപ്പത്തെ കാട്ടുന്നതോടൊപ്പം, മുസ്‌ലിംകളേയും അവ്യക്തതയിലേക്ക് വഴിതിരിച്ചുവിട്ടിരിക്കുകയാണ്!'

എന്നീ പലതരം അഭിപ്രായങ്ങൾ പ്രകടിപ്പിച്ചു!

'മുസ്‌ലിം ലീഗ് വിപുലീകരിക്കണം; അതിന്റെ പ്രവർത്തനം അലസതയില്ലാതെ തുടരണം; എന്ന തിരുച്ചി തീരുമാനത്തോടൊപ്പം ലക്നൗ സമ്മേളനത്തിലെ കുഴപ്പത്തീരുമാനത്തെ താരതമ്യം ചെയ്ത് എഴുതിയത് 'ദി മെയിൽ' എന്ന ഇംഗ്ലീഷ് പത്രമാണെന്നു കരുതുന്നു. അത്'

'ലക്നൗ സമ്മേളനം മൗലാനാ ആസാദിനും അദ്ദേഹത്തെ മുൻനിർത്തി പ്രവർത്തിച്ച കോൺഗ്രസ്സ് നേതാക്കന്മാർക്കും അവർ പ്രതീക്ഷിച്ചതുപ്പോലെ വിജയക

Downloaded from www.gracebooks.in

രമായില്ല എന്നത് എടുത്തുകാട്ടി' എന്ന് അറിയിച്ചു.

രാഷ്ട്രീയ ഗവേഷകന്മാർ പുറത്തിറക്കിയ അഭിപ്രായങ്ങളിൽ- 'ആസാദ് സമ്മേളനം ദിക്കറിയാത്ത- ദിശയറിയാതെ കുഴങ്ങിയതിനെ വെളിപ്പെടുത്തി കാണിച്ച അതേ നേരത്ത്, തിരുച്ചി തീരുമാനം മുസ്‌ലിം സമുദായത്തിന് വ്യക്തമായ, പ്രയോജനമുള്ള നേരായ, ഉറച്ച ഒരു വഴികാട്ടലായി മാറി!'

'മുസ്‌ലിംകളുടെ ഐക്യത്തെ പ്രധാന ലക്ഷ്യമാക്കിക്കൊണ്ട് രാഷ്ട്രീയ കക്ഷിയായി മുസ്‌ലിം ലീഗ് വ്യാപിച്ച് പ്രവർത്തിക്കണമെന്ന് വ്യക്തമായി അറിയിക്കുന്നു.'

'ഇത് ആവശ്യമാണോ? അല്ലേ? എന്നത് വേറെ കാര്യം! ദീർഘമായ, ദൃഢമായ, വ്യക്തമായ- കുഴപ്പമില്ലാത്ത വഴികാണിച്ചിരിക്കുന്നു- സ്ഥാപിച്ചു തന്നിരിക്കുന്നു എന്ന വകയിൽ നാട്ടിലെ ജനങ്ങളുടെ ആമോദ വരവേൽപ്പിനെ തിരുച്ചി തീരുമാനവും ഉണ്ടായേ തീരൂ എന്നത് തീർച്ചയാണ്"

'അതേ സമയം ആസാദ് സമ്മേളനത്തിന്റെ ആലോചന മുഴുവൻ മുസ്‌ലിംകളുടേയും മനസ്സിനെ വിഷമിപ്പിച്ചിരിക്കുന്നത് പരിതാപമാണ്! എന്ന് അഭിപ്രായപ്പെട്ടു!

ഖായിതെ മില്ലത്തിന്റെ മാതൃനാട്ടിലേക്കുള്ള തിരിച്ചുവരവ്!

ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയ, സമുദായ, തൊഴിൽ, വിദ്യാഭ്യാസം, സംസ്കാരം, അന്തസ്സ്, അവകാശം, കളങ്കമില്ലാത്ത കുലീനത്വം, സ്വാതന്ത്ര്യത്തെ സംരക്ഷിക്കാനുള്ള കടമ, അഭിപ്രായ സ്വാതന്ത്ര്യം, നാടിന്റെ മുന്നേറ്റത്തിനായുള്ള പ്രവർത്തനം, ബഹുമാനിക്കപ്പെടാനുള്ള മനുഷ്യ സ്നേഹം, തടസ്സമില്ലാത്ത മാർഗനിഷ്ഠാനം, തടസ്സങ്ങളില്ലാത്ത പ്രാർത്ഥനാ സ്വാതന്ത്ര്യം, സർക്കാർ ജോലികളിൽ സമുദായത്തിന്റെ പങ്ക്, തുടങ്ങിയ ഭാവികാല നടപടികളിൽ സമുദായത്തിന്റെ നാമമുള്ള മുസ്‌ലിം ലീഗിന്റെ പങ്ക് തീരുമാനിക്കുന്ന മഹത്തായ ഉത്തരവാദിത്തം ചുമക്കുന്ന ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകൾ.

ചെന്നൈ രാജധാനി മുസ്‌ലിം ലീഗ് നേതാവായും ചെന്നൈ നിയമസഭാ മുസ്‌ലിം ലീഗ് കക്ഷി നേതാവായും ചെന്നൈ നിയമസഭയിൽ അംഗീകരിക്കപ്പെട്ട പ്രതിപക്ഷ നേതാവായും അഖിലേന്ത്യാ മുസ്‌ലിം ലീഗ് കൗൺസിൽ അംഗമായും ചെന്നൈയിൽ നിന്ന് 1947 ഡിസംബർ 11-ാം തിയ്യതി തന്റെ സഖാക്കന്മാരായ കൗൺസിൽ അംഗങ്ങളോടൊപ്പം പാക്കിസ്ഥാന്റെ തലസ്ഥാനമായ കറാച്ചിയിലേക്കു പുറപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾ-

ഇന്ത്യൻ മുസ്‌ലിംകളുടെ ഉന്നമനത്തിനായ ഉത്തരവാദിത്തം ഏറ്റെടുത്ത- സ്വതന്ത്ര ഇന്ത്യയിൽ മുസ്‌ലിം ലീഗിന്റെ കൺവീനറായി 1947 ഡിസംബർ 27-ാം തിയ്യതി, കറാച്ചിയിൽ നിന്നും മാതൃനാടായ- ചെന്നൈയിലേക്ക് തിരിച്ചുവന്നു.

Downloaded from www.gracebooks.in

തിരുച്ചി സമ്മേളനം! ഖായിതേ മില്ലത്തിന്റെ അഭിപ്രായം!

ഇന്ത്യൻ മുസ്‌ലിംകളുടെ ഭാവി തീരുമാനിക്കുന്ന വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്തം ഏറ്റെടുത്ത്, കറാച്ചിയിൽ നിന്നും ചെന്നൈയിലേക്കു തിരിച്ച ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകൾക്ക് പിൻതുണയും ഉൽസാഹവും നൽകുന്ന വാർത്തയായി തിരുച്ചി സമ്മേളനത്തിലെ തീരുമാനം ഭവിച്ചു.

കറാച്ചിയിൽ നിന്നും ചെന്നൈയിൽ വന്നിറങ്ങിയതിനു ശേഷം, ഖായിതെ മില്ലത്ത് ജനാബ്, മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾ ആദ്യമായി പത്രങ്ങൾക്കു നൽകിയ വാർത്തയിൽ-

'മുസ്‌ലിം ലീഗ് വിപുലീകരിക്കണം; അതിന്റെ പ്രവർത്തനങ്ങൾ, തടസ്സങ്ങളില്ലാതെ തുടരണം എന്ന് തിരുച്ചിയിൽ പ്രവർത്തകരെല്ലാം ഒരുമിച്ചു ചേർന്ന് നടത്തിയ സമ്മേളനത്തിൽ ഒറ്റക്കെട്ടായെടുത്ത തീരുമാനം നിറവേറ്റിയിരിക്കുന്നത് പിൻബലത്തേയും എന്റെ ശ്രമത്തിന് ഉദ്യോഗത്തേയും തീരുമാനങ്ങളെടുക്കുന്നതിനുള്ള ബലവും തരുന്നു.' എന്ന് ചുരുക്കമായി തന്റെ അഭിപ്രായങ്ങൾ അറിയിച്ചു.

'പ്രയോജനപ്രദമായ ഇങ്ങനെയൊരു തീരുമാനത്തെ ഒറ്റ മനസ്സോടെ അംഗീകരിച്ച സമ്മേളന ഉത്തരവാദപ്പെട്ടവർക്കും പ്രവർത്തകർക്കും എന്റെ അഭിനന്ദനങ്ങളും നന്ദിയും അറിയിച്ചുകൊള്ളുന്നു.' എന്നും ശ്ലാഘിച്ചു സംസാരിച്ചു.

അടുത്ത്, രാഷ്ട്രീയ നിർണ്ണയ സഭാ കൂട്ടത്തെക്കുറിച്ച് വടക്കൻ സംസ്ഥാന മുസ്‌ലിം ലീഗ് പ്രവർത്തകർക്കിടയിൽ അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നതിനുള്ള ലക്ഷ്യത്തിൽ വടക്കൻ സംസ്ഥാനങ്ങളിൽ പ്രചരണം നടത്തുവാൻ പുറപ്പെട്ട ഖായിതെ മില്ലത്ത് അവർകൾ-

'തമിഴ്നാട്ടിലും, മറ്റു സംസ്ഥാനങ്ങളിലും എവിടെ പോയാലും, തിരുച്ചി മുസ്‌ലിം ലീഗ് പ്രവർത്തകർ ചെയ്ത മുൻ ഏർപ്പാടായ പരിശ്രമങ്ങളേയും, തീരുമാനങ്ങളേയും പ്രവർത്തകർ വിരിഞ്ഞ് അകലാതെ, സംഘടനയുടെ ചട്ടക്കൂട്ടിനകത്തും സമുദായം മുസ്‌ലിം ലീഗിന്റെ അണിയിലും ഇടറാതെ നിൽക്കുവാനും പ്രവർത്തിക്കുവാനും വഴികൾ തുറന്നിട്ടു എന്ന് പ്രശംസിച്ചു പറയുന്നത് കേൾക്കാനായി- കേൾക്കാനാകുന്നു.'

എന്നും, ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകൾ തിരുച്ചിയിൽ വെച്ചു തന്നെ പത്രക്കാരെ അറിയിച്ചു.

ഗാന്ധിജിയുടെ കൊല! സംഘർഷവും പാതകവും!!

രാഷ്ട്ര പിതാവെന്ന ബഹുമതി പെറ്റ മഹാത്മാ ഗാന്ധി, ഡൽഹിയിൽ പതിവായുള്ള പ്രാർത്ഥനയിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ 1948 ജനുവരി 30-ാം തിയ്യതി വൈകുന്നേരം, ഗാന്ധിജിയെ നമസ്കരിക്കുന്നതുപോലെ വന്ന ക്രൂരൻ-മനുഷ്യ മൃഗം നാഥുറാം വിനായക് ഗോഡ്സെ എന്ന പേരുകാരനായ രക്തഭ്രാന്തൻ തോക്കുകൊണ്ട് ആ വൃദ്ധ നേതാവിനെ- അഹിംസയുടെ അന്തരാത്മാവിനെ പെട്ടെന്ന് വെടിവെച്ചു?

Downloaded from www.gracebooks.in

ആ ക്രൂരന്റെ തോക്കിൽ നിന്നും ചീറിപ്പാഞ്ഞ മൂന്ന് ഉണ്ടകൾ ഗാന്ധിജിയുടെ നെഞ്ചിൽ തുളച്ചുകയറി അദ്ദേഹത്തിന്റെ ജീവനെടുത്തു.

രാജ്യം കണ്ണീരൊഴുക്കി! പൊട്ടിക്കരഞ്ഞു! സ്വതന്ത്ര മഹാരാജ്യത്ത് നമ്മളെ നമ്മൾ തന്നെ ഭരിക്കുന്ന നമ്മുടെ ഭരണത്തിൽ പൊറുക്കാനാവാത്ത ഈ അറുംകൊല നടന്നു!

രാജ്യം സ്വതന്ത്രമായതിനു ശേഷം രാജ്യം മുഴുവൻ പൈശാചിക നൃത്തമാടിയ മതഭ്രാന്ത് ആറുന്നതിന് മുൻപ്, നടന്ന ഈ ഭയങ്കരമായ കൊലപാതക പ്രവർത്തി വലിയ സംഘർഷമുണ്ടാക്കി!

'ഈ പൈശാചിക പ്രവർത്തിക്ക് മുസ്‌ലിം ഒരുത്തനാണ് കാരണം! എന്ന് ചില ദുഷ്ടന്മാർ, പദ്ധതിയിട്ടു പരത്തിയ 'കിംവദന്തി' അൽപ നിമിഷങ്ങൾക്കുള്ളിൽ വിപരീത വിനാശങ്ങൾക്ക് വഴിയൊരുക്കി!' ഭയാനകമായ ലഹള ചുറ്റുപാട് നാടിനെ മുഴുവൻ ചുട്ടെരിക്കാനുള്ള അവസ്ഥ ഉണ്ടാക്കിക്കൊണ്ടിരുന്ന ആ പരീക്ഷണ ഘട്ടത്തിൽ-

'ഗാന്ധിജിയുടെ കൊലയ്ക്കും മുസ്‌ലിംകൾക്കും യാതൊരു ബന്ധവും ഇല്ല'

'രാഷ്ട്രപിതാവിനെ വെടിവെച്ചുകൊന്ന ക്രൂരൻ നാഥുറാം വിനായക് ഗോഡ്സെ എന്ന സംഘ്പരിവാർകാരനാണ്'

എന്ന സത്യാവസ്ഥ മണിക്കൂറുകൾക്കുള്ളിൽ 'ആകാശവാണി' നിലയങ്ങളിലൂടെ പ്രക്ഷേപണം ചെയ്യുന്നതിൽ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകൾ ഭരണാധികാരികളും മറ്റ അധികാരികൾ മൂലവും എടുത്ത വലിയ പരിശ്രമവും -

ദ്രാവിഡ കഴക നേതാവ്- ബഹുമാന്യ പെരിയാർ ഇ.വി. രാമസ്വാമി അയ്യർ, ജ്ഞാനി അണ്ണാ, ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് തുടങ്ങിയ നേതാക്കന്മാർ-

ഗാന്ധിജി വെടിയേറ്റ മരിച്ചതിൽ മുസ്‌ലിംകളെ ബന്ധിപ്പിക്കുന്നതിൽ കടുകുമണിയോളം പോലും സത്യമില്ല; നാഥുറാം വിനായക് ഗോഡ്സെ എന്ന് പേരുള്ള ഭീകരനാണ് ഈ കൊല നടത്തിയിരിക്കുന്നത്'

'അതിനാൽ, മുസ്‌ലിംകളെ ലക്ഷ്യം വെച്ചുള്ള കിംവദന്തികൾ വിശ്വസിക്കരുത്; മത സൗഹാർദ്ദത്തെ കാക്കുക'

എന്ന, പ്രത്യക്ഷ യാഥാർത്ഥ്യത്തെ എടുത്തുകാട്ടി, മനസ്സുരുകി ജനങ്ങളോട് അപേക്ഷിച്ചതിന്റെ ഫലമായി നാട്ടിൽ പ്രത്യേകിച്ച് തമിഴ് നാട്ടിൽ സമാധാനം കൈവരിക്കാനും തെറ്റിദ്ധാരണ നീങ്ങാനും കാരണമായി.

എങ്കിലും തമിഴ്നാട്ടിൽ ഈറോഡ്, എടപ്പാടി തുടങ്ങിയ ചില ഭാഗങ്ങളിൽ ഏർപ്പെട്ട ചില അസംഭവ്യ സംഭവങ്ങളല്ലാതെ വേറെങ്ങും യാതൊരുവിധ അരാജകങ്ങളും സംഭവിക്കാതെ തടയാനായി.

ആർ.എസ്.എസ്. പ്രവർത്തകനായ നാഥുറാം വിനായക് ഗോഡ്സെയുടെ മൂഗീയ പ്രവർത്തിയാൽ വടക്കൻ സംസ്ഥാനങ്ങളിലെ പല ഭാഗങ്ങളിലും സംഘർഷങ്ങൾ പൊട്ടിപ്പുറപ്പെട്ടു; പല ഭാഗങ്ങളും കത്തിയെരിഞ്ഞു.

Downloaded from www.gracebooks.in

ഖായിതെ മില്ലത്ത് അവർകളുടെ സത്യാവസ്ഥ ബോധ്യപ്പെടുത്തലും യഥാർത്ഥ കുറ്റവാളി ആരാണെന്ന ചൂണ്ടിക്കാട്ടി എല്ലാ നേതാക്കന്മാരും വാർത്തകൾ പുറപ്പെടുവിച്ചതും സമാധാനം നിലനിർത്തുവാൻ വളരെയധികം ഉപകരിച്ചു.

പതിനഞ്ചു ദിവസത്തെ പര്യടനത്തിനു ശേഷം ചെന്നൈയിലേക്ക് തിരിച്ചെത്തിയ ഖായിതെ മില്ലത്ത് അവർകളെ-

'ജിന്നാ സാഹിബിന്റെ ആത്മാവ്- കൂട്ടി ജിന്ന' എന്നും, പാക്കിസ്ഥാനിൽ നിന്നും കൊണ്ടുവന്ന 'പാഷാണത്തെ' ഭാരതം മുഴുവൻ വിതറുവാൻ ശ്രമിക്കുന്നയാൾ' എന്നും, വീണ്ടും എത്രയോ അപവാദങ്ങളും പ്രചരിപ്പിച്ച് തരംതാഴ്ത്തിക്കെട്ടുന്നതിൽ ഈ രാജ്യത്തെ വർഗീയ വാദികൾ മാത്രമല്ല 'ദേശീയ' വാദികളായി തങ്ങളെ പുകഴ്ത്തി നടക്കുന്നവരും 'പറ'കൊട്ടുന്നതിൽ സംതൃപ്തി കണ്ടവരായിരുന്നു!

അലറിമറിയുന്ന കടൽ പോലെ അപവാദങ്ങൾ ഒരു ഭാഗത്താണെങ്കിൽ, ഉപദേശങ്ങൾ, കൂടിയാലോചനകൾ, മഹാൻമാരായി സ്വയം പ്രഖ്യാപിച്ചു ഞെളിഞ്ഞു നടക്കുന്ന ചിലരുടെ ബുദ്ധിയുപദേശങ്ങൾ ഒക്കെ കതിനാ ചെടികൾ പോലെ പൊട്ടിച്ചിതറി!

'ഇസ്മാഈൽ സാഹിബ് അവർകളേ! മുസ്‌ലിം ലീഗ് എന്ന സംഘടനയെ വീണ്ടും ഈ രാജ്യത്ത് തുടങ്ങാൻ ശ്രമിക്കരുത്! ആ സംഘടനയെ പിരിച്ചുവിടുക! നിങ്ങൾ വിളിച്ചുകൂട്ടി, നിങ്ങളുടെ അദ്ധ്യക്ഷതയിൽ നടക്കാനിരിക്കുന്ന ഇന്ത്യയിലെ, മുസ്‌ലിം ലീഗ് കൗൺസിൽ പ്രവർത്തകർ സമ്മേളനത്തിൽ മുസ്‌ലിം ലീഗിനെ പിരിച്ചുവിടുന്നതാണ് വളരെ നല്ലത്: ഉത്തമമായത്; കാലത്തിനുത്തമമായത്! എന്ന്, താങ്കളുടെ അദ്ധ്യക്ഷതയിൽ തീരുമാനമാകട്ടെ! മുസ്‌ലിം ലീഗിനെ ഒരു തീരുമാനത്തിലേക്ക് കൊണ്ടുവന്ന് അതിന്റെ എല്ലാ പ്രവർത്തികളും അവസാനിപ്പിക്കുക!

എന്ന് പലരും - പ്രബലരായ പലരും വിളിക്കാതെ വന്ന അതിഥികളായി വലിഞ്ഞുകയറി വന്ന് ഉപദേശങ്ങൾ നൽകി!

രാഷ്ട്രീയ വിദ്വാൻമാർ, വിമർശകന്മാർ, സമുദായ പ്രമുഖർ എന്ന് വീമ്പു പറയുന്നവർ അങ്ങനെ പലതരക്കാരും മാത്രം ഇങ്ങനെ സമുദായ ശക്തിയെ തകർക്കുന്ന 'വിഷഅമ്പു'കളായി മാറി എന്നു വിചാരിക്കണ്ട!

ഭരണ പീഠത്തിന്റെ അച്ചാണിയിൽ അലങ്കാരമായി, അധികാര ബലത്തോടെ ഉപവിഷ്ടനായിരുന്ന ഗവർണർ ജനറൽ ലോർഡ് മൗണ്ട് ബാറ്റനിൽ നിന്ന്, രാഷ്ട്രീയ ചാണക്യൻ എന്നറിയപ്പെട്ട രാജഗോപാലാചാരി, എന്തിന്, ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഉൾപ്പെടെ വലിയ അധികാര വർഗ നേതാക്കന്മാരും ഭരണത്തിലും അധികാരത്തിലും മിടുക്കന്മാരായിരുന്നവരും വളരെ കർശനമായി, താനായി സ്വയം മുന്നോട്ടുവന്ന് 'മുസ്‌ലിം ലീഗിനെ ഇന്ത്യാ മഹാരാജ്യത്ത് പ്രവർത്തിപ്പിക്കണ്ട' എന്ന് ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബിനോട് നയത്തോടെ പറഞ്ഞു!

Downloaded from www.gracebooks.in

ഉപപ്രധാനമന്ത്രി- ആഭ്യന്തര മന്ത്രി- ' ഉരുക്കുമനുഷ്യൻ' എന്നറിയപ്പെടുന്ന സർദാർ വല്ലഭായി പട്ടേൽ തന്റെ ഹൃദയത്തെ ഇരുമ്പാക്കിക്കൊണ്ട് 'മുസ്‌ലിം ലീഗോ? അതിന് ഈ രാജ്യത്ത് സ്ഥാനമില്ല' എന്ന് തറപ്പിച്ചു പറയുകയും ആ കാലഘട്ടം തുടരാൻ ഇനി ഇവിടെ യാതൊരു കാണവശാലും അനുവദിക്കാനാവില്ല' എന്ന് മുന്നറിയിപ്പു നൽകിയതും തെറ്റല്ല!

ക്ഷമയുടെ പര്യായവും സമാധാനത്തിന്റെ പൊൻ വസന്തവും അടക്കം ശാന്തിയുടെ സ്വരൂപമായും രാഷ്ട്രീയ ജ്ഞാനത്തിൽ തികഞ്ഞ തെളിഞ്ഞ വ്യക്തിത്വവുമായി വിളങ്ങിയ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകൾ, തനിക്കേർപ്പെട്ട എതിർപ്പുകൾ, പരിഹാസങ്ങൾ, ഭർസനങ്ങൾ, അപവാദങ്ങൾ, ഒക്കെയും സ്വതസിദ്ധമായ പുഞ്ചിരിയോടെ പുറംതള്ളി, ഉപദേശകരോട് സ്നേഹത്തോടെ തന്റെ ഭാഗത്തെ ന്യായങ്ങളെ- മുസ്‌ലിം ലീഗ് വളർന്നുവരേണ്ട- മുസ്‌ലിംകളുടെ നന്മക്കായും മറ്റു ന്യൂനപക്ഷ സമുദായങ്ങളുടെ നന്മക്കായും അവകാശങ്ങൾക്കും നാടിന്റെ നവനിർമ്മിതികൾക്കും സ്വാതന്ത്ര്യത്തെ കാത്തു സംരക്ഷിക്കുന്നതിന് എല്ലാ ന്യൂനപക്ഷ സമുദായക്കാരുടെയും ശ്രദ്ധയാകർഷിച്ച് ഒരുമിച്ച് ചേർത്ത് പ്രവർത്തിക്കുവാൻ ഇന്ത്യൻ മഹാ രാജ്യത്ത് മുസ്‌ലിം ലീഗ് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെ എടുത്തുകാട്ടി; മുന്നറിയിപ്പ് നൽകിയവർക്ക് കനിവോടെ നന്ദി നിറഞ്ഞ വ്യക്തതയോടെ, വിവരമായി വിവരിച്ച് ബോധ്യപ്പെടുത്തി; ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകൾ.

അതേസമയം എന്തു വിലകൊടുത്തും മുസ്‌ലിംകളുടെ ഒത്തൊരുമ സംരക്ഷിച്ചേ തീരൂ; മുസ്‌ലിംകൾ രാഷ്ട്രീയ അനാഥകളോ, താന്തോന്നികളോ, കളിപ്പാവകളോ അല്ല; സംഘടനാ രീതിയായുള്ള അഭയ കേന്ദ്രമായും അവകാശങ്ങൾക്കും മുസ്‌ലിം ലീഗ് പ്രവർത്തിച്ചേ തീരൂ എന്നതിൽ ഉറച്ചിരിക്കുന്നതിനെ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകൾ നാടറിയെ, ലോകം അറിയെ ധൃഡപ്രതിജ്ഞയെടുക്കുവാൻ തുനിഞ്ഞു നിന്നു.

'മനോബലം കുറയാത്ത ഗുണവാൻ' എന്നത് തന്റെ ധൃഢ പ്രതിജ്ഞ മൂലം ലോകത്തിന് അദ്ദേഹം വ്യക്തമാക്കിക്കൊടുത്തു.

Downloaded from www.gracebooks.in

1948 മാർച്ച് 10

കഴപ്പങ്ങളും, വിചിത്രമായ ആലോചനാ ചരടുകളും വിമർശനങ്ങളും ഈട്ടികളായി സമുദായ നേതാക്കന്മാരുടെ നെഞ്ചുകളെ ലക്ഷ്യം വെച്ചുകൊണ്ടിരുന്ന പരീക്ഷണ ഘട്ടത്തിൽ ഇന്ത്യാ മഹാരാജ്യത്തെ പല ഭാഗങ്ങളിലുമുള്ള അഖിലേന്ത്യാ മുസ്‌ലിം ലീഗ് കൗൺസിൽ പ്രതിനിധികളുടെ സമ്മേളനം 1948 മാർച്ച് മാസം 10-ാം തിയ്യതി കാലത്ത് 10 മണിക്ക് ചെന്നൈ രാജാജി ഹാളിൽ നടത്തപ്പെടുമെന്ന് ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾ, കൺവീനർ എന്ന മുറയിൽ അറിയിച്ച്, എല്ലാ സംസ്ഥാനങ്ങളിലമുള്ള കൗൺസിൽ പ്രതിനിധികൾ എല്ലാവർക്കും മുറപ്രകാരം കത്തുകൾ അയച്ചു.

ഈ അറിയിപ്പും ക്ഷണവും നാട്ടിൽ രാഷ്ട്രീയ പ്രളയം ഉണ്ടാക്കി എന്നു പറയാം!

മുസ്‌ലിം ലീഗ് കൗൺസിൽ സമ്മേളനമോ? മുസ്‌ലിം പേര് താങ്ങികൾക്കിടയിൽ മുറുമുറുപ്പ്- അവസരവാദികൾക്കിടയിൽ വല്ലാത്ത അങ്കലാപ്പ് രാഷ്ട്രീയ വൃത്തങ്ങളിൽ ഞെട്ടൽ കലർന്ന പരപരപ്പ്

ഇതിനെ തുടർന്ന്, ചാണക്യ ബുദ്ധികൾ, ശകുനി വേലകളിൽ ഇറങ്ങി!

മുസ്‌ലിം സമുദായത്തെ രാഷ്ട്രീയ രംഗത്തു നിന്നും തീർത്തും അകറ്റിനിർത്തണം- അവരുടെ ഐക്യത്തെ തകർക്കണം- ചിന്നിച്ചിതറിയ സമുദായമായി മാറണമെന്ന് എതിർ മുനകളിൽ നിന്നും പുറപ്പെടുവിപ്പിച്ചവരുടെ കപടമായ 'പകിട'കളികളെയെല്ലാം തകർത്ത് തടസ്സങ്ങളെയെല്ലാം തവിടുപൊടിയാക്കി, നാടിന്റെ പല ഭാഗങ്ങളിൽ നിന്നും കടമാ ബോധമുള്ള കൗൺസിൽ പ്രതിനിധികൾ ചെന്നൈയിലേക്ക് വന്നുചേരുമെന്ന വാർത്തകൾ ദിനംതോറും വന്നു

കൊണ്ടിരുന്നു. പതിവുപോലെ ക്ഷണപ്പത്രമെല്ലാം ചുരുട്ടിക്കൂട്ടി എറിഞ്ഞിട്ട്, കൗൺസിൽ സമ്മേളനം പിറുപിറുക്കും; ഇസ്മാഈൽ സാഹിബ് ഇളിഭ്യനാവാൻ പോവുകയാണ്; അദ്ദേഹത്തിന്റെ ക്ഷണനത്തിന് ഒരു സംസ്ഥാനത്തും പിന്തുണയില്ല; ആരും സമ്മേളനത്തിന് വരാൻ പോകുന്നില്ല' എന്ന് ചില ദേശീയ പത്രങ്ങൾ വെണ്ടയ്ക്കാ നിരത്തി!

ഇത്തരം പിത്തലാട്ട പ്രചാരണങ്ങൾ പല സംസ്ഥാനങ്ങളിലും 'രാഷ്ട്രീയ പിന്മുകൾ' അവിടത്തെ കൗൺസിൽ പ്രതിനിധികളെ നേരിൽ കണ്ട് പല ഇല്ലാകഥകളും പറഞ്ഞുണ്ടാക്കി സമ്മേളനത്തിൽ പങ്കെടുക്കുന്നത് തടയാൻ ഭഗീരത പ്രയത്നം നടത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു.

എല്ലാ പ്രതിബന്ധങ്ങളേയും തട്ടിത്തകർത്ത് ധൈര്യത്തോടെ വരാൻ തുനിഞ്ഞ കൗൺസിൽ പ്രതിനിധികളിൽ, യു.പിയിൽ നിന്ന് മുതിർന്ന ദേശീയ വാദിയും മുസ്‌ലിം ലീഗ് നേതാക്കളിൽ ഒരാളുമായ മൗലാനാ ഹസ്‌റത്ത് മോഹാനി, ബോംബെ സംസ്ഥാനത്തെ മുസ്‌ലിം ലീഗ് നേതാവ് ഹസൻ അലി പി, ഇബ്രാഹീം എം.എൽ.എ, ജനറൽ സെക്രട്ടറി അബ്ദുൾ ഖാദർ ഹഫീസ് കാ , ബി.എ. ബോംബെ നിയമസഭാ പ്രതിപക്ഷ നേതാവും മസ്‌ലിം ലീഗ് പാർട്ടി നേതാവുമായ എ.എ. ഖാൻ എം.എൽ.എ. പൂനയിൽ നിന്ന് എ .എ ഉമർ സാഹിബ്, ക്വർഗ് സംസ്ഥാന മുസ്‌ലിം ലീഗ് നേതാവ് എം.എ മജീദ് ഖാൻ സാഹിബ് (ബംഗ്ലൂർ), സംസ്ഥാന ജനറൽ സെക്രട്ടറി എച്ച്.എം. ഇസ്മാഈൽ സാഹിബ് ദാബീഷ് (ബാംഗ്ലൂർ) അബ്ദുൾ റഹ്മാൻ സാഹിബ് (ബാംഗ്ലൂർ) എ.എ. റൗഫ്ഷാ (ഒറീസ്സ) മെഹബൂബ് അലി ബേഗ് സാഹിബ് ബി.എബി.എൽ. എം.എൽ.എ, കെ.എം. സീതി സാഹിബ്, ബി.എ.ബിൽഎം.എൽ.എ, പി. പോക്കർ സാഹിബ്, ബി.എ ബിൽ., എം.എൽ.എ, ഹാജി അബ്ദുൽ സത്താർ, ഹാജി ഇസ്ഹാഖ് സേഠ് സാഹിബ്, പി.കെ. മൊയ്തീൻകുട്സാഹിബ് എം.എ. ബി.എൽ.എം.എ, എൻ.എം. അൻവർ സാഹിബ് എം.എ, എം.എൽ.എ, ചെന്നൈ രാജധാനി മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി കെ.ടി.എം. അഹമ്മദ് ഇബ്റാഹീം സാഹിബ് ബി.എബി.എൽ.എം. എൽ.സി. എം.സി.എ, എ.കെ. ജമാലി സാഹിബ് (തിരുച്ചി) എം.അഹമ്മദ് മൊയ്തീൻ സാഹിബ് (ബീജാപൂർ)

മാത്രമല്ല, സെയ്ദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ (മലബാർ) കെ.ടി. ഷറീഫ് (ചെന്നൈ) ബെല്ലാരി ഹാജി മുഹമ്മദ് ഇസ്മാഈൽ സാഹിബ്, തിരുച്ചി വി.എസ്. മുഹമ്മദ് ഇബ്റാഹീം സാഹിബ് എം.എൽ.എ. ദളപതി തിരുപ്പൂർ എ.എം മൊയ്തീൻ. സി.എച്ച്. മുഹമ്മദ് കോയാ സാഹിബ് (മലബാർ) സമാൽ കോട് മുഹമ്മ്ദ ഇസ്മാഈൽ സാഹിബ് (ആന്ധ്ര), എം.എസ്.എ മജീദ് സാഹിബ് എം.എൽ.എ, മുഹമ്മദ് രാജാഖാൻ സാഹിബ് എം.എൽ.എ, തിരുച്ചി ടോർപിഡോ എ.കെ. ബാഷാ സാഹിബ്, കാരൈ നോവലിസ്റ്റ് എ.എം. യൂസൂഫ് സാഹിബ്, തിരുച്ചി കെ. എസ്. അബ്ദുൽ വഹാബ് ജാനി സാഹിബ്, പി.എച്ച് മുഹമ്മദ് നസ്റുദ്ദീൻ സാഹിബ്-

Downloaded from www.gracebooks.in

നാഗ്പൂർ മുസ്‌ലിം ലീഗ് നേതാവ് യൂസുഫ് ഷരീഫ് സാഹിബ്, മധ്യപ്രദേഷ് മുസ്‌ലിം ലീഗ് നേതാവ് മുഹമ്മദ് ഹിദായത്ത് അലി സാഹിബ് തുടങ്ങി പല ഭാഗങ്ങളിൽ നിന്നും മുസ്‌ലിം ലീഗ് കൗൺസിൽ പ്രതിനിധികലുടെ മുസ്‌ലിം ലീഗ് നേതാക്കന്മാരും പ്രവർത്തകരും എഴുത്തുകാരും പ്രാസംഗികരും ഒക്കെയായ മുസ്‌ലിം ലീഗ് മുന്നണി പ്രവർത്തകർ ചെന്നൈയിൽ ഒത്തുകൂടി.

പുതിയ ചരിത്രം പിറന്നു!

ഇന്ത്യാ മഹാ രാജ്യം മാത്രമല്ല, ലോകം മുഴുവൻ ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയ നിലപാട് എന്തായിരിക്കും? എന്ന കാര്യം ഗൗരവത്തോടെ ഉറ്റുനോക്കിയും കൗൺസിൽ സമ്മേളനത്തിൽ എടുക്കുന്ന തീരുമാനത്തെ ആകാംക്ഷയോടെയും സ്രദ്ധയോടെയും കാത്തിരുന്ന ചരിത്രപരമായ ഈ കൗൺസിൽ സമ്മേളനം, കൺവീനർ ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകളുടെ നേതൃത്വത്തിൽ ഹാളിൽ ആരംഭിച്ചു.

അല്ലാഹുവിന്റെ തിരുനാമത്തിൽ ഖുർആൻ വാക്യങ്ങൾ ഓതിയതിനു ശേഷം, ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് ജനാബ് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾ, കൺവീനർ എന്ന നിലയിൽ എല്ലാവരേയും സ്വാഗതം ചെയ്ത സംസാരിച്ചതിൽ നാട്ടിലെ രാഷ്ട്രീയ നിലവാരം, സമുദായം നേരിടേണ്ട എതിർപ്പുകൾ, അനുഭവിച്ചുവരുന്ന കഷ്ടപ്പാടുകൾ, കഴിഞ്ഞ 1947 ഡിസംബർ മാസത്തിനു ശേഷം മുന്നു മാസ കാലയളവിൽ എടുക്കപ്പെട്ട നടപടികൾ, ഏർപ്പെട്ട പ്രശ്നങ്ങൾ, രാഷ്ട്രീയ നേതാക്കന്മാരും ഭരണപീഠത്തിൽ ഇരിക്കുന്നവരിൽ നിന്ന് ഉന്നതാധികാര സ്ഥാനങ്ങളിൽ ഇരിക്കുന്നവർ വരെ മുസ്‌ലിം ലീഗിന്റെ അവസ്ഥയെക്കുറിച്ച് എടുത്ത ആലോചനകൾ, അഭിപ്രായങ്ങൾ, അതേസമയം, ചിലയിടങ്ങളിൽ നിന്നും പാഞ്ഞുവന്ന ഭീഷണികൾ, ചീത്ത വിളികൾ, ഒപ്പം സമുദായത്തിന്റെ പേരു പറഞ്ഞുകൊണ്ട് ചിലർ ചെയ്ത കുഴപ്പങ്ങൾ, ഒപ്പം മൗലാനാ അബുൽ കലാം ആസാദ് സമ്മേളനത്തിന്റെ വ്യത്യസ്ഥമായ പോക്ക്- സമുദായത്തെ ചിഹ്നഭിന്നമാക്കുന്ന പോക്ക്, തിരുച്ചിയിൽ മുസ്‌ലിം ലീഗ് പ്രവർത്തകരാൽ നടത്തപ്പെട്ട തമിഴ്നാട് മുസ്‌ലിം പ്രവർത്തകർ സമ്മേളനം എടുത്ത തീരുമാനം നമുക്ക് ശക്തിയും ഉൽസാഹവും അതേസമയം വിശ്വാസീയമായ രാഷ്ട്രീയ വഴികാട്ടലിന് ഉറച്ച അംഗമായി മുസ്‌ലിം ലീഗ് ഇന്ത്യയിൽ നിലനിൽക്കണം; വളരണം എന്നു പറഞ്ഞുകൊണ്ടിരിക്കുന്നതു മുതൽ എല്ലാ വിവരങ്ങളേയും തന്റെ പ്രസംഗത്തിൽ ഓർമ്മിപ്പിച്ച ഖായിതെ മില്ലത്ത് അവർകൾ സമുദായത്തിന്റെ അമൂല്യസ്വത്തായ മുസ്‌ലിം ലീഗിനെ നമ്മുടെ കരങ്ങളിലേക്ക് വിശ്വസിച്ചുകൊണ്ട് ഏൽപിച്ചിരിക്കുകയാണ്. ആ പുണ്യ അമൂല്യത്തെ- സമ്പത്തിനെ നമ്മൾ എന്താണ് ചെയ്യാൻ പോകുന്നത്?'

'ഈ അമൂല്യത്തെ വർത്തമാന കാല സമുദായത്തിൽ നിലനിർത്തി അതിന് ഭംഗം വരുത്താതെ നല്ലനിലയിൽ ഭാവി തലമുറയ്ക്ക് സമർപ്പിക്കേണ്ട മഹത്തായ ഉത്തരവാദിത്തം നമ്മൾക്കുണ്ട്- നമ്മെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നത് ശ്ര

Downloaded from www.gracebooks.in

ദ്ധയിൽ വെക്കുന്നുണ്ടോ? അങ്ങനെ ചെയ്യുന്നത് നമ്മുടെ മഹത്തായ കടമ യാണെന്നത് മനസ്സിലാക്കി തീരുമാനം എടുക്കുമോ? എന്നതാണ് ഇപ്പോൾ നമ്മുടെ മുമ്പിലുള്ള പ്രധാന പ്രശ്നം'

ഇതിനെ തുടർന്ന് ഇന്ത്യയിൽ മുസ്‌ലിം സമുദായത്തിന്റെ രാഷ്ട്രീയം, സമുദാ യത്തിന്റെ നന്മയുള്ള സംഘടനയായി മുസ്‌ലിം ലീഗ് വളരണമോ? വളരണ മെങ്കിൽ അതിന്റെ നിലപാടിൽ, പ്രവർത്തനത്തിൽ എന്തൊക്കെ മാറ്റങ്ങളാ ണ് വേണ്ടത്? മുസ്‌ലിം ലീഗ് ആവശ്യമില്ല എങ്കിൽ എന്തുകൊണ്ട് അതിന്റെ കാരണ കാര്യങ്ങൾ എന്തൊക്കെയാണ്? സംഘടനാ രീതിയില്ലാത്ത ഒരു 'ശൂന്യ'മാകുമെങ്കിൽ സമുദായത്തിന്റെ അവസ്ഥ എന്താകും? നമ്മുടെ ബഹുമാന പ്പെട്ട മുൻഗാമികൾ രൂപപ്പെടുത്തിതന്ന 'അമൂല്യ സമ്പത്തിനെ' നശിപ്പിക്കുവാ ൻ നമുക്ക് അധികാരം ഉണ്ടോ? എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട അഭിപ്രായ ങ്ങൾ കൗൺസിൽ സമ്മേളനത്തിൽ ആലോചനയ്ക്കായി എടുക്കപ്പെട്ടു.

കൗൺസിൽ പ്രതിനിധികൾ മാത്രം പങ്കെടുത്ത് അടച്ചിട്ട മുറിക്കകത്തു നടന്ന ഈ സമ്മേളനത്തിന്റെ അകംപൊരുളുകൾ പുറത്തേക്കറിയാത്ത വിധം വളരെ കരുതലോടെയാണ് സമ്മേളനം നടന്നത്.

കൗൺസിൽ അംഗങ്ങളല്ലാത്ത ഒരാളെയും പ്രവേശിപ്പിക്കാതെ മറ്റൊരു ഭാഗത്ത് താമസിപ്പിച്ചത് എടുത്തു പറയേണ്ട കാര്യമാണ്.

സ്വതന്ത്ര ഇന്ത്യയിൽ നിയമപരമായി മുസ്‌ലിംകളുടെ അന്തസ്സ്, അഭിമാനം, അവകാശങ്ങൾ, നാടിന്റെ ഉയർച്ചയിൽ, നവനിർമ്മാണത്തിൽ മുസ്‌ലിംകളുടെ മുഴുവൻ ആത്മാർത്ഥമായ പങ്ക്, നാടിന്റെ ഒരുമയ്ക്കായുള്ള നമ്മുടെ ഉത്തരവാദി ത്തം, കടമ, വർഗീയ ഭ്രാന്ത് വളർത്ത് വട്ടമിടുന്ന ശംവംതീനികളായ കഴുകന്മാർ മൂലം പടർന്നുപിടിക്കുന്ന ക്രൂര പരീക്ഷണങ്ങൾ, ഇത്തരം ചുറ്റുപാടിൽ നമുക്കാ യി പ്രത്യേകം ഒരു സംഘടന ഇല്ലാത്തതിനാൽ ഏർപ്പെടുന്ന കഠിനമായ പ്ര ത്യാഘാതങ്ങളെ കുറിച്ചും ആഴമായ, ബുദ്ധിപരമായ അഭിപ്രായപ്രകടനങ്ങൾ നടന്നു.

സമുദായത്തിന്റെ വർത്തമാനകാല, ഭാവികാലം, മുസ്‌ലിംകളുടെ കെട്ടുപാട്, ചരിത്ര പാരമ്പര്യമുള്ള നമ്മുടെ മുൻഗാമികളാൽ നമുക്കായി ഒരു സംഘടന ഉണ്ടാക്കിയതിന്റെ പരിശുദ്ധമായ ലക്ഷ്യം എന്നിവയെക്കുറിച്ചെല്ലാം ഏറെ ക്കുറെ പതിനൊന്നു മണിക്കൂർ ആഴമായി ആലോചനകൾ നടത്തിയ കൗൺസിൽ സമ്മേളനം, പ്രതിനിധികൾ പലർ എടുത്തുകാട്ടിയ അഭിപ്രായപ്ര കടനപ്രകാരം-

'മുസ്‌ലിം സമുദായത്തിനെന്ന് ഒരു പ്രത്യേക രാഷ്ട്രീയ സംഘടന അത്യാവ ശ്യമാണ് എന്നത് മനസ്സിലാക്കിയ ഈ കൗൺസിൽ സമ്മേളനം ഇതുവരെ, സമുദായത്തിന്റെ പേരിനാൽ അത്ഭുതകരമായ പല സാധനങ്ങളും സൃഷ്ടിച്ച്, അവകാശങ്ങൾ പലതും നേടിത്തന്ന സംഘടന- മുസ്‌ലിം സമുദായത്തിന്റെ ഹൃദയനാദമായും, രക്ത താളമായും പ്രവർത്തിച്ചുവന്ന മുസ്‌ലിം ലീഗ് സംഘടന

Downloaded from www.gracebooks.in

തുടർന്നും പ്രവർത്തിക്കണമെന്ന് ഭൂരിപക്ഷം പേരും പ്രകടിപ്പിച്ച അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ'

ഇന്ത്യൻ ഗവൺമെന്റ് നിയമപ്രകാരം ഇന്ത്യൻ മുസ്ലിംകൾക്കായ രാഷ്ട്രീയ, സമുദായ സംരക്ഷണ സംഘടന ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് എന്ന പേരിൽ തുടർന്നും പ്രവർത്തിച്ചുവരും എന്ന് കൗൺസിൽ സമ്മേളനം ഏകകണ്ഠമായി തീരുമാനിച്ചു.

'ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്' എന്ന പേരിൽ, രാഷ്ട്രീയ സമുദായ സംഘടനയായി തുടർന്ന പ്രവർത്തിക്കുമെന്നും സമുദായത്തിന്റെ വിദ്യാഭ്യാസം, ജോലി സർക്കാർ സ്ഥാപനങ്ങളിൽ അർഹതപ്പെട്ട അവകാശം, (സംവരണം) സർക്കാർ ജോലി, സ്വകാര്യ സ്ഥാപനങ്ങളിലെ ജോലികളിലും മുസ്ലിംകൾക്ക് സംവരണം തുടങ്ങിയവ ലഭിക്കുന്നതിനായി പരിശ്രമിക്കുക, സമുദായങ്ങൾക്കിടയിൽ സാഹോദര്യം, ഐക്യം, തുടങ്ങിയവ ഉണ്ടാക്കുന്നതിനായി മുന്നിൽ നിന്ന് പ്രവർത്തിക്കണമെന്നും തീരുമാനിച്ചു. ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു.

ഭാരവാഹികൾ: ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ ദേശീയ ഭാരവാഹികളായി താഴെ കാണുന്നവരെ ഐക്യകണ്ഠ്യേന തെരഞ്ഞെടുത്തു.

നേതാവ്: ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ്

ജനറൽ സെക്രട്ടറഇ: മെഹബൂബ് അലിബേഗ്, ബി.എ.ബി.എൽ, എം.എൽ.എ

ഖജാൻജി: ഹാജി ഹസൻ അലി ബി. ഇബ്റാഹീം എം.എൽ.എ.

നിയമനിർമ്മാണ സംഘം: ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ നിയമാവലികൾ നിർമ്മിക്കുവാനായി താഴെ പറയുന്നവരെ തെരഞ്ഞെടുത്തു.

പ്രതിനിധികൾ: 1. ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ്. 2. എ.എ. ഖാൻ (ബോംബെ), 3. ഹാജി ഹസൻ അലി പി. ഇബ്റാഹീം എം.എൽ.എ (ബോംബെ), 4. എ.എ റൗഫ്ഷാ (ഒറീസ്സ), 5. ഹാഫിസ്കാ സാഹിബ് (ബോംബെ), 6. പി. പോക്കർ സാഹിബ്, ബി.എ.ബി.എൽ(മലബാർ), 7. മഹ്ബൂബ് അലി ബേഗ് ബി.എ.ബി.എൽ, എം.എൽ.എ (ചെന്നൈ), 8. കെ.ടി.എം. അഹമ്മദ് ഇബ്റാഹീം സാഹിബ് ബി.എ.ബി.എൽ, എം.എൽ.സി., 9. എ. മുഹമ്മദ് രാജാഖാൻ ബി.എ, എം.എൽഎ (ചെന്നൈ), 10. ഇസ്മാഈൽ സാഹിബ് ദാബിഷ് (ബാംഗ്ലൂർ), 11. പി.കെ. മൊയ്തീൻ കുട്ടി സാഹിബ് (മലബാർ), 12. കെ.എം. സീതി സാഹിബ് ബി.എ.ബി.എൽ, എം.എൽ. (മലബാർ), 13. യൂസുഫ് ഷെരീഫ് സാഹിബ് (നാഗ്പൂർ), 14. ഹാജി അബ്ദുൾ സത്താർ ഇസ്ഹാഖ് സേഠ് (മലബാർ)

കഴിഞ്ഞ നാൽപത്തൊന്നു വർഷക്കാലമായി (1906-1947) ഇന്ത്യൻ മുസ്ലിംകളുടെ ഉണർവ്വായി, ജീവനായി പ്രവർത്തിച്ചു വന്ന അഖിലേന്ത്യാ മുസ്ലിം

Downloaded from www.gracebooks.in

ലീഗിനെ ഇന്ത്യക്കും പാക്കിസ്ഥാനുമായി വേർപ്പെടുത്തി, വിഭജിക്കുന്ന ചടങ്ങ് 1947 ഡിസംബർ 14,15 തിയ്യതികളിൽ കറാച്ചിയിൽ നടന്നതും മുസ്‌ലിം ലീഗിന്റെ സ്വത്ത് വകകൾ ഇരുഭാഗങ്ങൾക്കും നൽകാനായി പ്രവർത്തിക്കുന്നതിന് മൂന്ന് ട്രസ്റ്റികൾ ചേർന്ന് കൂടിയാലോചിച്ച് മൊത്തം സ്വത്തുക്കളിൽ അവരവർക്ക് ലഭിക്കേണ്ടത് വിധിപ്രകാരം ഭാഗം വെച്ച് എടുക്കാം എന്ന് കറാച്ചിയിൽ നടന്ന കൗൺസിൽ സമ്മേളനം എടുത്ത തീരുമാനപ്രകാരം പാക്കിസ്ഥാൻ മുസ്‌ലിം ലീഗിന്റെ ഭാഗമായി മൂന്ന ട്രസ്റ്റിമാരെ ആ കൗൺസിൽ സമ്മേളനത്തിൽ വെച്ച് തെരഞ്ഞെടുത്തതും ഇന്ത്യയുടെ ഭാഗത്ത് നിന്ന് മൂന്ന ട്രസ്റ്റിമാരെ ഇന്ത്യൻ മുസ്‌ലിം ലീഗ് കൗൺസിൽ കൂടി തീരുമാനിക്കണമെന്നും തീരുമാനമെടുത്ത വിവരം മുൻ പേജുകളിൽ വിവരിച്ചിട്ടുണ്ട്.

അത് പ്രകാരം, സ്വത്തുക്കൾ സംബന്ധമായ പരിശോധനകൾ ചെയ്ത കൗൺസിൽ സമ്മേളനം- മൊത്തം സ്വത്തിൽ ഇന്ത്യൻ മുസ്‌ലിം ലീഗിന് ലഭിക്കേണ്ട തുക ഏകദേശം പതിനേഴ് ലക്ഷം രൂപയെന്ന് മതിപ്പിട്ടു- ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിനു ചേരേണ്ട അവകാശതുക സ്വീകരിക്കുവാനുള്ള ശ്രമങ്ങൾ എടുക്കുവാനായി (ഭൂരിപക്ഷം പ്രതിനിധികളും അറിയിച്ച അഭിപ്രായ പ്രകാരം ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ പ്രതിനിധികളായി - ട്രസ്റ്റിമാരായി-

1. കെ.എം. സീതിസാഹിബ് (മലബാർ)
2. ഹാജി അസൻ ആലി പി. ഇബ്‌റാഹീം (ബോംബെ)
3. ഹിദായത്ത് ആലി സാഹിബ് (മദ്ധ്യപ്രദേശ്)

എന്നീ മൂന്നുപേരെ തെരഞ്ഞെടുത്തു. ഇങ്ങനെ ട്രസ്റ്റിമാരെ തെരഞ്ഞെടുത്തെങ്കിലും ഖായിതെ മില്ലത്ത് അവർകളുടെ അഭിപ്രായം മറ്റൊരു വിധത്തിലായിരുന്നു.

അഖിലേന്ത്യാ മുസ്‌ലിം ലീഗിന്റെ സ്വത്തിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന് ചേരേണ്ട ഓഹരി പണം സ്വീകരിക്കുന്നതിനെക്കുറിച്ച് ഖായിതെ മില്ലത്ത് അവർകളുടെ അഭിപ്രായം തീർത്തും വ്യത്യസ്തമായിരുന്നു.

ഭൂരിഭാഗം കൗൺസിൽ പ്രതിനിധികളുടെ അഭിപ്രായ പ്രകാരം അഖിലേന്ത്യാ മുസ്‌ലിം ലീഗിന്റെ സ്വത്ത് സംബന്ധമായ തീർപ്പിന് മുറപ്രകാരം മൂന്ന ട്രസ്റ്റിമാരെ തെരഞ്ഞെടുത്തപ്പോഴും ആ മൂവർ സംഘം പാക്കിസ്ഥാനിലേക്ക് പോകുന്നതിനെയോ, പാക്കിസ്ഥാൻ മുസ്‌ലിം ലീഗ് നിയമിച്ച ട്രസ്റ്റിമാരുമായി ബന്ധപ്പെടുന്നതിനെയോ ഖായിതെ മില്ലത്ത് ആഗ്രഹിച്ചിരുന്നില്ല. എന്ന് മനസ്സിലാക്കാനായി.

അതിനാൽ, ആ സംഘത്തെ തെരഞ്ഞെടുത്തതോടെ ശരി; അത് യാതൊരു വിധത്തിലും പ്രവർത്തിച്ചിരുന്നില്ല എന്നത് എടുത്ത പറയേണ്ട കാര്യമാണ്.

നമുക്ക് അർഹതപ്പെട്ട പണം, അയൽ നാട്ടിൽ മുടങ്ങിക്കിടക്കുന്ന- ഹബീബ് ബാങ്കിൽ ലക്ഷോപലക്ഷം രൂപ!

Downloaded from www.gracebooks.in

നമുക്ക് വരേണ്ട പണം, നമുക്കവകാശപ്പെട്ട പണം കുമിഞ്ഞുകൂടിക്കുന്നത് തരുന്നതിന് അവർ തയ്യാറായിരിക്കുന്നു!

വാങ്ങിവരാമല്ലോ! മാതൃസഭാ നടപടികൾ വേഗത്തിലാക്കാമല്ലോ! മറ്റുള്ള അഖിലേന്ത്യാ പാർട്ടികളെല്ലാം വിഭജിച്ചതു പോലെ തന്നെയല്ലെ നമ്മളും വിഭജിച്ച്, നമുക്ക് നിയമപ്രകാരവും അവകാശവുമായി ലഭിക്കേണ്ട പണത്തെ ഭാഗിച്ച്- കൈപ്പറ്റുന്നതിൽ എന്താണ് തെറ്റ്? എന്തു കുറ്റവും കുറവുമാണ് പറയാനാവുക?

ഇങ്ങനെയൊക്കെ ചിലർ ഭവ്യതയോടെ എടുത്തു പറഞ്ഞ് നിർബന്ധിച്ചു.

ഇവയൊക്കെ ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്ന ഖായിതെ മില്ലത്ത് അവർകൾ-

'നമ്മുടെ പണം- നമുക്ക് കിട്ടേണ്ട പണം- അവരും തരാമെന്ന് സമ്മതിച്ച പണം- നമ്മുടെ ജനങ്ങൾ വാരിത്തന്ന പണം- നമ്മുടെ പങ്ക് പണം- നിയമപ്രകാരവും നമുക്ക് അവകാശപ്പെട്ട പണം- എന്നതൊക്കെ നിരസിക്കാൻ പറ്റാത്ത സത്യം തന്നെ; ശരിയായതുതന്നെ; സംശയമില്ല'

'എന്നാൽ ആ പണം ഇട്ടിരിക്കുന്ന 'ദില്ലി ഹബീബ് ബേങ്ക് പാക്കിസ്ഥാനിലേക്കല്ലേ 'ഷിഫ്റ്റ് 'ആയിരിക്കുന്നത്! അടുത്ത നാട്ടിൽ- അന്യ നാട്ടിൽ മറ്റൊരു നാട്ടിൽ അല്ലെ ആ ബേങ്കും പണവും ഇരിക്കുന്നത്.!'

'നമുക്കവകാശപ്പെട്ട പണമായിരുന്നാലും ഇപ്പോൾ ആ പണം അടുത്ത നാട്ടിൽ അന്യ നാട്ടിൽ അല്ല ഇരിക്കുന്നത്! അവിടെ നിന്ന് ആ വേറെ നാട്ടിൽ നിന്ന് വരുന്നത് ഒരു പൈസയായാലും അത്, സമുദായത്തെ കറപുരളിക്കാൻ, കളങ്കപ്പെടുത്താൻ ചില വിഷവിത്തുകൾക്ക് അത് ഒരു കരുവായിത്തീരും!

'മാനം മര്യാദയുള്ള നമ്മുടെ സമുദായം വിദ്വേഷികളുടെ വിദ്വേഷത്തിന് ഒരു കാരണവശാലും ഒരിക്കലും അനുവവദിക്കാനാവില്ല! ആ പണത്തെ നമ്മൾ സ്വീകരിക്കുവാൻ പാടില്ല'

'സംഘടനയെ മുന്നോട്ടു നയിക്കാൻ പണബലം ആവശ്യമല്ലേ? എന്നു ചോദിച്ചേക്കാം, ആവശ്യമാണ്!

'അതിനേക്കാളെല്ലാം ഉപരി അല്ലാഹുവിന്റെ അളവില്ലാത്ത സമ്മാനങ്ങൾ വറ്റാത്ത ഉറവപോലെ നമ്മൾക്ക് സഹായമാകും!'

'ആ കരുണാമയിയുടെ നേർക്ക് ഇരു കരങ്ങളും! വാരിവാരിത്തരുന്ന കരുണാമയനാണവൻ! നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞ് കനിഞ്ഞുനൽകുന്ന കരുണാമയൻ!'

'സമുദായം അല്ലാഹുവിന്റെ കൃപയാൽ നമ്മെ വിശ്വസിച്ച് പിൻതുണയ്ക്കാൻ ഒരിക്കലും മടിച്ചിട്ടില്ല!'

:'അതിനാൽ, നമുക്കവകാശപ്പെട്ട പങ്ക് പണത്തെ അടുത്ത നാട്ടിൽ നിന്ന് സ്വീകരിക്കുന്നതിനെക്കുറിച്ച് നമ്മൾ ചിന്തിക്കുകപോലും വേണ്ട'

'പണബലം നമ്മൾക്കില്ലെങ്കിലും അല്ലാഹു, നമുക്ക്, അവന്റെ കൃപയാൽ

Downloaded from www.gracebooks.in

മനോബലത്തെ നൽകിയിരിക്കുന്നു! അല്ലാഹുവിന്റെ കൃപാകടാക്ഷത്തിൽ നമുക്ക് വിശ്വാസമർപ്പിക്കാം! ജോലി തുടങ്ങാം!

തുടങ്ങിയ അഭിപ്രായങ്ങളാൽ എല്ലോവരേയും ആശ്വസിപ്പിച്ച്, അവരുടെ ഭയങ്ങളെയൊക്കെ അകറ്റി, ഖായിതെ മില്ലത്ത് അവർകൾ തൃപ്തിപ്പെടുത്തി.

അടുത്ത നാടിനോട് ബന്ധപ്പെടുത്തി സമുദായത്തിനു മേൽ വിദ്വേഷങ്ങൾ വാരിവിതറുന്ന ദുഃഖം അണുവിട പോലും ഏൽപ്പെടുത്തിക്കൂടാ, എന്ന ലക്ഷ്യത്തോടെയാണ് ന്യായമായി ലഭിക്കേണ്ട പണം പോലും സ്വീകരിക്കുവാൻ ഖായിതെ മില്ലത്ത് ഒരുക്കമില്ലാതിരുന്നത് എന്ന് വ്യക്തമായി മനസ്സിലാക്കാനായി.

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന് പാക്കിസ്ഥാൻ മുസ്‌ലിം ലീഗിൽ നിന്നും ലഭിക്കേണ്ട പതിനേഴ് ലക്ഷം രൂപ പങ്ക് പണത്തേയും 'ഡോൺ' പത്രത്തിന്റെ സ്വത്തിൽ നിന്ന് ലഭിക്കേണ്ട തുക മുതലായവ നിയമപ്രകാരം വാങ്ങിത്തരുന്നതിനുള്ള സകല ഏർപ്പാടുകളും ചെയ്ത സഹായിക്കുന്നതാണെന്ന് അപ്പപ്പോൾ ഇന്ത്യയുടെ ഗവർണർ ജനറൽ പദവിയിലിരുന്ന രാജാജി അവർകൾ, ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകളോട് സ്വയം മുന്നോട്ടുവന്ന് അറിയിച്ചപ്പോഴും-

'ആ പണം ആവശ്യമില്ല; ആ പണം സ്വീകരിക്കുവാൻ ഞങ്ങൾ ഒരിക്കലും ആഗ്രഹിക്കുന്നില്ല'

എന്ന, ഖായിതെ മില്ലത്തിന്റെ വാക്കുകൾ കേട്ട രാജഗോപാലാചാരി-

'നിങ്ങൾക്കവകാശപ്പെട്ട പണമാണത്; നിങ്ങൾ ഒരു പരിശ്രമവും ചെയ്യണ്ട. ഞാൻ തന്നെ എല്ലാ ഏർപ്പാടുകളും ചെയ്ത് ആ പണം വാങ്ങിത്തരാൻ ശ്രമിക്കാം!'

എന്ന് വളരെ സ്നേഹത്തോടെ പറഞ്ഞപ്പോഴും-

'ഞങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നവരാണ്; അവന്റെ അളവില്ലാത്ത കരുണ ഞങ്ങളെ വഴിനടത്തും. ആ പണം ഞങ്ങൾക്ക് അവകാശപ്പെട്ടതാണെങ്കിലും അന്യ നാട്ടിൽ നിന്ന് ഒരു പൈസ പോലും വാങ്ങുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല'

എന്നു മറുപടി പറഞ്ഞ്, രാജാജിയുടെ സഹായത്തേയും പ്രവർത്തിയേയും നിരാകരിച്ചു.

മുസ്‌ലിം ലീഗ്- വർഗീയ കക്ഷി, മത സംഘടന- മുസ്‌ലിംകൾക്കു വേണ്ടിമാത്രം പാടുപെടുന്ന കക്ഷി- അതിന്റെ ലക്ഷ്യവും പോക്കും ചിന്തയും പ്രവർത്തിയും ദീർഘദൃഷ്ടിയോടുകൂടിയുള്ളതല്ല എന്നൊക്കെ ചില തൽപര കക്ഷികൾ ഇടയ്ക്കിടയ്ക്ക് ഒറ്റപ്പെടുത്തുകയും ദുഷിക്കുകയും ചെയ്തുകൊണ്ടിരുന്നു.

പ്രത്യേകിച്ച്, മുസ്‌ലിം ലീഗിന്റെ പിൻതുണ തങ്ങൾക്ക് ലഭിക്കില്ലെന്നായപ്പോൾ- പ്രബല കക്ഷികൾക്ക് 'ഏണിയായി' ഉപയോഗിക്കുവാൻ കിട്ടാതായപ്പോൾ- ന്യൂനപക്ഷക്കാരിൽ പ്രാധാന്യത്തോടെ വിളങ്ങുന്ന മുസ്‌ലിംകൾ തങ്ങൾക്ക് സമൂഹ നീതി, രാഷ്ട്രീയ ന്യായങ്ങൾ ആവശ്യപ്പെടാൻ ശ്രമിക്കുമ്പോൾ രാഷ്ട്രീയ

Downloaded from www.gracebooks.in

സംഘടനാ നിയമം, ഉത്തരവാദം നൽകുന്ന അവകാശങ്ങളെയൊക്കെ ഉറപ്പാക്കുമ്പോൾ തങ്ങളുടെ പ്രത്യേക നന്മയെ തകർക്കുവാൻ കഠാര ഉയർത്തിവരാൻ തുനിയരുത് എന്ന് ശംഖനാദം മുഴക്കുമ്പോഴെല്ലാം മുസ്‌ലിംകൾക്ക് എതിരായിട്ടുള്ള പ്രചാരണങ്ങൾ, അപവാദങ്ങൾ ഒക്കെ പ്രചരിപ്പിക്കുന്നത് നാട്ടിലെ ജനങ്ങൾ കണ്ടും കേട്ടും തന്നെയാണിരുന്നത്.

അവരെ പിൻതുണച്ചാൽ- സിംഹാസനത്തിൽ ഇരിക്കാൻ, അധികാരസുഖം അനുഭവിക്കുവാൻ സഹായിച്ചാൽ 'മുസ്‌ലിം ലീഗ് ദേശീയ പാർട്ടി- പുരോഗമനാശയമുള്ള സംഘടന- വർഗ്ഗീയതയില്ലാത്ത സംഘടന' എന്നിങ്ങനെ 'ആലപി'ക്കുകയും പ്രശംസിക്കുകയും ചെയ്യുന്നത് ചില പ്രാദേശിക പാർട്ടിക്കാരുടെ വിനോദമാണെന്ന കാര്യം രാഷ്ട്രീയ നിരീക്ഷകർ അറിഞ്ഞുകൊണ്ടിരുന്നു.

രാജ്യം, അന്ന് സ്വാതന്ത്ര്യം നേടിയ ചുറ്റുപാടിൽ, അധികാരം കൈക്കു വന്നിരിക്കുന്നു എന്ന അഹങ്കാരത്തിൽ തിളച്ച ചിലർ പ്രതികാരം ചെയ്യുന്ന രീതിയിൽ മുസ്‌ലിം ലീഗിന് എതിരായി പ്രചരിപ്പിച്ച കുപ്രചരണങ്ങൾ ധാരാളം! അതിനാൽ വന്ന വിപരീതങ്ങൾ പറഞ്ഞറിയിക്കാനാവാത്തത്രയും!

രാഷ്ട്രീയ രീതിയിൽ മുസ്‌ലിംകൾക്ക് തലയുയർത്താനാകാതെ, അടക്കി ഒതുക്കണം എന്നതിൽ ദൃഢനിശ്ചയമെടുത്ത അവർ, പദ്ധതിയിട്ട്-

'മുസ്‌ലിം ലീഗ് വർഗീയ പാർട്ടിയാണ്- വിഭജന വാദത്തിൽ പിറന്ന സംഘടന- ദേശീയ വാദത്തിൽ നിന്നും ദീർഘദൂരം അകന്നുപോയിരിക്കുന്ന പാർട്ടിയാണ്.'

എന്ന മാത്രമല്ല-

'ജിന്നയുടെ പ്രേതമായും നിഴലായും നടമാടുന്ന ഇസ്മാഈൽ സാഹിബ് അവർകൾ ഉത്തരവാദിത്തം ഏറ്റെടുത്ത് നടത്തപ്പെടുന്ന മുസ്‌ലിം ലീഗ് ഇന്ത്യൻ തനിമയിൽ പ്രവർത്തിക്കില്ല. ആ സംഘടനയെ മുളയിലെ തന്നെ നുള്ളിയെറിയണം!

എന്ന് പലതരത്തിൽ പുലമ്പിയവരും, മണ്ണുവാരിയെറിഞ്ഞവരും രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഉണ്ടായിരുന്നു! മുസ്‌ലിം ലീഗിന്റെ ലക്ഷ്യയാത്രയിൽ ഞെരിഞ്ഞിൽ മുള്ളായി കിടന്നു!

'ഇത്തരം കിംവദന്തികളും പഴികളും പിത്തലാട്ട പ്രചാരണങ്ങളും അതിനെ തുടർന്ന്, ഭീഷണിയും മുസ്‌ലിം സമുദായത്തേയും അവരുടെ ജീവശ്വാസത്തിന്റെ ഉരുവമായ മുസ്‌ലിം ലീഗിനേയും ഇടവേളയില്ലാതെ, ഇടതടവില്ലാതെ ആക്രമിച്ചുകൊണ്ടിരുന്ന പ്രതിസന്ധിഘട്ടത്തിൽ ആണ് ഇന്ത്യാ രാജ്യം മാത്രമല്ല ലോകം മുഴുവൻ ആകാംക്ഷയോടെ കാത്തുകൊണ്ടിരുന്ന ഇന്ത്യൻ മുസ്‌ലിം ലീഗ് കൗൺസിൽ പ്രതിനിധികളുടെ സമ്മേളനം 1948 മാർച്ച് 10-ാം തിയ്യതി ചെന്നൈ രാജാജി ഹാളിൽ നടന്നു എന്ന കാര്യം മുൻ പേജുകളിൽ വായിച്ചിരിക്കുമല്ലോ!'

Downloaded from www.gracebooks.in

പതറിപ്പതുങ്ങി! നുറുങ്ങിച്ചിതറി!

സ്വതന്ത്ര ഇന്ത്യയിൽ മുസ്‌ലിം ലീഗ് തുടർന്നു പ്രവർത്തിക്കുവാൻ വഴിയൊരുക്കിയ കൗൺസിൽ സമ്മേളനം ആദ്യമായി നിറവേറ്റിയ തീരുമാനങ്ങൾ- മുസ്‌ലിം ലീഗിനെക്കുറിച്ച് ഇല്ലാകഥകൾ മെനഞ്ഞുണ്ടാക്കിയ 'അളിഞ്ഞ മനസ്സു'കാർ മുഖംമൂടിയണിഞ്ഞ് മൂലയിൽ കിടക്കേണ്ടിവന്നു. ആദ്യമായി നിറവേറ്റിയ തീരുമാനങ്ങളും വിവരങ്ങളും ചുവടെ ചേർക്കുന്നു.

നാടിന്റെ പല ഭാഗങ്ങളിലും തലയുയർത്തി ആടിയ വർഗ്ഗീയ ഭ്രാന്തിൽ നാടിന് തലകുനിക്കേണ്ടിയും ന്യൂനപക്ഷമായ മുസ്‌ലിംകൾക്ക് ഉടൽ, ഉടമ, ഉറവിട നാശങ്ങളും വീടുകളിൽ നിന്നും വിരട്ടിയോടിച്ച് പാതകളിലേക്ക് തള്ളപ്പെട്ടവർ, അഭയാർത്ഥികളായി അലയേണ്ടി വന്നതിനെക്കുറിച്ചും ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ ഈ കൗൺസിൽ സമ്മേളനം ഉൽകണ്ഠപ്പെട്ടതോടൊപ്പം ബാധിക്കപ്പെട്ട ജനങ്ങളുടെ പുനർ ജീവനത്തിന് ആവശ്യമായ സഹായങ്ങളും ചെയ്യുവാനായി ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഗവൺമെന്റിനെയും കേന്ദ്ര സർക്കാരിനെയും ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ കൗൺസിൽ സമ്മേളനം നിർബന്ധിച്ചു.

അന്യ വാഴ്ച വിട്ടകന്ന് രാജ്യം സ്വാതന്ത്ര്യം നേടി ജനകീയ സർക്കാർ വന്നിട്ടുള്ള ഇന്നത്തെ അവസ്ഥയിൽ ജനങ്ങളുടെ ജീവിതം സുഭിക്ഷവും സന്തോഷവും നിറഞ്ഞതാകാൻ രാജ്യത്തെ പലതരത്തിലുള്ള സമൂഹത്തിന്റെ പരിപൂർണ്ണ ഐക്യവും സാഹോദര്യബോധവും സ്നേഹവും മതസൗഹാർദ്ദവും നേടാൻ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് വളരെ കരുതലോടെയും ക്ഷമയോടെയും പാടുപെടാൻ മുന്നിൽ നിൽക്കും എന്ന ഉറച്ച വാശാനത്തോടൊപ്പം, നാടിന്റെ നന്മക്കും ജനങ്ങളുടെ നിർഭയമായ ജീവിതത്തിലും താൽപര്യമുള്ള എല്ലാ തരക്കാരും മുസ്‌ലിം ലീഗിന്റെ ഈ സൽപ്രവർത്തിയെ- ശ്രമത്തെ സസന്തോഷം സ്വീകരിച്ച് ഒരുമിച്ച് പ്രവർത്തിക്കുമെന്നും വിശ്വസിക്കുന്നു.

സമൂഹ ജനങ്ങൾക്കിടയിൽ നല്ല ബന്ധം നിലനിർത്തുന്നതിലും ഒത്തൊരുമാബോധം ഉണ്ടാക്കുന്നതിലും- നാട്ടിലെ ഇതര കക്ഷികളോടൊപ്പം സാധ്യമായ എല്ലാ കാര്യങ്ങളിലും മുസ്‌ലിം സമൂഹം ഒത്തൊരുമിച്ച് പ്രവർത്തിക്കണം എന്ന് ഈ കൗൺസിൽ സമ്മേളനം സമുദായത്തോടഭ്യർത്ഥിച്ചു.

സ്വാതന്ത്ര്യം നേടിയ ഇന്ത്യാ മഹാരാജ്യത്തിന്റെ ഉയർച്ചക്കും വിജയത്തിനും മറ്റു മുന്നേറ്റ നടപടികൾക്ക് സഹായമാകുന്ന ലക്ഷ്യത്തോടെ മുസ്‌ലിം ലീഗിന്റെ ഈ കൗൺസിൽ സമ്മേളനം താഴെ കാണുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നിർണ്ണയിച്ച് അംഗീകരിച്ച് പുറപ്പെടുവിക്കുന്നത്.

ഈ ഭൂമിയും അതിൽ അടങ്ങിയിട്ടുള്ളതെല്ലാം മനുഷ്യ കുലത്തിന് പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി ദൈവം വരദാനമായി നൽകിയതിനാൽ ഓരോ മനുഷ്യനും തനിക്കും തന്റെ കുടുംബത്തിനും തന്റെ സഹായത്തെ, പിന്തുണയെ പ്രതീക്ഷിക്കുന്നവർക്കും ആവശ്യമായ ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയവ

Downloaded from www.gracebooks.in

നൽകി സന്തോഷത്തോടെ ജീവിക്കാൻ ദൈവം നൽകിയ വരദാനത്തെ പ്രയോജനപ്പെടുത്തുവാൻ പൂർണ്ണ അവകാശവും അവസരവും നേടണം.

അതിനാൽ, നാടിന്റെ ഉൽപത്തിയിലും വിനിയോഗത്തിലും താഴെ കാണുന്ന നയങ്ങൾ, നെറിമുറകൾ അനുസരിക്കണം എന്ന് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് ആഗ്രഹിക്കുന്നു - അപേക്ഷിക്കുന്നു.

രാഷ്ട്രീയ രൂപീകരണ നിയമം രൂപം കൊള്ളുന്നതിനു മുൻപ് മുസ്ലിം ലീഗ് നിറവേറ്റിയ തീരുമാനങ്ങൾ, നാട്ടിലെ ജനങ്ങളുടെ അടിസ്ഥാന അവകാശങ്ങൾ; അവരുടെ പുരോഗതിക്കായുള്ള പദ്ധതികൾ- ആലോചനകൾ എത്രത്തോളം ദേശീയ തനിമയുള്ളവയായിരുന്നു- മുസ്ലിം ലീഗിന്റെ ദേശീയ വീക്ഷണം എത്ര വിശാലമായിരുന്നു എന്നതിന് താഴെ കാണുന്ന പദ്ധതികൾ കണ്ണുള്ളവർ കണ്ണുതുറന്ന് കാണട്ടെ.

ഓരോ ഇന്ത്യക്കാരനും ജോലി നൽകേണ്ട ഉത്തരവാദിത്തം ഗവൺമെന്റ് ഏറ്റെടുക്കണം.

രോഗാവസ്ഥ, ശാരീരിക ബലഹീനത, വാർദ്ധക്യം, ജോലിയില്ലായ്മ, മരണം തുടങ്ങിയവ നേരിടുമ്പോൾ അത്തരക്കാരുടെ സഹായത്തിന് ഇൻഷൂറൻസോ, അല്ലെങ്കിൽ ദുരിതാശ്വാസ നിധിയോ നൽകേണ്ടത് ഗവൺമെന്റിന്റെ കടമയാണ്.

ഈ ഇൻഷൂറൻസ് പദ്ധതിക്ക് അല്ലെങ്കിൽ നിധിയിലേക്ക് ജോലിക്കാരും ജോലി ചെയ്യിക്കുന്നവരും ഗവൺമെന്റും പണം അടയ്ക്കണം. ജനങ്ങൾ ചൂഷണം ചെയ്യപ്പെടും വിധത്തിൽ സ്വത്തന്വേഷണവും സമ്പാദ്യവും പാടേയുണ്ടാവരുത്.

ജനങ്ങളുടെ ജീവിതത്തെ പാടെ തകർക്കുന്ന 'പലിശ' യാതൊരു വിധത്തിലും ഏതൊന്നിലും അനുവദിക്കരുത്. പലിശ വാങ്ങുന്നത് ഗവൺമെന്റ് നിരോധിക്കണം.

സ്വത്തവകാശം സർക്കാർ അംഗീകരിക്കണം. എന്നാൽ സ്വത്തിന്റെ സ്വന്തക്കാർ- അവകാശി സ്വത്തിന് 'ധർമ്മ കർത്താക്കൾ' പോലെയായിരിക്കണം.

ഈ പദ്ധതികളിൽ ഒരു സ്ഥലത്ത് പോലും മുസ്ലിംകൾക്കായി മുസ്ലിംകളുടെ നന്മക്കായി, അഭിവൃദ്ധിക്കായി എന്ന് പറഞ്ഞിട്ടില്ലെന്നും നാടിന്റെ നന്മയേയും എല്ലാ സമുദായക്കാരുടേയും നല്ല ജീവിതവും മാത്രമാണ് ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളത് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്.

വർഗ്ഗീയ സംഘടനയെന്ന് മുസ്ലിം ലീഗിനെ 'നാക്കിന് എല്ലില്ലാതെ സംസാരിച്ചവർക്ക് ചിന്തിക്കുവാൻ ഇതാ ഇനിയും ചിലത്.

മദ്യം, ചൂതാട്ടം അങ്ങനെ എല്ലാ പന്തയങ്ങളേയും ജനങ്ങളുടെ നന്മയെ കരുതി ഗവൺമെന്റ് നിരോധിക്കണം.

മദ്യ ഉൽപാദനം, വിൽപന, ചൂതാട്ടം, മറ്റ പന്തയങ്ങൾ മറ്റും ജനങ്ങളെ ചൂഷണം ചെയ്യുന്ന പ്രവർത്തികൾ മൂലം സമ്പാദിക്കുന്നതിനെ ഗവൺമെന്റ് നിരോധിക്കണം.

Downloaded from www.gracebooks.in

ഇത്തരം കുറ്റ കൃത്യങ്ങൾ ചെയ്യുന്നവരെ ശിക്ഷിക്കുകയും അങ്ങനെ സമ്പാദിക്കുന്ന സമ്പാദ്യങ്ങൾ ഗവൺമെന്റ് കണ്ടുകെട്ടുകയും ചെയ്യണം.

നാട്ടിന്റെ ഭൂപരപ്പും മലനിലങ്ങളും സർക്കാർ വസ്തുക്കളും എന്നും ഗവൺമെന്റിന് സ്വന്തമായിരിക്കും.

എന്നാൽ, സംബന്ധപ്പെട്ട ഭൂമി ആരുടെ ഉത്തരവാദത്തിലാണോ ഉള്ളത് അയാളിൽ നിന്നും ഭൂമി തട്ടിയെടുക്കാൻ പാടില്ല; അയാളുടെ സ്വന്തം വ്യവസായത്തിനും സ്വയം അദ്ധ്വാനത്തിനും അതുമൂലം ലഭിക്കുന്ന പ്രയോജനത്തിനും മാത്രം ആ ഭൂമി അയാൾ ഉപയോഗിക്കുവാൻ സമ്മതിക്കണം.

സ്വർണ്ണം, കൽക്കരി, ലോഹങ്ങൾ ഇല ലഭിക്കുന്ന സ്ഥലത്തിന്റെ ഉടമയ്ക്ക് ആ വസ്തുക്കളുടെ പങ്കുപറ്റാൻ അവകാശം ഉണ്ടായിക്കൂടാ. അത്തരം ഖനികളും ലോഹങ്ങളും ഗവൺമെന്റിന് സ്വന്തമായിരിക്കണം.

ഭൂമി ഉണ്ടായിട്ടും ഉഴത് കൃഷി ചെയ്യാൻ പറ്റാത്ത ആൾ, അത് ഉഴത് കൃഷി ചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് 'വാടകയ്ക്ക്' നൽകണം. അവർ മതിയായ ഭൂനികുതി കൊടുക്കുകയും വേണം.

വരൾച്ച മൂലമോ, പ്രകൃതിക്ഷോഭം മൂലമോ കൃഷി നശിച്ചാൽ ധനസഹായം നൽകണം.

രാജ്യത്തുള്ള എല്ലാ റെയിൽവേകളും പ്രത്യേകം പ്രത്യേകം ഭരണത്തിൻ കീഴിൽ പ്രവർത്തിച്ചുവന്നു. പ്രത്യേകിച്ച്, എസ്.ഐ.ആർ (Southern Indian Railway) ചെന്നൈയിൽ എം.എസ്.എം റെയിൽവേ (Madrass Southern Maratta Railway) തുടങ്ങിയവ- ഇങ്ങനെ നാടു മുഴുവൻ റെയിൽവേകൾ പ്രത്യേകം പ്രത്യേകം കമ്പനികളായി പ്രവർത്തിച്ചുവന്നു എന്നത് എടുത്തു പറയേണ്ടതാണ്. മാത്രമല്ല,

വിമാന സർവ്വീസ്, കമ്പിതപ്പാൽ, ജലസേചനം, വൈദ്യുതി, റോഡുകൾ, ഖനികൾ ഒക്കെയും ദേശീയ വത്കരിച്ച് ഗവൺമെന്റിനവകാശപ്പെട്ട സ്വത്താക്കണം.

നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം ഗവൺമെന്റ് സൗജന്യമായി നൽകണം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും വേണ്ടുന്ന സഹായങ്ങൾ സർക്കാർ ചെയ്യണം.

വയോധിക വിദ്യാഭ്യാസത്തിന് വേണ്ട ഏർപ്പാടുകൾ ചെയ്ത് സാക്ഷരത ഉറപ്പാക്കണം.

പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ആശുപത്രികൾ ഉൾപ്പെടെ സൗജന്യ ആതുരാലയങ്ങൾ ഏർപ്പെടുത്തണം.

സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന കുട്ടികൾക്ക് അപ്പപ്പോൾ വൈദ്യ പരിശോധനയും സൗജന്യ 'എക്സ്റേ' പരിശോധനകളും നടത്തണം.

സ്വാതന്ത്ര്യം നേടിയ ഇന്ത്യയുടെ ഭാവികാലം എങ്ങനെയായിരിക്കണം? ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താൻ എന്താണ് വഴി? ഗവൺമെന്റിന്റെ

Downloaded from www.gracebooks.in

പ്രവർത്തികൾ എങ്ങനെയായിരിക്കണം? എന്നതിനെയൊക്കെ കുറിച്ച് ഈ നാട്ടിലെ ചിന്തകരോ, രാഷ്ട്രീയ പാർട്ടിക്കാരോ, അവയുടെ നേതാക്കന്മാരോ ചിന്തിക്കുക കൂടി ചെയ്യാത്ത നേരത്ത് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് മുകളിൽ പ്രസ്താവിച്ച പ്രായോഗിക പദ്ധതികളെ, നാടിന്റെ നന്മ, ജനങ്ങളുടെ ക്ഷേമം എന്നിവ കരുതി കെട്ടിപ്പടുത്ത പെരുമ നിറഞ്ഞ സംഘടനയാണ് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ്.

ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ ദീർഘവീക്ഷണവും ദേശ ചിന്തയും ഓരോ വാക്കുകളിലും തിളങ്ങുന്നത് കാണാം.

ഇങ്ങനെ നല്ല മനസ്സോടെ ഉന്നതമായ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിനെ ഭർസിക്കുവാൻ തുനിയുന്നവർ, സത്യത്തിൽ അന്ധന്മാർ മാത്രമല്ല, ദുഷ് ചിന്തകളുള്ളവരും ആണെന്നതിൽ സംശയമില്ല.

മുസ്ലിം ലീഗ് കൗൺസിൽ സമ്മേളനം- ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് രൂപീകരണ സമ്മേളനം എടുത്ത മറ്റ തീരുമാനങ്ങൾ ശ്രദ്ധിക്കാം.

പള്ളികൾ- ദർഗ്ഗകൾ

രാജ്യം സ്വാതന്ത്ര്യം നേടിയതിനെത്തുടർന്ന്, രാജ്യം മുഴുവൻ നടന്ന വർക്ഷീയ കലാപങ്ങളാൽ സംഭവിച്ച ജീവനാശങ്ങൾ, വാസസ്ഥല നഷ്ടങ്ങൾ പിന്നെ പ്രാർത്ഥനാലയങ്ങളായ പള്ളികൾ, മദ്രസ്സകൾ, ദർഗ്ഗകൾ തുടങ്ങിയവയ്ക്ക് ഏർപ്പെടുത്തപ്പെട്ട അപമര്യാദകളെയൊക്കെ ഗാഢമായി പരിശോധിച്ച് മുസ്ലിം ലീഗ് കൗൺസിൽ സമ്മേളനം ശോകമൂകമാവുകയും ഇത്തരം മനുഷ്യവിരോധ പ്രവർത്തികൾ മൂലം പലതരത്തിലും ബാധിക്കപ്പെട്ട ജനങ്ങളുടെ മനോദുഃഖത്തിൽ ഈ കൗൺസിൽ സമ്മേളനം പങ്കുചേരുകയും അവരുടെ ബന്ധുക്കളെ അനുശോചനം അറിയിക്കുകയും ചെയ്തു.

യാതൊരു കാരണങ്ങളും ഇല്ലാതെ 1947 ആഗസ്ത് 15നു ശേഷം രാജ്യത്തെ പല സംസ്ഥാനങ്ങളിലും മുസ്ലിംകൾ- അനാവശ്യമായി അറസ്റ്റു ചെയ്യപ്പെടുന്നതിനേയും, ജയിലിലടക്കപ്പെടുന്നതിനേയും വീടുകൾ, പള്ളികൾ, മറ്റ പുണ്യ സ്ഥലങ്ങൾ ഒക്കെ പരിശോധിക്കപ്പെടുന്നതിനേയും മുസ്ലിം ലീഗ് പ്രവർത്തകർ, മുൻ നേതാക്കന്മാർ ഇവർക്കൊക്കെ എതിരെ നടപടികൾ എടുക്കുന്നതിനേയും കൗൺസിൽ അംഗങ്ങളെ വേദനിപ്പിക്കുകയും ഉൽക്കണ്ഠാകുലരാക്കുകയും ചെയ്തു.

കൃത്യച്ചാർത്തുകൾ ഏതും ഇല്ലാത്ത നിലയിൽ അന്വേഷണങ്ങൾ ഒന്നും ഇല്ലാതെ മുസ്ലിം ലീഗ് പ്രവർത്തകരേയും ഉന്നതൻമാരേയും ഉൾപ്പെടുത്തുന്നതിൽ ഭയവും ഭീതിയും പടർന്നു

അതിനാൽ, ജയിലിലടക്കപ്പെട്ട എല്ലാവരേയും ഉടനെ മോചിപ്പിക്കണമെന്ന് കേന്ദ്ര, സംസ്ഥാന സർക്കാരുകളോട് ഈ കൗൺസിൽ സമ്മേളനം അപേക്ഷിക്കുന്നു.

Downloaded from www.gracebooks.in

സമുദായ സേവയ്ക്കായും സമാധാനത്തിനായും നിയമപരമായി പാടുപെടുന്ന സംഘടനയായി മുസ്‌ലിം ലീഗ് ദേശീയ കാവൽക്കാർ- (Muslim League National Guards) പ്രവർത്തിച്ചുവന്നിരുന്നു.

ഈ സംഘടനയെ വളർത്തി അഭിനന്ദിക്കത്തക്കവിധത്തിൽ പ്രവർത്തിച്ചു വന്നിട്ടുള്ളത് സത്യമായിരുന്നു. കേന്ദ്രസർക്കാർ മുസ്‌ലിം ലീഗ് കാവൽക്കാരെ നിരോധിച്ചത് - തടവിലാക്കിയത്- അനാവശ്യവും അന്യായവുമാണെന്ന് ഈ കൗൺസിൽ സമ്മേളനം അഭിപ്രായമറിയിക്കുന്നു.

അതേസമയം ഇന്ത്യൻ യൂനിയൻ മുസ്‌ലിം ലീഗ് കൺവീനർ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾ മുസ്‌ലിം ലീഗ് കാവൽപടയെ പിരിച്ചുവിടുന്നതായി അറിയിച്ചതിനെ ഈ കൗൺസിൽ സമ്മേളനം അംഗീകരിച്ച് ഉറപ്പുവരുത്തുന്നു.

ഗാന്ധിജിയുടെ മരണത്തിൽ അനുശോചനം

മുസ്‌ലിം ലീഗ് കൗൺസിൽ സമ്മേളനം തുടങ്ങിയതും ആദ്യം ഗാന്ധിജിയുടെ മരണത്തിൽ അനുശോചനം രേഖപ്പെടുത്തിയ തീരുമാനത്തിൽ-

'ഒരു വർഗ്ഗീയ വാദി ഭ്രാന്തനാൽ (നാഥുറാം വിനായക് ഗോഡ്സേ) ഗാന്ധിജി മൃഗീയമായി വധിക്കപ്പെട്ടതിനെക്കുറിച്ച് ഈ കൗൺസിൽ സമ്മേളനം അതിയായി ദുഃഖിക്കുകയും വേദനിക്കുകയും ചെയ്യുന്നു.'

അതിയായ ഉൽസാഹത്തോടെ, ഇന്ത്യാ മഹാരാജ്യത്ത് മതസൗഹാർദ്ദത്തിനും സമാധാനത്തിനും ശാന്തിക്കും വേണ്ടി പാടുപെട്ടുവന്ന ആ മഹാ പുരുഷനെ ചില ക്രൂരന്മാർ ഈ രാജ്യത്തുനിന്നും അകറ്റിയിരിക്കുന്നു. അദ്ദേഹത്തിന്റെ സ്മൃതി നിലനിർത്തുന്നതിനും എല്ലാ ജനങ്ങളുടേയും സമാധാനത്തിനും സാഹോദര്യവും ഒത്തൊരുമയും ഏർപ്പെടുത്തുവാൻ ദൃഢനിശ്ചയത്തോടെ പരിശ്രമിക്കുവാനായി രാജ്യത്തുള്ള മുസ്‌ലിംകളോടും മറ്റു മതത്തിലെ ജനങ്ങളോടും ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ ഈ കൗൺസിൽ അപേക്ഷിക്കുന്നു.

ഇന്ത്യൻ മുസ്‌ലിം സമുദായത്തിന്റെ ജീവിതത്തോടു മാത്രമല്ല, അവർ തങ്ങളുടെ വികാരങ്ങളോടും രക്തത്തോടും എന്തിന്; ഉയിരോടും കലർന്ന ചരിത്ര സംഭവമായ മുസ്‌ലിം ലീഗ്, സ്വാതന്ത്ര്യം നേടിയ സ്വതന്ത്ര ഇന്ത്യയിൽ നില നിന്ന് പ്രവർത്തിക്കും എന്ന് മുസ്‌ലിം ലീഗ് കൗൺസിൽ സമ്മേളനം എടുത്ത തീരുമാനങ്ങൾ: ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് ജനാബ് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകളെ നേതാവായി ഐക്യകണ്ഠ്യേന തെരഞ്ഞെടുത്തത് സ്വർണ്ണ ലിപികളാൽ കുറിക്കപ്പെടേണ്ടതാണ്!

രാഷ്ട്രീയ മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോകാനിരുന്ന മുസ്‌ലിം സമുദായത്തിന് ദൃഢമായ ഊന്ന് വടിയായി മുസ്‌ലിം ലീഗ് തലയുയർത്തി നിവർന്നു നിന്നത് കണ്ട് സമുദായ ജനങ്ങൾ ദീർഘനിശ്വാസമുതിർത്തു!

ചെന്നൈയിൽ മുഴങ്ങിയ സമുദായ ശംഖുനാദം, തളർന്നു ചുരുണ്ടു കിടന്ന സമുദായ ജനതയെ സിംഹങ്ങളായി ഉയിർത്തെഴുന്നേൽപിച്ചു!

Downloaded from www.gracebooks.in

ദിക്കറിയാതെ, എന്തു ചെയ്യണമെന്നറിയാതെ, പോകാനുള്ള വഴിയറിയാതെ വിഷമിച്ചുകൊണ്ടിരുന്ന കോടാനു കോടി സമുദായ, സാധാരണക്കാരായ ജനങ്ങൾ വഴികാട്ടുന്ന, വെളിച്ചമേകുന്ന ദീപമായും വിശ്വാസ നക്ഷത്രമായും മാനത്തുദിച്ച 'ശുക്രനക്ഷത്രം' പോലെ മുസ്‌ലിം ലീഗ് രൂപംകൊണ്ടു പ്രവർത്തിക്കുവാൻ ആരംഭിച്ചിരിക്കുന്നു എന്ന് അറിഞ്ഞപ്പോൾ വീറും ധൈര്യവും കിട്ടി തലയുയർത്തി നിന്നു.

ബുദ്ധിപരമായ രാഷ്ട്രീയ അവബോധം!

ഖായിതെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകളുടെ അറിവു പൂർണ്ണമായ പ്രവർത്തികളും നാടിന്റെ നന്മയെ സമുദായ മുന്നേറ്റത്തെ പ്രധാനമാക്കിക്കൊണ്ട്, അദ്ദേഹം വെളിപ്പെടുത്തിയ ആരോഗ്യപരമായ രാഷ്ട്രീയ അഭിപ്രായങ്ങൾ എത്രത്തോളം മുസ്‌ലിംകളുടെ ബഹുമാനത്തേയും മര്യാദയേയും ഉയർത്തിയെന്നതിനെക്കുറിച്ച്, ജെ.പി.പി. മോറെ എഴുതിയ 'മുസ്‌ലിംകളുടെ രാഷ്ട്രീയ പരിണാമ വളർച്ച' എന്ന പുസ്തകത്തിൽ ഇങ്ങനെ പറയുന്നു;

'മുഹമ്മദ് ഇസ്മാഈൽ' തന്റെ അറിയിപ്പുകൾ മൂലവും പ്രവർത്തികളാലും ശാന്തമായി മുസ്‌ലിംകളെ പ്രത്യേകിച്ച് തെന്നിന്ത്യൻ മുസ്‌ലിംകളെ പുതിയ നിലയ്ക്ക് അനുസരിച്ച് തങ്ങളെ മാറ്റിമറിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. മറ്റു പല മുസ്‌ലിം നേതാക്കന്മാരേയും പോലെയല്ലാതെ അദ്ദേഹം, കഴിഞ്ഞ കാലത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുന്നതിൽ ഫലമില്ലെന്ന് ഏറെക്കുറെ മനസ്സിലാക്കിയിരുന്നു. പുതിയ രാഷ്ട്രീയ ചുറ്റുപാടിൽ മതിപ്പു നഷ്ടപ്പെടാതെ പ്രബലമായി പങ്കെടുക്കുന്നതിനുള്ള വഴി കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

'ബുദ്ധിപരമായ രാഷ്ട്രീയാവബോധം ഉള്ള മുഹമ്മദ് ഇസ്മാഈൽ അതു തന്നെയാണ് ചെയ്തത്. തമിഴ്നാട്ടിലേയും തെന്നിന്ത്യൻ നാട്ടിലേയും മുസ്‌ലിംകളുടെ പ്രബലനായ നേതാവായും അദ്ദേഹത്തിന് തന്നെ കാണിച്ചുകൊടുക്കുവാൻ ഇത് ഉപകരിച്ചു.'

'പുതിയ അവസ്ഥയ്ക്കനുസരിച്ച് മാറുന്ന ഇസ്മാഈലിന്റെയും ലീഗിന്റെയും ഈ പോക്ക് ബലഹീനവും ഒതുങ്ങിപ്പോകുന്നതായും തോന്നിയേക്കാം. എന്നാൽ രാജ്യ വിഭജനം എന്ന വലിയ കൊടുംങ്കാറ്റിനു ശേഷം ഒരു പ്രതികൂലാവസ്ഥയുണ്ടാവുകയും ശക്തിയോടെ തങ്ങൾ തിരിച്ചുവരാനുള്ള സാവകാശം ലഭിക്കുവാനും അവർക്ക് മറ്റു വഴികളൊന്നും ഇല്ല.

'തന്റെ സന്നദ്ധ സേവകർ മൂലവും സഹായികൾ മൂലവും ഖായിതെ മില്ലത്ത് (സമൂഹ വഴികാട്ടി) എന്ന് അറിയപ്പെട്ട മുഹമ്മദ് ഇസ്മാഈൽ ധൈര്യത്തോടെ ഉൽക്കണ്ഠയില്ലാതെ ഇന്ത്യൻ മുസ്‌ലിംകളുടെ ഭാവിയെക്കുറിച്ചുള്ള വിശ്വാസത്തോടെയും സംസാരിച്ചു. എന്നാൽ, വേറെ പല പ്രബല മുസ്‌ലിംകൾ ഇന്ത്യൻ മുസ്‌ലിംകളുടെ ഭാവിയെക്കുറിച്ച പ്രശ്നത്തിൽ എവിടെയോ, ഏതോ തെറ്റ് സംഭവിച്ചിരിക്കുന്നു എന്നു വിചാരിച്ചു.'

'ബഷീർ അഹമ്മദ് സാഹിബിന് രാജ്യവിഭജനവും വിഭജനത്തിനു ശേഷം

Downloaded from www.gracebooks.in

ഉണ്ടായ സംഭവങ്ങളും വീണ്ടും പറയാൻ യോഗ്യതയില്ലാത്ത ഒരു ദുഃഖ കഥയായി തോന്നി.'

' 1973ൽ താൻ നൽകിയ അഭിമുഖത്തിൽ അബ്ദുൽ ലത്തീഫ് ഫാറൂഖി, നാട് വിഭജനത്തിലും അതിനു ശേഷമുള്ള കാലത്തും നടന്ന സംഭവങ്ങളെ നല്ല ലക്ഷ്യത്തോടെ ചെയ്യപ്പെട്ട ഒരു തെറ്റ് എന്ന് വർണ്ണിച്ചു.'

മിസ്റ്റർ മോറെ ചൂണ്ടിക്കാട്ടിയ ആ ഇരുവരും- അതായത് ജനാബ് ബഷീർ അഹമ്മദ് സയ്യിദ് 1973ൽ ചെന്നൈ രാജധാനി നിയമസഭയിലേക്കു നടന്ന പൊതു തെരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗിന്റെ സ്ഥാനാർത്ഥിയായി മത്സരിച്ച്, മുസ്‌ലിം ലീഗ് എം.എൽ.എയായി തെരഞ്ഞെടുക്കപ്പെട്ട്, മുസ്‌ലിം ലീഗിന്റെ പേരിൽ പദവി സുഖം അനുഭവിച്ചവരാണ് എന്നതും,

ജനാബ്, അബ്ദുൾ ലത്തീഫ് ഫാറൂഖി അവർകൾ ചെന്നൈ നിയമസഭാ സാമാചികനായി മുസ്‌ലിം ലീഗ് എം.എൽ.എമാരാൽ തെരഞ്ഞെടുക്കപ്പെട്ട് 1946 മുതൽ മുസ്‌ലിം ലീഗ് എം.എൽ.എയായി പദവി വഹിച്ച് മുസ്‌ലിം ലീഗിന്റെ പേരാൽ പദവിയെ രുചിച്ച് ആസ്വദിച്ച് സുഖിക്കുന്നവരാണ് എന്നതും ഓർമ്മിപ്പിച്ചു.

'എന്നാൽ, ഖായിതെ മില്ലത്ത് ഒരു ഉറച്ച മനുഷ്യനാണ്; സംഭവിച്ചതിനെക്കുറിച്ച് അദ്ദേഹം ഒരു നിമിഷം പോലും പശ്ചാത്തപിച്ചതായി അറിയില്ല. അതിനാൽ, അദ്ദേഹം വെവ്വേറെ ദിശകളിൽ നിന്നും കഠിനമായ എതിർപ്പുകളേയും മറികടന്ന്, തന്റെ വിശ്വസ്ഥരായ ചില സഹപ്രവർത്തകരുടെ സഹായത്തോടെ ഇന്ത്യയിൽ താമസിച്ച മുസ്‌ലിംകളെ ഒരുമിച്ചുകൂട്ടുന്നതിനായുള്ള ശ്രമങ്ങൾ ഗൗരവത്തോടെ ചെയ്തു (പേജ് 200,201)

ഇങ്ങനെ ഖായിതെ മില്ലത്ത് അവർകളുടെ തനിത്തൻമ, മിടുക്ക്, ദാക്ഷീണ്യം തുടങ്ങിയവയും അദ്ദേഹം സമ്പാദിച്ച രാഷ്ട്രീയ ജ്ഞാനം, മനോദൃഢത, ധൈര്യം ഇവയെ മുസ്‌ലിം അല്ലാത്ത ഒരാൾ, അതും ഫ്രാൻസുകാരനായ ജെ.പി. മോറെ എന്നയാൾ തന്റെ പുസ്തകത്തിൽ പ്രശംസിക്കുന്നു.'

മുസ്‌ലിം ലീഗിനും ഖായിതെ മില്ലത്ത് അവർകൾക്കും എതിരായി ഉപഭ്രഖണ്ഡത്തിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്ന അവസ്ഥയിൽ എല്ലാവരേയും അത്ഭുതപ്പെടുത്തിയ ഒരു വാർത്ത പത്രങ്ങൾ അലങ്കരിച്ചു.

ഈ അത്ഭുതത്തിനും വാർത്തയ്ക്കും കാരണം തിരുച്ചിയാണ്. ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ നേതാവായി തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് ജനാബ് എം. മുഹമ്മദ് ഇസ്മായീൽ സാഹിബ് അവർകൾക്ക് സ്വാഗതമാശംസിച്ച് അഭിനന്ദിക്കുന്നതിൽ തിരുച്ചി മുന്നോട്ടു വന്ന് അറിയിച്ചതാണ് ആ അത്ഭുത വാർത്ത.

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് മുറയായി രൂപീകരിക്കപ്പെട്ട്, ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകൾ നേതൃസ്ഥാനം ഏറ്റെടുത്ത് രണ്ടു ദിവസത്തിനകം തന്നെ തിരുച്ചി നഗര സഭാ സംഘ സമ്മേളനം നഗരസഭാ തെരഞ്ഞെടുപ്പി

Downloaded from www.gracebooks.in

ൽ, മുസ്‌ലിം ലീഗിന്റെ പിന്തുണയോടെ സ്വാതന്ത്ര സ്ഥാനാർത്ഥിയായി ജയിച്ച് നഗരസഭാ അദ്ധ്യക്ഷനായി സ്ഥാനക്കയറ്റം നേടിയ ഡോക്ടർ ഇ.പി. മധുരം അവർകളുടെ നേതൃത്വത്തിൽ ആണ് ഈ വരവേൽപ്പ് തീരുമാനം നടപ്പാക്കിയത്.

കോൺഗ്രസ്സ് അംഗങ്ങൾക്ക് ഭ്രരിപക്ഷമുള്ള തിരുച്ചി നഗരസഭ, തിരുച്ചി ജില്ലാ മുസ്‌ലിം ലീഗ് നേതാവും നഗരസഭാ മുസ്‌ലിം ലീഗ് അംഗവുമായ ജനാബ് പി.എച്ച്. മുഹമ്മദ് നസറുദ്ദീൻ സാഹിബ് കൊണ്ടുവരപ്പെട്ട ഈ തീരുമാനത്തെ എല്ലാ അംഗങ്ങളുടെയും മുഴുവൻ പിന്തുണയോടെ ഖായിതെ മില്ലത്ത് അവർകൾക്ക് വെള്ളിത്താലത്തിൽ വെച്ച് മംഗള പത്രം വായിച്ച് ആഘോഷിക്കുന്നതാണെന്ന് തീരുമാനമെടുത്തു.

കോൺഗ്രസ്സ് പാർട്ടിക്കാരായ കൗൺസിലർമാർ ഭ്രരിപക്ഷമുള്ള തിരുച്ചി നഗരസഭ- എല്ലാ കൗൺസിലർമാരുടേയും പൂർണ്ണ പിന്തുണയോടും ആദരവോടും നിറവേറ്റപ്പെട്ട ഈ തീരുമാനം രണ്ടു ഖദർ ധാരികളായ മുസ്‌ലിംകളെ രോഷാകുലരാക്കി.

'യജമാന' വിശ്വാസം കാട്ടുവാൻ ഇതാണ് ശരിയായ സന്ദർഭം എന്നു കരുതിയ- കുംഭകോണം ദേശീയ മുസ്‌ലിം മൗലാനാ ഹക്കീം അബ്ദുൽ ഹക്കീം എന്നവരുടെ മൂത്ത സഹോദരൻ ഹക്കീം അബ്ദുൽ കരീം എന്നയാൾ അറിയിപ്പ് എന്ന പേരിൽ ഇസ്മാഈൽ സാഹിബിന് വരവേൽപ്പു നൽകുന്നതിനേക്കാളും നല്ലത് നാവുപിഴുതുകൊണ്ട് മരിക്കുന്നതാണ്.'

എന്ന വാർത്ത- വിഷം പുരട്ടിയ അമ്പ്, അന്നത്തെ കാലഘട്ടത്തിൽ 1948ൽ തിരുച്ചിയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'ദിനദൂത്' എന്ന ദിനപത്രം ആദ്യ പേജിൽ വെണ്ടയ്ക്കാ അക്ഷരത്തിൽ പ്രധാന വാർത്തയായി പ്രസിദ്ധീകരിച്ചിരുന്നു.

നാക്കു പിഴുതുകൊണ്ട് അവർ മരിക്കാൻ തുനിയുന്നതിനെക്കുറിച്ച് ആരും ഉത്ക്കണ്ഠപ്പെടില്ല! എന്നാൽ ആതമഹത്യ ഇസ്‌ലാം വിരുദ്ധമാണല്ലോ? എന്നതിനെക്കുറിച്ച് ഖദർദാരികളായ മാന്യന്മാർ, ദേഷ്യത്തിൽ മറന്നതാണ് വിഡ്ഢിത്തമായിപ്പോയത്!

തറുതലത്തരമായ അവരുടെ അറിയിപ്പിനെ ഖണ്ഡിച്ച്, അന്നത്തെ മുസ്‌ലിം ലീഗ് ബോയ്സ് വാളണ്ടിയർസ് ക്യാപ്റ്റനും മുസ്‌ലിം യൂത്ത്‌ലീഗ് നേതാവുമായ ഈ എളിയവൻ (എ.എം. ഹനീഫ്) മുസ്‌ലിം നാമം ധാരികളായ തൊപ്പിക്കാരുടെ വിഷമത്തരത്തേയും വയറ്റെരിച്ചിലനേയും അവർ നേരിടുന്ന ഉപദ്രവങ്ങളേയും ചൂണ്ടിക്കാട്ടി ക്രൂരമായി ഖണ്ഡിച്ചു.

ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകളാൽ ആരംഭിച്ച് വക്കീൽ വാപ്പ ജനാബ് കെ.ടി.എം. അഹമ്മദ് ഇബ്റാഹീം സാഹിബ് ബി.എ ബി.എൽ അവർകളെ പത്രാധിപരാക്കിക്കൊണ്ട് ചെന്നൈയിൽ നിന്നും പുറത്തിറങ്ങിക്കൊണ്ടിരുന്ന 'മുസ്‌ലിം' തമിഴ് ദിനപത്രത്തിൽ 'ആഴം അറിയാതെ കാൽവെക്ക

Downloaded from www.gracebooks.in

ങ്ങത്' എന്ന തലക്കെട്ടിൽ കൊടുത്ത 'ചാട്ടയടി' കരീമിനെ ഭ്രാന്തനാക്കി ചില യുവാക്കളേയും കൂലിക്കാരേയും വിട്ട് അക്രമിക്കാൻ ശ്രമിച്ചപ്പോൾ, ഹസ്‌റത്ത് ദഹ്‌ലെ ആലം ബാദുഷാ, നദ്ഹർ വിദർക്ഷാ ഭാഗത്തുള്ള മുസ്‌ലിംകളും പ്രവർത്തകരും എന്റെ രാഷ്ട്രീയ ഗുരു ഡെഡ് മുഹമ്മദ് ഗൗസ് സാഹിബ് എന്ന മൗലിഭായ് അവർകളും ഉടനെ തലയിട്ടതിനാൽ, ആക്രമിക്കുവാൻ വന്നവർ വിരണ്ടോടി!

വെള്ളിത്താലത്തിൽ മംഗളപത്രം

ഇങ്ങനത്തെ ചുറ്റുപാടിൽ- ആ ഒന്നിനും 'കൊള്ളാത്തവർ' നാണിച്ചു തലതാഴ്ത്തും വിധം തിരുച്ചി നഗരസഭ, ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾക്ക് ഇന്ത്യയിലെ ആദ്യ- ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് നേതാവായ് തെരഞ്ഞെടുക്കപ്പെട്ട് ഒന്നരണ്ടാഴ്ചക്കുള്ളിൽ നല്ലൊരു അനുമോദന പരിപാടി നടത്തി തിരുച്ചി മുനിസിപ്പൽ സ്കൂൾ ഹാളിൽ (ഇന്നത്തെ തേവർ മന്റം) തിരുച്ചി നഗരത്തിലെ ജനങ്ങളുടെ വകയായി നഗരസഭാ അദ്ധ്യക്ഷ ശ്രീമതി ഡോ. ഇ.പി. മധുരം അവർകൾ, വെള്ളിത്തളികയിൽ മംഗളപത്രം വായിച്ച്, പൊന്നാടയണിയിച്ച് ആദരിച്ചു.

സമുദായത്തിന്റെ മുഖ്യ നേതാക്കൻമാരായി തങ്ങളെ അടയാളപ്പെടുത്തിക്കൊണ്ടിരുന്നവർ- അതുമൂലം അനുകൂലാവസ്ഥ നേടിയവർ നേതാക്കന്മാർ എന്ന് ചെണ്ടകൊട്ടി സമുദായത്തിൽ തന്നെ ശക്തി തെളിയിച്ചവർ- മതിപ്പും മര്യാദയും എന്തിന്; മഹത്വവും നേടിയവർ-

സമുദായം പരീക്ഷണ ഘട്ടത്തിലായിരുന്നപ്പോൾ ശ്രദ്ധിക്കാതെ, കണ്ണുകൾ ഇറുക്കിയടച്ചുകൊണ്ട് ഉയർച്ചയിലെത്തിച്ച സമുദായത്തെ പറിച്ചെറിഞ്ഞ് ഖദർ കൂടാരം പൂകി പെട്ടെന്ന് 'ഖദർ സ്നാനം' ചെയ്യുന്നതാണ് നല്ലതെന്ന് കാണിച്ചതോടൊപ്പം തത്വത്തെ കൈതോണ്ടി അടക്കിയിട്ട മറ്റെ പാർട്ടിക്ക് തങ്ങൾ വിലപ്പെട്ടവരാണെന്ന് കാണിച്ചുകൊണ്ട് അവർ മുസ്‌ലിം ലീഗിനെ എതിർത്ത് 'മുഖാരി' പാടുന്നതാണ് തങ്ങളുടെ കടമയെന്ന് തീരുമാനിച്ചു. - സ്വതന്ത്ര ഇന്ത്യയിൽ!

തിരുച്ചി നഗരസഭ, ആർഭാടത്തോടെ ഖായിതെ മില്ലത്ത് അവർകൾക്ക് വരവേൽപു നൽകിയതിനെത്തുടർന്ന്, മുസ്‌ലിം ലീഗിന്റെ രാഷ്ട്രീയ നയം വ്യക്തമാക്കിക്കൊണ്ടുള്ള യോഗം അന്ന വൈകുന്നേരം, തിരുച്ചി, സവൂക് നവാബ് പള്ളി മൈതാനിയിൽ നടന്നു.

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ രൂപീകരണത്തെത്തുടർന്ന് നടന്ന ആദ്യത്തെ മുസ്‌ലിം ലീഗ് നയങ്ങൾ വ്യക്തമാക്കുന്ന പൊതു സമ്മേളനവും തിരുച്ചിയിൽ നടന്ന ഈ സമ്മേളനമാണ്.

ഖായിതെ മില്ലത്ത് അവർകൾ ചരിത്രപരമായ തന്റെ പ്രസംഗത്തിൽ 'ആര് ഇഷ്ടപ്പെട്ടാലും, ഇഷ്ടപ്പെട്ടില്ലെങ്കിലും ആര് അംഗീകരിച്ചാലും അംഗീകരിച്ചില്ലെങ്കിലും മുസ്‌ലിം ലീഗ് ഈ രാജ്യത്ത് പ്രവർത്തിച്ചേ തീരൂ'

Downloaded from www.gracebooks.in

'ആര് വന്നാലും വന്നില്ലെങ്കിലും ഞാൻ ഒരാൾ മാത്രം ആയാലും എന്റെ അവസാന ശ്വാസം വരെ ചന്ദ്രക്കലയും നക്ഷത്രവും പതിച്ച പച്ചക്കൊടി ഉയർത്തിപ്പിടിച്ച് മുസ്‌ലിം ലീഗ് സിന്ദാബാദ്! എന്ന് ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ടേയിരിക്കും. മുസ്‌ലിം ലീഗിന്റെ പേരിൽ പ്രവർത്തിച്ചുകൊണ്ടേയിരിക്കും'

എന്തെന്നാൽ, ഈ സമുദായത്തിന്റെ ഉയർച്ചയും താഴ്ചയും മുസ്‌ലിം ലീഗുമായി ബന്ധപ്പെട്ടാണിരിക്കുന്നത്!

'ഈ സത്യം ഇന്നല്ലെങ്കിലും ഈ സമുദായം മനസ്സിലാക്കി മാറുന്ന ഒരു കാലം വരും. അന്ന്, ഞാൻ ഉയർത്തിപ്പിടിച്ച ഈ കൊടി ഓരോരുത്തരും ഉയർത്തിപ്പിടിച്ച് സമുദായത്തിന്റെ പാരമ്പര്യ സ്വത്തായ മുസ്‌ലിം ലീഗിനേയും അതിന്റെ കൊടിയേയും സംരക്ഷിക്കുവാനായി മുന്നോട്ടുവരും എന്ന് തീർച്ചയാണ്.'

'അങ്ങനത്തെ ഒരു കാലം അല്ലാഹുവിന്റെ കൃപയാൽ വന്നേ തീരൂ! അതും വളരെ പെട്ടെന്നു തന്നെ വരും!

എന്ന് ഖായിതെ മില്ലത്ത് അവർകൾ ആത്മവിശ്വാസത്തോടെ ഉറപ്പിച്ചു പറഞ്ഞു.

മുസ്‌ലിം ലീഗ് എന്ന പേര്

'മുസ്‌ലിം ലീഗ് എന്ന പേരു മാറ്റി, മറ്റൊരു പേരിട്ടാൽ എന്താണ്? എന്ന ചിലർ അഭിപ്രായപ്രകടനം നടത്തുന്നതിനെക്കുറിച്ച് പറഞ്ഞത്.'

'മുസ്‌ലിം ലീഗ് എന്നത് ഒരു ചരിത്രമാണ്. അതിന്റെ നേട്ടം ചരിത്രത്തിൽ അനശ്വരമായ സ്ഥാനം പിടിച്ചു. നമ്മുടെ മുൻഗാമികൾ ദീർഘമായ കൂടിയാലോചനകൾക്കും ചിന്തകൾക്കും ശേഷം ഈ സമുദായത്തിന്റെ അഭിമാന ജീവിതത്തിനും ബഹുമാനങ്ങൾക്കും തക്ക ഉന്നത സ്ഥാപനമായി മുസ്‌ലിം ലീഗിനെ രൂപപ്പെടുത്തി, പല അത്ഭുതകരമായ കാര്യങ്ങളും നടത്തി, നമ്മുടെ കൈകളിലേക്ക് സമർപ്പിച്ചിരിക്കുകയാണ്. ഈ ഉയർന്ന സംഘടനയെ ജീവൻ പോലെ മതിച്ച് സംരക്ഷിക്കുകയും വളർത്തുകയും ബലപ്പെടുത്തുകയും ചെയ്യുക നമ്മുടെ കടമയാണ്.'

'കൂടുതൽ വ്യക്തമായി പറഞ്ഞാൽ മുസ്‌ലിം സമുദായത്തിന്റെ വിശ്വസ്തമായ ഈ മുസ്‌ലിം ലീഗിന്റെ പേരു പറയാതെ ഈ രാജ്യത്തിന്റെ ചരിത്രം ആർക്കും എഴുതാനാവില്ല; മുസ്‌ലിം ലീഗിനെ- അതിന്റെ പേരിനെ ഒഴുക്കിയിട്ട് എഴുതപ്പെടുന്ന ഒരു ചരിത്രവും പൂർണ്ണമാകില്ല എന്നു മാത്രമല്ല, അതിനെ ആരും അംഗീകരിക്കുകയും ചെയ്യില്ല.'

'ഇത്രയ്ക്കും പ്രശസ്തമായ ഒരു പേരിനെ മാറ്റണം എന്നതോ, അകറ്റണോ എന്നതോ ബുദ്ധിപൂർവ്വമായ ആലോചനയായിരിക്കില്ല! മാത്രമല്ല, പുതിയൊരു പേര് തെരഞ്ഞെടുത്ത്, അത് ജനങ്ങൾക്ക് പരിചയപ്പെടുത്തുക എന്നതും അത്ര എളുപ്പമുള്ള കാര്യവുമല്ല.' അതിനു വേണ്ടി കാലം തള്ളിനീക്കുന്നത് ബുദ്ധിപരവുമല്ല'

'അതിനാൽ പ്രവർത്തന മികവും ചരിത്രപ്പെരുമയും നിറഞ്ഞ മുസ്‌ലിം

Downloaded from www.gracebooks.in

ലീഗിൽ ഒത്തൊരുമിച്ച് അതിന്റെ കൊടി ഉയർത്തിപ്പിടിക്കുക ഒന്നു മാത്രമാണ് അനുകൂലമായ, ബുദ്ധിപരമായ പ്രവർത്തി.'

അങ്ങനെയാണ് ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് ജനാബ് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് ദൃഢമായി പറഞ്ഞത്.

സംബന്ധമില്ലാത്ത അറസ്റ്റ്

കാരണം ഒന്നും ഇല്ലാതെ ചില മുസ്‌ലിംകളെ അറസ്റ്റു ചെയ്യപ്പെട്ടത്- ജയിലിലടക്കപ്പെട്ടതിനെക്കുറിച്ച് ഉൽക്കണ്ഠയും ദുഃഖവും അറിയിച്ചും അവരെ ഉടനടി മോചിപ്പിക്കണമെന്നും ചെന്നൈയിൽ നടന്ന മുസ്‌ലിം ലീഗ് കൗൺസിൽ സമ്മേളനത്തിൽ എടുത്ത തീരുമാനങ്ങളെക്കുറിച്ച് മുൻ പേജുകളിൽ വായിച്ചിട്ടുണ്ടല്ലോ.

എന്തിനാണ് ഈ ജയിലിലടയ്ക്കൽ? മുസ്‌ലിംകൾ അല്ലെങ്കിൽ, മുസ്‌ലിം ലീഗിൽ പെട്ടവർ ചെയ്ത കുറ്റമെന്താണ്? തെറ്റെന്താണ്?

രാഷ്ട്രപിതാവ് എന്ന നാമധേയമുള്ള മഹാത്മാഗാന്ധി 1948 ജനുവരി 30-ാം തിയ്യതി വൈകുന്നേരം പതിവു പോലെ ഡൽഹിയിൽ പ്രാർത്ഥനയിൽ പങ്കെടുത്തുകൊണ്ടിരുന്ന സന്ദർഭത്തിൽ ആണ് നെഞ്ചുപിളരുന്ന ആ സംഭവം നടന്നത്.

ഗാന്ധിജിയുടെ പ്രാർത്ഥന തുടങ്ങി. സംഘ്പരിവാർ- ആർ.എസ്.എസ്. സംഘടനയിൽ പെട്ട, കൊലഭ്രാന്തു പിടിച്ച നാഥുറാം വിനായക് ഗോഡ്സെ എന്നയാൾ ശാന്തസ്വരൂപിയായ ഗാന്ധിജിയെ വെടിവെച്ചുകൊന്നു! വെടിയുണ്ടകൾ തുളയ്ക്കപ്പെട്ട ഗാന്ധിജി രക്തത്തിൽ ശവമായ് കിടന്നു! രാജ്യം ദുഃഖ സാഗരത്തിൽ മുങ്ങിപ്പോയി!

നാഥുറാം ഗോഡ്സെ, അനിയൻ ഗോപാൽ ഗോഡ്സെ, നാരായൺ ആപ്തേ, സംഘ് പരിവാർ നേതാവ് വി.ഡി. സവർക്കർ തുടങ്ങിയ പലരും ഈ കൊലപാതക പ്രവർത്തിയിൽ ബന്ധപ്പെട്ടിരിക്കുന്നതായി ഗവൺമെന്റ് അറിയിപ്പു പുറപ്പെടുവിപ്പിച്ചു. അവരെ അറസ്റ്റു ചെയ്ത് കേസ്സും നടന്നത് എല്ലാവർക്കും അറിയാവുന്നതാണല്ലോ.

ഈ ക്രൂരമായ കൊലപാതക പ്രവർത്തിയിൽ മുസ്‌ലിംകളെ ബന്ധപ്പെടുത്തി ചില ദുഷ്ടശക്തികൾ പ്രചരിപ്പിച്ച പ്രചരണത്താൽ, പല വടക്കൻ സംസ്ഥാനങ്ങളിലും തമിഴ്നാട്ടിൽ ഒന്നുരണ്ടിടങ്ങളിലും വർഗീയ കലാപം പൊട്ടിപ്പുറപ്പെട്ടു.

തമിഴ് നാടിനെ സംബന്ധിച്ചേടത്തോളം ലഹള പടരാതെ തടുത്തുനിർത്താൻ മുന്നോട്ടുവന്ന ഖായിതെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ്, ദ്രാവിഡ കഴകം നേതാവ് വെൺതാടി വേന്തർ പെരിയാർ ഇ.വി.രാ. അണ്ണാദുരൈ തുടങ്ങിയവരും കേന്ദ്രസർക്കാരും-

'ഗാന്ധിജിയുടെ കൊലയിൽ മുസ്‌ലിംകളെ ബന്ധപ്പെടുത്തിയിട്ടുള്ള വാർത്ത സത്യമല്ല; തീർത്തും വ്യാജമാണ്. ആ കിംവദന്തികൾ വിശ്വസിക്കരുത്! മതസൗ

Downloaded from www.gracebooks.in

ഹാർദ്ദം കാത്തുസൂക്ഷിക്കുക'

എന്ന് അറിയിച്ചും, യഥാർത്ഥ കുറ്റവാളികളെ കേന്ദ്രസർക്കാർ ചൂണ്ടിക്കാട്ടി, രാജ്യത്തെ ജനങ്ങൾക്കിടയിൽ പടർന്ന തെറ്റായ വാർത്തകളെ അകറ്റിയ വിവരങ്ങൾ മുൻ പേജുകളിൽ വായിച്ചല്ലോ!

ദൗർഭാഗ്യകരമായ ഈ ദുഃഖസംഭവത്തെ തുടർന്ന് കൊലഭ്രാന്തൻമാർ അംഗങ്ങളായുള്ള ആർ.എസ്.എസ്. സംഘടനയെ കേന്ദ്ര സർക്കാർ നിരോധിച്ച അതേ നേരത്ത്, യാതൊരു കാര്യകാരണങ്ങളും ഇല്ലാതെ മുസ്ലിം ലീഗിന്റെ വളണ്ടിയർ സംഘടനയായ 'മുസ്ലിം ലീഗ് നാഷണൽ ഗാർഡ്സ്' എന്ന അണിയേയും നിരോധിച്ചത് യാതൊരു വിധത്തിലും ന്യായമല്ല എങ്കിലും ആരേയോ തൃപ്തിപ്പെടുത്തുന്നതിനായി ഇങ്ങനെയൊരു നടപടി ഗവൺമെന്റ് എടുത്തിരിക്കുകയാണെന്നാണ് തോന്നുന്നത്.

എന്തുകൊണ്ടെന്നാൽ, മുസ്ലിം ലീഗിന്റെ അണികളെ സംബന്ധിച്ചിടത്തോളം, യാതൊരു വിധമായ ഭീകര പ്രവർത്തികളിലോ, വർക്ഷീയ കലാപങ്ങളിലോ നിയമ വിരോധ പ്രവർത്തനങ്ങളിലോ സമാധാനം നശിപ്പിക്കുന്നതിലോ, അരാജക പ്രവർത്തികളിലോ ഇടപെട്ടതായി ആർക്കും ചൂണ്ടിക്കാട്ടാനാവില്ല.

അതിനാൽ നിരോധിച്ചത് വേദനിപ്പിക്കുന്നതാണെങ്കിലും രാജ്യം, ഒരു മുതിർന്ന മഹാ നേതാവിനെ, അഹിംസാ മൂർത്തിയെ, രാക്ഷസീയമായ കൊലഭ്രാന്ത് ബലിയായിട്ടുള്ള ഭയങ്കരമായ, ദുഃഖകരമായ, അവസ്ഥയിൽ ഈ സംഘടനയെ മാത്രം നിരോധിച്ചത് ചർച്ചാ വിഷയമാകും എന്നു കരുതിയോ എന്തോ മുസ്ലിം ലീഗ് സംഘടനയായ മുസ്ലിം ലീഗ് നാഷണൽ ഗാർസിനേയും നിരോധിക്കുവാൻ കേന്ദ്രസർക്കാർ മുന്നോട്ടുവന്നിരിക്കാം എങ്കിലും, രാജ്യം തളർന്ന് കണ്ണീരൊഴുക്കിക്കൊണ്ടിരിക്കുന്നത് മനസ്സിലാക്കിയ ഖായിതെ മില്ലത്ത് അവർകൾ, 'മുസ്ലിം ലീഗ് നാഷണൽ ഗാർഡ്സ്' എന്ന അണിയെ പിരിച്ചുവിട്ടതായി അറിയിച്ചു.!

ഖായിതെ ഹാജം ഇഹലോകവാസം വെടിഞ്ഞു!

വിഭജിക്കപ്പെടാതിരുന്ന - ഇന്ത്യാ മഹാരാജ്യത്ത് അഖിലേന്ത്യാ മുസ്ലിം ലീഗ് നേതാവും തന്റെ ജീവിതത്തിലെ ബഹുഭൂരിഭാഗം ഹിന്ദു- മുസ്ലിം സൗഹാർദ്ദത്തിനായി അർപ്പിച്ചവരും കോൺഗ്രസ്സ് നേതാക്കന്മാരായ ഗോഖലെ, വാമ്പാടി, സരോജിനി നായിഡു തുടങ്ങിയ ഉയർന്ന കോൺഗ്രസ്സ് നേതാക്കന്മാരാൽ 'സൗഹാർദ്ദ ദൂതൻ' 'ഹിന്ദു മുസ്ലിം സമാധാന ദൂതൻ' എന്നിങ്ങനെ പലതരത്തിൽ അഭിനന്ദിക്കപ്പെട്ടവരും-

മതസൗഹാർദ്ദത്തിനും രണ്ടു വലിയ സമുദായങ്ങൾക്കിടയിൽ സാഹോദര്യം കവിഞ്ഞുമറിയാനും അദ്ദേഹം അർപ്പിച്ച അർപ്പണത്തെ ശ്ലാഘിച്ച് കോൺഗ്രസ്സ് നേതാക്കൻമാരാൽ പാർട്ടിക്കാരാൽ ബോംബെ മഹാന നഗരത്തിൽ 'പീപ്പിൾസ് ജിന്നാ ഹാൾ' (People's Jinnah Hall) എന്ന പേരിൽ സുന്ദരമായ മാളിക പണിത് ബഹുമാനിച്ചത് ഗാന്ധിജി അവർകൾ-

Downloaded from www.gracebooks.in

'മുസ്‌ലിം ലീഗ് നേതാവ് എം.എ. ജിന്ന മുൻപ് കോൺഗ്രസ്സ് പ്രവർത്തകനായിരുന്നു. കോൺഗ്രസ്സ് അദ്ദേഹത്തിൽ അത്രയും വിശ്വാസം അർപ്പിച്ചിരുന്നു.'

'ലോർഡ് വെല്ലിങ്ടണുമായി അദ്ദേഹം നടത്തിയ പോരാട്ടത്തെ ഒരിക്കലും ആർക്കും മറക്കാനാവില്ല. കോൺഗ്രസ്സിനു വേണ്ടി ജിന്ന അദ്വാനിച്ചതിനും അദ്ദേഹത്തോട് കോൺഗ്രസ്സ്കാർക്കുള്ള വിശ്വാസത്തിനും നന്ദിക്കും 'ബോംബെ ജിന്നാ ഹാൾ' മഹത്തായ സ്മാരകമന്ദിരമാണ്!

1937 ഒക്ടോബർ 7-ാം തിയ്യതി 'ഹരിജൻ' പത്രത്തിൽ ഇങ്ങനെ പ്രശംസിച്ചെഴുതിയിരിക്കുന്നു.

1915ൽ ദക്ഷിണാഫ്രിക്കയിൽ നിന്നും ഗാന്ധിജി ഇന്ത്യയിലേക്ക് തിരിച്ചുവന്നപ്പോൾ ഗുജറാത്തി സംഘ നേതാവായിരുന്ന മുഹമ്മദ് അലി ജിന്നാ അവർകൾ, ഗുജറാത്തികൾ സംഘത്തിന്റെ വകയായി ഗാന്ധിജിയെ സ്വീകരിച്ച് അഭിനന്ദനപരിപാടി നടത്തി അനുമോദിച്ചവരും പുതുതായി രൂപംകൊണ്ട് പാക്കിസ്ഥാൻ നാടിന്റെ ആദ്യ ഗവർണർ ജനറലുമായ കായിതെ ആജം മുഹമ്മദലി ജിന്ന അവർകൾ 1948 സെപ്തംബർ 11-ാം തിയ്യതി ഇഹലോക വാസം വെടിഞ്ഞു. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

Downloaded from www.gracebooks.in

ഖായിതെ മില്ലത്ത്
രാഷ്ട്രീയ നിർണ്ണയ സഭയിൽ!

സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണത്തിന് നിയോഗിച്ച സംഘത്തിൽ മുസ്‌ലിം ലീഗിന്റെ ഭാഗത്തു നിന്നും 75 അംഗങ്ങൾ ഇടം നേടിയിരുന്നു. ഡോക്ടർ ബാബാ സാഹേബ് അംബേദ്കർ ഉൾപ്പെടെ.

കോൺഗ്രസ്സ് പാർട്ടിയുടെ ഭാഗത്തുനിന്നും 205 പേർ അംഗങ്ങളായിരുന്നു.

മുസ്‌ലിംകൾക്കായി നീക്കിവെച്ച നിയോജക മണ്ഡലങ്ങൾ 78. ഇതിൽ മുസ്‌ലിം ലീഗ് 75 നിയോജക മണ്ഡലങ്ങളിൽ വിജയം വരിച്ചു.

ഹൈദരാബാദ് നടപടി! ഖായിതെ മില്ലത്തിന്റെ ഉപദേശം!

ഇന്ത്യയുമായി ഒരുമിക്കാൻ മടിച്ചും സ്വതന്ത്ര രാജ്യമായി തനിയെ പ്രവർത്തിക്കുവാൻ പോകുന്നതായും അറിയിച്ച് കടുംപിടുത്തം പിടിച്ച ഹൈദരാബാദ് സംസ്ഥാനത്തിനു മേൽ ഇന്ത്യാ ഗവൺമെന്റ് 1948 സെപ്തംബർ 11-ാം തിയ്യതി 'പോലീസ് ആക്ഷൻ' എന്ന പേരിൽ നടപടിയെടുത്തു.

ഇന്ത്യൻ മിലിട്ടറി ജനറൽ ചൗദരിയുടെ നേതൃത്വത്തിൽ ഇന്ത്യൻ പട്ടാളം ഹൈദരാബാദിൽ പ്രവേശിച്ചപ്പോൾ അഡ്വക്കറ്റ് സൈദ് കാസിം ഹിസ്‌വിയുടെ നേതൃത്വത്തിലുള്ള 'രാജാക്കർ' സംഘം, ആയുധങ്ങളുമേന്തി യുദ്ധം ചെയ്തു!

ശാന്തമായി അവസാനിക്കേണ്ടിയിരുന്ന പ്രശ്നത്തെ യുദ്ധക്കളം വരെ കൊണ്ടുപോയ ഖാസിം റിസ്‌വിയുടെ വിപരീത പ്രവർത്തിയെ ഖണ്ഡിച്ച്, ഖായിതെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ്- ' ഇന്ത്യൻ പട്ടാളത്തെ എതിർക്കരുത്; നിരപരാധികളായ ജനങ്ങളുടെ നാശത്തിന് ആളാകണ്ട; ഇന്ത്യയുമായി കൂടിച്ചേർന്ന്, സ്വതന്ത്ര ഇന്ത്യയുടെ ഒത്തുരുമയെ ദൃഢപ്പെടുത്താനും നാടിനെ ബലപ്പെടുത്തുവാനും നിങ്ങളുടെ ബുദ്ധിയും അറിവും ഉപയോഗപ്പെടുത്തുവാൻ മുന്നോട്ടുവരിക'

എന്ന്, രാജാക്കർ നേതാവ് സയ്യദ് കാസിം രിസ്‌വിക്ക് ഉപദേശ രൂപേണ കത്തെഴുതി.

ഇതിനെ വകവെക്കാതെ കാസിം റിസ്‌വി പട്ടാളത്തെ എതിർത്ത് യുദ്ധം ചെയ്യന്നതിൽ മുഴുവൻ ശ്രദ്ധയും ചെലുത്തുകയാണ് ചെയ്തത്.

ഖായിതെ മില്ലത്ത് അവർകൾ തുടർന്ന് ഹൈദരാബാദ് സംസ്ഥാന ചക്രവർത്തി നവാബ് ഇസ്മാഈൽ ആലിഖാന് അയച്ച അപേക്ഷയിൽ-

'അനാവശ്യ പിടിവാശിയായാൽ വെറുതെ ജനങ്ങളുടെ ജീവനാശത്തിന് കാരണമാകരുതേ! യുദ്ധം ചെയ്യന്നത് നിർത്തി ഇന്ത്യയുമായി നിബന്ധനകൾ ഒന്നും ഇല്ലാതെ ഒരുമിക്കുന്നതായി വെളിപ്പെടുത്തി അറിയിക്കുക!

'ഇങ്ങനെ അറിയിക്കുന്നതു മൂലം വ്യക്തമായ, ശാന്തമായ, സാമൂഹിക ചുറ്റുപാട് രൂപപ്പെടുത്തുന്നതിന് മുന്നോട്ടുവരികയും പാവപ്പെട്ട ജനങ്ങളുടെ ബലിനൽകാതിരിക്കുകയും ചെയ്യാം'

എന്നും ആവശ്യപ്പെട്ടതിനെത്തുടർന്ന്, 'രാജാക്കർ'മാരുടെ മുറുകിയ പിടിയിൽ നിന്നും തന്നെ മോചിപ്പിച്ച ഹൈദരാബാദ് നിജാം മീർ ഉസ്മാൻ അലിഖാൻ-

ഇന്ത്യൻ പട്ടാളത്തെ എതിർത്ത് കാസീം റിസ്‌വിയുടെ നേതൃത്വത്തിൽ യുദ്ധം ചെയ്തുകൊണ്ടിരുന്ന അവസ്ഥയിൽ തന്നെ ഇന്ത്യാ ഗവർണർ ജനറലുമായി ടെലഫോണിൽ ബന്ധപ്പെട്ട രാജാ നാജാം കീഴടങ്ങാനുള്ള തന്റെ ആഗ്രഹം അറിയിച്ചതിനെ തുടർന്ന് യുദ്ധം അവസാനിച്ചു.

ഹൈദരബാദ് സംസ്ഥാനം ഇന്ത്യയുമായി ലയിച്ചു.

കാസീം റിസ്‌വിയെ അറസ്റ്റു ചെയ്ത് ജയിലിലടച്ചു. വിചാരണ ചെയ്ത് ഏഴു വർഷം ശിക്ഷ വിധിച്ചു.

ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തുവന്ന കാസം റിസ്‌വി, പാക്കിസ്ഥാനിലേക്ക് പോയി.

കാശ്മീരും ഖായിതെ മില്ലത്തും

ബ്രിട്ടീഷ് ഭരണത്തിൽ നിന്നും ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ, ഈ രാജ്യത്ത് അഞ്ഞൂറിലധികം വലുതും ചെറുതുമായ സംസ്ഥാനങ്ങൾ രാജഭരണത്തിൻ കീഴിലായിരുന്നു.

അഭ്യന്തര മന്ത്രി സർദാർ വല്ലഭായി പട്ടേൽ സംസ്ഥാനങ്ങളിലെ രാജാക്കന്മാരുമായി സംഭാഷണം നടത്തി, നല്ല നിലയിൽ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളെ ഇന്ത്യയുമായി ചേർക്കുന്നതിൽ വിജയം വരിച്ചു.

ഹൈദരാബാദ്, കാശ്മീർ, തിരുവിതാംകൂർ, ഈ മൂന്നു സംസ്ഥാനങ്ങളും ഇന്ത്യയോട് ചേരാൻ മടിച്ചു.! ഹൈദരാബാദ് പോലീസ് നടപടിയെ തുടർന്ന് ഇന്ത്യയുമായി ചേർന്നു.

തിരുവിതാംകൂർ സംസ്ഥാനത്തെ, പ്രത്യേക സ്വതന്ത്ര നാടെന്ന്, രാജാവിന്റെ അനുവാദത്തോടെ തിരുവിതാംകൂർ സംസ്ഥാന 'ദിവാനായി' പദവി വഹിച്ച സർ സി.പി. രാമസ്വാമി അയ്യർ- പ്രകടനപ്പെടുത്തിയതോടൊപ്പം, ഉടനെ ഇന്ത്യ

Downloaded from www.gracebooks.in

യിലും പാക്കിസ്ഥാനിലും തന്റെ പ്രതിനിധികളെ നിയമിക്കുകയും ചെയ്തു.

സ്വതന്ത്ര തിരുവിതാംകൂർ നാട്ടിന്റെ പാക്കിസ്ഥാൻ ദൂതനായി ജി.എസ്.എ കരീം (ജി. സൈദ് അബ്ദുൽ കരീം) നിയമിക്കപ്പെട്ടു.

ഈ ചുറ്റുപാടിൽ, സർദാർ പട്ടേലിന്റെ നയപരമായ പരിശ്രമത്താലും സംഭാഷണങ്ങളാലും ഉണ്ടായ 'ഉടമ്പടി'യുടെ അടിസ്ഥാനത്തിൽ 'പ്രത്യേക നാട്' എന്ന ആവശ്യം പിൻവലിച്ച്, വിദേശങ്ങളിൽ നിയമിക്കപ്പെട്ട ദൂതന്മാരെയെല്ലാം തിരികെ വിളിച്ച്, തിരുവിതാംകൂർ രാജാവിന്റെ അനുവാദത്തോടെ സർ സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ സംസ്ഥാനം ഇന്ത്യയോട് ചേരുന്നതായി അറിയിച്ച്- തിരുവിതാംകൂർ ഇന്ത്യയോട് ചേർന്നു.

എന്നാൽ രാജ്യം സ്വാതന്ത്ര്യം നേടിയ ഉടനെ കാശ്മീരിനെ കൈപ്പിടിയിലാക്കാൻ, പാക്കിസ്ഥാനോടു ചേർന്ന മലമ്പ്രദേശ ജനങ്ങൾ 'പത്താൻ'മാരുടെ ബലത്തോടെ കാശ്മീരിൽ നുഴഞ്ഞുകയറി ആക്രമത്തിൽ ഏർപ്പെട്ടു. പിറകിൽ പാക്കിസ്ഥാൻ സർക്കാരിന്റെ പിൻതുണയും ഉണ്ടായിരുന്നു.

വിഷമകരമായ ഈ അവസ്ഥയിൽ കാശ്മീർ രാജാവ് ഹരിസിങ്ങ്, ഇന്ത്യാ ഗവൺമെന്റിന്റെ സഹായം തേടി. കാശ്മീരിന്റെ ഇന്ത്യയോട് ചേരാനുള്ള ആഗ്രഹവും അറിയിച്ചു. അതിനെത്തുടർന്നുണ്ടായ ഉടമ്പടിയിലും രാജാവ് ഒപ്പുവെച്ചു.

ഐക്യരാഷ്ട്ര സഭയുടെ ഇടപെടൽ!

കാശ്മീർ പ്രസ്നം ഐക്യരാഷ്ട്രസഭയിലെത്തി- ഇന്ത്യയാണ് അതിന് മുൻകൈയെടുത്തത്. ഐക്യരാഷ്ട്രസഭയുടെ ഇടപെടൽ മൂലം യുദ്ധം അവസാനിച്ചു.

മുസ്ലിംകൾ അധികം തമസിക്കുന്നതിനാൽ കാശ്മീർ പാക്കിസ്ഥാന് സ്വന്തം എന്ന് ഐക്യരാഷ്ട്രസഭയിലും സർവ്വദേശങ്ങളിലും പാക്കിസ്ഥാൻ വാദിച്ചിരുന്ന കാലഘട്ടത്തിൽ-

'കാശ്മീർ ഇന്ത്യയോട് ചേർന്ന, ഇന്ത്യയുടെ സ്വന്തം സംസ്ഥാനമാണ്. അവിടെ മുസ്ലിംകൾ അധികമാണെന്ന് സത്യമാണ് അതുകൊണ്ടാണ് കാശ്മീർ ഇന്ത്യയ്ക്ക് സ്വന്തം എന്നു പറയുന്നത്.!

'കാശ്മീരിന്റെ മുഖ്യമന്ത്രിയായി ഒരു മുസ്ലിം വരുന്ന ഇന്ത്യയിലെ ഒരേയൊരു സംസ്ഥാനം കാശ്മീർ . ഈ സംസ്ഥാനം ഇന്ത്യയോട് ചേരുന്നത് ഇന്ത്യൻ മുസ്ലിംകൾക്ക് അഭിമാനമാണ് എന്ന് ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് കരുതുന്നു. വിശ്വസിക്കുന്നു.'

'കാശ്മീർ ഇന്ത്യയുടെ അടർത്തിമാറ്റാനാവാത്ത ഒരംഗമാണ്.' എന്ന് ഖായിതെ മില്ലത്ത് അവർകൾ നിയമസഭിയിലും എല്ലായിടങ്ങളും ദൃഢമായി പറഞ്ഞുകൊണ്ടിരുന്നു.

രാമനാഥപുരം ഇടക്കാല തെരഞ്ഞെടുപ്പ്!

രാജ്യം സ്വാതന്ത്ര്യം നേടുന്നതിന് മുൻപ് 1946ൽ രാജ്യം മുഴുവൻ സംസ്ഥാന

Downloaded from www.gracebooks.in

നിയമസഭകളിലേക്കും കേന്ദ്ര നിയമസഭകളിലേക്കും പൊതു തിരഞ്ഞെടുപ്പ് നടന്നിരുന്നു.

ഈ തെരഞ്ഞെടുപ്പിൽ ചെന്നൈ രാജധാനിയിൽ മുസ്‌ലിംകൾക്കായി നീക്കിവെച്ച ഇരുപത്തൊൻപത് നിയോജക മണ്ഡലങ്ങളിലും മുസ്‌ലിം ലീഗ് തങ്ങളുടെ സ്ഥാനാർത്ഥികളെ നിർത്തിയതും മത്സരിച്ച മണ്ഡലങ്ങളിൽ ഭൂരിഭാഗവും മത്സരമില്ലാതെ വിജയിച്ചതും മത്സരിച്ച ഇരുപത്തിയൊൻപത് മണ്ഡലങ്ങളിലും വിജയിച്ച് ചരിത്രം സൃഷ്ടിച്ച്, ചെന്നൈ നിയമസഭയിൽ അംഗീകരിച്ച പ്രതിപക്ഷ കക്ഷിയായിത്തീരുകയും ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് മുസ്‌ലിം ലീഗ് നിയമസഭാ കക്ഷി നേതാവായി തെരഞ്ഞെടുക്കുകയും ചെയ്തത് ഏവർക്കും അറിയാവുന്ന കാര്യമാണല്ലോ.

1946ൽ രൂപംകൊണ്ട ചെന്നൈ രാജധാനി നിയമസഭ, സ്വതന്ത്ര ഇന്ത്യയിൽ ആദ്യ പൊതു തെരഞ്ഞെടുപ്പ് 1952ൽ നടക്കുന്നതുവരെ പ്രവർത്തിച്ചു എന്നതും അതുവരെ മുസ്‌ലിം ലീഗ് പ്രതിപക്ഷസ്ഥാനത്തിരുന്നു എന്നതും മുഖ്യമായ കാര്യമാണ്.

ഈ അവസ്ഥയിലാണ് രാമനാഥപുരം മുസ്‌ലിം ലീഗ് എം.എൽ.എ ജനാബ് എം.ആർപി. സെയ്ദ് മുഹമ്മദ് സാഹിബ് ഇഹലോകവാസം വെടിഞ്ഞതിനാൽ ഏർപ്പെട്ട ഒഴിവിലേക്ക് ഇടക്കാല തെരഞ്ഞെടുപ്പ് നടത്തുവാൻ തീരുമാനിച്ചത്.

സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായി അറിയപ്പെട്ട ഇടക്കാല തെരഞ്ഞെടുപ്പ് ഇതാണ്.

1948 സെപ്തംബർ 13-ാം തിയ്യതി നിശ്ചയിക്കപ്പെട്ട ഈ ഇടക്കാല തെരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗിന്റെ സ്ഥാനാർത്ഥിയായി തിരുച്ചി ജില്ലാ മുസ്‌ലിം ലീഗ് സെക്രട്ടറി വിദ്വാൻ മൗലവി ഹാജി അബ്ദുൽ ഖാദർ ജമാലി (എ.കെ. ജമാലി) മത്സരിച്ചു.

ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകളാൽ അറിയിക്കപ്പെട്ട മുസ്‌ലിം ലീഗ് സ്ഥാനാർത്ഥിയെ എതിർത്തു കോൺഗ്രസ് പാർട്ടി തങ്ങളുടെ സ്ഥാനാർത്ഥിയായി അഡ്വ. എസ്.കെ. അഹമ്മദ് മീരാൻ അവർകളെ നിർത്തി.

മുസ്‌ലിം ലീഗിന്റെ തെരഞ്ഞെടുപ്പ് ചിത്രം 'പച്ചപ്പെട്ടി' കോൺഗ്രസ്സിന്റെ തെരഞ്ഞെടുപ്പു ചിഹ്നം മഞ്ഞപ്പെട്ടി.

രാമനാഥപുരത്തെ സംബന്ധിച്ചിടത്തോളം, മുസ്‌ലിം ലീഗിനെ എതിർത്ത് അവിടെ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഭാഗത്തുനിന്നു മുസ്‌ലിം ആരും മത്സരിച്ചില്ല. മുസ്‌ലിം മണ്ഡലത്തിൽ മുസ്‌ലിംകൾക്കു മാത്രമേ മത്സരിക്കാനാകൂ.

മുസ്‌ലിം ലീഗും കോൺഗ്രസ്സും തമ്മിൽ നേർക്കുനേർ പോരാട്ടം'

കടുത്ത പോരാട്ടം മൊത്തത്തിൽ സംസ്ഥാനത്തും കേന്ദ്രത്തിലും അധികാര

Downloaded from www.gracebooks.in

പീഠത്തിൽ ഇരുന്ന് ഭരണം നടത്തുന്ന കോൺഗ്രസ്സ് ഈ തെരഞ്ഞെടുപ്പിനെ ഒരു വെല്ലുവിളിയായിട്ടെടുത്ത് നേതാക്കന്മാരെല്ലാം നൂറുകണക്കിന് അണികളോടൊപ്പം ചേർന്ന് ആവേശത്തോടെ തെരഞ്ഞെടുപ്പ പ്രവർത്തനം നടത്തി.

തെരഞ്ഞെടുപ്പ ദിനം 1948 സെപ്തംബർ 13-ാം തിയ്യതി ഖായിതെ ഹാജം മുഹമ്മദലി ജിന്നാ സാഹിബ് മരിച്ചതിന്റെ മൂന്നാം ദിവസം സിയാറത്! ഈ ദിവസം തന്നെയാണ് രാമനാഥപുരത്തെ ഇടക്കാല തെരഞ്ഞെടുപ്പ്! വോട്ടുകഴിഞ്ഞു പച്ചപ്പെട്ടിയിൽ നിറഞ്ഞ വോട്ടുകളും മഞ്ഞപ്പെട്ടിയിൽ നിറഞ്ഞ വോട്ടുകളും പ്രത്യേകം പ്രത്യേകം എണ്ണി.

മുസ്‌ലിം ലീഗ് വൻ ഭൂരിപക്ഷത്തോടെ വിജയിച്ചു. കോൺഗ്രസ്സ് തലകുനിച്ചു.

പൊതു സിവിൽ നിയമം!

1948 നവംബർ 23ാം തിയ്യതി ഇന്ത്യൻ ഭരണഘടനയുടെ 44-ാം വകുപ്പായ Help Doctrine പ്രകാരം എല്ലാ ജാതി മതങ്ങളിലും പെട്ട ജനങ്ങൾക്കും പൊതുവായ ഒരേ സിവിൽ നിയമത്തെ നടപ്പിലാക്കുന്നതു സംബന്ധമായി അറിയിക്കപ്പെട്ട അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ പാർലമെന്റിൽ വിവാദമായി.

മുസ്‌ലിംകൾ കാലാകാലമായി പിൻപറ്റിവരുന്ന ശരീഅത്ത് നിയമത്തെ നിഷ്ഫലമാക്കി, മുസ്‌ലിംകളിലേക്ക് പൊതു സിവിൽ നിയമം അടിച്ചേൽപിക്കുന്ന ശ്രമം പാർലമെന്റിൽ നടന്നപ്പോൾ മുസ്‌ലിം ലീഗ് നേതാവ് ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകൾ കഠിനമായി എതിർത്തു.

'ശരീഅത്ത് നിയമത്തെ തങ്ങൾ ജീവന്റെ ജീവനായി അംഗീകരിക്കുന്ന - ബഹുമാനിക്കുന്നവരാണ് മുസ്‌ലിംകൾ'

'തങ്ങളുടെ മാർഗത്തെ വ്യക്തിത്വത്തെ, സംരക്ഷിക്കുവാൻ മുസ്‌ലിംകൾക്കുള്ള അവകാശത്തെ നിയമത്തിന്റെ ചമ്മട്ടി ബലം മൂലം തടയാനാവില്ല! ശരീഅത്തിൽ യാതൊരു മാറ്റവും അനുവദിക്കാനാവില്ല' എന്ന് ഖായിതെ മില്ലത്ത് അവർകൾ തറപ്പിച്ചു പറഞ്ഞപ്പോൾ

ഒഴിവാക്കൽ!

'മുസ്‌ലിംകൾ ആഗ്രഹിക്കാത്തിടത്തോളം കാലം അവരുടെ പ്രത്യേക നിയമ സംഹിതകളിൽ യാതൊരുവിധത്തിലുള്ള ഇടപെടലും ഉണ്ടാവില്ല.' എന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രി എന്ന നിലയിൽ പാർലമെന്റിൽ പ്രഖ്യാപിച്ചു.

മുസ്‌ലിംകളുടെ ജീവന്റെ ജീവനായ ശരീഅത്ത് നിയമത്തിന് പരീക്ഷണം നേരിട്ടപ്പോൾ, പാർലിമെന്റിൽ മുസ്‌ലിം നാമധാരികൾ പലരും ഉണ്ടായിരുന്നു. അങ്ങനെയുണ്ടായിട്ടും ഈ പരീക്ഷണത്തെ എതിർത്തു അവരുടെ 'നാവുകൾ' നീണ്ടില്ല; അവർ അലങ്കാര പ്രതിമകൾ പോലെ ഇരുന്നു.

അതേസമയം, അവിടെയുണ്ടായിരുന്ന ബഹുമാനപ്പെട്ട ഖാഇതെ മില്ലത്ത്,

Downloaded from www.gracebooks.in

കെ.ടി.എം. അഹമ്മദ് ഇബ്‌റാഹീം സാഹിബ്, ബി.എ.ബി.എൽ, പി. പോക്കർ സാഹിബ് ബി.എ.ബി.എൽ, മെഹ്ബൂബ് അലി ബേഗ് ബി.എ.ബി.എൽ. തുടങ്ങിയ നാലുപേർ മാത്രമാണ് നെഞ്ചുവിരിച്ച്, എതിർത്തു ശബ്ദം ഉയർത്തി പ്രധാനമന്ത്രി നെഹ്റുവിൽ നിന്നും ഉത്തരവ് നേടിയത്.

ദീർഘകാലമായി അടിമത്ത ഭരണം എന്നും കൊള്ളക്കാരായ വെള്ളക്കാരുടെ ഗവൺമെന്റ് എന്നും പലതരം പഴികൾ കേൾക്കപ്പെട്ട ഭരണത്തിലും സമൂഹ നീതി അംഗീകരിക്കപ്പെട്ട, അനുഭവിച്ചു വന്ന മുസ്‌ലിം ജനങ്ങളുടെ അടിസ്ഥാന 'വോട്ടവകാശ'വും സൗകര്യങ്ങളും നമ്മുടെ ഭരണത്തിൽ അപഹരിക്കപ്പെട്ട്, ന്യൂനപക്ഷക്കാരായ മുസ്‌ലിംകളുടെ രാഷ്ട്രീയ ജീവിതം അസ്തമിപ്പിക്കുന്ന ദുഃഖകരമായ അവസ്ഥയുണ്ടായപ്പോൾ, ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് വർകൾ-

'മുസ്‌ലിംകൾ, തങ്ങളുടെ വിശ്വസ്തരായ, യഥാർത്ഥ പ്രതിനിധികളെ നിയമസഭകളിലും പാർലിമെന്റിലും ഇടംപിടിക്കുവാൻ തക്ക വിധത്തിൽ രൂപംകൊണ്ടിരുന്ന പ്രത്യേക മണ്ഡല വോട്ടെടുപ്പു മുറ ഇനി അനുവദിക്കാനാവില്ല എന്ന് നിർബന്ധം പിടിച്ചതിനാൽ, വേറെ പ്രയോജനപ്രദമായ വഴി കാണണമെന്ന്' എടുത്തു പറഞ്ഞു.

പതിവുപോലെ അതും നിരാകരിക്കപ്പെട്ടു.

ഈ അവസ്ഥയിൽ, ഖായിതെ മില്ലത്ത് അവർകൾ-

'രാജ്യത്തെ സർക്കാർ സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും മുസ്‌ലിംകളുടെ ജനസംഖ്യയ്ക്ക് ഏറ്റവിധത്തിൽ ജോലികൾ നൽകണം. സംവരണം ഉറപ്പാക്കണം. വിദ്യാഭ്യാസ വകുപ്പിലും ഈ മുറ പിൻപറ്റണം'

'മാത്രമല്ല, പട്ടാളത്തിലും പോലീസ് വകുപ്പിലും മുസ്‌ലിം പ്രാതിനിധ്യം ഉണ്ടായിരിക്കണം. ഇതിന് നിയമപരമായ ഉത്തരവിറക്കണം.' എന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചു.

പെരിയാർ ഇ.വി. രാമസ്വാമിയുടെ ചോദ്യമുന!

'പ്രത്യേകം മണ്ഡലങ്ങൾ ഉണ്ടായാൽ ഒത്തൊരുമ നശിക്കും, വർഗീയത ഉടലെടുക്കും എന്നൊക്കെ ചിലർ വാദിക്കുന്നത് കേൾക്കാനിടയായി.

ഇത്തരം അഭിപ്രായങ്ങൾ പ്രചരിക്കുന്നതിനെക്കുറിച്ച് പെരിയാർ-

:'പ്രത്യേകം മണ്ഡലങ്ങൾ ഉണ്ടായാൽ ഒത്തൊരുമ ഉണ്ടാവില്ലെന്ന് ചിലർ പറയുന്നു. ഇപ്പോൾ സുമാർ ഇരുപത് വർഷങ്ങളായി പ്രത്യേക മണ്ഡലങ്ങൾ ഉണ്ട്. ഇവയോട് ഇപ്പോൾ എന്തിനാണ് വെറുപ്പ്? ഇത് എന്തിനാണ് ഇപ്പോൾ മാറ്റേണ്ടത്?

'കൂട്ടു മണ്ഡലങ്ങൾ ഉണ്ടായാൽ പല ലഹളകളും ഉണ്ടാകും. ഏറ്റുമുട്ടലുകൾ; അഭിപ്രായ വ്യത്യാസങ്ങൾ ഇവയൊന്നും ഇല്ലാത്ത ഒരു നഗരസഭയെ എനിക്കു കാണിച്ചുത!'

'കൂട്ടുമണ്ഡലങ്ങൾ ഉണ്ടായാൽ ഹിന്ദു മറ്റെ ഹിന്ദുക്കളോട് തനിക്ക് വോട്ട് ചെയ്യുവാൻ പറയും'

Downloaded from www.gracebooks.in

‘എന്റെ സുഹൃത്തുക്കളേ! പ്രത്യേകം മണ്ഡലത്തിനായുള്ള നിങ്ങളുടെ അവകാശപ്പെടലും അത് നിങ്ങൾ കരസ്ഥമാക്കിയതും എനിക്ക് സന്തോഷം നൽകുന്നു..’

അങ്ങനെ 1930 ആഗസ്റ്റ് 30-ാം തിയ്യതി അഗസ്ത്യമംഗലത്ത് നടന്ന ‘നബിദിന’ പരിപാടിയിൽ പെരിയാർ ഇ.വി. രാ സംസാരിക്കുമ്പോൾ എടുത്തുപറഞ്ഞു. (ആധാരം: മുസ്‌ലിം ലീഗിന്റെ രാഷ്ട്രീയ പരിണാമ വളർച്ച പേജ് 113, 114)

പുതുനഗരം മുസ്‌ലിം ലീഗ് സമ്മേളനം

മലബാറിലെ പാലക്കാട് ജില്ലയിലെ പുതുനഗരം എന്ന ഗ്രാമത്തിൽ മുസ്‌ലിം ലീഗ് സമ്മേളനം 1949.

ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾ ചെന്നൈയിൽ നിന്നും ട്രെയിനിൽ കയറി. വഴിയിൽ കോയമ്പത്തൂരിനടുത്തുള്ള പോത്തന്നൂർ റെയിൽവേ ജംഗ്ഷനിൽ കോയമ്പത്തൂർ നഗര മുസ്‌ലിം ലീഗിന്റെ വകയായി അവർക്ക് സ്വീകരണം നൽകി.

റെയിൽവേ ജംഗ്ഷൻ പ്ലാറ്റ്ഫോറത്തിൽ കൂടിയിരുന്ന നൂറുകണക്കിന് മുസ്‌ലിം ലീഗ് പ്രവർത്തകരോട് അൽപനേരം അദ്ദേഹം സംസാരിച്ചു.

‘ഈ രാജ്യത്ത് മുസ്‌ലിം സമുദായത്തിന്റെ അന്തസ്സ് ഉയർത്താനും അവകാശങ്ങൾ നേടിയെടുക്കാനും വ്യക്തമായി പറഞ്ഞാൽ ഈ നാട്ടിൽ, നമ്മൾ മാനം മര്യാദയോടെയും അന്തസ്സോടെയും ജീവിക്കുന്നതിന് മുസ്‌ലിം ലീഗിനെ ബലപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഏതവസ്ഥയിലും ഏതു ചുറ്റുപാടിലും എത്രയൊക്കെ പരീക്ഷണങ്ങൾ നേരിട്ടാലും, നമ്മൾ തളരാതെ സമുദായത്തിന്റെ ഐക്യത്തെയും ഒത്തൊരുമയേയും കാത്തുരക്ഷിച്ച് പ്രവർത്തിക്കുവാൻ ഓരോരുത്തരും വളരെ ശ്രദ്ധയോടെ തങ്ങളുടെ കടമയായി കണക്കാക്കി പ്രവർത്തിക്കണം.’

ബാബരി മസ്ജിദിനകത്ത് വിഗ്രഹം!

മുഗൾ ചക്രവർത്തി സഹീറുദ്ദീൻ മുഹമ്മദ് ബാബറിന്റെ സൈന്യാധിപരിൽ ഒരാൾ, ബാബറിന്റെ തുടർ വിജയങ്ങളുടെ ഓർമ്മയ്ക്കായി. ബി.സി. 1528ൽ അയോദ്ധ്യയിൽ ബാബർ ചക്രവർത്തിയുടെ പേരിൽ ഒരു മസ്ജിദ്- പള്ളി പണിതു എന്നതാണ് ചരിത്രം.

നൂറ്റാണ്ടുകളായി ദിനവും അഞ്ചു നേരം നിസ്കാരം നടത്തി വരുന്ന പള്ളിയായി ബാബ്റി മസ്ജിദ് പരിണമിച്ചുവന്നതിനെ രാജ്യവും ജനങ്ങളും ലോകവും അറിഞ്ഞത് സത്യമാണ്.

ഇങ്ങനെ ചരിത്രപ്രസിദ്ധമായ ബാബ്റി മസ്ജിദിൽ അന്ന്, 1949 ഡിസംബർ 22-ാം തിയ്യതി പതിവുപോലെ രാത്രി ‘ഇശാ’ നമസ്കാരത്തിനായി ആ ഭാഗത്തെ ജനങ്ങൾ ബാബരി മസ്ജിദിൽ ഒത്തുചേർന്നു. ഇമാം ജമാഅത്തോ

Downloaded from www.gracebooks.in

ടെ 'ഇശാ' നമസ്കാരം കഴിഞ്ഞ് അവരവരുടെ വീടുകളിലേക്ക് മടങ്ങി.

പിറ്റേന്ന് 1949 ഡിസംബർ 23-ാം തിയ്യതി പുലർച്ചെ 'സുബ്ഹി' നമസ്കാരത്തിനായി പതിവുപോലെ മുസ്‌ലിംകൾ ബാബരി മസ്ജിദിലേക്ക് ചെന്നപ്പോൾ അവിടെ, പള്ളിക്കകത്ത് ഇമാം നിന്ന നമസ്കരിക്കുന്ന പ്രധാന സ്ഥലത്തും 'മിമ്പറ'യിലും ശിലകൾ വച്ചിരിക്കുന്നതു കണ്ട് അത്ഭുതപ്പെട്ടു! ആശ്ചര്യപ്പെട്ടു!

രൂപങ്ങളില്ലാത്ത, ദൈവാരാധന നടത്തുന്ന പള്ളിക്കകത്ത് ശിലയോ? എന്തത്ഭുതമാണിത്? എന്തക്രമമാണിത്? ഇതാരാണ് ചെയ്തത്? അർദ്ധരാത്രിയിൽ ഇങ്ങനെയൊരു അരാജകമോ? രാക്ഷസീയതയോ? ജനങ്ങൾ സുഖനിദ്രയിലാണ്ട കൂരിരുട്ടിൽ, മസ്ജിദിന്റെ ഗെയിറ്റ് തകർത്ത് അകത്തേക്കു കടന്ന്, ശില സ്ഥാപിച്ച സാമൂഹ്യ ദ്രോഹികൾ ആരാണ്? എന്നിങ്ങനെ ദുഃഖം പൂണ്ട മുസ്‌ലിംകൾ, ശാന്തരായി, പ്രശ്നം ബന്ധപ്പെട്ട അധികാരികളെ ബോധ്യപ്പെടുത്തി പരിഹാരം കാണാൻ ശ്രമിച്ചു.

ഈ അവസ്ഥയിൽ ബാബരി മസ്ജിദിനകത്ത് വിഗ്രഹം വയ്ക്കപ്പെട്ടതു സംബന്ധമായി, അപ്പോൾ അയോദ്ധ്യാ പോലീസ് സ്റ്റേഷനിൽ ചാർജ്ജുണ്ടായിരുന്ന പോലീസ് സബ് ഇൻസ്പെക്ടർ 'രാംദുബേ' 1949 ഡിസംബർ 23-ാം തിയ്യതി തയ്യാറാക്കിയ എഫ്.ഐ.ആറിൽ എഴുതിയിരിക്കുന്നത്.

'ഇന്നലെ രാത്രി (1949 ഡിസംബർ 22) ഏകദേശം അമ്പത് അറുപത് പേരുടെ ഒരു സംഘം ബാബരി മസ്ജിദിന്റെ പൂട്ട് തകർത്ത് അകത്ത് കടന്ന് ശ്രീരാമന്റെ വിഗ്രഹം വെച്ചിരിക്കുന്നു.'

ഇത് ഉന്നത പോലീസ് അധികാരികൾക്കും, ഭരണകർത്താക്കൾക്കും അയച്ചുകൊടുത്തു.

ഖായിതെ മില്ലത്തിന്റെ ടെലഗ്രാം

ബാബരി മസ്ജിദിനെ മുൻനിർത്തി രാജ്യം കൂട്ടിച്ചോറാക്കാൻ ചിലർ ശ്രമിക്കുന്നുണ്ടെന്നറിഞ്ഞ അടുത്ത നിമിഷം തന്നെ (1949 ഡിസംബർ 23) മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ്-

'സമുദായങ്ങൾക്കിടയിൽ നിലനിന്നുവരുന്ന സാഹോദര്യത്തെ വ്രണപ്പെടുത്തി കലഹമുണ്ടാക്കുവാനുള്ള ഈ ക്രൂര സംഭവത്തിനു കാരണം ആരായാലും അവരെ കഠിനമായി ശിക്ഷിക്കണം.'

'മുസ്‌ലിംകളുടെ ആരാധന യാതൊരു പ്രയാസങ്ങളും ഇല്ലാതെ തുടർന്നും നടത്തുവാൻ, മസ്ജിദിനകത്ത് രാവോടു രാവ് കള്ളത്തരത്തിൽ വെച്ചിരിക്കുന്ന വിഗ്രഹം നീക്കം ചെയ്യുവാനുള്ള നടപടി ത്വരിതഗതിയിൽ കൈക്കൊള്ളണമെന്ന് അപേക്ഷിക്കുന്നു.'

എന്ന്, ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് കമ്പിയടിച്ചു. മാത്രമല്ല, ടെലഫോണിൽ ബന്ധപ്പെട്ട്, അവസ്ഥയുടെ കാഠിന്യത്തേയും ന്യൂനപക്ഷമായ മുസ്‌ലിംകൾക്കും അവരുടെ ആരാധനയ്ക്കും അനുഷ്ഠാനങ്ങ

Downloaded from www.gracebooks.in

ൾക്കും തടസ്സം വരാതെ സംരക്ഷണം നൽകുവാനുള്ള നടപടി ത്വരിതഗതിയിൽ എടുക്കേണ്ടത് അത്യാവശ്യമാണെന്നതും ഓർമ്മിപ്പിച്ചു.

പ്രധാനമന്ത്രിയുടെ ഉത്തരവ്!

ഖായിതെ മില്ലത്ത് അവർകളുടെ കമ്പിയും തുടർന്ന് ടെലഫോൺ വിളിയും കിട്ടിയതിനെത്തുടർന്ന് പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു 1949 ഡിസംബർ 23-ാം തിയ്യതി-

'ബാബരി മസ്ജിദിന്റെ കോംപൗണ്ട് പൂട്ട് അർദ്ധരാത്രിയിൽ തകർത്ത്, ബലമായി അകത്തുകടന്ന് കൂട്ടമായിച്ചേർന്ന് സ്ഥാപിച്ച വിഗ്രഹത്തെ പള്ളിയുടെ അകത്തുനിന്നും ഉടനെ നീക്കം ചെയ്യാനുള്ള നടപടികളും ഈ പ്രവർത്തി ചെയ്തവരെ കണ്ടുപിടിച്ച് ഉടനെ വേണ്ട നടപടികളെടുക്കുകയും ചെയ്യുക'

എന്ന് പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു, ഉത്തർപ്രദേശ് മുഖ്യമന്ത്രി പണ്ഡിറ്റ് ഗോവിന്ദ് വല്ലഭ പന്തിന് ഉത്തരവു നൽകി.

എന്നാൽ, യു.പി. മുഖ്യമന്ത്രി നടപടികളെടുക്കുവാൻ താമസിപ്പിക്കുകയും നിരാകരിക്കുകയും ചെയ്തു!

യു.പി. മുഖ്യമന്ത്രി 'പന്തി'ന്റെ മന്ദഗതിയിലായ പോക്കുമനസ്സിലാക്കിയ പണ്ഡിറ്റ് നെഹ്റു 1940 ഡിസംബർ 26-ാം തിയ്യതി യു.പി. മുഖ്യമന്ത്രിക്ക് വീണ്ടും അയച്ച കമ്പിയിൽ-

'അവിടെ (അയോദ്ധ്യയിൽ) എന്തോ ഭീകരത രൂപപ്പെടുന്നുണ്ട്! അത് ഭയങ്കര വിപത്തിൽ വഴിയൊരുക്കും!'

എന്ന് മുന്നറിയിപ്പു നൽകി നടപടികൾക്ക് വേഗം കൂട്ടുവാൻ കൽപിച്ചു.

സർദാർ പട്ടേലിന്റെ കത്ത്!

ഉപ മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയുമായ സർദാർ വല്ലഭായ് പട്ടേൽ, ഈ നീച പ്രവർത്തിയെക്കുറിച്ച് ഉത്തർപ്രദേശ് മുഖ്യമന്ത്രി പണ്ഡിറ്റ് ഗോവിന്ദ് വല്ലഭ് പന്തിന് 1950 ജനുവരി 9ന് എഴുതിയ കത്തിൽ-

'ആക്രമവും ബലാൽക്കാര നടപടികളും മൂലം ഉണ്ടാകുന്ന യാതൊരു പ്രവർത്തിയും സഹിക്കാനാവില്ല; അംഗീകരിക്കുവാനും പറ്റില്ല' എന്ന് വ്യക്തമാക്കിയിരുന്നു.

പന്തിന്റെ മറുപടി!

വിഗ്രഹം വച്ചതു മൂലം ഏർപ്പെട്ട പരിഭ്രമങ്ങളും പ്രധാനമന്ത്രി നെഹ്റുവിന്റെ ഉത്തരവ്, അഭ്യന്തര മന്ത്രിയുടെ കത്ത് ഇവയ്ക്കെല്ലാറ്റിനും മറുപടിയായി യു.പി. മുഖ്യമന്ത്രി പണ്ഡിറ്റ് ഗോവിന്ദ് വല്ലഭ പന്ത് കേന്ദ്ര സർക്കാരിന് 1950 ജനുവരി 9-ാം തിയ്യതി എഴുതിയ കത്തിൽ-

'ബാബരി മസ്ജിദിനകത്ത് വെയ്ക്കപ്പെട്ടിട്ടുള്ള വിഗ്രഹങ്ങൾ ശാന്തമായി നീക്കം ചെയ്യും' എന്ന ഉത്തരവാദിത്തവും ഉറപ്പും നൽകി.

Downloaded from www.gracebooks.in

എന്നാൽ ഈ ഉത്തരവാദിത്തവും വാശാനവും അദ്ദേഹത്തെക്കൊണ്ട് അവസാനം വരെ നിറവേറ്റാനായില്ല എന്നതു മാത്രമല്ല.

'ശാന്തമായി വിഗ്രഹം നീക്കം ചെയ്യും' എന്ന് ഉറപ്പുനൽകിയ യു.പി. മുഖ്യമന്ത്രി, ബാബരി മസ്ജിദ് പ്രദേശത്തെ 'പ്രശ്നബാധിത പ്രദേശം' എന്ന് പറഞ്ഞ്, ഒരിക്കലും അവിടെ നമസ്കാരം നടത്താനാവാത്തവണ്ണം 1949 ഡിസംബർ 23-ാം തിയ്യതി പ്രധാനമന്ത്രി നെഹ്റു ഉത്തരവ് പുറപ്പെടുവിച്ച അന്ന്- ശരിയായ, ഉറച്ച നടപടികൾ എടുക്കുന്നതിനു പകരം- വിഗ്രഹങ്ങൾ മാറ്റി പ്രാർത്ഥനക്ക് സൗകര്യം ഏർപ്പെടുത്തുന്നതിനു പകരം, ബാബരി മസ്ജിദിന്റെ വാതിൽ വിഗ്രഹങ്ങളോടൊപ്പം അടച്ചു താഴിട്ടു. ആരും പ്രവേശിക്കാത്തവിധം നിരോധനവും ഏർപ്പെടുത്തി!

ഭരണഭാഷയാകാൻ യോഗ്യതയുള്ളത് തമിഴ്!

സ്വതന്ത്ര ഇന്ത്യയുടെ പൊതു ഭാഷയായി സ്വീകരിക്കേണ്ടത് ഏതു ഭാഷയെ? എന്ന പ്രശ്നം രാഷ്ട്രീയ നിർമ്മാണ സഭയിൽ വിവാദത്തിനായി വന്നു.

വടക്കുള്ള അംഗങ്ങളെല്ലാം 'ഹിന്ദി' ഭാഷയാണ് പൊതു ഭാഷയായും ഭരണ ഭാഷയായും അംഗീകരിക്കേണ്ടതെന്ന് നിർബന്ധംപിടിച്ചു.

മറ്റു ചിലർ സംസ്കൃതത്തിനു വേണ്ടി വാദിച്ചു.

ഇതൊക്കെ ശാന്തമായി കേട്ടുകൊണ്ടിരുന്ന ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകൾ എഴുന്നേറ്റ്-

'ബഹുമാനപ്പെട്ട നേതാവേ! രാജ്യത്തെ പൊതുഭാഷ ഏത്? ഭരണഭാഷ ഏത്? എന്നതിനെക്കുറിച്ച് ഇവിടെ ദീർഘനേരമായി വാദപ്രതിവാദം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സംസാരിച്ചവരൊക്കെ ഇതിനു യോഗ്യത 'ഹിന്ദി' ഭാഷയ്ക്കു മാത്രമാണെന്ന് വാദിക്കുന്നു.'

'എന്നാൽ വിശാലമായ ഈ ഇന്ത്യാ മഹാരാജ്യത്ത് പൊതുഭാഷയായും ഭരണഭാഷയായും ആയിത്തീരാനുള്ള യോഗ്യതയും അന്തസ്സും ഉള്ള ഒരേയൊരു ഭാഷ 'തമിഴ്' അല്ലാതെ മറ്റൊന്നിനും ഇല്ലെന്ന് താഴ്മയോടെ പറഞ്ഞുകൊള്ളുന്നു.'

'സാഹിത്യ വളർച്ചയും ശ്രേഷ്ഠതയും പ്രത്യേക വ്യക്തിത്വവും കല, കലാസാംസ്കാരികതയും നിറഞ്ഞ തമിഴ് ഭാഷ- എന്റെ മാതൃഭാഷ- കോടിക്കണക്കിന് ജനങ്ങളുടെ മാതൃഭാഷ, തമിഴ് ഭാഷയാണ് ഈ രാജ്യത്തിന്റെ പൊതുഭാഷയായി, ഭരണഭാഷയായിത്തീരേണ്ടത് ചരിത്രപ്രസിദ്ധമായ ഈ രാജ്യത്തിന്റെ അന്തസ്സിന് മാറ്റേകും!'

എന്ന്, തലയുയർത്തി നിന്ന് മുഴങ്ങുന്ന ശബ്ദത്തിൽ ഉറച്ച വിശ്വാസത്തോടെ പറഞ്ഞു.

ഉർദു ഭാഷ നിസ്സാരമാണോ!

ഇന്ത്യാ മഹാരാജ്യത്തെ ദേശീയ ഭാഷകളുടെ പട്ടികയിൽ- രാഷ്ട്രീയ നിർണ്ണയ

Downloaded from www.gracebooks.in

സഭയ്ക്ക മുൻപാകെ സമർപ്പിച്ച പട്ടികയിൽ പതിമൂന്ന ഭാഷകളാണ് ഇടംപിടിച്ചിരുന്നത്. എന്നാൽ ഉർദു ഭാഷ ആ പട്ടികയിൽ ഉണ്ടായിരുന്നില്ല!

ഇന്ത്യൻ സ്വാതന്ത്ര്യ പോരാട്ടത്തിൽ ഇംഗ്ലീഷുകാർക്ക് എതിരായി ജനങ്ങളെ ആവേശത്തോടെ ആർപ്പുവിളിക്കാൻ പ്രേരിപ്പിച്ച അത്ഭുത ഭാഷ- 'ഇൻക്വിലാബ്' എന്ന വീര മുഴക്കത്തെ വിപ്ലവക്കനലായി നടക്കാൻ ജനതയെ കൊടുങ്കാറ്റായി സ്വാതന്ത്ര്യ സമര പോരാട്ടത്തിൽ അണിചേർത്ത ജീവനുള്ള ഭാഷ- രാജ്യത്തെ എല്ലാ വിഭാഗം ജനങ്ങളും സംസാരിക്കുന്ന ഭാഷ- 'സാരെ ജഹാംസെ അച്ഛാ- ഹിന്ദുസ്ഥാൻ ഹമാരാ!' എന്ന വികാരഭരിതമായ വാക്കു ഭാഷ- ഉർദു ഭാഷ- ഇന്ത്യയുടെ സ്വന്തം ഭാഷ- ഈ രാജ്യത്ത് ഉടലെടുത്ത്, ജനങ്ങളുടെ രക്തത്തിൽ ലയിച്ചുചേർന്ന ഉന്നത ഭാഷ- ഇന്ത്യൻ മഹാരാജ്യത്തെ ദേശീയ ഭാഷാ പട്ടികയിൽ സ്ഥാനം പിടിക്കാത്തത കണ്ട് ഞെട്ടിയ മുസ്ലിം ലീഗ് നേതാക്കന്മാരായ ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ്, ജനാബ് പി. പോക്കർ സാഹിബും ഉടനെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ നേരിട്ടു കണ്ട്-

ഉർദു ഭാഷ, ദേശീയ ഭാഷാ പട്ടികയിൽ സ്ഥാനം നേടാതെ വിട്ടതിനെക്കുറിച്ച് തങ്ങളുടെ വേദനയും ആവലാതിയും അറിയിച്ചു.

വിവരം അറിഞ്ഞ പണ്ഡിറ്റ് നെഹ്റുവും അത്ഭുപ്പെട്ടുപോയി! 'എന്തു കാരണത്താലോ, ശ്രദ്ധക്കുറവു മൂലമോ ഈ തെറ്റ് സംഭവിച്ചുപോയിരിക്കാം. അതിൽ ദുഃഖിക്കുന്നു; നിങ്ങളുടെ വേദന ഞാൻ മനസ്സിലാക്കുന്നു. തെറ്റ് ചൂണ്ടിക്കാട്ടിയതിന് നന്ദി' എന്നുപറഞ്ഞിട്ട് അടുത്ത നിമിഷം തന്നെ പതിനാലാമത്തെ ദേശീയ ഭാഷയായി ഉർദു ഭാഷയെ ചേർക്കാനായി ഉത്തരവിട്ടു.

രാഷ്ട്രീയ നിർണ്ണയ സഭയും പതിനാലാമത്തെ ദേശീയ ഭാഷയായി ഉർദു ഭാഷയെ അംഗീകരിച്ച്, ദേശീയ ഭാഷാ പട്ടികയെ അംഗീകരിച്ചു.

മഹാരാഷ്ട്രയിൽ ഉർദു ഭാഷ

മഹാരാഷ്ട്ര സംസ്ഥാനത്തുകൂടി ഉർദു ഭാഷയ്ക്ക് അർഹമായ അന്തസ്സ് നൽകണമെന്നും മഹാരാഷ്ട്ര സംസ്ഥാന മുസ്ലിം ലീഗ് അപ്പപ്പോൾ ഭരണകർത്താക്കളെ നേരിട്ടുകണ്ട് അപേക്ഷിച്ചുകൊണ്ടിരുന്നു.

മാത്രമല്ല, മഹാരാഷ്ട്ര സംസ്ഥാന മുസ്ലിം ലീഗ് നേതാവ് മുജാഹിതെ മില്ലത്ത് ജി.എം. ബനാത് വാല, ഉർദു ഭാഷയുടെ വളർച്ചയ്ക്കും രണ്ടാം ഭരണ ഭാഷയായി മഹാരാഷ്ട്രയിൽ ഉർദു ഭാഷ അംഗീകരിക്കണമെന്നും നടത്തിയ പോരാട്ടങ്ങളുടെ ഫലമായി, ഉർദു ഭാഷയ്ക്ക് അർഹതപ്പെട്ട സ്ഥാനവും അന്തസ്സും നൽകുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ആരംഭിച്ചു.

പ്രത്യേകിച്ച്, മഹാരാഷ്ട്ര സർക്കാരിന്റെ അറിയിപ്പുകളും ആജ്ഞകളും ഉർദുവിൽ പ്രസിദ്ധീകരിക്കുവാൻ തുടങ്ങിയ സർക്കാർ 'ക്വാമി ആവാസ്' എന്ന പേരിൽ മഹാരാഷ്ട്ര സർക്കാർ ഉർദു ഭാഷയിൽ പത്രം പുറത്തിറക്കി വന്നതും ബനാത്ത് വാലയുടെ പരിശ്രമം കൊണ്ടായിരുന്നു.

Downloaded from www.gracebooks.in

സർക്കാർ സ്ഥാപനങ്ങളിലും ഉർദു ഭാഷ ഉപയോഗിക്കുവാൻ തുടങ്ങി.

പെരിയാറുമായി ഒരു കൂടിക്കാഴ്ച!

'കുത്തൂശി' ഗുരുസ്വാമി പത്രാധിപരായിട്ടുള്ള ദ്രാവിഡ കഴക ദിനപത്രമായ 'വിടുതലൈ'യിൽ 1950ൽ പുറത്തിറങ്ങിയ ഒരു മുഖപ്രസംഗം മുസ്‌ലിം ജനതയുടെയും മുസ്‌ലിം ലീഗ് പ്രവർത്തകരേയും ഞെട്ടിക്കുകയും ആശ്ചര്യപ്പെടുത്തുകയും ചെയ്തു- മുസ്‌ലിം ലീഗിനെക്കുറിച്ചുള്ളതായിരുന്നു ആ മുഖപ്രസംഗം!

'സ്വാതന്ത്ര്യം കിട്ടിയതിനു ശേഷം കോൺഗ്രസ്സ് പാർട്ടി പ്രവർത്തിക്കേണ്ട ആവശ്യമില്ല; കോൺഗ്രസ്സ് പാർട്ടിയെ പിരിച്ചുവിടുക! എന്ന ഗാന്ധിജി പറഞ്ഞതുപോലെ'

'പാക്കിസ്ഥാൻ രൂപം കൊണ്ടിരിക്കുന്നു. ഇതിനാൽ മുസ്‌ലിം ലീഗ് ഇനി പ്രവർത്തിക്കേണ്ട ആവശ്യമില്ല! അതുകൊണ്ട്, മുസ്‌ലിം ലീഗ് പിരിച്ചുവിടണം'

എന്നർത്ഥത്തിൽ- മുസ്‌ലിം ലീഗിനെ പിരിച്ചുവിടണം' എന്ന തലവാചകത്തിൽ എഴുതിയ മുഖപ്രസംഗം വേദനിപ്പിക്കുന്നതായിരുന്നു.

മുസ്‌ലിം ലീഗ് വേണോ- വേണ്ടേ? ഉണർന്നെഴുന്നേറ്റ് സമുദായത്തിന് ചെയ്യേണ്ട കടമകൾ തുടരണോ? വേണ്ടേ?

ഇതു തീരുമാനിക്കേണ്ടത് മുസ്‌ലിംകളാണ്!

ആ ദീർഘമായ തീരുമാനം അവർ 1948 മാർച്ച് 10-ാം തിയ്യതി ചെന്നൈ രാജാജി ഹാളിൽ യോഗം ചേർന്ന് തീരുമാനിച്ചു.

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് എന്ന മാധുര്യമൂറും പേരിൽ സ്വതന്ത്ര ഇന്ത്യയിൽ പ്രവർത്തിക്കുന്നത്- മുസ്‌ലിം സമുദായത്തിന്റെ പ്രാധിനിത്യ സംഘടനയായ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിനെ പ്രവർത്തിപ്പിക്കണമെന്ന്, ലോകം അറിയും വിധത്തിൽ ധൃഢനിശ്ചയത്തോടെ തീരുമാനം എടുത്തു.'

'മുസ്‌ലിം ലീഗിനെ പിരിച്ചുവിടണം! എന്ന തലക്കെട്ടിൽ എഴുതിയത് വായിച്ച് അത്ഭുതവും വേദനയും സമുദായത്തിൽ പടർന്ന്, പരിഭ്രമം ഉണ്ടാക്കിക്കൊണ്ടിരുന്ന സന്ദർഭത്തിൽ- മുഖപ്രസംഗം പുറത്ത് വന്ന് രണ്ടു ദിവസത്തിനുള്ളിൽ ദ്രാവിഡ കഴക നേതാവ് വെൺതാരി വേന്തർ പെരിയാർ ഇ.വി. രാമസ്വാമി അവർകൾ വന്നിട്ടുള്ളതായി വിവരം ലഭിച്ചു.

എളിമയുടെ മൂർത്തിയായ 'അയ്യാ'യോടു തന്നെ ഇതിനെക്കുറിച്ചാരാഞ്ഞ് വ്യക്തത നേടണം, പരിഹാരവും കാണണം! എന്ന തീരുമാനത്തോടെ-

പ്രശസ്തനായ എഴുത്തുകാരനും പ്രാസംഗികനുമായ തുത്തുകുടി എം. മുസ്തഫാ ഹുസൈൻ, തിരുച്ചി യൂത്ത് ലീഗ് നേതാവ് എ.എം. ഹനീഫ്, ആ കാലഘട്ടത്തിൽ വിദ്യാർത്ഥിയായിരുന്നു, മെടിക്കുലേഷൻ പരീക്ഷയെഴുതുന്നതിനായി തിരുച്ചിയിൽ വന്ന് കുറച്ചാഴ്ചകൾ താമസിച്ചിരുന്ന കോംവൈ സി.ഐ അല്ലാപിച്ച തുടങ്ങിയ മൂന്നുപേരും തന്നെ പേരിയാരെ കണ്ടു സംസാരിക്കുവാൻ അദ്ദേഹം താമസിച്ചിരുന്ന, തിരുച്ചി നഗരത്തിൽ പുത്തൂരിൽ ഉള്ള കഴക നേതാവ് ടി.വി. വേദാചലം ബി.എ.ബി.എൽ അവർകളുടെ വീട്ടിലേക്കു പോയി.

Downloaded from www.gracebooks.in

അവിടെ ഞങ്ങളെ തന്നെ പെരിയാറും അഡ്വക്കറ്റ് ടി.വി. വേദാചലം അവർകളും സ്നേഹപൂർവ്വം സ്വീകരിച്ചു. വന്ന കാര്യം പറഞ്ഞു. അവിടെ അപ്പോൾ ധാരാളം കഴകം പ്രവർത്തകർ കൂടിയിരുന്നു. 'സാർ, താങ്കളോട് തനിച്ചു സംസാരിക്കണം' എന്ന ഞങ്ങളുടെ ആഗ്രഹത്തെ കുറിച്ചു പറഞ്ഞപ്പോൾ, കഴകം സുഹൃത്തുക്കളോട്' ആരും വരണ്ട' എന്നു പറഞ്ഞുകൊണ്ട്, ഞങ്ങളേയും കൂട്ടി, വീട്ടുതോട്ടത്തിന്റെ ഒരു ഭാഗത്ത് ഇരുന്നു. അയ്യാ ആവശ്യപ്പെട്ടതു പ്രകാരം ഞങ്ങൾ സംസാരം തുടർന്നു-

'സാർ, മുസ്ലിം ലീഗ് പിരിച്ചുവിടണം' എന്ന് 'വിടുതലൈ' ദിനപത്രം മുഖപ്രസംഗം എഴുതി, ഞങ്ങളുടെ മനസ്സിനെ മാത്രമല്ല, പൊതുവായി മുസ്ലിം സമുദായക്കാരുടെ മനസ്സുകളേയും വേദനിപ്പിച്ച്, വികാരങ്ങളെ മുറിപ്പെടുത്തിയിരിക്കുന്നു! 'വിടുതലൈ'യാണോ ഇങ്ങനെ മുഖപ്രസംഗം എഴുതുന്നത്? എന്ന ചോദ്യചിഹ്നവും വേദനയും ഉയർന്നിരിക്കുന്നു. ഇതിനെക്കുറിച്ച് അയ്യായോട് അഭിപ്രായം ആരായാൻ- വ്യക്തമായറിയാനാണ് വന്നിരിക്കുന്നത്.' എന്ന് അറിയിച്ചപ്പോൾ-

'നിങ്ങളുടെ വികാരം ഞാൻ മനസ്സിലാക്കുന്നു. ഒരു സംഘടനയെ പിരിച്ചുവിടാൻ പറയുന്നത് സാധാരണ വിഷയമല്ല; അതും ഒരു സംഘടനയെ, മറ്റൊരു സംഘടന, അല്ലെങ്കിൽ മറ്റൊരു സംഘടനയിൽ പെട്ടവർ പിരിച്ചുവിടാൻ പറയുന്നത് നാഗരീക രീതിയല്ല'

'എങ്കിലും എഴുതിയിരിക്കുന്നത് ഗുരുസ്വാമിയാണ്! അതും വിടുതലൈയിൽ! ഒരു പക്ഷെ, സ്വാതന്ത്ര്യം കിട്ടിയിരിക്കുന്നു. കോൺഗ്രസ്സ് പാർട്ടി ഇനി ആവശ്യമില്ല, പിരിച്ചുവിടുക! എന്ന്, അദ്ദേഹം ഉൾപ്പെട്ട കോൺഗ്രസ്സുകാരോട് ഗാന്ധിജി പറഞ്ഞതുപോലെ-

'പാക്കിസ്ഥാൻ കിട്ടിയല്ലോ, ഇനി എന്തിനാണ് മുസ്ലിം ലീഗ്? അതിനാൽ പിരിച്ചുവിടുക! എന്ന അടിസ്ഥാനത്തിൽ എഴുതിയിരിക്കുന്നതായിരിക്കും എന്നു വിചാരിക്കുന്നു. ആ മുഖപ്രസംഗം ഞാൻ ഇതുവരെ വായിച്ചിട്ടില്ല!'

'എങ്കിലും, ഗാന്ധിജിയുടെ അഭിപ്രായത്തെ ഉദാഹരണമായെടുത്തുകൊണ്ടാണെങ്കിലും അതു ശരിയല്ല. എന്തുകൊണ്ടെന്നാൽ, ഗാന്ധിജി കോൺഗ്രസ്സുകാരനാണ്; കോൺഗ്രസ്സ് പിരിച്ചുവിടാൻ പറഞ്ഞത്- അതായത് അദ്ദേഹത്തിന്റെ പാർട്ടിയെ അദ്ദേഹം പിരിച്ചുവിടാൻ പറഞ്ഞത്- പറയുന്നത് അദ്ദേഹത്തിന്റെ അവകാശമായിരിക്കും; അല്ലെങ്കിൽ, ഒരു വലിയ നേതാവ് എന്ന മുറയിൽ അദ്ദേഹത്തിന്റെ കടമകൂടിയായിരിക്കാം!'

'എന്നാൽ, ആ അടിസ്ഥാനത്തിൽ, മുസ്ലിം ലീഗിനെക്കുറിച്ച് ഇദ്ദേഹം അഭിപ്രായം പറയുന്നത് ശരിയായതും അല്ല.'

'നിങ്ങൾക്ക് മുസ്ലിം ലീഗ് ആവശ്യമാണെന്നു തോന്നുമ്പോൾ അതിനെ ആർക്കാണ് ആക്ഷേപിക്കുവാനാവുക? ആർക്കാണ് തടയാനാവുക? ഗുരുസ്വാമിയോട്, അദ്ദേഹം എഴുതിയതിന് ക്ഷമ ചോദിച്ചുകൊണ്ടെഴുതുവാൻ പറയാം.

Downloaded from www.gracebooks.in

അദ്ദേഹം എഴുതും! എന്ന് വളരെ സ്നേഹത്തോടും അനുസരണയോടും ഞങ്ങൾ ആശ്വസിപ്പിച്ചു.

പിന്നീട്, മുസ്‌ലിം ലീഗിനും തനിക്കും ദ്രാവിഡ കഴകത്തോടു മാത്രമല്ല, ജസ്റ്റിസ് പാർട്ടിയോടും ഉള്ള ദീർഘ ബന്ധത്തെക്കുറിച്ചും അലി സഹോദരന്മാരായ മൗലാനാ മുഹമ്മദ് അലി ജൗഹർ, മൗലാനാ ഷൗക്കത്ത് അലി ജൗഹർ, അവരുടെ സ്നേഹനിധിയായ മാതാവ് ബീ ഉമ്മ തുടങ്ങിയവരെക്കുറിച്ചും അവർ ഈറോഡിൽ തന്റെ വീട്ടിൽ തങ്ങിയതിനെക്കുറിച്ചും എടുത്തു പറഞ്ഞതിനോടൊപ്പം-

അഖിലേന്ത്യാ മുസ്‌ലിം ലീഗ് നേതാവ് ഖായിതെ ഹാജം മുഹമ്മദലി ജിന്ന അവർകളെ ബോംബെയിൽ കണ്ടുമുട്ടിയത്; 1941ൽ ചെന്നൈയിൽ നടന്ന മുസ്‌ലിം ലീഗ് സമ്മേളനത്തിൽ ജിന്ന അവർകളോടൊപ്പം വേദിയിലിരിക്കുവാൻ തനിക്കു ലഭിച്ച അസുലഭ സന്ദർഭങ്ങളേയും ഒക്കെ ഓർത്ത് ഞങ്ങളുമായി പങ്കിട്ടു.

അവസാനം, 'നിങ്ങളുടെ നേതാവ് അനിയൻ, ഇസ്മാഈൽ അദ്ധ്യക്ഷ സ്ഥാനത്തിരിക്കുവാൻ യോഗ്യനാണ്. യോഗ്യനായ ഒരാളുടെ നേതൃത്വത്തിൽ മുസ്‌ലിം ലീഗ് പ്രവർത്തിക്കുന്നത് അഭിമാനകരമായിരിക്കും. അദ്ദേഹത്തിന്റെ നേതൃത്വം എല്ലാ വകയിലും നിങ്ങൾക്ക് സംരക്ഷണവും മുസ്‌ലിം സമുദായത്തിന്റെ അഭിമാനത്തെ ഉയർത്തുകയും ചെയ്യും.'

'മുസ്‌ലിം ലീഗിനെ തുടർന്നും പ്രാവർത്തികമാക്കുക. അതിന് എന്റെ സഹായവും സഹകരണവും തീർച്ചയായും ഉണ്ട്' എന്നു പറഞ്ഞ തന്തൈ പെരിയാർക്ക് നന്ദി പറഞ്ഞിട്ട് യാത്രാനുമതി വാങ്ങി.

തിരുച്ചിയിൽ ഖായിതെ മില്ലത്ത്

ഇതേ 1950ൽ തുരുച്ചി നഗരത്തിൽ മുസ്‌ലിം ലീഗ് പൊതുസമ്മേളനം

അന്നു വൈകുന്നേരം, ആയിരക്കണക്കിന് പൊതുജനങ്ങൾ തിങ്ങിനിറഞ്ഞ ആ മഹാ സമ്മേളനത്തിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകളും പങ്കെടുത്ത് പൊലിപ്പിച്ചു.

തിരുച്ചി ജില്ലാ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ഖാൻ സാഹിബ്, ജനാബ് വി.എസ്. മുഹമ്മദ് ഇബ്രാഹീം സാഹിബ് എം.എൽ.എ അവർകളുടെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ പ്രമുഖ നേതാക്കന്മാർ പ്രസംഗിച്ചു. അവസാനം നന്ദി പ്രസംഗം നടത്തിയ ഖായിതെ മില്ലത്ത് അവർകൾ തന്റെ നീണ്ട പ്രസംഗത്തിൽ എടുത്തു പറഞ്ഞത്

'ഒരു മുസ്‌ലിം ഈ രാജ്യത്ത് ജീവനോടെയിരിക്കുന്നതു വരെ മുസ്‌ലിം ലീഗ് ഉണ്ടായേ തീരൂ- പ്രവർത്തിച്ചേ തീരൂ! ആർക്കു വേണ്ടിയും എന്തിനു വേണ്ടിയും മുസ്‌ലിം ലീഗ് തന്റെ പ്രവർത്തനം നിർത്തില്ല!'

മുസ്‌ലിം ലീഗിനെതിരായുള്ള കുപ്രചാരണങ്ങൾ, നടന്നുകൊണ്ടിരുന്ന കാലഘട്ടത്തിൽ തിരുച്ചിയിൽ നടന്ന ഈ മഹാ മുസ്‌ലിം ലീഗ് പൊതു സമ്മേളനത്തി

Downloaded from www.gracebooks.in

ൽ ഇന്ത്യൻ യൂണയൻ മുസ്‌ലിം ലീഗിന്റെ തലമുതിർന്ന നേതാവ് ബഹുമാനപ്പെ ട്ട ഖായിതെ മില്ലത്ത് അവർകളുടെ ഗർജ്ജനം മറ്റിതര പാർട്ടി നടുത്തളങ്ങളെ പ്രകമ്പനം കൊള്ളിച്ചു.

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് പൊതു സമിതി

1951ൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ ദേശീയ പൊതു കമ്മിറ്റി ചെ ന്നൈയിൽ ഖായിതെ മില്ലത്ത് അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു.

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ ലക്ഷ്യങ്ങളും നിയമ വ്യവസ്ഥകളും തയ്യാറാക്കിയ സഹ കമ്മിറ്റി അത് പൊതു സമിതിക്ക് മുന്നിൽ സമർപ്പിച്ചു.

ഇതിൽ ചില തിരുത്തലുകൾ വരുത്തി പൊതു കമ്മിറ്റി അത് അംഗീകരിച്ചു.

ഉറങ്ങുന്ന സിംഹം!

1951ൽ ചെന്നൈയിൽ വന്ന ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മെറീനാ കടപ്പുറത്തു നടന്ന കോൺഗ്രസ്സ് പാർട്ടിയുടെ പൊതു സമ്മേ ളനത്തിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിനെതിരെ കടുത്ത ഭാഷയിൽ സം സാരിച്ചു. പ്രത്യേകിച്ച്-

'മുസ്‌ലിം ലീഗ് ചത്ത കുതിരയാണ്; മ്യൂസിയത്തിൽ കാഴ്ചയ്ക്കു വെക്കേണ്ട ആ ചത്ത കുതിരയെ ചിലർ എടുത്തു കൊണ്ടു നടക്കുകയാണ് '

എന്ന് പരിഹസിച്ച, നിലമറന്ന് സംസാരിച്ചു!

പണ്ഡിറ്റിന്റെ സംസാരത്തിൽ എരിവും കാഠിന്യവും വിവേകം അൽപംപോ ലും ഇല്ലാത്തതും അദ്ദേഹത്തിന്റെ ഇച്ഛാഭംഗമാണ്!

'അതായത് മുസ്‌ലിം ലീഗിനെ പിരിച്ചുവിടുക; ആ പേരിൽ രാഷ്ട്രീയ പ്രവേ ശനം വേണ്ട; നിങ്ങൾക്ക് രാഷ്ട്രീയ പിടിപാട് വേണം- മുസ്‌ലിംകൾക്ക് എന്ത് പ്രത്യേകമായൊരു സംഘടന ആവശ്യമാണെന്നു നിങ്ങൾ കരുതിയാൽ- ആഗ്രഹിച്ചാൽ അതിന് മുസ്‌ലിം ലീഗ് എന്നല്ലാതെ വേറെ ഏതെങ്കിലും പേരിട്ട് പ്രവർത്തിക്കുക' ഏത് ഇന്ത്യയുടെ അവസാന വൈസ്രോയിയും, സ്വതന്ത്ര ഇന്ത്യയുടെ ആദ്യ ഗവർണർ ജനറലുമായ ലോർഡ് മൗണ്ട് ബാറ്റൺ കോ ൺഗ്രസ്സിലെ മുതിർന്ന നാതാക്കളിൽ ഒരാളും കേന്ദ്രമന്ത്രിയുമായ റഫീ അഹ മ്മദ് കിദ്വായ് മുതലായവരെ, ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവരോട് സംസാരിച്ചും, പിന്നെ തനിച്ച് നേരിൽ വിളിച്ച് സംസാരി ച്ച് കേണപേക്ഷിച്ചും കേൾക്കാതെ തന്നേയും തന്റെ അഭിപ്രായങ്ങളേയും വക വെക്കാതെ മുസ്‌ലിം ലീഗിനെ തുടർന്നും പ്രവർത്തിച്ചുകൊണ്ടുവരികയാണല്ലോ എന്ന കോപത്തിൽ; വികാരാധീതനായ പ്രധാനമന്ത്രി നെഹ്റുവിനേറ്റ നിരാശ യിൽ കോരിച്ചൊരിഞ്ഞതാണ് 'മുസ്‌ലിം ലീഗ് ചത്ത കുതിരയാണ് മ്യൂസിയത്തി ൽ വെക്കേണ്ട കാഴ്ച വസ്തു' എന്നീ ചുടുവാക്കുകൾ!

നെഹ്റുവിന്റെ നെറികെട്ട 'ഈ സംസാരത്തിന് ' ചുട്ട മറുപടി കൊടുക്കുവാൻ കേരളം മുന്നോട്ടുവന്നു! ഇങ്ങനെ-

Downloaded from www.gracebooks.in

'പണ്ഡിറ്റ് നെഹ്റു അവർകളേ: മുസ്‌ലിം ലീഗ് ചത്ത കുതിരയല്ല- ഉറങ്ങുന്ന സിംഹമാണ്! സന്ദർഭം വരുമ്പോൾ- അവസരം വരുമ്പോൾ ഗർജ്ജിക്കുന്ന സിംഹമാണ് അത്! അതിന്റെ ഗർജ്ജനം ഭയപ്പെടുത്തുന്നവരെ പിൻതിരിഞ്ഞോടിപ്പിക്കും! പേടിപ്പിക്കലുകളെ പൊടിപൊടിയാക്കും. വിദ്വേഷ കോട്ടകളെ തകർക്കും!'

എന്ന്, കേരള സിംഹം സി.എച്ച്. മുഹമ്മദ് കോയ മുന്നറിയിപ്പു നൽകി.

ചത്ത കുതിരയെന്നും മ്യൂസിയത്തിൽ വെക്കേണ്ട കാഴ്ചവസ്തുവെന്നും ഏതു സംഘടനയെക്കുറിച്ച് പണ്ഡിറ്റ് നെഹ്റു പരിഹാസത്തോടെയും അധികാര അഹന്തയോടും ആർപ്പുവിളിച്ചുവോ, അതേ സംഘടന- മുസ്‌ലിം ലീഗ് കേരളത്തിൽ നടത്തിയ പൊതു സമ്മേളനത്തിൽ, മുസ്‌ലിം ലീഗിന്റെ സ്റ്റേജിൽ, മുസ്‌ലിം ലീഗിന്റെ ചന്ദ്രക്കല, നക്ഷത്രം തുന്നിയ പച്ചക്കൊടിയുടെ ചുവട്ടിൽ നിന്ന് മുസ്‌ലിം ലീഗിന്റെ വോട്ടർമാരേയും മുസ്‌ലിം ലീഗിനേയും ആദരിച്ചു സംസാരിക്കേണ്ട ആവശ്യത്തെ രൂപപ്പെടുത്തി കാണിച്ചത് കേരള സംസ്ഥാന ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗാണ്!

ചത്ത കുതിരയെന്ന ചിത്രീകരിക്കപ്പെട്ട മുസ്‌ലിം ലീഗ്, സിംഹമായി സടകുടഞ്ഞെഴുന്നേറ്റത് നേരിട്ടു കണ്ട്, നെഹ്റു ആശ്ചര്യപ്പെട്ടു?

'മ്യൂസിയത്തിൽ വെക്കേണ്ട കാഴ്ചവസ്തു' എന്ന് മുസ്‌ലിം ലീഗിനെ പരിഹസിച്ചു സംസാരിച്ച പ്രധാനമന്ത്രി നെഹ്റു, മുസ്‌ലിം ലീഗിന്റെ സിംഹനട എത്രമാത്രം ബലിഷ്ഠമായതാണെന്ന കണ്ട്. കേരളത്തിൽ മിഴിനട്ടു!

മുസ്‌ലിം ലീഗിനെക്കുറിച്ചുള്ള തന്റെ ഊഹവും കണക്കും എത്ര തെറ്റാണ്; പഴികലർന്ന തന്റെ സംസാരം എത്രമാത്രം അബദ്ധമായതാണ്; വിഡ്ഢിത്തമായതാണ് എന്ന് ആലോചിച്ചു നോക്കിയപ്പോൾ- പാഠം പഠിക്കുവാൻ കേരളം വഴിവച്ചതിനെക്കുറിച്ചോർത്ത് ലജ്ജിച്ചു എന്നതിൽ സംശയമില്ല.

Downloaded from www.gracebooks.in

ആദ്യത്തെ പൊതു തെരഞ്ഞെടുപ്പ്!

രാജ്യം സ്വാതന്ത്ര്യം നേടിയതിനു ശേഷം 1950ൽ രാഷ്ട്രീയ നിർണയ സഭ ഇന്ത്യ ജനാധിപത്യ രാജ്യമായി പ്രഖ്യാപിക്കപ്പെട്ടു. ജനുവരി 26ന്.

ഇന്ത്യ പൂർണ്ണ ജനാധിപത്യ രാജ്യമായി പ്രഖ്യാപിച്ച നിലയിൽ ഭരണ ഘടനാപ്രകാരം 21 വയസ്സ് പൂർത്തിയായ എല്ലാ പൗരൻമാർക്കും വോട്ടവകാശം വിനിയോഗിക്കുവാൻ അവസരം നൽകി. ജനാധിപത്യ രീതിയിൽ ആദ്യത്തെ പൊതു തെരഞ്ഞെടുപ്പ്- പാർലിമെന്റിലേക്കും നിയമസഭകളിലേക്കും ജനപ്രതിനിധിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള അറിയിപ്പ് പ്രഖ്യാപിക്കപ്പെട്ടു.

പ്രായപൂർത്തി വോട്ടവകാശപ്രകാരം നടത്തപ്പെടുന്ന ഈ ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് 1951 ഒക്ടോബർ മുതൽ 1952 മാർച്ച് വരെ നടന്നു.

ഈ കാലഘട്ടത്തിൽ കോൺഗ്രസ്സ് പാർട്ടി മാത്രമാണ് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഭരണകക്ഷിയായി- ചെന്നൈ ഉൾപ്പെടെ ഉണ്ടായിരുന്നത്.

മുസ്‌ലിം ലീഗിന്റെ സ്ഥാനാർത്ഥികൾ

ഈ ആദ്യത്തെ പൊതു തെരഞ്ഞെടുപ്പിനെ നേരിടാൻ തീരുമാനിച്ച മുസ്‌ലിം ലീഗ്, ഖായിതെ മില്ലത്ത് അവർകളുടെ നേതൃത്വത്തിൽ താഴെ കാണുന്ന ഭാഗങ്ങളിൽ - മണ്ഡലങ്ങളിൽ- മുസ്‌ലിം ലീഗ് നേരിട്ടു മത്സരിക്കുവാൻ തീരുമാനിച്ച് സ്ഥാനാർത്ഥികളുടെ പേരും പ്രഖ്യാപിച്ചു.

മലബാറിൽ: മദ്രാസ് സംസ്ഥാനത്തോട് ചേർന്നിരുന്ന മലബാറിൽ ഉള്ള അഞ്ചു മണ്ഡലങ്ങളിൽ മുസ്‌ലിം ലീഗ് സ്ഥാനാർത്ഥിമാരായി:

കെ.എം. സീതിസാഹിബ്, ബി.എ.ബി.എൽ.

ഉപ്പിസാഹിബ്, ബി.എ.ബി.എൽ.

ചാക്കിരി അഹമ്മദ് കുട്ടി സാഹിബ്

കെ.കെ. ഷാഫി സാഹിബ്
ചടയൻ (റിസർവ് മണ്ഡലം)
പിന്നോക്ക വിഭാഗത്തിനായിട്ടുള്ള റിസർവു മണ്ഡലത്തിൽ മുസ്‌ലിം ലീഗിന്റെ ആധികാരിക സ്ഥാനാർത്ഥിയായി ശ്രീ ചടയനെ പ്രഖ്യാപിച്ചു.

പാർലിമെന്റ് - തിരുനെൽവേലി: കെ.ടി.എം. അഹമ്മദ് ഇബ്റാഹീം ബി.എ .ബി.എൽ.

നിയമസഭാ മണ്ഡലങ്ങൾ: തിരുവല്ലിക്കേണി: എം.എസ്. അബ്ദുൽ മജീദ്, ആയിരം വിളക്ക് : സൈയദ് നിയമത്തുള്ള, പെരമ്പൂർ: അഹമ്മദ് മുഹ്‌യുദ്ദീൻ ബീജാപൂരി.

ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പാർട്ടി ആരുടേയും പിൻതുണ തേടാതെ തനിച്ചു മത്സരിച്ചു.

കാരണം, കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഭരണ കക്ഷിയായിരിക്കുന്നതിനാൽ, ആൾബലവും അധികാര ബലവും തനിച്ച് വിജയം പ്രധാനം ചെയ്യും എന്ന വിശ്വാസത്തിൽ, ആരെയും പ്രതീക്ഷിക്കാതെ എല്ലാ മണ്ഡലങ്ങളിലും തനിച്ചു മത്സരിച്ചു.

ഐക്യമുന്നണി: കമ്യൂണിസ്റ്റ പാർട്ടിയുടെ നേതൃത്വത്തിൽ ഐക്യമുന്നണി രൂപംകൊണ്ടു. ഇവർക്കനുകൂലമായി ദ്രാവിഡ കഴക നേതാവ് പെരിയാർ ഇ.വി. രാമസ്വാമിക്കും മറ്റു നേതാക്കൻമാരും, പ്രവർത്തകരും ഒപ്പം ദ്രാവിഡ മുന്നേറ്റ കഴക അദ്ധ്യക്ഷൻ, അണ്ണാ, മുന്നണി നേതാക്കന്മാർ, പ്രാസംഗികർ ഒക്കെ തീവ്രപ്രചരണത്തിൽ തമിഴകം മുഴുവൻ ചുറ്റി ചുറ്റി പ്രവർത്തിച്ചു.

കമ്മ്യൂണിസ്റ്റ് പാർട്ടി- ഐക്യമുന്നണി സ്ഥാനാർത്ഥിമാരിൽ ഒളിവിൽ ചിലരും, ജയിലിൽ ചിലരും ഈ അവസ്ഥയിലും തെരഞ്ഞെടുപ്പിൽ മത്സരിച്ചു.

അവരിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുതിർന്ന നേതാക്കന്മാരിൽ ഒരാളായ സഖാവ് പി. ജീവാനന്ദം, മദന ഗോപാൽ, ബാല ദണ്ഡായുധം കെ.ടി. രാജു എന്നിവർ പ്രത്യേകിച്ചും.

മുസ്‌ലിം ലീഗ് പ്രചാര സംഘം

സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായി നടന്ന ഈ പൊതു തെരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗിന്റെ സ്ഥാനാർത്ഥികളേയും, മുസ്‌ലിം ലീഗിന്റെ പിൻതുണയുള്ള സ്വതന്ത്ര സ്ഥാനാർത്ഥികളേയും പിൻതുണച്ച് പ്രചാരണം നടത്തുന്നതിനായി മുസ്‌ലിം ലീഗ് പ്രചാരണ സംഘം ഒരു സംഘടന രൂപീകരിച്ചു.

ഈ സംഘത്തിൽ തിരുച്ചി ടോർപ്പിഡോ എ.കെ. ബാഷ, ടി.എസ്.എ. റസൂൽ, എം.കെ. ദീൻ, എസ്.എം. സുൽത്താൻ ബാഖാദി; എ.എം. ഹനീഫ്, കോവൈ എൻ.എസ്. ബാബ, കോവൈ കെ.എം. ഹനീഫ്, കോവൈ സി.ഐ. അല്ലാപിച്ച, മധുര എസ്.എസ്. അബ്ദുല്ല, തഞ്ചെ എം.കെ. അസീസ് എന്നിവർ ഉണ്ടായിരുന്നു.

ഈ വാർത്ത ചെന്നൈയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'മുസ്‌ലിം' ദിനപ

Downloaded from www.gracebooks.in

ത്രത്തിൽ 20-11-1951ൽ പ്രസിദ്ധീകരിച്ചുവന്നു.

മുസ്‌ലിം ലീഗിന്റെ വിജയം

മദ്രാസ് സംസ്ഥാനത്തോടു ചേർന്നിരുന്ന മലബാർ ഭാഗത്ത് അഞ്ച് മണ്ഡലങ്ങളിൽ മത്സരിച്ച മുസ്‌ലിം ലീഗ് സ്ഥാനാർത്ഥികൾ അഞ്ചുപേരും തെരഞ്ഞെടുപ്പിൽ വിജയം വരിച്ചു.

ജനാബ് കെ.എം. സീതിസാഹിബ് ബി.എ.ബി.എൽ.

ജനാബ് ഉപ്പിസാഹിബ് ബി.എ.ബി.എൽ

ജനാബ് ചാക്കീരി അഹമ്മദ് കുട്ടി

ശ്രീ ചടയൻ

ജനാബ് കെ.കെ. ഷാഹി സാഹിബ്

ഈ അഞ്ചുപേരുടെ അത്ഭുതകരമായ വിജയം സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ സുവർണ്ണ മുദ്രയായി പതിഞ്ഞുകിടന്നു. അതേസമയം തിരുനെൽവേലി മണ്ഡലത്തിൽ മത്സരിച്ച കെ.ടി.എം. അഹമ്മദ് ഇബ്രാഹീം സാഹിബ് നാലായിരം വോട്ടുകൾക്ക് പരാജയപ്പെട്ടു. ഒപ്പം ചെന്നൈയിൽ മത്സരിച്ച മൂന്നു മുസ്‌ലിം ലീഗ് സ്ഥാനാർത്ഥികളും തോറ്റു.

എന്നാൽ മുസ്‌ലിം ലീഗിന്റെ പിൻതുണയോടെ മത്സരിച്ച സ്വതന്ത്ര സ്ഥാനാർത്ഥികളും മറ്റു പാർട്ടി സ്ഥാനാർത്ഥികളും ബഹുഭൂരിപക്ഷവും വിജയിക്കുകയും ചെയ്തു.

മുസ്‌ലിം ലീഗിന്റെ പിൻതുണയോടെ ആദ്യത്തെ കോൺഗ്രസ്സ് മന്ത്രിസഭ!

മൊത്തം 375 സ്ഥാനങ്ങളുള്ള ചെന്നൈ നിയമസഭയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പാർട്ടി 152 മണ്ഡലങ്ങളിൽ മാത്രം ജയിച്ചു.

അതേസമയം കമ്യൂണിസ്റ്റുകാർ രൂപം നൽകിയ ഐക്യമുന്നണിയിൽ കിസാൻ മസ്ദൂർ പ്രജാ പാർട്ടിക്കും ചില പ്രാദേശിക കക്ഷികളും ചേർന്ന് പ്രകാശം അവർകളുടെ നേതൃത്വത്തിൽ 164 നിയമസഭാ അംഗങ്ങൾ ഉള്ള കക്ഷിയായി.

ഈ അവസ്ഥയിൽ, കോൺഗ്രസ്സ് പാർട്ടിയേക്കാളും അംഗബലം ഉള്ള ഐക്യമുന്നണിയെ വിട്ട്, രാജാജിയെ മന്ത്രിസഭ രൂപീകരിക്കാൻ ഗവർണർ ക്ഷണിച്ചു.

ഗവർണറുടെ ഈ പ്രവർത്തിയിൽ പരപരപ്പും ചർച്ചയും രൂപപ്പെട്ടുകൊണ്ടിരുന്ന അവസ്ഥയിൽ, കളത്തിലേക്കിറങ്ങിയ രാജാജി ചെറുപാർട്ടികൾക്കും സ്വതന്ത്രർക്കും വലവീശി.

എങ്കിലും, മന്ത്രിസഭ രൂപീകരിക്കുന്നത് ആരാണ്? കോൺഗ്രസ്സോ? ഐക്യമുന്നണിയോ? രാജാജിയെ ക്ഷണിച്ച ഗവർണ്ണറുടെ പ്രവർത്തി ശരിയാണോ? മുറപ്രകാരമാണോ? ജനങ്ങൾക്കിടയിൽ ഈ പ്രശ്നം ഉത്തരംകിട്ടാത്ത ചോദ്യമായി മുഴച്ചുനിന്നു!

രാജാജി തന്റെ ചാണക്യ സൂത്രം ഉപയോഗിച്ച് കോമൺ വെൽത്ത് പാർട്ടി

Downloaded from www.gracebooks.in

നേതാവ് മാണിക്ക വേലം നായ്ക്കർ, രാമസ്വാമി പട്ടയാച്ചി നേതൃത്വത്തിൽ ഉള്ള പാർട്ടി തുടങ്ങിയവയെയും ചില സ്വതന്ത്രരേയും തന്റെയൊപ്പം കൂട്ടി.

എന്നിട്ടും, മന്ത്രിസഭ രൂപീകരിക്കുവാനുള്ള ഭൂരിപക്ഷം കോൺഗ്രസ്സിനു ലഭിച്ചില്ല.

തുറുപ്പുചീട്ട് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ കൈയിലാണ്. മുസ്‌ലിം ലീഗ് ആരെ പിൻതുണയ്ക്കുന്നുവോ അവർക്കാണ് മന്ത്രിസഭ രൂപീകരിക്കാനാവുക!

മുസ്‌ലിം ലീഗ് എം.എൽ.എമാർ അഞ്ചുപേർ മാത്രമാണ്! ഈ അഞ്ചുപേരുടെ പിൻതുണയില്ലാതെ കമ്മ്യൂണിസ്റ്റു പാർട്ടി ഉൾപ്പെട്ട ഐക്യമുന്നണി പ്രകാശത്തിന്റെ നേതൃത്വത്തിൽ ഗവൺമെന്റ് രൂപീകരിക്കാനോ രാജാജിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് ഗവൺമെന്റ് രൂപീകരിക്കാനോ പറ്റാത്ത അവസ്ഥയിൽ ഇരു മുന്നണികളും കുഴങ്ങി!

ഈ അവസ്ഥ മനസ്സിലാക്കിയ രാജാജി പെട്ടെന്ന് ഈ പ്രശ്നം തീർക്കാനുള്ള 'താക്കോലിനായി' ഓടി. ആ താക്കോലുള്ളത് ഖായിതെ മില്ലത്ത് അവർകളുടെ കൈയിലാണ്.

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകളെ കണ്ട സംസാരിച്ച രാജഗോപാലാചാരി, മന്ത്രിസഭ രൂപീകരിക്കുന്നതിനു വേണ്ടി മുസ്‌ലിം ലീഗിന്റെ പിൻതുണയ്ക്ക് അപേക്ഷിച്ചു.

രാജ്യത്തിന്റെ നന്മയും സമുദായത്തിന്റെ മുന്നേറ്റവും സമുദായങ്ങൾക്കിടയിലുണ്ടാകേണ്ട സൗഹാർദ്ദവും സമാധാനവും കണക്കിലെടുത്ത് രാജാജിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് മന്ത്രിസഭ രൂപീകരിക്കുന്നതിനായി മുസ്‌ലിം ലീഗ് എം.എൽ.എമാരുടെ പിൻതുണ പ്രഖ്യാപിച്ചു.

സ്വതന്ത്ര ഇന്ത്യയിൽ നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ ഇടക്കാല തെരഞ്ഞെടുപ്പിൽ എങ്ങനെ മുസ്‌ലിം ലീഗിനോട് കോൺഗ്രസ്സ് അടിയറവ് പറഞ്ഞോ- അതുപോലെ, സ്വതന്ത്ര ഇന്ത്യയിൽ ജനാധിപത്യ രാജ്യമായി പ്രഖ്യാപിക്കപ്പെട്ടതിനു ശേഷം നടന്ന ആദ്യ പൊതു തെരഞ്ഞെടുപ്പിനെ തുടർന്ന് ചെന്നൈ രാജധാനിയിൽ രാജാജിയുടെ നേതൃത്വത്തിൽ ആദ്യമായി കോൺഗ്രസ്സ് മന്ത്രിസഭ രൂപീകരിക്കപ്പെട്ടു. ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ ആശീർവാദത്തോടെയാണ്- കുറിക്കപ്പെടേണ്ട ഒന്ന്!

മുസ്‌ലിം ലീഗിന്റെ നിയമസഭാ കക്ഷി നേതാവായി ജനാബ് ഉപ്പി സാഹിബിനെ തെരഞ്ഞെടുത്തു.

1952 ഏപ്രിൽ മാസം നടന്ന രാജ്യസഭാ തെരഞ്ഞെടുപ്പിൽ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾ തെരഞ്ഞെടുക്കപ്പെട്ടു.

Downloaded from www.gracebooks.in

മുസ്‌ലിം ലീഗിന്റെ സേവനങ്ങൾക്ക് പ്രശംസ!

ചെന്നൈ രാജധാനി മുസ്‌ലിം ലീഗ് തന്റെ സൽപ്രവർത്തികൾ കൊണ്ട്, സമുദായ സേവനം കൊണ്ട്, യുദ്ധക്കളമായി മാറേണ്ടിയിരുന്ന, സമുദായങ്ങളുടെ പകയെ സമാധാന പൂന്തോപ്പാക്കി മാറ്റുന്നതിൽ മുഴുവൻ പങ്കും വഹിച്ചതിനാൽ, ചെന്നൈ രാജധാനിയിൽ ഗവർണർമാരായി പദവിയിലിരിക്കുന്നവരും മുഖ്യമന്ത്രിമാരായിട്ടിരുന്നവരും മുസ്‌ലിം ലീഗിനെ പ്രശംസിച്ച സംഭവങ്ങൾ ധാരാളമുണ്ട്.

രണ്ടാം ലോക മഹായുദ്ധം, ലോക ജനതയെ ഭീതിയിലാഴ്ത്തിക്കൊണ്ടിരുന്ന ആ ഉച്ഛഘട്ടമായ 1944കളിൽ ചെന്നൈയിലേക്കും പിടിക്കൂടി.

ഈ അവസ്ഥയിൽ, ചെന്നൈ മഹാ നഗരത്തിൽ ജീവിച്ചുവന്നവരിൽ ഭൂരിഭാഗം പേരും ചെന്നൈവിട്ട് കുടിയേറിയും ചിലർ, തങ്ങളുടെ കുടുംബത്തെ സ്വന്തം നാട്ടിലേക്കയച്ച് തങ്ങൾ മാത്രം ചെന്നൈയിൽ ഉദ്യോഗങ്ങളിലും കച്ചവടങ്ങളിലും ഇരുന്നുകൊണ്ടിരുന്ന സന്ദർഭത്തിൽ ചെന്നൈ മഹാ നഗരത്തിൽ മിച്ചമിരുന്ന എല്ലാ സമുദായ ജനങ്ങൾക്കും വിശ്വാസമൂട്ടി, എല്ലാവിധ സഹായങ്ങളും നൽകി സംരക്ഷിക്കുന്നതിലും മുസ്‌ലിം ലീഗും മുസ്‌ലിം ലീഗ് നാഷണൽ ഗാർഡ് എന്ന സംഘടനകളും ഒരുമിച്ചുനിന്ന് പ്രവർത്തിച്ചതിനെ അന്നത്തെ ഗവർണർ സർ. ആർ തർഹോയ് ഒരു പൊതു ചടങ്ങിൽ പ്രശംസിച്ചിട്ടുണ്ട്.

പാർലമെന്റിൽ പ്രശംസ!

1948 ജൂലായ് 23-ാം തിയ്യതി ചെന്നൈ രാജധാനി മുഖ്യമന്ത്രി ശ്രീ. പ്രകാശം പാർലിമെന്റിൽ നടത്തിയ പ്രസംഗത്തിൽ 'നമ്മുടെ മുസ്‌ലിം ലീഗ് സുഹൃത്തുക്കളും നേതാക്കന്മാരും വളരെ നല്ലവരാണ്. എപ്പോഴും ജാഗ്രതയോടാണവർ ഇരിക്കുന്നത്.!'

'പാതിരാവായിരുന്നാൽ പോലും എന്തെങ്കിലും ആപത്തുവരുന്നത് എന്ന ലക്ഷണം കണ്ടാൽ, ആ പാതിരാ നേരങ്ങളിൽ തളരാതെ മുസ്‌ലിം ലീഗ് സുഹൃത്തുക്കളും നേതാക്കന്മാരും നമ്മുടെ വീടുകളിലേക്ക് ഓടിവന്ന് വാതിലിൽ മുട്ടി, ആപത്ത് വരുന്നത് ചൂണ്ടിക്കാട്ടും. ഞങ്ങളും ഉടനെ ആപത്തുള്ള ഭാഗങ്ങളിലേക്ക് പോകും. വേണ്ട സംരക്ഷണങ്ങൾ ഏർപ്പാടാക്കും. ഇത്തരം പരിശ്രമങ്ങൾ, പ്രവർത്തികൾ മൂലം രക്തം ചിന്താതെ മനുഷ്യജീവൻ രക്ഷപ്പെടുത്തും.'

സർ, ആർതർ ഹോപ്പ് ശേഷം ചെന്നൈ ഗവർണരായി വന്നവർ ആർച്ചിബാൾഡ്നെ, പദവി ഒഴിഞ്ഞ് സ്വന്തം നാട്ടിലേക്കു പോകുമ്പോൾ, ഖായിതെ മില്ലത്ത് അവർകൾക്ക് അയച്ച കത്തിൽ

'നാടിന്റെ സമാധാനം സംരക്ഷിക്കേണ്ട ചുമതല മുഴുവൻ ഗവൺമെന്റിന്റെ ചുമതലയായിരുന്നപ്പോഴും ആ ചുമതലയിൽ മുസ്‌ലിം ലീഗ് നൽകിയ സഹായം വളരെ വലുതാണ്. പ്രശംസനീയമാണ്.' എന്നു പ്രശംസിച്ചെഴുതി.

Downloaded from www.gracebooks.in

സ്പെഷ്യൽ മാര്യേജ് ആക്ട്!

കേന്ദ്ര നിയമ മന്ത്രി ശ്രീ സി.സി. ബിശ്വാസ് രാജ്യസഭയിൽ വിശേഷ വിവാഹ നിയമം (Special Marriage Act) സമർപ്പിച്ചപ്പോൾ, ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ഖായിതെ മില്ലത്ത് അവർകൾ, അതിനെ കഠിനമായി എതിർത്തു സംസാരിച്ചു.

1952 ജൂലായ് 28-ാം തിയ്യതി ഈ ബില്ല് രാജ്യസഭയിൽ കൊണ്ടുവരപ്പെട്ടപ്പോൾ ഖായിതെ മില്ലത്ത് അവർകൾ-

'ഭരണഘടനയിൽ നൽകപ്പെട്ടിട്ടുള്ള അടിസ്ഥാന അവകാശങ്ങൾക്കും, മതാചാര അവകാശങ്ങൾക്കും അവയെ പിൻപറ്റുന്ന ജനങ്ങൾക്കുള്ള സ്വാതന്ത്ര്യത്തിനും എതിരായാണ് ഈ ബില്ല് കൊണ്ടുവരുന്നത്.'

'അവകാശങ്ങളേയും സ്വാതന്ത്ര്യത്തേയും പിടിച്ചുപറിക്കുന്ന ഈ ബില്ലിനെ ഞാൻ മുഴുവൻ ബലത്തോടെയും എതിർക്കുന്നു!' എന്ന് തന്റെ എതിർപ്പിനെ അറിയിച്ചു.

എന്നാൽ, മന്ത്രി ബിശ്വാസ് മറുപടി പറഞ്ഞത്:

'എല്ലാവർക്കും ഒരേപോലത്തെ പൊതു നിയമം (സിവിൽ ആക്ട്) കൊണ്ടുവരുന്നത് എന്ന ലക്ഷ്യത്തിന് ആദ്യപടിയാണ് ഈ ബില്ല്'

ചില ചില വിഷയങ്ങളിൽ തങ്ങളുടെ മാർഗ്ഗങ്ങളെ ദൂരെക്കളയാൻ വണ്ണം ജനങ്ങളെ നിർബന്ധിക്കുന്ന നിയമം വരാം എന്നതിനെ എല്ലാ അംഗങ്ങളേയും ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ആ ദിവസം, പലരും എതിർക്കുന്നതിനേക്കാളും വേഗത്തിൽ വരാം! എന്ന് ഞാൻ അറിയിച്ചുകൊള്ളുന്നു.'

'എന്തെന്നാൽ, ഭരണഘടന നമുക്ക് നൽകിയ ലക്ഷ്യത്തെ അപ്പോഴാണ് നമ്മൾ പൂർണമായും നിറവേറ്റിയവരാകുന്നത്.'

എന്ന്, ഭീഷണിയുടെ സ്വരത്തിൽ മന്ത്രിയുടെ മറുപടി വന്നു!

'ഇത്, പ്രധാനമന്ത്രി നെഹ്റുവിന്റെ വാശ്ദാനത്തിന് വിപരീതമാണ്. അദ്ദേഹം നൽകിയ ഉറപ്പിനും ഉത്തരവാദത്തിനും തീർത്തും വിപരീതമായതുമാത്രമല്ല: ഭീഷണിയുടെ സ്വരവും ഉണ്ടായിട്ടുള്ളത് നിർഭാഗ്യകരം മാത്രമല്ല: വേദനിപ്പിക്കുന്നതും കൂടിയാണെന്നതും ഈ സംസാരം നാടിന്റെ നന്മയ്ക്കല്ല എന്നതും ഓർമ്മിപ്പിക്കുന്നത് കടമയാണെന്നു കരുതുന്നു.' എന്ന് ഖായിതെ മില്ലത്ത് അവർകൾ ബോധിപ്പിച്ചു.

രാജാജി ഗവൺമെന്റ് ആപത്ത്!

രാജാജി മന്ത്രിസഭയിൽ വിദ്യാഭ്യാസ മന്ത്രിയായിരുന്നവരാണ് സി. സുബ്രഹ്മണ്യം. അദ്ദേഹം പുതിയതായി കൊണ്ടുവന്ന വിദ്യാഭ്യാസ പദ്ധതി തമിഴ്നാട്ടിൽ കൊടുങ്കാറ്റുണ്ടാക്കി.

1954ൽ കൊണ്ടുവന്ന ഇദ്ദേഹത്തിന്റെ പുതിയ വിദ്യാഭ്യാസ പദ്ധതിയെ 'കുലവിദ്യാഭ്യാസ പദ്ധതി' എന്നു പേരിട്ട് ദ്രാവിഡ സംഘടനകൾ- വെൺതാടി

Downloaded from www.gracebooks.in

പെരിയാർ ഇ.വി. രാമസ്വാമി, അണ്ണാദുരൈ തുടങ്ങിയ ജന നേതാക്കന്മാരുടെ നേതൃത്വത്തിൽ തമിഴ്നാട് മുഴുവൻ പോരാട്ടങ്ങളും ആർഭാടങ്ങളും നടന്നു.

ഗവൺമെന്റിന് സുഗമമായി മുന്നോട്ടു പോകാനുള്ള പ്രയാസം നാൾക്കുനാൾ വർദ്ധിച്ച് പ്രവർത്തനം സ്തംഭിക്കുന്ന അവസ്ഥയിലെത്തി.

ഭരണകൂടത്തിനെതിരായ പോരാട്ടങ്ങൾ തീവ്രമായപ്പോൾ, രാജാജി മുഖ്യമന്ത്രി പദവിയിൽ നിന്നും ഒഴിയേണ്ടതായിവന്നു.

രാജാജിയുടെ നേതൃത്വത്തിലുള്ള ഭരണം നിലച്ചു. കാമരാജിന്റെ നേതൃത്വത്തിലുള്ള പുതിയ മന്ത്രിസഭ ഭരണമേറ്റെടുത്തു.

കാമരാജ് മുഖ്യമന്ത്രിയായി സ്ഥാനമേറ്റെടുത്തപ്പോൾ, അദ്ദേഹം എം.എൽ. എയോ, എം.പിയോ ആയിരുന്നില്ല. സ്ഥാനമേറ്റെടുത്ത് ആറുമാസങ്ങൾക്കകം ഏതെങ്കിലുമൊരു മണ്ഡലത്തിൽ നിന്നും മത്സരിച്ച് എം.എൽ.എയായി തെരഞ്ഞെടുക്കപ്പെടണം.

കാമരാജിനും മുസ്‌ലിം ലീഗ് കൈ നൽകി!

മുഖ്യമന്ത്രിയായി സ്ഥാനമേറ്റെടുത്ത കാമരാജ് കുടിയാത്തല മണ്ഡലത്തിൽ മത്സരിച്ചു. അദ്ദേഹത്തിനെതിരെ മത്സരിച്ചത് കമ്മ്യൂണിസ്റ്റ് നേതാവ് സഖാവ് കോതണ്ഡം രാമനാണ്!

പൊരിഞ്ഞ പോരാട്ടമായിരുന്നു. കോദണ്ഡരാമനെ തോൽപിക്കുക എന്നത് അത്ര എളുപ്പമല്ല!

അതേസമയം മുസ്‌ലിംകൾ അധികമുള്ള മണ്ഡലമായിരുന്നു അത്. കാമരാജ് നേരെ പോയി ഖായിതെ മില്ലത്ത് അവർകളോട് മുസ്‌ലിംകളുടെ വോട്ടിനു വേണ്ടി അപേക്ഷിച്ചു. അതുപ്രകാരം കാമരാജ് വൻ ഭൂരിപക്ഷത്തോടെ തിരഞ്ഞെടുപ്പിൽ വിജയിക്കുകയും ചെയ്തു.

കർഷകരുടെ പ്രശ്നത്തിൽ മുസ്‌ലിം ലീഗ്!

കേരളത്തിലെ താനൂരിൽ 1954 നവംബർ 25-ാം തിയ്യതി ബി. ഇബ്രാഹീം കുട്ടിയുടെ അദ്ധ്യക്ഷതയിൽ നടന്ന മുസ്‌ലിം ലീഗ് പൊതുയോഗത്തിൽ 'ചന്ദ്രിക'യുടെ പത്രാധിപർ, കേരള സിംഹം സി.എച്ച്. മുഹമ്മദ് കോയ, മുഹമ്മദ് ഷാഫി എം.എൽ.എയും മറ്റു പ്രമുഖ നേതാക്കന്മാരും സംസാരിച്ചു.

ഈ പൊതു സമ്മേളനത്തിൽ, ചെന്നൈ രാജധാനി നിയമസഭയിലേക്ക് കേരളത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട മുസ്‌ലിം ലീഗ് എം.എൽ.എ മുഹമ്മദ് ഷാഫി പ്രസംഗിക്കുമ്പോൾ:

'ചെന്നൈ നിയമസഭയിൽ കർഷകരുടെ കുടിയാൻ ബില്ല് സംബന്ധിച്ച ചർച്ചയിൽ മുസ്‌ലിം ലീഗ് അംഗങ്ങൾ വായ് മൂടി മൗനമായിരുന്നു എന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കന്മാർ പലരും മലബാർ ഭാഗങ്ങളിൽ ദുർപ്രചാരണം നടത്തിവരുന്നുണ്ട്! മുസ്‌ലിം ലീഗിന്റെ മേൽ അപവാദം ചുമത്തി തങ്ങൾക്ക് ബലം കൂട്ടാൻ ശ്രമിക്കുകയാണെന്നേ കരുതാൻ പറ്റൂ'

Downloaded from www.gracebooks.in

കുടിയാൻ ബില്ലിനെ കർഷകർക്ക് അനുകൂലമായി പ്രയോജനപ്പെടും വിധത്തിൽ വളരെ വേഗം നിറവേറ്റണമെന്ന് മുസ്‌ലിം ലീഗ് എം.എൽ.എ.മാരായ ജനാബ് സീതി സാഹിബും ഞാനും വാദിച്ചിട്ടുണ്ട്. ഞങ്ങൾ വാദിക്കുമ്പോൾ ഞങ്ങളുടെ വിശദീകരണങ്ങൾ മുതിർന്ന നേതാക്കന്മാർക്ക് ബോധ്യമായിരുന്നു. എന്തിന്, ഒരു കമ്മ്യൂണിസ്റ്റ് അംഗമായ സഖാവ് വി.ആർ കൃഷ്ണയ്യരെ പോലുള്ളവർ പോലും മുസ്‌ലിം ലീഗിനെക്കുറിച്ച് നിയമസഭയിൽ സംസാരിച്ചത് നോക്കൂ.

'ഈ ബില്ലിനെ അംഗീകരിക്കാനായി മുസ്‌ലിം ലീഗും കോൺഗ്രസ്സുകാരും വാദിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാലെ തന്നെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.'

'മുസ്‌ലിം ലീഗുകാർ കുഴപ്പക്കാരല്ല; കുഴപ്പം ഉണ്ടാക്കുന്നവരും അല്ല; ധനമോഹംകൊണ്ട് ലക്ഷ്യത്തിൽ നിന്നും പിൻമാറുന്നവരും അല്ല; വോട്ടുചെയ്തവരെ ചതിക്കുന്നവരും അല്ല' കർഷകരുടെ പ്രതിനിധിമാരായിരുന്നിട്ട് അവർ വാദിക്കുന്നതും ശരിയാണ്.'

(നിയമസഭാ നടപടികളിൽ നിന്ന്)

നിയമസഭയിൽ ഒരു കമ്മ്യൂണിസ്റ്റ് സുഹൃത്ത് സംസാരിച്ചതും നിയമസഭാ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുമായ വാക്കുകളാണ് മുകളിൽ കണ്ടത്.

ഈ യാഥാർത്ഥ്യങ്ങളെ മറച്ചുവെച്ചുകൊണ്ട്, നിയമസഭയിൽ മുസ്‌ലിം ലീഗിനെ, വായതുറന്നില്ല, മൗനം പൂണ്ടും എന്ന ജനങ്ങൾക്കിടയിൽ സംസാരിച്ചുവരുന്നത് മൗഢ്യമാണ്!

എന്നിങ്ങനെ മുഹമ്മദ് ഷാഫി എം.എൽ.എ. സംസാരിച്ചു.

തെക്കൻ കർണാടക മുസ്‌ലിം ലീഗ് കൗൺസിൽ

തെക്കൻ കാർണാടക മുസ്‌ലിം ലീഗ് കൗൺസിൽ യോഗം 1954 നവംബർ ആദ്യ ആഴ്ചയിൽ മംഗലാപുരം ജില്ലാ മുസ്‌ലിം ലീഗ് ഓഫീസിൽ അദ്ധ്യക്ഷൻ എസ്.എസ്. ഷാംനാഥ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ജില്ലയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും കൗൺസിൽ അംഗങ്ങളും പ്രവർത്തകരും അനുയായികളും പങ്കെടുത്തു.

കോൺഗ്രസ്സിന്റെ മൗനം രക്ഷിച്ചത് മുസ്‌ലിം ലീഗ്!

1954 ഡിസംബർ 3-ാം തിയ്യതി തിരുച്ചി നഗരസഭാ ഉപാദ്ധ്യക്ഷനായിരുന്ന ശ്രീ അണ്ണാമലൈ മുത്തുരാജ ഇരുപത് വോട്ടുകൾ നേടി നഗരസഭാ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ എതിർസ്ഥാനാർത്ഥി, കോൺഗ്രസ്സിൽ നിന്നും പുറത്താക്കിയ ഡോക്ടർ ജോസഫ് ജ്ഞാനത്തിന് പതിമൂന്നു വോട്ടുകൾ മാത്രമാണ് കിട്ടിയത്.

ഈ തെരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗിന്റെ അഞ്ച് കൗൺസിലർമാരാണ് കോൺഗ്രസ്സിനെ രക്ഷിച്ചത്.

Downloaded from www.gracebooks.in

തിരുച്ചി നഗരസഭാ തെരഞ്ഞെടുപ്പ്

1955ൽ നഗരസഭാ തെരഞ്ഞെടുപ്പ് നടത്തുന്നതായി അറിയിക്കപ്പെട്ടതിനെ തുടർന്ന് തമിഴ്നാട് മുഴുവൻ മുസ്ലിംലീഗ് ചുറുചുറുക്കോടെ പ്രവർത്തിക്കുവാൻ തുടങ്ങി.

ഖായിതെ മില്ലത്തിന്റെ അറിയിപ്പ്

ചെന്നൈ സെപ്തംബർ 11

എന്റെ അഭ്യർത്ഥനപ്രകാരം തൃശ്ശിനാപ്പള്ളി നഗര മുസ്ലിം ലീഗ്, ഇലക്ഷൻ അഡ്ഹോക് കമ്മിറ്റി ഏർപ്പെടുത്തി, ആ അഡ്ഹോക് കമ്മിറ്റി പ്രകാരം തൃശ്ശി നാപ്പള്ളി മുനിസിപ്പൽ കൗൺസിൽ തിരഞ്ഞെടുപ്പിനായി നാല് മുസ്ലിം ലീഗ് സ്ഥാനാർത്ഥി നിയമിച്ചിരിക്കുന്നു. ഇതര വാർഡുകളിൽ ചില സ്വതന്ത്ര സ്ഥാ നാർത്ഥിമാർക്ക് മേൽപ്പടി അഡ്ഹോക്ക് കമ്മിറ്റി പിൻതുണ നൽകുവാനും തീരുമാനിച്ചിരിക്കുന്നു. അങ്ങനെ പിൻതുണ നേടുന്ന സ്ഥാനാർത്ഥികൾക്കും മുസ്ലിം ലീഗ് സ്ഥാനാർത്ഥികൾക്കും വോട്ടർമാരായ സഹോദരി സഹോദര ന്മാർ തങ്ങളുടെ വിലയേറിയ വോട്ടുകൾ സ്നേഹപൂർവ്വം നൽകി വിജയിപ്പിക്ക ണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

സമുദായത്തിന്റെ ഒത്തൊരുമയും കെട്ടുപാടും കുറഞ്ഞിട്ടില്ലെന്നതും ഞാൻ മനസ്സിലാക്കുന്നു. ആയതിനാൽ സഹോദരീ സഹോദരന്മാർ മുകളിൽ പറഞ്ഞ സ്ഥാനാർത്ഥികൾക്ക് വോട്ട ചെയ്ത വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.'

എം. മുഹമ്മദ് ഇസ്മാഈൽ

ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് പ്രസിഡണ്ട്

മുസ്ലിം ലീഗിന്റെ വിജയം!

ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകളുടെ അറിയിപ്പു പ്രകാരം തിരുച്ചി നഗരത്തിൽ നാല് വാർഡുകളിൽ മത്സരിച്ച മുസ്ലിം ലീഗ് സ്ഥാനാർത്ഥികൾ നാലു വാർഡുകളിലും വിജയം വരിച്ചു.

മാത്രമല്ല, മുസ്ലിം ലീഗിന്റെ പിൻതുണയോടെ മത്സരിച്ച ഒരു സ്വതന്ത്ര സ്ഥാ നാർത്ഥിയും വിജയിച്ചു. അങ്ങനെ അഞ്ചുപേർ.

മൊത്തം 36 അംഗങ്ങളുള്ള നഗരസഭയിൽ കോൺഗ്രസ്സിന് 16 സീറ്റ് കിട്ടി. മുസ്ലിം ലീഗ് 5 കമ്യൂമിസ്റ്റുകാർ ഉൾപ്പെട്ട മറ്റു കക്ഷികൾ, സ്വതന്ത്രർ ഇവർ 15.

മുസ്ലിം ലീഗിന്റെ പിൻതുണയിൽ അദ്ധ്യക്ഷൻ!

മുസ്ലിം ലീഗിന്റെ ഉപാദ്ധ്യക്ഷൻ!

നഗരസഭാ അദ്ധ്യക്ഷനായി നടന്ന തെരഞ്ഞെടുപ്പിൽ, മുസ്ലിം ലീഗിന്റെ പിൻതുണയോടെ സ്വതന്ത്രനായി മത്സരിച്ച ഡോക്ടർ ഇ ഖാൻ മധുരം. എം.പി. എതിർസ്ഥാനാർത്ഥിയായി മത്സരിച്ച കോൺഗ്രസ്സ് സ്ഥാനാർത്ഥിയെ പരാജ യപ്പെടുത്തി.അഞ്ചു മുസ്ലിം ലീഗ് കൗൺസിലർമാരുടെ ബലത്തിൽ മാത്രമാണ്

Downloaded from www.gracebooks.in

ഡോ. മധുരം അവർകൾ നഗരസഭാ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടത്.

മുസ്‌ലിം ലീഗ് മുനിസിപ്പൽ കക്ഷി ആദ്യമായി തങ്ങളുടെ പാർട്ടി അംഗമായ തിരുവാളർ പൊന്നുസ്വാമി മുതലിയാർ അവർകളെ നഗരസഭാ ഉപാദ്ധ്യക്ഷ സ്ഥാനത്തേക്ക് മത്സരിപ്പിച്ചു. പൊന്നുസ്വാമി മുതലിയാർ കോൺഗ്രസ്സ് സ്ഥാനാർത്ഥി ശ്രീ രാജേന്ദ്രൻ എന്നയാളെ തോൽപിച്ച് ഉപാദ്ധ്യക്ഷനായി.

Downloaded from www.gracebooks.in

കള്ളിക്കോട്ടെ സമ്മേളനം

1954 ൽ കള്ളിക്കോട്ടെയിൽ നടന്ന മുസ്‌ലിം ലീഗ് സമ്മേളനത്തിന് ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകൾ നേതൃത്വം വഹിച്ചു.

കേരളത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും മുസ്‌ലിം ലീഗിന്റെ ജാഥ'കൾ ചന്ദ്രക്കലയും നക്ഷത്രവും പതിച്ച പച്ചക്കൊടികൾ ഉയർത്തിപ്പിടിച്ച് നിരനിരയായി വന്നുചേർന്ന കാഴ്ച അത്ഭുതകരമായതായിരുന്നു.

കേരള സിംഹം സി.എച്ച്. മുഹമ്മദ് കോയയുടെ ആകാശം പിളർക്കുന്ന ഗർജ്ജനവും മുസ്‌ലിം ലീഗ് നേതാക്കന്മാരുടെ വീര മുഴക്കങ്ങളും സമുദായത്തിന് ഒരു പുത്തനുണർവു നൽകി.

ഖായിതെ മില്ലത്ത് അവർകൾ മുസ്‌ലിംകൾ അല്ലാത്ത ന്യൂനപക്ഷക്കാർക്കായി രാജ്യസഭയിൽ ഉയർത്തിയ ശബ്ദം:

'ഈയടുത്ത് ഡൽഹി രാജ്യസഭയിൽ ഹിന്ദുമത വിവാഹ ബില്ലിൽ, സുഹൃത്ത് കിഷൻ ചന്ദ് ഒരു തിരുത്തുകൊണ്ടുവന്നു. ആ തിരുത്ത്, മുസ്‌ലിംകൾ അല്ലാത്ത ന്യൂനപക്ഷക്കാരായ ക്രിസ്ത്യാനികൾ, പാഴ്സികൾ, ജൂദന്മാർ തുടങ്ങിയവരേയും ഈ നിയമം വരുതിക്കു നിർത്തുന്നതാണ്. അത്, മത സാതന്ത്ര്യത്തെ തട്ടിപ്പറിക്കുന്നതു പോലെ ആകുമെന്ന് നല്ലവണ്ണം അറിഞ്ഞും ഏതൊരു ന്യൂനപക്ഷ പ്രതിനിധിയും എതിർക്കാൻ തുനിഞ്ഞില്ല.'

ഈ തിരുത്ത് മേൽ ഒന്നു രണ്ടു പേർ സംസാരിച്ചുവെങ്കിലും അതിനെ ശ്ലാഘിച്ചാണ് സംസാരിച്ചത്. എന്നാൽ, ന്യായത്തിനായും നീതിക്കായും പോരാടുന്ന ഈ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് മാത്രമാണ് രാജ്യസഭയിൽ 1954 ഡിസംബർ 19-ാം തിയ്യതി ആ തിരുത്തിനെ എതിർത്തു സംസാരിച്ചത് എന്നത് എടുത്തുപ

റയേണ്ടതാണ്.

ഈ നിയമത്തിൽ- കൊണ്ടുവരപ്പെട്ട തിരുത്തിൽ മുസ്‌ലിംകളെ ഒഴിവാക്കിയപ്പോഴും ഇതര ന്യൂനപക്ഷ സമുദായത്തിന്റെ നന്മക്കായും സുരക്ഷയ്ക്കായും ഖായിതെ മില്ലത്ത് നെഞ്ചുവിരിച്ച് ശബ്ദമുയർത്തി പോരാടിയതിനു ശേഷമാണ് ഈ സഭയിൽ മറ്റൊരു മുസ്‌ലിമിനും ഒരു പാർസി മത പ്രതിനിധിക്കും സംസാരിക്കുവാൻ ധൈര്യം ലഭിച്ചത് എന്നത് ഓർക്കേണ്ടതാണ്.

ഖായിതെ മില്ലത്ത് അവർകൾ രാജ്യസഭയിൽ സംസാരിച്ചതിന്റെ ചെറിയൊരു ഭാഗം:

'എന്റെ പ്രിയപ്പെട്ട സ്നേഹിതൻ കിഷൻ ചന്ദ് അവർകൾ മൊഴിഞ്ഞ തിരുത്തുകളിൻമേൽ ഞാൻ ചിലത് പറയുവാനാഗ്രഹിക്കുന്നു.'

'അദ്ദേഹം കൊണ്ടുവന്നിട്ടുള്ള ഈ തിരുത്തൽ, ഈ നിയമം മുസ്‌ലിംകളെ നിയന്ത്രിക്കുന്നില്ലെന്നും അവരെ ഇതിൽ നിന്നും ഒഴിവാക്കിയതായും തെളിയിച്ചു പറഞ്ഞിരിക്കുന്നു. അദ്ദേഹം മുസ്‌ലിംകളെ ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഈ തിരുത്തുമൂലം ഇതര ന്യൂനപക്ഷ സമൂഹങ്ങളായ ക്രിസ്ത്യാനികൾ, പാർസികൾ, ജൂദന്മാർ തുടങ്ങിയവരെ ഈ നിയമം നിയന്ത്രിക്കുന്നുണ്ട്'

'ഇന്ന് നമ്മുടെ മുന്നിലുള്ള ബില്ല് ഹിന്ദുമത നിയമത്തെ അടിസ്ഥാനമാക്കി നിർമ്മിച്ചതാണ്. പ്രത്യേകിച്ച് ഹിന്ദുമത നിയമമായാണ് നിർമ്മിച്ചിരിക്കുന്നത്. ഈ അവസ്ഥയിൽ, ചില ന്യൂനപക്ഷ സമൂഹത്തിൽ ചേർന്ന പ്രതിനിധിമാർ ഈ തിരുത്തിനെ അംഗീകരിച്ച് സംസാരിച്ചെങ്കിലും ഈ നിയമം ആ സമൂഹങ്ങളേയും നിയന്ത്രിക്കുന്നത് ശരിയാകുമോ? ഈ ചോദ്യമാണ് ഈ തിരുത്തൽ നടത്തിയ സുഹൃത്തിനോട് ചോദിക്കാനുള്ളത്.'

'മുസ്‌ലിംകൾക്ക്, അവർക്കായ മത(ഷരീഅത്ത്) നിയമങ്ങൾ ഉള്ളതിനേയും അവയെ അവർ തങ്ങളുടെ ജീവിതത്തിൽ പുണ്യമായും മതിപ്പുള്ളതായും കരുതിയിരിക്കുന്നതിനേയും അവരുടെ ശരിയായ അഭിപ്രായങ്ങളേയും വികാരങ്ങളേയും അറിഞ്ഞിരിക്കുന്നു എന്നതിനാലാണ് എന്റെ നന്ദി മന്ത്രിയെ അറിയിക്കുന്നത്.'

എല്ലാ ന്യൂനപക്ഷങ്ങൾക്കും!

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ്, മുസ്‌ലിംകൾക്കു മാത്രമല്ലാതെ, എല്ലാ ന്യൂനപക്ഷ സമുദായക്കാരുടേയും നന്മയ്ക്കായും അവകാശങ്ങൾക്കായും നിയമസഭകളിലും രാജ്യസഭയിലും ഇതര പൊതു പരിപാടികളിലും ഖായിതെ മില്ലത്ത് അവർകൾ വാദിച്ചത് ഈ സന്ദർഭത്തിൽ മറ്റിതര സമുദായക്കാർ മൗനമായിരുന്നിട്ടും അവരുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തിയത് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് മാത്രമാണെന്നത് തികച്ചും സത്യമായതാണ്.

Downloaded from www.gracebooks.in

മധുരയിൽ ഖായിതെ മില്ലത്ത്

1955 ഫെബ്രുവരിയിൽ മധുര ദാസിൽദാർ മസ്ജിദിൽ നടന്ന മുസ്ലിം ലീഗ് സമ്മേളനത്തിൽ ഖായിതെ മില്ലത്ത് അവർകൾ സംസാരിച്ചത്.

'ഞാനും നിങ്ങളെപ്പോലെ ഒരാളാണ്. കുറ്റവും കുറവുകളും ഒക്കെയുള്ള ഒരാൾ. അദ്ധ്യക്ഷ പദവി എന്നെ ഏൽപിച്ചതു മൂലം നിങ്ങളുടെ കടമ തീർന്നതായി മനപ്പായസം കുടിക്കണ്ട്.'

'ഈ ഏഴു വർഷക്കാലം നമ്മൾ എന്താണ് ചെയ്തത്? എത്ര ശാന്തമായ വിപ്ലവത്തെ ചരിത്രത്തിൽ ഇടം നേടാൻ അവസരം നൽകിയിരിക്കുന്നു എന്നത് അൽപം ചിന്തിച്ചു നോക്കൂ'

'മുസ്ലിംകളുടെ ചരിത്രം എടുത്തു പരിശോധിച്ചാൽ അവർ പരീക്ഷണ കാലങ്ങളിലാണ് വളർന്നതെന്ന സത്യം കാണാനാകും. സ്പെയിനിൽ പ്രബലമായ മുസ്ലിം ഗവൺമെന്റ് ഉണ്ടായിരുന്നു. എന്നാൽ അത് നിലനിന്നില്ല.' അവിടെ ഭരണം മാറി പരീക്ഷണം ആരംഭിച്ചു. അപ്പോൾ മുസ്ലിംകൾക്ക് ഉറപ്പു നഷ്ടപ്പെട്ടു. ഈമാനിൽ തന്നെ തളർച്ച വന്നു. നിയന്ത്രണം നഷ്ടപ്പെട്ടു. കാലിടറി വീണു! നശിച്ചു! ഇത് ഒന്നു മതി ഉദാഹരണത്തിന്.'

അവസാനം, തങ്ങളെ തന്നെ അവർ രൂപം മാറ്റി! ഇന്ന് സ്പെയിനിൽ ഒരു മുസ്ലിമിനെ പോലും കാണാനാവില്ല.'

'നിങ്ങൾ ഭയം മൂലം ഒന്നും ചെയ്യരുത്- ധൈര്യമായിരിക്കുക! വീര്യത്തോടെയും നെഞ്ചുറപ്പോടെയും കഷ്ടങ്ങളെ സഹിക്കുക. ഒരുമയോടെ ബലപ്പെടുത്തുക. മുസ്ലിം ലീഗിന്റെ നേർമയെ ആദ്യം മനസ്സിലാക്കി അതിന് പിൻപറ്റുക! വിഭജന കാലം മുതൽ ഈ നേർമയോടെയാണ് നമ്മൾ രാജ്യത്തെ സേവിക്കുന്നത്. അതിന്റെ ഫലവും ലഭിച്ചു.'

'കഷ്ടപ്പാടിനു ശേഷം സുഖം ഉണ്ട്. ഇരുട്ടിനു ശേഷം വെളിച്ചം ഉണ്ടെന്നതു പോലെ നമ്മുടെ ദുഃഖജീവിതം അകലുന്ന ലക്ഷണങ്ങൾ കാണുവാനാരംഭിച്ചിരിക്കുന്നു.'

'ആന്ധ്രയിൽ തിരഞ്ഞെടുപ്പ് നടക്കുവാൻ പോകുന്നു. മുസ്ലിംകൾക്ക് കോൺഗ്രസ്സ് മൂന്നു സീറ്റാണ് തന്നിരിക്കുന്നത്. മുറപ്രകാരം അവർക്ക് 20 സീറ്റെങ്കിലും കിട്ടണം. ഇങ്ങനെ പറയുന്നത് പണ്ഡിറ്റ് നെഹ്റുവാണ്. അദ്ദേഹം ഇങ്ങനെ പറയുന്നതിൽ നാം നന്ദി അറിയിക്കുന്നു.'

'എന്നാൽ, ഇന്ത്യയുടെ പ്രധാനമന്ത്രിയുടെ വായിൽ നിന്നും പുറത്തുവന്ന വാക്കുകളാണ്! അതിൽ സത്യം ഉണ്ടാവേണ്ടേണ്ട? കോൺഗ്രസ്സിന്റെ ഏകാധിപത്യ നേതാവായ നെഹ്റു ഇരിക്കുമ്പോൾ ഈ നല്ല കാര്യത്തെ അദ്ദേഹത്തിനു തന്നെ ചെയ്യാമല്ലോ! ചെയ്തോ? അദ്ദേഹം അറിയാതെയാണോ കോൺഗ്രസ്സിന്റെ ആന്ധ്രാ തെരഞ്ഞെടുപ്പ് പട്ടിക തയ്യാറായത് എന്നു വിചാരിക്കുന്നുണ്ടോ? മുസ്ലിംകൾക്ക് ന്യായമായി തരേണ്ട സ്ഥാനങ്ങളെ കോൺഗ്രസ്സും നെഹ്റുവും തന്നില്ല! തരാനായില്ല!

Downloaded from www.gracebooks.in

'ഇതാണ് മുസ്‌ലിം ലീഗ് ചോദിക്കുന്നത്! ഇത് എങ്ങനെ മതവാദമാകും?'

'മുസ്‌ലിംകൾക്ക് അധികം സ്ഥാനങ്ങൾ നൽകേണ്ടിയിരുന്നു എന്ന് നെഹ്റു പറയുന്നു എന്നാൽ, തന്നില്ല എന്ന് സത്യം! തരുന്നതിനെ കോൺഗ്രസ്സുകാർ തടയുന്നു എന്നതാണ് സത്യം! ഈ ദേശീയത്തിൽ ഒളിഞ്ഞിരിക്കുന്ന മതവാദത്തെ ഒരളവോളം പുറത്തുകൊണ്ടു വരുന്ന വിധത്തിൽ നെഹ്റുജി ചോദിച്ചു! നെഹ്റുവെ വകവെക്കാത്ത കോൺഗ്രസ്സുകാർ മറ്റുള്ളവരുടെ വാക്കുകൾക്ക് എവിടെ മതിപ്പു നൽകാൻ പോകുന്നു?'

പരപ്പനങ്ങാടിയിൽ മുസ്‌ലിം ലീഗ് സമ്മേളനം

കേരളത്തിലെ പരപ്പനങ്ങാടിയിൽ 'സർ സൈയ്ദ്' നഗറിൽ ബ്രഹ്മാണ്ഡമായ മുസ്‌ലിം ലീഗ് മഹാ സമ്മേളനം 1955 ഏപ്രിൽ മാസം നടന്നു.

ഏകദേശം ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തിലധികം ജനങ്ങൾ പങ്കെടുത്ത് മുസ്‌ലിം ലീഗ് ശക്തമായൊരു സംഘടനയാണെന്ന് ലോകത്തിന് കാട്ടിക്കൊടുത്തു.

ഖായിതെ മില്ലത്ത് അവർകളും ഇതര മുസ്‌ലിം ലീഗ് നേതാക്കന്മാരും സമ്മേളനം നടക്കുന്ന സർ, സൈയ്ദ്' നഗറിലേക്ക് റെയിൽവേ സ്റ്റേഷനിൽ നിന്നും ജാഥയായി ആനയിക്കപ്പെട്ടു.

ഒരു സാധാരണ ചെറിയ മണ്ഡലത്തിൽ കൂടുന്നത്ര കൂടി മുസ്‌ലിം ലീഗ് സമ്മേളനത്തിന് ജനങ്ങൾ ഉണ്ടാവില്ലെന്നു കരുതിയ എതിർ കക്ഷിക്കാർ ജനക്കൂട്ടം കണ്ട് ഭ്രമം പിടിച്ചോടി.

സ്പെഷ്യൽ മാരേജ് ആക്ടിനെ എതിർത്തും ആ നിയമത്തിൽ നിന്നും മുസ്‌ലിംകളെ ഒഴിവാക്കാനാവശ്യപ്പെട്ടും മറ്റനേകം തീരുമാനങ്ങളും ആ സമ്മേളനത്തിൽ എടുക്കപ്പെട്ടു.

അഹമ്മദാബാദ് മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ നിസാമുദ്ദീൻ ഖുറൈഷി പതിനായിരക്കണക്കിന് ജനങ്ങളുടെ തക്ബീർ ധ്വനികൾക്കിടയിൽ ചന്ദ്രക്കലയും നക്ഷത്രവും പതിപ്പിച്ച പച്ചക്കൊടി ഉയർത്തി.

Downloaded from www.gracebooks.in

മത നേതാക്കന്മാർ എന്ന പുസ്തകവും മുസ്‌ലിം ലീഗിന്റെ എതിർപ്പും!

ഭാരതീയ വിദ്യാഭവന്റെ 'മതനേതാക്കന്മാർ' എന്ന പുസ്തകത്തിൽ അന്ത്യപ്ര വാചകൻ മുഹമ്മദ് നബിബിസല്ലാഹു അലൈഹിവസല്ലം അവർകളെക്കുറിച്ച്, സത്യത്തിനു നിരക്കാത്ത പല വാർത്തകളും എഴുതപ്പെട്ടിരുന്നു. ഇത് മുസ്‌ലിം സമുദായത്തെ വേദനിപ്പിച്ചതിനാൽ അങ്ങിങ്ങ് ശാസനങ്ങളും എതിർപ്പും നടന്നു.

ഈ അവസ്ഥയിൽ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാ ഈൽ സാഹിബ് എം.പി. 1955 സെപ്തംബർ 4-ാം തിയ്യതി പ്രധാനമന്ത്രി നെ ഹ്റുവിന് എഴുതിയ കത്തിൽ-

'ഹെന്റി തോമസ്, വി തോമസ് എന്നിവരാൻ എഴുതപ്പെട്ട് ബോംബെ ചൗപ്പാ ട്ടി ഭാരതീയ വിദ്യാഭവൻ പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച 'മതനേതാക്കന്മാർ' എന്ന പുസ്തകം ഉത്തർപ്രദേശ് ഗവർണർ ശ്രീ കെ.എം. മുൻഷി അവർകളുടെ അവതാരികയോടെ പുറത്തിറങ്ങിയിരിക്കുന്നു.'

'ഈ പുസ്തകം നാട്ടിലുള്ള എല്ലാ മുസ്‌ലിംകളുടെയും അതൃപ്തിയേയും കോ പത്തേയും ഉണർത്തിവിടും വിധത്തിൽ ഇസ്‌ലാമിന്റെ തിരുനബി മുഹമ്മദ്(സ.അ) അവർകളേയും അദ്ദേഹത്തെ പിൻതുടരുന്നവരേയും ഇസ്‌ലാം മർഗ ത്തേയും കുറിച്ച് വക്രമായും ചരിത്രത്തിനു വിപരീതമായും വളരെ കേവലമായി, വികാരാവേശമുണ്ടാക്കുംവിധവും വളരെ താണതരത്തിലും മനസ്സിനെ വ്രണ പ്പെടുത്തുന്ന വിധത്തിലുമായ വാക്കുകൾ ഈ പുസ്തകത്തിൽ കാണപ്പെടുന്നത് താങ്കളുടെ ദൃഷ്ടിക്കും ശ്രദ്ധയിലേക്കും കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. 'ചരിത്ര സംഭവങ്ങളേയും ഇസ്‌ലാമിനേയും അതിന്റെ ദീർഘദർശനത്തേയും കുറിച്ചുള്ള സത്യങ്ങളേയും ലോകത്തിലെ സാധാരണ ജനങ്ങൾ പോലും ഒരളവോളം

നന്നായി മനസ്സിലാക്കിയിരിക്കുന്ന ഈ ഇരുപതാം നൂറ്റാണ്ടിൽ, നാടിന്റെ തുണ് എന്നു കരുതപ്പെടുന്ന നിലയിലുള്ളവരും ബഹുമാനവും ഗൗരവമായ അന്തസ്സിൽ ഉള്ളവരുമായ ശ്രീ. കെ.എം. മുൻഷി ഇങ്ങനത്തെ ഒരു പുസ്തകത്തെ വരവേൽക്കുന്ന വിധത്തിൽ അവതാരിക എഴുതി, സത്യത്തെ തിരിച്ചും മറിച്ചും പറയുന്നതു മൂലം ഒരു വലിയ സമുദായത്തിന്റെ മനസ്സിൽ ആഴത്തിലുള്ള മുറിവുണ്ടാക്കുന്ന പ്രവർത്തിയിൽ താനും പങ്കെടുത്തത് അദ്ഭുതപ്പെടുത്തുന്നു. ഇതിൽ സർക്കാർ മൗനം പാലിക്കുന്നതിനേയും അതിനെതിരെ എന്താണ് നടപടികൾ എടുക്കുവാൻ പോകുന്നത് എന്നതും ഇനിയും അറിയിക്കാതിരിക്കുന്നതും കാണുമ്പോൾ ഈ നാട്ടിലെ മുസ്‌ലിംകൾ അത്ഭുതപ്പെടുകയാണ്.' എന്ന് എഴുതിയിരുന്നു.

ഈ കത്തുകിട്ടിയ അന്നുതന്നെ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു ഉത്തർപ്രദേശ് ഗവർണർ കെ.എം. മുൻഷിയെ ടെലഫോണിൽ ബന്ധപ്പെട്ട് അന്വേഷിച്ചപ്പോൾ 'താനുംകൂടി ഇതുവരെ ആ പുസ്തകം കണ്ടിട്ടില്ല.' എന്നു പറഞ്ഞതായും അതിനെ തുടർന്ന്, ആ പുസ്തകത്തിന്റെ വിൽപന നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതായും പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾക്ക് ഉടനെ കത്തെഴുതി അറിയിച്ചു.

ഈ ഉടനടി നടപടിമൂലം നാട്ടിൽ നടക്കാനിരുന്ന വലിയൊരു വിപത്ത് അടക്കി.

ആ പുസ്തകം വായിച്ചുനോക്കാതെ മുഖവുര എഴുതിയതിന് ഖേദം പ്രകടിപ്പിച്ച് ശ്രീ. കെ.എം. മുൻഷി എഴുതിയതും മുസ്‌ലിം സമുദായത്തെ തൃപ്തിപ്പെടുത്തി.

പണ്ഡിറ്റ് നെഹ്റു- 'കോൺഗ്രസ്സ് പാർട്ടി സ്വാതന്ത്ര്യം നേടിത്തന്നു' എന്ന് അഭിമാനത്തോടെ മലബാറിൽ നിന്നുതന്നെ പറയാൻ ആരംഭിച്ചു- എങ്കിലും, കോൺഗ്രസ്സ് സ്ഥാനം നിലവിൽ വരാനും അത് സ്വാതന്ത്ര്യാപേക്ഷ സമർപ്പിക്കുന്നതിനുള്ള ധൈര്യം ലഭിക്കുന്നതിനും ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗാണ് മുഖ്യകാരണം എന്നത് അദ്ദേഹത്തിനറിയാത്തതല്ല.

പ്രത്യേകിച്ച്, മലബാർ മുസ്‌ലിംകൾ സ്വാതന്ത്ര്യത്തിനു വേണ്ടി ചെയ്ത ത്യാഗങ്ങൾ ഇതുവരെ ചെയ്തിട്ടില്ല എന്ന് ആർക്കും എതിർക്കാനാവില്ല.

ഏകാധിപത്യ ഭ്രാന്തൻമാരോട് ആദ്യമായി സ്വാതന്ത്ര്യ പോരാട്ടത്തെ ആരംഭിച്ചവർ മുസ്‌ലിംകൾ ആണ്. അതിന് 'ശിപായി ലഹള' എന്ന ഒരു പേര് നൽകി ചരിത്രത്തിൽ രേഖപ്പെടുത്തിയാലും ഈ നാട്ടിൽ അവർ ചിന്തിയ രക്തം സാക്ഷിയായി നിലനിൽക്കുന്നു.

ഈ പോരാട്ടത്തിൽ ആയിരക്കണക്കിന് മുസ്‌ലിംകൾക്ക് ജീവൻ നഷ്ടപ്പെട്ടു. നൂറുകണക്കിന് മാപ്പിള മുസ്‌ലിംകളെ ഗ്രഡ്സ് വണ്ടിയിൽ ഇട്ടടച്ച് തിരുച്ചിജയിലിലേക്കു കൊണ്ടുവരപ്പെട്ടപ്പോൾ, വായുപോലും കടക്കാൻ പഴുതില്ലാത്തതിനാൽ ശ്വാസം മുട്ടി മരിച്ചു. അതാണ് 'വാഗൺ ട്രാജഡി' ! ബാക്കിയുണ്ടായിരു

Downloaded from www.gracebooks.in

ന്നവർ 'കലിമ' ഓതി തിരുച്ചി ജയിലിൽ തൂക്കിലേറ്റപ്പെട്ടു.

ഇത്രയും ത്യാഗങ്ങൾ നാടിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി ചെയ്തവരുടെ മദ്ധ്യേ 'കോൺഗ്രസ്സ് സ്വാതന്ത്ര്യം വാങ്ങിത്തന്നു.' എന്ന് അഭിമാനിക്കാനാവില്ല!

പറഞ്ഞുവന്നാൽ, ഒരു സാധാരണക്കാരന്റെ മകനായ പണ്ഡിറ്റ് നെഹ്റു, ലോക പ്രസിദ്ധനായ നേതാവായി മാറുന്നതിന് മുസ്ലിംകളുടെ പരമ്പരയിൽ വന്ന മൗലാനാ മുഹമ്മദലി ജിന്നയാണ് കാരണം എന്നത് അദ്ദേഹത്തിനുകൂടി നിരസിക്കാനാവില്ല.

കോൺഗ്രസ്സിനെ വളർത്തിയത് മുസ്ലിംകളാണ് എന്ന കാര്യം കോൺഗ്രസ്സ് ചരിത്രം മറച്ചാലും സത്യം മറക്കരുത്! അതിലും നേരിട്ട് ബന്ധപ്പെട്ട മലയാള മുസ്ലിംകൾ മറക്കില്ല!

മലബാറിലാണ് മുസ്ലിം ലീഗ് ഉള്ളത്: വടക്കേ ഇന്ത്യയിൽ ഇല്ല എന്ന് അദ്ദേഹം മലബാറിൽ വന്നപ്പോൾ പറഞ്ഞത് ഓർത്തോർത്ത് ഇന്നും മലബാറിലെ മുസ്ലിംകൾ ചിരിക്കുന്നു! കാരണം, അദ്ദേഹം കളവു പറഞ്ഞത് മാത്രമല്ല, ഇതിനു മുൻപ് അദ്ദേഹം പറഞ്ഞതിന് നേർവിപരീതമായാണ് ഇപ്പോൾ പറയുന്നത്!

ഒരു പാർട്ടിയുടെ, സമൂഹത്തിന്റെ നേതാവായ ഇദ്ദേഹം, മറ്റൊരു സമൂഹത്തെ, അവരുടെ പാർട്ടിയെ പിരിച്ചുവിടാൻ പറയാമോ?

കൺസർവേറ്റീവ് പാർട്ടി പ്രമുഖൻ സർ വിൻസ്റ്റൺ ചർച്ചിൽ, എതിർ പാർട്ടിയെ പിരിച്ചുവിടൂ എന്നു പറഞ്ഞിട്ടുണ്ടോ? പറയുമോ? എന്നാൽ, പണ്ഡിറ്റ് നെഹ്റു പറയുന്നു! എന്നാൽ അതിന് എന്താണ് അർത്ഥം? അദ്ദേഹം പറയുന്നതാണ് വേദവാക്യം എന്നു വിചാരിക്കുന്നു. ഇത് രാജ്യത്തിനു തന്നെ വലിയ ആപത്താണ്.

പച്ചക്കൊടിക്കടിയിൽ തിരുവിതാംകൂർ കൊച്ചി!

ശ്രീ വർക്ഷീസ് പ്രബലനായ ദേശീയ വാദിയാണ്: ഗാന്ധിയൻ മലയാളത്തിലെ പ്രബല ദിനപ്പത്രങ്ങളിൽ ഒന്നായ 'ഹിന്ദുസ്ഥാൻ' പത്രത്തിന്റെ പത്രാധിപർ തന്റെ പത്രത്തിൽ ഡിസംബർ 20-ാം തിയ്യതി അദ്ദേഹം എഴുതിയ മുഖപ്രസംഗം മലബാറിനെ തന്നെ പ്രകമ്പനം കൊള്ളിച്ചു. സത്യവാന്റെ കൈയിൽ പിടിച്ച പേന അധർമ്മത്തിന്റെ ആണിവേരുതന്നെ അറുക്കും.' എന്നത് യാഥാർത്ഥ്യമായി മാറി.

'തിരുവിതാംകൂർ' കൊച്ചിയിലെ മുസ്ലിംകൾ അടുത്ത കാലത്ത് 'ഫോർട്ട്' കൊച്ചിയിൽ ഒരു സമ്മേളനം നടത്തി അവർ, സമുദായ പ്രശ്നങ്ങളെ കുറിച്ച് ചർച്ച ചെയ്ത്, പഠിച്ച്, മുസ്ലിം ലീഗിന്റെ കൊടിക്കീഴിൽ ഒന്നിച്ചുകൂടിയിരിക്കുന്നു. ഈ രാജ്യത്തെ ഒരു ന്യൂനപക്ഷ സമുദായ ജനങ്ങൾ, നടക്കുന്ന ഭരണത്തിൽ തങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുന്നില്ല എന്ന കാരണം കാട്ടി ഒരുമിച്ചുകൂടിയിരിക്കുന്നത് അവഗണിക്കത്തക്കതല്ല.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു മുൻപ് മുസ്ലിംകൾക്ക് ലഭിച്ചിരുന്ന പല ന്യാ

Downloaded from www.gracebooks.in

യമായ അവകാശങ്ങളും അനുകൂല്യങ്ങളും കോൺഗ്രസ്സ് ഭരണം ഏറ്റെടുത്തതുമുതൽ നഷ്ടപ്പെട്ടിരിക്കുന്നു എന്നും മുസ്‌ലിംകൾക്ക് സംബന്ധപ്പെട്ട പ്രശ്നങ്ങൾ വരുമ്പോൾ കൂടി അവരെ ഒതുക്കി കാര്യങ്ങൾ നിർവ്വഹിക്കുന്നു എന്നിരുന്നാലും പരിഹാരങ്ങൾ ഉണ്ടാവുന്നില്ല. ഇതിനെക്കുറിച്ച് നാം ഉത്തരവാദിത്തമില്ലാത്ത വരായിരിക്കാനാവില്ല.

തിരുവിതാംകൂർ- കൊച്ചി മുസ്‌ലിം ലീഗ് സമ്മേളനത്തിൽ മുകളിൽ പറഞ്ഞ കരുത്തുള്ള തീരുമാനങ്ങൾ പലരേയും ഭയപ്പെടുത്തിയിരിക്കുന്നു എന്നത് സത്യമാണ്.

മതത്തിന്റെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാട്ടുന്ന വർഗീയ കക്ഷി, രാജ്യത്തെ തന്നെ നശിപ്പിക്കുമെന്നും വർഗീയവാത കക്ഷി യാതൊരു രൂപത്തിലും പ്രവർത്തിച്ചുകൂടെന്നും അവർ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരിക്കുന്നു.

ഇതിനായി ആദ്യമായി കേരളത്തെതന്നെ എടുക്കാം,

ഇവിടെ നായന്മാർക്ക് ശക്തിയുള്ള 'നായർ സൊസൈറ്റി' ഉണ്ട്. ഈഴവർക്കായി എസ്.എൻ.ഡി.പി. എന്ന പാർട്ടി പ്രവർത്തിക്കുന്നു. കത്തോലിക്കാർക്കായി കത്തോലിക്കാ കോൺഗ്രസ്സ് പാർട്ടിയുണ്ട്!

ഇതുപോലെ ഓരോ ജാതികൾക്കും ഓരോ ജാതി പാർട്ടികൾ ഉണ്ട് ഈ പാർട്ടികളൊക്കെ ദേശ വിരോധ പാർട്ടി അല്ലെന്നും ന്യൂനപക്ഷക്കാരിണ്ട ഒന്നായ മുസ്‌ലിംകൾ മാത്രം പാർട്ടിയുണ്ടാക്കിയാൽ ദേശ വിരോധ പാർട്ടിയാകും എന്നതിൽ എന്തു ന്യായമാണുള്ളത്

കേരളത്തിനു പുറത്ത് ഇന്ത്യയെ മൊത്തത്തിൽ നോക്കുമ്പോൾ-

ഹിന്ദുമഹാസഭ, ആർ.എസ്.എസ്. ജനസംഘം തുടങ്ങിയ മതപാർട്ടികൾ സ്വാതന്ത്ര്യത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു!

ഇതെല്ലാം ഇവിടെയുള്ള ഭൂരിപക്ഷ സമുദായമായ ഹിന്ദുക്കളുടെ പാർട്ടികളാണ്. ഇവർക്ക് ആൾബലം ഉണ്ട്. അനുയായികൾ, പിൻതുണക്കാർ ഒക്കെയുണ്ട്.

നായർ സൊസൈറ്റി, എസ്.എൻ.ഡി.പി. കത്തോലിക്കാ കോൺഗ്രസ്സ് തുടങ്ങിയവ രാഷ്ട്രീയ പാർട്ടികളല്ല എന്ന് അവർ പറയുന്നു. ഇതൊക്കെ പഴയകഥ!

അതിനാൽ മുസ്‌ലിംകൾ ഒന്നുചേരുന്നതിൽ ഇത്രയധികം ഭയപ്പെടാൻ യാതൊരു കാരണവും ഇല്ല. മുസ്‌ലിംകൾ ഒന്നുചേരുന്നത് അവരുടെ സമുദായത്തിനു മാത്രമല്ല ഈ രാജ്യത്തിനു മുഴുവനും നന്മയെന്നേ പറയാം!

ആ മുഖപ്രസംഗം പറഞ്ഞു നിർത്തി.

മുസ്‌ലിം ലീഗ് വർഗ്ഗീയ വാദി പാർട്ടിയാണോ?

1955ൽ മലബാറിൽ പോയിരുന്ന ജവഹർലാൽ നെഹ്റു ലീഗിനെക്കുറിച്ച് കടുത്ത ഭാഷയിൽ ആക്രമിച്ചു സംസാരിച്ചു. നമ്മുടെ രാഷ്ട്ര നിയമം ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചു വരുന്നപ്പോൾ, ന്യൂനപക്ഷങ്ങളുടെ നന്മകളെ സംരക്ഷിക്കുന്ന പുതപ്പായി ഒരു രാഷ്ട്രീയ സംഘടന ആവശ്യമില്ലെന്ന് നെഹ്റു

Downloaded from www.gracebooks.in

പകയോടെ പറഞ്ഞു.

ഇതിനു മറുപടി പറഞ്ഞുകൊണ്ട് മുസ്‌ലിം ലീഗ് മുഖപത്രം 'ചന്ദ്രിക' ചോദിച്ചു; ഇന്ത്യൻ ഭരണഘടനയിൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടു. അതുകൊണ്ട് തൊഴിലാളി യൂണിയനുകൾ ആവശ്യമില്ലെന്നു വരുമോ?

പണ്ഡിറ്റ് നെഹ്റു: ഭരണഘടനാ പ്രകരാം ആർക്കും തന്റെ നന്മ സംരക്ഷിക്കണമെന്നതിന് ഒരു സംഘടന രൂപീകരിക്കാൻ അവകാശമുണ്ട്. എന്നാൽ, ഈ അവകാശത്തെ മതരീതിയായ ഒരു മതരാഷ്ട്രീയ സംഘടനയായി നടത്തുന്നതിന് പ്രയോജനപ്പെടുത്തുന്നതാണ് വേദനിപ്പിക്കുന്നത് എന്നു പറഞ്ഞു. മറ്റൊന്നുകൂടി പറഞ്ഞു. 'തന്റെ പാർട്ടി രാഷ്ട്രീയ രീതിയിൽ മുസ്‌ലിം ലീഗുമായി ബന്ധപ്പെടും. ജനാധിപത്യരീതിയിൽ അതിനെ പരാജയപ്പെടുത്തും.' എന്നു പറഞ്ഞു.

ചന്ദ്രിക ആ വാക്കുകൾ വരവേറ്റു. രാഷ്ട്രീയ ജനാധിപത്യത്തിന്റെ ഭരണഘടനയ്ക്കകത്തു നിന്ന് മുസ്‌ലിംലീഗ് തന്റെ നില ഭദ്രമാക്കും. ജനാധിപത്യത്തിൽ പങ്കുചേരും. കോൺഗ്രസ്സിനെ പോലെ, മറ്റേതൊരു പാർട്ടിയേയും പോലെ മുസ്‌ലിം ലീഗ് ജനങ്ങളുടെ പിൻതുണ പിടിച്ചുപറ്റും. അധികാരത്തിൽ പങ്കുപറ്റും. എന്ന് അറിയിച്ചു.

അതുപ്രകാരം മലബാറിൽ മുസ്‌ലിം ലീഗ് തള്ളിക്കളയാനാകാത്ത രാഷ്ട്രീയ ശക്തിയായി വളർന്നു. മലബാറിൽ കൊടി കെട്ടിപ്പറക്കുന്ന മുസ്‌ലിം ലീഗ് ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ ഇനിയും ആ അവസ്ഥയിലേക്കെത്തിയിട്ടില്ല എന്നതും ഓർക്കണം.

ഇതിനു ശേഷവും നെഹ്റു- 'സ്വാതന്ത്ര്യ സമരത്തിൽ രാജ്യത്തെ മതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിച്ച മുസ്‌ലിം ലീഗിന്റെ പ്രവർത്തി കാട്ടുമൂഗത്തിന്റേതായിപ്പോയി' എന്നും പറഞ്ഞു.

ഇതിന് 'ചന്ദ്രിക'യിലെഴുതിയ മുഖപ്രസംഗം 'മുസ്‌ലിം ലീഗ് രാജ്യം വിഭജിക്കുവാൻ പറഞ്ഞു. അത് കോൺഗ്രസ്സ് അംഗീകരിച്ചിട്ട് ഇപ്പോൾ മുസ്‌ലിം ലീഗിനെ കുറ്റപ്പെടുത്തുന്നത് ശരിയല്ല. പാക്കിസ്ഥാൻ മുസ്‌ലിം ലീഗ് ന്യൂനപക്ഷത്തിന്റെ സംരക്ഷണത്തിന് ഉള്ളതല്ല. ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിനും അതിനും അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ട്.

ഇതിനെ ഖായിതെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ് തന്റെ ലീഗ് സമ്മേളനത്തിലെ അദ്ധ്യക്ഷ പ്രസംഗത്തിൽ 1959 ഫെബ്രുവരി 14ന് ഉറപ്പിച്ചുപറഞ്ഞിട്ടുണ്ട്. മുസ്‌ലിം ലീഗ് വർഗ്ഗീയതയ്ക്കെതിരായ സംഘടനയാണ്. ലീഗിന്റെ വീക്ഷണവും പ്രവർത്തികളും ദേശീയ വീക്ഷണത്തോടെയുള്ളതാണ്. രാജ്യത്തിന്റെ ഒത്തൊരുമ, സ്വാതന്ത്ര്യം ബലം, വളർച്ച, നന്മകൾക്കായും എല്ലാ സമൂഹങ്ങൾക്കിടയിലും ഒത്തൊരുമ, സ്നേഹം, നിഴലിക്കുന്നതിനും വേണ്ടി മുസ്‌ലിം ലീഗ് പാടുപെടുന്നു.' എന്നു പറഞ്ഞു.

ഇസ്മാഈൽ സാഹിബിന്റെ രാജ്യസ്നേഹത്തിൻ മേൽ ഒരു പരീക്ഷണം 1962ൽ ചൈന ഇന്ത്യക്കു നേരെ പടയൊരുക്കം നടത്തിയപ്പോൾ നേരിട്ടു.

Downloaded from www.gracebooks.in

'പുത്രദാനം ചെയ്യുന്ന' ദിവസം ഇസ്മാഈൽ സാഹിബ് തന്റെ മകൻ ജെ.എം. മിയാഖാനെ രാജ്യത്തിനായി അർപ്പിച്ചു. ദേശത്തിന്റെ നന്മയ്ക്കായി മകനെ പ്രയോജനപ്പെടുത്താം, ബലികൊടുക്കാം; രാജ്യം എന്താഗ്രഹിക്കുന്നുവോ അത് ചെയ്യാം' എന്നു പറഞ്ഞു.

മുസ്‌ലിം ലീഗിന്റെ ഇങ്ങനെയുള്ള പിന്നണിയിലാണ് ഈ പഴികൾ പുറപ്പെടുവിക്കുന്നത്; ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് വർഗ്ഗീയ കക്ഷിയാണോ? അതാണ് ആ ചോദ്യം!

സ്വാതന്ത്ര്യസമരത്തിൽ രാജ്യവിഭജനത്തെ മുസ്‌ലിം ലീഗ് അംഗീകരിച്ചോ? സത്യത്തിൽ അംഗീകരിച്ചിരുന്നു; സിദ്ധാന്തരീതിയിൽ ഇരട്ട ദേശവാദം ഉന്നയിച്ചിരുന്നുവോ? ഉന്നയിച്ചിരുന്നു; അത് മുസ്‌ലിം ലീഗ് ന്യായീകരിക്കുന്നു!

ഇത് മുഹമ്മദ് അലി ജിന്നയുടെ തത്വം മാത്രമല്ല; ആർ.എസ്.എസ്. ഭാരതീയ ജനതാ പാർട്ടി തുടങ്ങിയവയുടെ പിതാവായി തിളങ്ങിയ വീരസവർക്കറുടെ അഭിപ്രായവും ഇതുതന്നെയാണ്!

രാജ്യവിഭജനം ആവശ്യമാണോ? അല്ലേ? എന്നതിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ എന്തുമാകട്ടെ; എന്നാൽ ഇപ്പോൾ രാഷ്ട്രീയ രീതിയായുള്ള പ്രാധാന്യം നിറഞ്ഞ ചോദ്യം ഇതാണ്!

നാം ഇപ്പോൾ രാജ്യവിഭജനത്തെ അംഗീകരിക്കണമോ? പാക്കിസ്ഥാനെ അംഗീകരിക്കണമോ?

അല്ലെങ്കിൽ, രാജ്യവിഭജനം വീണ്ടും മാറ്റിവെക്കണോ?

പാക്കിസ്ഥാനെയും ബംഗ്ലാദേശിനെയും ഇന്ത്യാ മഹാരാജ്യത്തേക്ക് കൊണ്ടുവരാൻ പോവുകയാണോ?

ഒരു കാലത്ത് ജനസംഘം തുടങ്ങിയവയുടെ പദ്ധതിയിൽ 'അഖണ്ഡഭാരതം' ഉണ്ടായിരുന്നു. ഇപ്പോൾ ബാൻരാജ് മതോക്ക് തുടങ്ങിയവരുടെ ഭ്രാന്തൻ ചിന്തയിലും ഇരിക്കുന്നുണ്ട്! ഭാരതീയ ജനതാ പാർട്ടി ഉൾപ്പെടെ വേറെ ആരും മുൻപത്തെ ഇന്ത്യയെ വീണ്ടും ഒരു രാഷ്ട്രീയ യാഥാർത്ഥ്യമാക്കാനാകും എന്നു വിശ്വസിച്ചില്ല.

ഇപ്പോൾ രാജ്യത്തിന് അറിയേണ്ടത് എന്താണ്?

ഇന്ത്യയെ പാക്കിസ്ഥാനുമായി ചേർക്കണമെന്ന് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് ആഗ്രഹിക്കുന്നുണ്ടോ?

കേരളത്തിലെ മലപ്പുറം ജില്ലയെ ഒരു സ്വതന്ത്ര നാട് എന്ന് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് പ്രകടിപ്പിച്ചിട്ടുണ്ടോ?

അനന്തപൂർ സാഹിബ് തീരുമാനം (സ്വതന്ത്ര ഖാലിസ്ഥാൻ തീരുമാനം) പോലെ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് എപ്പോഴെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ?

ഹൈദരാബാദിനെ ചേർത്തതിനെയോ, കാശ്മീരിനെ ചേർത്തതിനെയോ, ഗോവയെ ചേർത്തതിനെയോ, പുതുശ്ശേരിയെ കൂട്ടിച്ചേർക്കാൻ ഫ്രാൻസുമായി

Downloaded from www.gracebooks.in

കരാർ ചെയ്തതോ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് എതിർത്തിരുന്നുവോ?

കാശ്മീരിനെക്കുറിച്ച് ഐക്യരാഷ്ട്ര സഭയിൽ വിവാദങ്ങൾ നടന്നപ്പോൾ ചൈനയുമായി യുദ്ധം ചെയ്തപ്പോൾ, 1965 സെപ്തംബർ മാസം ഭൂട്ടോ നടത്തിയ യുദ്ധത്തിൽ 'ഓപ്പറേഷൻ ജിബ്രാൾട്ടർ' നടത്തപ്പെട്ടപ്പോൾ, ബംഗ്ലാദേശിനെ വിടുവിച്ചപ്പോൾ- അപ്പോഴൊക്കെ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് രാജ്യത്തോടൊപ്പം നിന്നോ? അല്ലെങ്കിൽ, എതിരായി നിന്നോ?

കഴിഞ്ഞ അമ്പതു വർഷങ്ങളിൽ രാജ്യദ്രോഹ കുറ്റങ്ങൾക്കായി എത്ര ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് നേതാക്കന്മാർ, അല്ലെങ്കിൽ പ്രവർത്തകർ അറസ്റ്റ ചെയ്യപ്പെട്ട്, വിചാരണ നടന്ന്, ശിക്ഷ ഏറ്റുവാങ്ങിയിട്ടുണ്ട്?

1947 ആഗസ്റ്റ് 15 മുതൽ ഈ നിമിഷം വരെയും മുസ്‌ലിം ലീഗോ അതിന്റെ നേതാക്കന്മാരോ രാജ്യത്തിന്റെ മുന്നേറ്റം, വളർച്ച, നന്മകൾക്കെതിരായി പ്രവർത്തിച്ചിട്ടുണ്ടോ? പറഞ്ഞിട്ടുണ്ടോ? എന്തെങ്കിലും ചെയ്തിട്ടുണ്ടോ? അന്നുമുതൽ അമ്പതു വർഷങ്ങൾ കടന്നുപോയി. ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് തന്റെ രാജ്യ സ്നേഹത്തിനേർപ്പെട്ട ഓരോ പരീക്ഷണങ്ങളേയും തരണം ചെയ്തു!

ഒരു രാഷ്ട്രീയ പാർട്ടി തന്റെ അംഗങ്ങൾ ഒരു സമുദായത്തിൽപെട്ടവരായിരിക്കണമെന്ന നിർബന്ധം പിടിക്കാൻ അവകാശമുണ്ടോ?

എന്നാൽ, ആസാം ഗണപരിഷത്ത്, ആസ്സാമികളെ മാത്രം അംഗങ്ങളാക്കിക്കൊണ്ടുള്ളതാണ്.

ബോഡോകൾ- ബോഡോലാന്റിനെക്കുറിച്ചു മാത്രം സംസാരിക്കുന്നു.

തമിഴകത്തെ ദ്രാവിഡ കക്ഷികൾ ദ്രാവിഡരെക്കുറിച്ചു മാത്രം സംസാരിക്കുന്നു.

തെലുങ്കുദേശം, തെലുങ്കരെക്കുറിച്ചു മാത്രം അഭിമാനം കൊള്ളുന്നു.

എന്നാൽ മുസ്‌ലിം സമുദായത്തെക്കുറിച്ച് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് സംസാരിക്കാൻ തുടങ്ങുമ്പോഴാണ്, അത് എല്ലാവർക്കും അസാധാരണായിപ്പോകുന്നത്.

എങ്കിലും ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് തങ്ങളുടെ നിയമാവലിയിൽ ഈയടുത്ത് ചില മാറ്റങ്ങൾ വരുത്തി. 'മുസ്‌ലിംകളായിട്ടുള്ള ആർക്കും' എന്നതിനോപ്പം 'ഇന്ത്യൻ പൗരന്മാരായ ആർക്കും' ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിൽ അംഗമാകാം എന്ന് തിരുത്തിയെഴുതി.

ഭാരതീയ ജനതാപാർട്ടി 'ഹിന്ദുരാജ്യ'ത്തെക്കുറിച്ചു പറയുന്നു- ഇന്ത്യൻ യൂണിയൻ മുസ്‌ലിംലീഗ് 'മുസ്‌ലിം രാജ്യത്തെക്കുറിച്ച് എവിടെയും പറഞ്ഞിട്ടില്ല.'

ഇന്ത്യയിൽ ജീവിക്കുന്ന എല്ലാവരും തങ്ങളെ 'ഹിന്ദുക്കൾ' എന്നു കരുതണമെന്ന് ബി.ജെ.പി പറയുന്നു.

മുസ്‌ലിം അല്ലാത്ത ആരെയും തങ്ങളെ അവർ 'മുസ്‌ലിം' എന്നു പറയണമെന്ന് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് പറഞ്ഞിട്ടില്ല.

Downloaded from www.gracebooks.in

ഇന്ത്യയുടെ സംസ്കാരം 'ഹിന്ദുത്വ' സംസ്കാരമാണെന്ന് ബി.ജെ.പി പറയുന്നു.

ഇന്ത്യൻ സംസ്കാരം എന്നത് ഒരു കൂട്ടുസംസ്കാരമാണ്- ഹിന്ദുക്കളും മുസ്‌ലിംകളും മറ്റുമുള്ള എല്ലാവരും പങ്കുചേർന്നതിന്റെ ഫലമായുണ്ടായതാണ് ഇന്ത്യയുടെ കൂട്ടുസംസ്കാരം എന്നാണ്. ഐ.യു.എം.എൽ പറയുന്നത്.

ഇന്ത്യയെ മുസ്‌ലിംകൾ ഭരിച്ച കാലഘട്ടത്തെ നാണംകെട്ട ശതാബ്ദം എന്ന് ബി.ജെ.പി. പറയുന്നു.

ഇന്ത്യയിൽ നടന്ന മുസ്‌ലിം ഭരണവും മറ്റുള്ളവരുടെ ഭരണവും മാതൃരാജ്യത്തിന്റെ പെരുമയെ കാട്ടുന്നു. എന്ന് ഐ.യു.എം.എൽ പറയുന്നു.

കിയാൻ വാപി മസ്ജിദിനെ തകർക്കാനാലോചിക്കുന്നത് ജനതാ പാർട്ടി! ബിർളാ മന്ദിറെ സംരക്ഷിക്കാൻ ശ്രമിക്കുന്നത് മുസ്‌ലിം ലീഗ്!

നീതിയും ന്യായവും എന്താണ് പറയുന്നത്? എല്ലാ സമുദായങ്ങൾക്കും അവരവരുടെ സമുദായ മുന്നേറ്റത്തിന് സാമൂഹ്യ പരിഷ്കരണങ്ങൾ നടത്തുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട് എന്നതു തന്നെ.

ഇങ്ങനെ കേന്ദ്രമന്ത്രിയായി പദവി വഹിച്ച ശ്രീ മണിശങ്കർ അയ്യർ എഴുതിയ 'കൺഷെസൻസ് ഓപ് എ സെക്യുലർ ഫണ്ടമന്റലിസ്റ്റ്' എന്ന പുസ്തകത്തിൽ പലയിടത്തും ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിനെക്കുറിച്ച് അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

Downloaded from www.gracebooks.in

മലബാറിൽ വിടരുന്ന മുസ്‌ലിം ലീഗ്!

മലബാറിൽ മുഴുവനും ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് ഇപ്പോൾ മുൻപത്തെക്കാളും വിടർന്ന് സുഗന്ധം പുരത്തുവാൻ തുടങ്ങിയിരിക്കുന്നു.

പ്രത്യേകിച്ച്, കഴിഞ്ഞ തവണ നടന്ന നഗരസഭാ തെരഞ്ഞെടുപ്പുകളിൽ മൊത്തം 26 സ്ഥാനങ്ങൾ മാത്രം നേടിയിരുന്ന മുസ്‌ലിം ലീഗ്, ഇപ്പോൾ 1955ൽ നടന്ന നഗരസഭാ തെരഞ്ഞെടുപ്പിൽ കൂടുതൽ സ്ഥാപനങ്ങൾ നേടി വിജയം വരിച്ചിരിക്കുന്നു.

അതായത്, മുസ്‌ലിം ലീഗിന്റെ സ്വന്തം സ്ഥാനാർത്ഥികളായി മത്സരിച്ച 23 സ്ഥാനാർത്ഥികളും മുസ്‌ലിം ലീഗിന്റെ പിൻതുണയോടെ മത്സരിച്ച 15 കൗൺസിലർമാരേയും ചേർത്ത് മൊത്തം 38 സ്ഥാപനങ്ങൾ മുസ്‌ലിം ലീഗ് വിജയിച്ചെടുത്തു.

മറ്റൊരു പ്രധാനപ്പെട്ട കാര്യം എന്താണെന്നാൽ ഫോർട്ടു കൊച്ചി മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ നാലു വാർഡുകളിൽ മത്സരിച്ച മുസ്‌ലിം ലീഗ് സ്ഥാനാർത്ഥിമാരും തങ്ങളെ എതിർത്തു മത്സരിച്ച നാലു കോൺഗ്രസ് സ്ഥാനാർത്ഥികളേയും പരാജയപ്പെടുത്തിയതാണ്.

തലശ്ശേരി: മലബാറിൽ അഞ്ചു നഗരസഭകളിൽ മുസ്‌ലിം ലീഗിന്റെ പ്രധാന കേന്ദ്രമെന്ന നിലയിലുള്ളത്, തലശ്ശേരിയാണ്.

തലശ്ശേരി നഗരസഭയുടെ ആകെ സ്ഥാനങ്ങൾ 28 ആണ്. ഇവയുടെ തിരഞ്ഞെടുപ്പിൽ 8 വാർഡുകളിൽ മുസ്‌ലിം ലീഗ് തങ്ങളുടെ സ്ഥാനാർത്ഥികളെ നിർത്തി എട്ടു വാർഡുകളിലും വിജയം വരിച്ചു.

മാത്രമല്ല മുസ്‌ലിം ലീഗിന്റെ പിന്തുണയോടെ മത്സരിച്ച 12 സ്ഥാനാർത്ഥികളും വിജയിച്ചു. അങ്ങനെ മുസ്‌ലിം ലീഗിന്റെ അംഗബലം തലശ്ശേരി നഗരസഭയി

ൽ 20 ആയി ഉയർന്നു.

ബാക്കിയുള്ള എട്ടു സ്ഥാനങ്ങളിൽ ആറു സീറ്റ് കോൺഗ്രസ്സും രണ്ടു സീറ്റ് കമ്മ്യൂണിസ്റ്റ പാർട്ടിയും നേടി.

ഇവിടെ പ്രത്യേകമായി ശ്രദ്ധിക്കേണ്ടത്, ഓർത്തുവെക്കേണ്ടത് എന്താണെന്നാൽ, ഇവിടെ കഴിഞ്ഞ ഇരുപത്തേഴു വർഷങ്ങളായി തുടർന്നു ജയിച്ചുവന്നിരുന്ന ദേശീയവാദിയും പ്രമാണിയുമായ ശ്രീ ഗോവിന്ദൻ എന്നയാളെ മുസ്‌ലിം ലീഗ് പിന്തുണയുള്ള സ്ഥാനാർത്ഥി തോൽപിച്ചു എന്നതാണ്!

ഒപ്പം കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 16 സീറ്റുകൾ (കൗൺസിലർമാർ) ഉണ്ടായിരുന്ന കോൺഗ്രസ്സ് പാർട്ടി ഈ തെരഞ്ഞെടുപ്പിൽ 6 സ്ഥാനങ്ങൾ മാത്രമാണ് നേടിയത്.

മാത്രമല്ല അവിടുത്തെ ഹരിജൻ സീറ്റിൽ (റിസർവ് മണ്ഡലത്തിൽ) കൂടി കോൺഗ്രസ്സിനെ തോൽപിച്ച് മുസ്‌ലിം ലീഗ് പിന്തുണയോടെ മത്സരിച്ച ഹരിജൻ സ്ഥാനാർത്ഥിയാണ് ജയിച്ചത്.

മുസ്‌ലിം ലീഗിന്റെ ഈ നിലപാട് വിജയത്തെക്കുറിച്ച് കൊല്ലത്തുനിന്നും പ്രസിദ്ധീകരിച്ചിരുന്ന 'മലയാള രാജ്യം' എന്ന ദേശീയ പത്രം 19-11-1955 ലക്കത്തിൽ- 'കഴിഞ്ഞ വർഷം നടന്ന മലബാർ ജില്ലാ ബോർഡ് തിരഞ്ഞെടുപ്പിലും അതിനു മുമ്പ് 1951ൽ നടന്ന പൊതു തെരഞ്ഞെടുപ്പിലും മുസ്‌ലിം ലീഗ് നേരിട്ടു മത്സരിച്ച് തന്റെ ശക്തി വെളിപ്പെടുത്തിയിരിക്കുന്നു.'

നിയമസഭാ തിരഞ്ഞെടുപ്പിൽ ഒരു ഹരിജൻ റിസർവ്വ് സ്ഥാനം ഉൾപ്പെടെ മുസ്‌ലിം ലീഗിന് 5 സ്ഥാനങ്ങൾ ലഭിച്ചു. പാർലമെന്റിൽ ഒരു ഹരിജൻ റിസർവ് സ്ഥാനം കോൺഗ്രസ്സിനു ലഭിച്ചു.

തെലുങ്കു ഭാഷയിൽ മുസ്‌ലിം ലീഗ് വാരിക!

ആന്ധ്രപ്രദേശിലെ അനന്ത്പൂരിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് നേതാവ് ഡോക്ടർ മുഹമ്മദലി സാഹിബ് അവർകൾ 'പ്രജാരാജ്' എന്ന പേരിൽ മുസ്‌ലിം ലീഗ് വാരിക 1956ൽ പ്രസിദ്ധീകരണം ആരംഭിച്ചു.

പൊന്നാനിയിൽ മുസ്‌ലിം ലീഗ് സമ്മേളനം

1956 ജനുവരി അവസാനവാരം കേരളത്തിലെ പൊന്നാനിയിൽ പൊന്നാനി താലൂക്ക് മുസ്‌ലിം ലീഗ് സമ്മേളനം നടന്നു. ഈ സമ്മേളനത്തിൽ ഖായിതെമില്ലത്ത് അവർകൾ ചെയ്ത പ്രസംഗം!

മുസ്‌ലിം ലീഗ് ഈ രാജ്യത്തിന്റെ രാഷ്ട്രീയ ശാസനയ്ക്കും നിയമങ്ങൾക്കും വിധേയമായി, അവയെ അനുസരിച്ചു നിലനിന്നു വരുന്നു. ഇന്ത്യയിൽ നാം ശക്തിയോടെ ഇരിക്കുന്നതുവരെ, ഈ രാജ്യത്തുള്ള ഒരു ശക്തിയാലും കൂട്ടക്കാരാലും നമ്മെ നശിപ്പിക്കാനാവില്ല.

ഈ രാജ്യത്തെ ഏറ്റവും വലിയ ന്യൂനപക്ഷ സമുദായക്കാരായ നാം നമുക്കെന്ന് ഒരു സംഘടനയെ പാർട്ടിയെ ഉണ്ടാക്കിക്കൊണ്ട് പ്രവർത്തിക്കുവാൻ

Downloaded from www.gracebooks.in

രാഷ്ട്രീയ ശാസനമൂലം അംഗീകാരം- അനുവാദം നേടിയിരിക്കുന്നു- അധികാരം നേടിയിരിക്കുന്നു.

ഈ യാഥാർത്ഥ്യത്തെ നമ്മുടെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്നെ മനസ്സിലാക്കി അംഗീകരിച്ചിരിക്കുന്നു. അതേശ്വാസത്തിൽ 'മുസ്ലിം ലീഗിനെ പിരിച്ചുവിടണം' എന്നും പറഞ്ഞിരിക്കുന്നു.

മുസ്ലിം ലീഗും, മുസ്ലിംകളും ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വിരോധികളാണ് എന്ന് ഇവിടെ നെഹ്റുവിന്റെ ധ്വനിയുണ്ടായത് ലജ്ജാകരമാണ്. സത്യത്തെ മറന്നുകൊണ്ടു സംസാരിക്കുന്നത് സംസ്കാരത്തിനു ചേർന്നതല്ല'

'1857ൽ ബ്രിട്ടീഷ് ഏകാധിപത്യത്തിന് എതിരായി ആദ്യമായി സ്വാതന്ത്ര്യക്കൊടി ഉയർത്തിയവർ ഈ രാജ്യത്ത് മുസ്ലിംകളാണ് എന്നത് രാഷ്ട്രീയ ബാലപാഠം പഠിച്ചവർ പോലും അറിഞ്ഞിരിക്കുന്നു.'

'ശിപായി ലഹള' എന്നു പേരിട്ടു ബ്രിട്ടീഷ് ഏകാധിപത്യം തന്റെ ക്രൂരമായ അടിച്ചമർത്തലുകളാൽ നശിച്ചതിന്റെ ഫലമായി ആ ആദ്യത്തെ പോരാട്ടം തോൽവിയെ ഏറ്റുവാങ്ങി. ഈ രാജ്യത്തിന്റെ ചരിത്രത്തിൽ ഇവ രക്തക്കറ പടർന്ന ഏടുകളാണ്.'

ഈ പോരാട്ടത്തിന്റെ കാരണമായി ഏകാധിപത്യം പ്രതികാരം ചെയ്യാൻ തുടങ്ങി കണക്കില്ലാത്ത കഷ്ടനഷ്ടങ്ങൾ അനുഭവിച്ചുവന്ന ഇന്ത്യൻ മുസ്ലിം സമുദായത്തിന്റെ അവസ്ഥയ്ക്ക് മാറ്റം നേടാനായി 1906ൽ മുസ്ലിം ലീഗ് രൂപീകരിച്ചു.

അപ്പോഴൊക്കെ 1885ൽ ആരംഭിക്കപ്പെട്ട കോൺഗ്രസ്സ് പാർട്ടി 1915 വരെ വാർഷികം കൊണ്ടാടുകയും ഏകാധിപത്യ സ്തുതി പാടുന്ന ചടങ്ങും മാത്രമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.'

അക്കാലത്ത് ഗാന്ധിജി രാഷ്ട്രീയ രംഗത്തേക്കു കടന്ന് മുസ്ലിം സമുദായത്തിന്റെ ശക്തിയെ തങ്ങളുടെ ഭാഗത്തേക്ക് വലിച്ചപ്പോഴാണ് 1920ൽ 'ഖിലാഫത്ത്' ആരംഭിച്ചത് എന്നതിനേയും കോൺഗ്രസ്സ് ഒരു വലിയ സംഘടനയായി ഉയർന്ന് എന്നതിനേയും ചരിത്രത്തിൽ നിന്നും മാറ്റി എഴുതാനാവില്ല.

'ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് അസ്തിവാരം 1947 ജൂൺ 3-ാം തിയ്യതി കോൺഗ്രസ്സ് പാർട്ടിക്കും മുസ്ലിം ലീഗിനും നടന്ന ഉടമ്പടിയാണ് എന്നത് ആർക്കാണ് എതിർക്കാനാവുക?

നെഹ്റുജിയും അദ്ദേഹത്തിന്റെ ആൾക്കാരും ഈ രാജ്യത്തെ ജനങ്ങളും ഇന്ന് സ്വാതന്ത്ര്യത്തിന്റെ രുചി അനുഭവിക്കുന്നത് ആ ഉടമ്പടിയുടെ കാരണമാണ് എന്നത് വ്യക്തമായ യാഥാർത്ഥ്യമാണ്.

Downloaded from www.gracebooks.in

1957 പൊതു തിരഞ്ഞെടുപ്പും മുസ്‌ലിം ലീഗും

തിരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗിന്റെ പുതിയ വ്യൂഹം!

1957 ൽ നടക്കാനിരിക്കുന്ന രണ്ടാമത്തെ പൊതു തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ്, കമ്യൂണിസ്റ്റ് മുതലായ പാർട്ടികളുമായി തെരഞ്ഞെടുപ്പ് സഖ്യം ഉണ്ടാക്കില്ലെന്നും അതേസമയം മുസ്‌ലിം ലീഗ് ആധികാരികപൂർവ്വമായി തങ്ങളുടെ സ്ഥാനാർത്ഥികളെ മത്സരിപ്പിക്കില്ലെന്നും മറിച്ച്, മുസ്‌ലിം ലീഗിനോട് സൗഹൃദം പുലർത്തുന്ന, മുസ്‌ലിംകളുടെ പ്രാതിനിധിത്വ സഭയായി മുസ്‌ലിം ലീഗിനെ അംഗീകരിച്ച്, മുസ്‌ലിം ലീഗിന്റെ പിന്തുണ തേടുന്ന സ്വതന്ത്ര സ്ഥാനാർത്ഥികൾക്കും മറ്റും മുസ്‌ലിം ലീഗിന്റെ പിന്തുണ നൽകുമെന്ന് തീരുമാനിക്കപ്പെട്ടു.

ഈ രണ്ടാം പൊതു തെരഞ്ഞെടുപ്പിൽ, കൗൺസിൽ സമ്മേളനത്തിലെ തീരുമാനപ്രകാരം, മുസ്‌ലിം ലീഗ് നേരിട്ട് ഒരു മണ്ഡലത്തിലും മത്സരിച്ചില്ല.

മുസ്‌ലിം ലീഗിന്റെ പിന്തുണയോടെ ധാരാളം പേർ വിജയിച്ച് നിയമസഭാംഗങ്ങളായി.

സൂയസ് കനാൽ പ്രശ്നത്തിൽ, ബ്രിട്ടീഷ്- ഫ്രാൻസ് സാധനങ്ങൾ ബഹിഷ്കരിക്കുന്നതിനുള്ള തീരുമാനം!

'ഈജിപ്തിനു മേൽ ബ്രിട്ടീഷ്, ഫ്രാൻസ്, ഇസ്രാഈൽ തുടങ്ങിയ രാജ്യങ്ങൾ ചെയ്ത അക്രമത്തേയും ആ രാജ്യക്കാർ അവിടെ ചെയ്തവരുന്ന ക്രൂരതകളേയും തിരുച്ചി സമ്മേളനം ശക്തമായി ഖണ്ഡിക്കുന്നു. ഈ വിഷയത്തിൽ നമ്മുടെ ഇന്ത്യൻ ഗവൺമെന്റ് എടുത്തുവരുന്ന ന്യായമായ നടപടികളെ ഈ സമ്മേളനം ശ്ലാഘിക്കുന്നു.

ലോകത്തെ പിടിച്ചുകുലുക്കിയ സൂയസ്കനാൽ പ്രസ്നത്തിൽ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ നിലപാട് വ്യക്തമാക്കുന്ന ഈ തീരുമാനത്തെ തിരുച്ചി ജില്ലാ മുസ്ലിം ലീഗ് അദ്ധ്യക്ഷൻ ജനാബ് പി. എച്ച് മുഹമ്മദ് നസ്റുദ്ദീൻ സാഹിബ് വായിച്ചപ്പോൾ, സമ്മേളനത്തിൽ പങ്കെടുത്ത ആയിരക്കണക്കിനാൾക്കാർ തക്ബീർ മുഴക്കിക്കൊണ്ട് തങ്ങളുടെ ആദരവ് അറിയിച്ചു.

ഖായിതെ മില്ലത്തിന്റെ പ്രസംഗത്തിൽ നിന്ന്:

1947-ാം വർഷം സ്വാതന്ത്ര്യത്തിനു ശേഷം മുസ്ലിം ലീഗിന്റെ നടപടികൾ എങ്ങനെയൊക്കെയായിരുന്നെന്ന് രാജ്യത്തിലെ ജനങ്ങൾക്കൊക്കെ നന്നായറിയാം.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കാൻ, ഇന്ത്യയുടെ കരങ്ങൾ ശക്തിപ്പെടുത്താൻ ഓരോ തുറയിലും തന്റെ ശക്തികളെ മുസ്ലിം ലീഗ് നൽകിവരുന്നു.

ഞാൻ ചോദിക്കട്ടെ! ഇന്നത്തെ ദിവസംവരെ മുസ്ലിം ലീഗ് എന്തു കുറവുകളാണ് ചെയ്തത്? എന്തു ദോഷം ചെയ്തു? രാജ്യത്തിന്റെ സമാധാനത്തിനും, സുഭിക്ഷത്തിനും എതിരായി എന്തു നടപടികളിലേക്കാണ് ഇറങ്ങിയത്?

മുസ്ലിം ലീഗിനെ കുറ്റപ്പെടുത്തുന്നവരുടെ ഉദ്ദേശം, മുസ്ലിംകളുടെ ഐക്യ

ത്തെ തകർത്ത്, കാലം മുഴുവൻ തങ്ങൾക്ക് അടിമകളാക്കുവാനും മറ്റുമാണ്'

മുസ്‌ലിം ലീഗിന്റെ പതാക തീരുമാനം!

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗന്റെ കൊടി(പതാക) എങ്ങനെയുള്ളതായിരിക്കണം? പച്ച നിറക്കൊടിയിൽ, ചന്ദ്രക്കല, നക്ഷത്ര ചിഹ്നം എവിടെയാണ് വേണ്ടത് എന്ന കാര്യം തീരുമാനിക്കേണ്ടത് അത്യാവശ്യമായി വന്നിരിക്കുന്നു.

എന്തെന്നാൽ, ചിലർ പച്ചക്കൊടിയിൽ ചന്ദ്രക്കലയും നക്ഷത്രവും അറ്റത്തും മറ്റു ചിലർ ഇവ കൊടിയുടെ മദ്ധ്യേയും, മറ്റു ചിലർ ചന്ദ്രക്കലയ്ക്കു മുകളിൽ ഒരു നക്ഷത്രവും ഇരുഭാഗങ്ങളിലും ഓരോ നക്ഷത്രം വീതവും വേറെ ചിലർ ചന്ദ്രക്കലയോടൊപ്പം അഞ്ചു നക്ഷത്രങ്ങളും അങ്ങനെ ഇഷ്ടാനുസരണം കൊടി ഉപയോഗിക്കുവാൻ തുടങ്ങിയിരുന്നു.

ഇത്തരം കുഴപ്പങ്ങൾ ഒഴിവാക്കുവാൻ 1958 ജനുവരി അവസാനം 'മറുമലർച്ചി' ഓഫീസിൽ നോവലിസ്റ്റ് എ.എം. യൂസുഫ്, ടോർപ്പിഡോ എ.കെ. ബാഷ, എ.എം. ഹനീഫ മൂവരും ഇരുന്ന് കൂടിയാലോചിച്ച് അവസാനം കൊടി, കൊടിമരത്തിൽ കെട്ടുന്ന മുകളറ്റത്ത് ചന്ദ്രക്കലയും നക്ഷത്രവും അടയാളപ്പെടുത്തുവാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകളുടെ അംഗീകാരത്തോടെ ഈ വാർത്ത എ.എം. യൂസുഫ് സാഹിബ് 'മറുമലർച്ചി'യിൽ എഴുതി.

ഈ കൊടിയാണ് ഇന്നും മുസ്‌ലിം ലീഗ് മാറ്റം വരുത്താതെ ഉപയോഗിക്കുന്നത്.

ബീഡിത്തൊഴിലാളികളുടെ സമരവും മുസ്‌ലിം ലീഗും!

1958 സെപ്തംബറിൽ ബീഡിത്തൊഴിലാളികൾക്ക് കൂലി വർദ്ധന ആവശ്യപ്പെട്ട്, കമ്യൂണിസ്റ്റു പാർട്ടി സമരത്തിലേർപ്പെട്ട് തിരുച്ചിയിൽ തൊഴിലാളി പണിമുടക്ക് ആരംഭിച്ചു.

സമരം ആരംഭിച്ച് ദിവസങ്ങൾക്കുള്ളിൽ, സമരം രണ്ടു വിഭാഗമായി പിരിഞ്ഞു. കമ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിൽ ഒന്നും ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ നേതൃത്വത്തിൽ മറ്റൊന്നും.

ബീഡിത്തൊഴിലാളിമാരിൽ ബഹുഭൂരിപക്ഷവും മുസ്‌ലിംകളാണെന്നതും; ഇവരെല്ലാം തിരുച്ചിയിൽ നടന്ന മുസ്‌ലിം ലീഗ് പ്രവർത്തക സമ്മേളനത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചവരായിരുന്നു എന്നതും എടുത്തു പറയേണ്ടതാണ്.

അതിനാൽ, ഈ പ്രസ്നത്തിൽ ഉടനെ ഇടപെട്ട് തീരുമാനമുണ്ടാക്കേണ്ടത് തന്റെ കടമയാണെന്ന് മുസ്‌ലിം ലീഗ് കരുതി. അതുപ്രകാരം രണ്ടണ കൂലി വർദ്ധനവ് എന്ന കാര്യം അടിസ്ഥാനമാക്കി ബീഡിക്കമ്പനി ഉടമകളുമായി സംസാരിക്കാൻ തീരുമാനമെടുത്തു.

പണിമുടക്ക് തുടങ്ങിയതിന്റെ അഞ്ചാം ദിവസം തന്നെ ബീഡിക്കമ്പനി ഉടമസ്ഥരുമായി സംഘം ചർച്ച നടത്തി ആയിരം ബീഡിക്ക് രണ്ടണ കൂലി വർദ്ധന നൽകുന്നതിന് വളരെ പ്രയാസപ്പെട്ടതിനു ശേഷം തീരുമാനമായി ഒപ്പുവെച്ചു.

Downloaded from www.gracebooks.in

ചെന്നൈയിൽ മുസ്‌ലിം ലീഗ് പൊതു സമ്മേളനം!

ചെന്നൈ നഗരത്തിൽ, ചെന്നൈ ജില്ലാ മുസ്‌ലിം ലീഗിന്റെ വകയായി അംഗപ്പ നായ്കൻ തെരു ഈദ്ഗാഹിൽ 17-8-1960 വൈകിട്ട് 7 മണിക്ക് ഒരു വലിയ പൊതുസമ്മേളനം നടന്നു.

ആന്ധ്രപ്രദേശ് മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ മൗലാനാ സയ്യിദ് ഷാ നൂറുല്ലാ ലാ ഹുസൈനി കാദിരി ഇഫ്താകാരി സംസാരിച്ചു.

'മുസ്‌ലിംകൾ അവകാശം നേടിയവരായും അവകാശങ്ങളെ സംരക്ഷിക്കുന്ന വരായും അന്തസ്സോടെ തലയുയർത്തി ജീവിക്കുന്നതിന് എല്ലാവരും മുസ്‌ലിം ലീഗിൽ ചേർന്ന്, സംഘടനയെ വളർത്തുന്നതും ബലപ്പെടുത്തുന്നതും തന്റെ കടമയാണെന്നു വിചാരിച്ച് പ്രവർത്തിക്കണം. ഇത് സമുദായത്തിന്റെ അന്തസ്സ് വർദ്ധിപ്പിക്കും.' എന്ന് പ്രസംഗിച്ചു.

ഖായിതെ മില്ലത്ത് അവർകൾ അദ്ധ്യക്ഷ പ്രസംഗത്തിൽ:

'ഇന്നലെ വൈകിട്ട് ചെന്നൈയിൽ നിന്നും പുറത്തിറങ്ങുന്ന ഒരു ഇംഗ്ലീഷ് പത്രം, ഈയടുത്ത് വാണിയമ്പാടിയിൽ നടന്ന മുസ്‌ലിം ലീഗ് സമ്മേളനത്തെ ആസ്പദമാക്കി ഒരു മുഖപ്രസംഗം എഴുതി മുസ്‌ലിം ലീഗിനെ ആക്രമിച്ചിരി ക്കുന്നു.'

'കേരളത്തിലെ തെരഞ്ഞെടുപ്പ് സമയത്ത് മുസ്‌ലിം ലീഗിനെ പിന്തുണച്ച ആ പത്രം പെട്ടെന്ന് ആകാശത്തു നിന്നും പൊട്ടി വീണതുപോലെ മുഖപ്രസംഗം എഴുതിയിരിക്കുന്നത് ആവശ്യമായിരിക്കുന്നു.

മുസ്‌ലിം ലീഗിനെ ഇന്ന് പഴിക്കുന്ന അവർക്ക് അന്ന് കേരളത്തെ ചൂഴ്ന്നിരിക്കു ന്ന ഇരുൾ മേഘത്തെ അകറ്റാൻ മുസ്‌ലിം ലീഗിന്റെ സഹായം ആവശ്യമായി രുന്നു. മനുഷ്യ സമുദായത്തിന്റെ വൈരിയായ കമ്മ്യൂണിസ്റ്റുകളുടെ ക്രൂരമായ

പിടിയിൽ നിന്ന് കേരളത്തെ വീണ്ടെടുക്കാനും രക്ഷിക്കാനും മുസ്‌ലിം ലീഗിന്റെ സഹായം കോൺഗ്രസ്സിന് ആവശ്യമായിരുന്നു. അപ്പോഴൊക്കെ മുസ്‌ലിം ലീഗിന്റെ ദേശീയ ചിന്തനയെ ദേശീയ പ്രവർത്തിയെ പ്രശംസിച്ച് പല പത്രങ്ങളും എഴുതിയിട്ടുണ്ട്. കമ്മ്യൂണിസ്റ്റുകളൊഴികെ രാജ്യത്തുള്ള സകല പാർട്ടി നേതാക്കന്മാരും പ്രശംസിച്ചിട്ടുണ്ട്!

'നിങ്ങൾ മുസ്‌ലിം ലീഗിനെ അംഗീകരിക്കുന്നതുമൂലം നിങ്ങളെ നിങ്ങൾ ബലപ്പെടുത്തുകയാണ് ചെയ്യുന്നത്. മുസ്‌ലിം ലീഗ്, ഓരോ മുസ്‌ലിമിന്റേയും രക്തത്തിൽ ഉറച്ചുപോയിരിക്കുന്നു. മുസ്‌ലിംകളുടെ ജീവിതവും ഉയർച്ചയും മുസ്‌ലിം ലീഗിന്റെ വളർച്ചയിലാണടങ്ങിയിരിക്കുന്നത്.

മതപഠനം ഒന്നു മാത്രമാണ് ജനങ്ങളുടെ നന്മയെ നിലനിർത്തുന്നത്. ദൈവഭക്തിയില്ലാത്ത നാട്ടിലും ജനങ്ങൾക്കിടയിലും അരാജകത്വം തലപൊക്കും.

അതിനാൽ സ്കൂളുകളിൽ മതപഠനത്തിനുള്ള ഏർപ്പാടുകൾ ചെയ്യണമെന്ന് പാർലമെന്റിൽ തറപ്പിച്ചുപറഞ്ഞിരുന്നു. നിർഭാഗ്യത്തിന് ആ ആലോചനയെ അപ്പോഴുള്ളവർ അംഗീകരിച്ചില്ല.

എന്നാൽ, അന്ന് നാം പറഞ്ഞ അതേ അഭിപ്രായമാണ് ഇന്ന് രാജാജി, ശ്രീപ്രകാശാ തുടങ്ങിയവർ പറയുന്നത്.

അതിനാൽ, ഈ രാജ്യത്ത് ജീവിക്കുന്ന കോടിക്കണക്കിന് മുസ്‌ലിംകൾ മാനത്തോടെയും മര്യാദയോടെയും അന്തസ്സോടെയും ജീവിക്കുവാൻ മുസ്‌ലിം ലീഗ് നിലനിന്നേ തീരൂ!

സംസ്ഥാന മുസ്‌ലിം ലീഗ് സമ്മേളനം

1960 സെപ്തംബർ മാസം തമിഴ്നാട് സംസ്ഥാന ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ ആദ്യത്തെ സംസ്ഥാന സമ്മേളനം ചെന്നൈ എസ്.ഐ.എ.എ.യിൽ നടന്നു.

ലക്ഷക്കണക്കിന് ആൾക്കാർക്കിരിക്കാൻ തക്കവിധം വിശാലമായ പന്തൽ. ഒരു ഭാഗത്ത് പത്രലേഖകന്മാർക്കിരിക്കാൻ പ്രത്യേകം ഇരിപ്പിടങ്ങൾ.

നൂറുകണക്കിന് ബസ്സുകളും കാറുകളും മുസ്‌ലിം ലീഗിന്റെ കൊടികളുമേന്തി ചെന്നൈയുടെ വിശാലമായ വീഥികൾ തോറും തക്ബീർ മുഴക്കി വട്ടംചുറ്റി.

ഡൽഹിയിലെ ഉർദു പത്രാധിപർ!

ഡൽഹിയിലെ പ്രശസ്തമായ ഉർദു ദിനപത്രം 'നയീ ദുനിയാ'യുടെ പത്രാധിപർ, വയോധികനായ മൗലാനാ അബ്ദുൽ വഹീദ് സിദ്ദീഖി സിംഹത്തെപ്പോലെ ഗർജ്ജിച്ചു.

'എന്റെ ജീവിതത്തിന്റെ മുക്കാൽ ഭാഗവും കോൺഗ്രസ്സ് പാർട്ടിയോടൊപ്പം ചേർന്ന് നാടിന്റെ സ്വാതന്ത്ര്യത്തിനായും നാടിന്റെ നന്മയ്ക്കായും കോൺഗ്രസ്സിന്റെ വളർച്ചയ്ക്കായും പാടുപെടുന്നതിൽ ചെലവിട്ടുവന്നു.

'എന്റെ ദീർഘകാലത്തെ രാഷ്ട്രീയ അനുഭവത്തിൽ, കോൺഗ്രസ്സ് പാർട്ടി

Downloaded from www.gracebooks.in

യെക്കൊണ്ട് മുസ്‌ലിം സമുദായത്തിന് യാതൊരു ഗുണവും ഇല്ല എന്നത് മനസ്സിലാക്കിയതിനു ശേഷമാണ്, കോൺഗ്രസ്സുകാരനായി ഇത്രയും കാലവും കഴിഞ്ഞുവന്ന ഞാൻ, മുസ്‌ലിം ലീഗിന്റെ ജീവിതത്തിലും വളർച്ചയിലും മാത്രമാണ് മുസ്‌ലിംകളുടെ ജീവിതവും വളർച്ചയും ഒളിഞ്ഞിരിക്കുന്നത് എന്ന യാഥാർത്ഥ്യത്തെ മനസ്സിലാക്കിക്കൊണ്ട് ഈ മഹാ സമ്മേളനത്തിൽ പങ്കെടുത്തിരിക്കുന്നത്.'

'ഇന്നത്തെ ദിവസം മുതൽ ഖായിതെ മില്ലത്ത് അവർകളുടെ ചുവടുകൾ പിൻപറ്റി നടക്കുവാൻ, അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിച്ച് മുസ്‌ലിം ലീഗിൽ ഞാൻ ഇന്നു- ഇപ്പോൾ, ഈ നിമിഷം മുതൽ ചേർന്നിരിക്കുന്നു. ഇന്ന്, ഇപ്പോൾ, ഈ നിമിഷം മുതൽ ഞാൻ ഒരു മുസ്‌ലിം ലീഗുകാരൻ എന്നു പറയുന്നതിൽ അഭിമാനം കൊള്ളുന്നു.'

എന്ന് അദ്ദേഹം പറഞ്ഞപ്പൾ, സമ്മേളന നഗരി തക്ബീർ, സിന്ദാബാദ് വിളികളാൽ പ്രകമ്പനം കൊണ്ടു.

പശ്ചിമ ബംഗാൾ മുസ്‌ലിം ലീഗ് രൂപീകരണ സംഘം

1960 ജനുവരിയിൽ അറിയിക്കപ്പെട്ട പശ്ചിമ ബംഗാൾ സംസ്ഥാന മുസ്‌ലിം ലീഗ് രൂപീകരണ സംഘ വിവരം:

കൺവീനർമാർ: ഷൊറാബ് അലിഖാൻ, മുഹമ്മദ് ഇസ്മാഈൽ

പ്രതിനിധിമാർ: കലീമുദ്ദീൻഷമാ സാഹിബ്, മുഷ്താക്ക് സിദ്ദീഖ്, ഡോ. നിജാമുദ്ദീൻ നിജാമി, നൂറുൽഹുദാ, ആബിദുദ്ദീൻ, മുഹമ്മദ് അഹമ്മദ്, മുസ്തഫാ ബൈജൂർ റഹ്മാൻ ചൗദരി, എ.കെ.എം. ഹസനുജ്ജുമാൻ, മുഹമ്മദ് യാസീൻ സർദാർ, സൈദ് തബാറക് ഹുസൈൻ, ഷമീം അഹമ്മദ്, കെ. മൂസ, എ. ഹസൻ സാഹിബ്

'മുസ്‌ലിം ലീഗ് ചത്ത കുതിര; മ്യൂസിയത്തിൽ വെക്കേണ്ടതിനെ ചിലർ എടുത്തുകൊണ്ട് ചുറ്റിത്തരിയുന്നു.' എന്ന് പലതവണ പരിഹസിച്ച് സംസാരിച്ച ഭാരത പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് നേതാവിന്റെ കൈ കുലുക്കി സ്വീകരിച്ച് സന്തോഷിക്കുന്ന ഒരു അത്ഭുതത്തെ കേരള മുസ്‌ലിംകളുടെ ഐക്യം ഉണ്ടാക്കിക്കാണിച്ചു.

കേരളത്തിലെ തിരഞ്ഞെടുപ്പു പ്രചാരണത്തിനായി 18-1-1960ൽ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റു കൊച്ചി വിമാനത്താവളത്തിൽ വന്നിറങ്ങിയപ്പോൾ, അവിടെ കേരള സംസ്ഥാന മുസ്‌ലിം ലീഗ് ഉപാദ്ധ്യക്ഷൻ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറിയുമായ ഇബ്റാഹീം സുലൈമാൻ സേഠ് അവർകളെ പരിചയപ്പെടുത്തി.

പണ്ഡിറ്റ് നെഹ്റു, ഇബ്രാഹീം സുലൈമാൻ സേഠ് സാഹിബിന്റെ കരം പിടിച്ചു കുലുക്കി കുശലം ചോദിച്ചപ്പോൾ, സേഠ് സാഹിബ്, പ്രധാനമന്ത്രി നെഹ്റുവിന് ഹാരം അണിയിച്ച് സന്തോഷം പ്രകടിപ്പിച്ചു. ഈ കാഴ്ച ഏവരേയും അത്ഭുതപ്പെടുത്തി.

Downloaded from www.gracebooks.in

മുസ്‌ലിം ലീഗ് തി.മു.ക തിരഞ്ഞെടുപ്പ് ഉടമ്പടി

1961ൽ തിരുച്ചി നഗര മുസ്‌ലിം ലീഗിന്റെ വക, ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾക്കും ദ്രാവിഡ മുന്നേറ്റ കഴക അദ്ധ്യക്ഷൻ ചേരറിഞ്ചർ അണ്ണാ അവ ർകൾക്കും ഗംഭീരമായ സ്വീകരണവും ചായ സൽക്കാരവും നടത്തി.

തിരഞ്ഞെടുപ്പ് ഉടമ്പടി!

1962ൽ നടന്ന രാജ്യത്തെ മൂന്നാമത്തെ പൊതു തിരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗുമായി ഉടമ്പടി ഉണ്ടാക്കുവാൻ- തിരഞ്ഞെടുപ്പ് സഖ്യത്തിലേർപ്പെടാൻ ദ്രാവിഡ മുന്നേറ്റ കഴകം ആഗ്രഹം പ്രകടിപ്പിച്ചു.

അതിൻപ്രകാരം തെരഞ്ഞെടുപ്പു സഖ്യത്തിലേർപ്പെടാൻ മുസ്‌ലിം ലീഗ് തീരു മാനിച്ചു.

മണ്ഡലങ്ങളും സ്ഥാനാർത്ഥികളും!

മുസ്‌ലിം ലീഗ്- ദ്രാവിഡ മുന്നേറ്റ കഴകങ്ങൾക്കിടയിൽ നടന്ന ചർച്ചയിൽ നിയമസഭാ മണ്ഡലങ്ങൾ ആറും പാർലമെന്റ് മണ്ഡലങ്ങൾ രണ്ടും മുസ്‌ലിം ലീഗിന് നൽകുവാൻ തീരുമാനിക്കപ്പെട്ടു.

ഇതുപ്രകാരം താഴെ കാണുന്ന മണ്ഡലങ്ങളിൽ മത്സരിക്കുന്ന സ്ഥാനാർത്ഥി കളെ തീരുമാനിച്ചു.

നിയമസഭ: വടക്കൻ ചെന്നൈ: എ.കെ.എ അബ്ദുസ്സമദ്, എം.എ. നാകൈ; തിരിപ്പൂർ എ.എം. മൊയ്തീൻ.

പാർലിമെന്റ്: നാകൈ- ടി.എം.എം. അഹമ്മദ് (കവി ശാരണ ഭാസ്കര ൻ), തെൻകാശി- എ.കെ. രിഫായി, പി.എ. അരവക്കുറിച്ചി എ.കെ. ജമാലി,

മേലപ്പാളയം- കെ.ടി.എം. അഹമ്മദ് ഇബ്രാഹീം, ബി.എ.ബി.എൽ. ശാലിയ മഗംലം- വലങ്കെമാൻ അബ്ദുല്ല, പാപനാശം- എ. മുഹമ്മദ് സാലിഹ്, ബി.എ .ബി.എൽ.

മുസ്‌ലിം ലീഗ് സ്ഥാനാർത്ഥികളായി ഡി.എം.കെ.യുടെ പിന്തുണയോടെ മത്സരിച്ച ഇവർ എല്ലാവരും പരാജയപ്പെട്ടു.

അതേസമയം 1957ലെ പൊതു തിരഞ്ഞെടുപ്പിൽ ആദ്യമായി തനിച്ചു മത്സരിച്ച്, പതിനഞ്ച് പാർലിമെന്റ് മണ്ഡലങ്ങളിൽ മാത്രം വിജയിച്ച ദ്രാവിഡ മുന്നേറ്റ കഴകം ഈ തെരഞ്ഞെടുപ്പിൽ (1962) മുസ്‌ലിം ലീഗുമായി സഖ്യം ഉണ്ടാക്കി മത്സരിച്ചതിനാൽ അമ്പത് (50) പാർലിമെന്റ് മണ്ഡലങ്ങളിൽ വിജയം വരിച്ചത് എടുത്തു പറയേണ്ടതാണ്.

ഖായിതെ മില്ലത്തിന്റെ തെരഞ്ഞെടുപ്പ്

1962 മാർച്ചിൽ കേരളത്തിൽ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് ജനാബ് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് മഞ്ചേരി മണ്ഡലത്തിൽ മുസ്‌ലിം ലീഗ് സ്ഥാനാർത്ഥിയായി മത്സരിച്ച് വിജയം വരിച്ചു.

ഇവിടെ ശ്രദ്ധിക്കേണ്ട പ്രധാന- അതും ആശ്ചര്യപ്പെടുത്തുന്ന കാര്യം എന്തെന്നാൽ, ഖായിതെ മില്ലത്ത് അവർകൾ, മഞ്ചേരിയിൽ മത്സരിച്ചപ്പോൾ സ്ഥാനാർത്ഥി പത്രിക നൽകാനല്ലാതെ, മണ്ഡലത്തിൽ പോവുകയോ, ജനങ്ങളെ നേരിൽ കണ്ട് വോട്ട് ചോദിക്കുകയോ ചെയ്യാതെ ആ മണ്ഡലത്തിലെ ജനങ്ങളാലെ- ജനങ്ങളുടെ ഇഷ്ടത്തിന് വോട്ട് ചെയ്ത് തങ്ങളുടെ പ്രതിനിധിയായി മുസ്‌ലിം സമുദായത്തിന്റെ മഹാ നേതാവ് ഖായിതെ മില്ലത്ത് അവർകളെ പാർലമെന്റിലേക്ക് തിരഞ്ഞെടുത്തയച്ചു എന്നതാണ്.

ചൈനാ യുദ്ധവും മുസ്‌ലിം ലീഗും!

പഞ്ചശീല തത്വം സംസാരിച്ച്- 'ഇന്ത്യാ ചീനാ ഭായ്- ഭായ്' എന്നു പറഞ്ഞു കൊണ്ടേ, ഇന്ത്യൻ അതിർത്തിയിൽ നാൽപത്തെട്ടായിരം ചതുരശ്ര കിലോമീറ്റർ ഭൂമിയെ അപഹരിച്ച ഞെട്ടിക്കുന്ന വാർത്ത ആദ്യമായി പാർലമെന്റിൽ കൊണ്ടുവന്ന് ഗവൺമെന്റിന്റെ ശ്രദ്ധ നടപടികളിലേക്ക് തിരിച്ചത് ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബ് മാത്രമാണെന്ന കാര്യം രാജ്യമറിഞ്ഞ സത്യമാണ്.

ഇന്ത്യയുടെ ഭാഗത്തെ ആക്രമിച്ച് കൈവശപ്പെടുത്തിയ ചുവന്ന ചൈനയെ വിരട്ടിയോടിക്കാനും ഇന്ത്യൻ ഭൂപ്രദേശത്തെ കൈവശപ്പെടുത്തിയ ചൈനയിൽ നിന്നും മാതൃഭൂമി പ്രദേശത്തെ- മണ്ണിനെ വീണ്ടെടുക്കാനും തന്റെ ഒരേയൊരു മകനെ യുദ്ധക്കളത്തിലേക്ക് അയക്കാൻ തയ്യാർ' എന്ന് പ്രധാനമന്ത്രി പണ്ഡിറ്റ് നെഹ്റുവിനെ അറിയിച്ച ഖായിതെ മില്ലത്ത്, തന്റെ പാർലമെന്റ് അംഗത്വ കാലയളവിൽ നിന്നും ഒരു മുഴുക മാസംതോറും യുദ്ധം തീരുംവരെ യുദ്ധ

Downloaded from www.gracebooks.in

നിധിയിലേക്ക് തരുന്നതായും പാർലമെന്റിൽ പ്രസ്താവിച്ചു!

'ഭായ്- ഭായ്' എന്ന് സ്നേഹം നടിച്ച് ഇന്ത്യയുടെ അതിർത്തിയിൽ നെടുകെയും കുറുകെയും പട്ടാളക്കാരെ നിറച്ച് പായ വിരിച്ച് കിടന്ന ചുവന്ന ചൈനക്കെതിരായി ഇന്ത്യാ ഗവൺമെന്റ് എടുക്കുന്ന എല്ലാ നടപടികൾക്കും മുസ്‌ലിം ലീഗ് എല്ലാവിധ പിന്തുണയും നൽകി.

1962 സെപ്തംബർ 19-ാം തിയ്യതി ഇന്ത്യയുടെ വടക്കു കിഴക്കൻ അതിർത്തി പ്രദേശത്തും (നേപ്പാൾ) ലഡാക്ക് ഭാഗത്തും ചൈനീസ് പട്ടാളം അപ്രതീക്ഷിത ആക്രമണം നടത്തി. ചുവപ്പു ചൈന വലിയ പടയോടെയും നൂതന ആയുധങ്ങളുമായും വന്ന് ആക്രമിച്ചതിനാൽ രണ്ടു ഭാഗങ്ങളിലും ഇന്ത്യൻ പട്ടാളത്തിന് അൽപം പിൻവാങ്ങേണ്ടിവന്നു.

ചൈനായുദ്ധം കാരണം ഇന്ത്യയിൽ ആദ്യമായി ഒക്ടോബർ 26-ാം തിയ്യതി 'അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടു.

1962ൽ നടന്ന ഈ യുദ്ധത്തിൽ ഇന്ത്യക്കേറ്റ തോൽവിക്ക് ഉത്തരവാദിത്തം ഏറ്റെടുത്ത് പ്രതിരോധ മന്ത്രി കൃഷ്ണമേനോൻ രാജിവെച്ചു!

Downloaded from www.gracebooks.in

ഹിന്ദി വിരുദ്ധ സമ്മേളനം

1963 ഒക്ടോബർ 6-ാം തിയ്യതി തിരുച്ചി തേവർ മന്റത്തിൽ നടന്ന ഹിന്ദി വിരുദ്ധ സമ്മേളനത്തിൽ പങ്കെടുക്കുവാൻ ഖായിതെ മില്ലത്ത് അവർകൾ എത്തിച്ചേർന്നു.

സമ്മേളനത്തിൽ ഖായിതെ മില്ലത്ത്, പേരറിഞ്ജർ അണ്ണാ, രാജാജി തുടങ്ങിയവർ പങ്കെടുത്തു സംസാരിച്ചു.

'നമ്മെക്കുറിച്ച് ഈ നാട്ടിലെ ഭരണാധികാരികൾ എന്തു വിചാരിച്ചാലും എന്തു പറഞ്ഞാലും മറ്റു പാർട്ടിക്കാർ നമ്മളെക്കുറിച്ച് അവരവരുടെ ഇഷ്ടത്തിനനുസരിച്ച് വിമർശിച്ചാലും നമ്മുടെ പ്രവർത്തികളെ എത്രതന്നെ ആക്രമിച്ചാലും അതൊക്കെ ലോകത്തിന്റെ കണ്ണുകൾക്ക് അറിയാത്തതല്ല. എന്തുകൊണ്ടെന്നാൽ നാം സത്യത്തിന്റെ പാതയിലാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്.'

വടക്കേ ഇന്ത്യയിലെ ലഹള പ്രദേശങ്ങളിൽ!

1964 ആരംഭിച്ച് ഒന്നരണ്ട് മാസങ്ങളിൽ വർഗ്ഗീയ ഭ്രാന്തന്മാരാൽ തോണ്ടിയിടപ്പെട്ട ഭയങ്കരമായ വർഗ്ഗീയ ലഹളകളിൽ വല്ലാതെ ബാധിക്കപ്പെട്ട ജാംഷെഡ്പൂർ, മൂർക്കല, തുടങ്ങിയ പ്രദേശങ്ങളിലേക്ക് നേരിട്ടു പോയി എല്ലാതരത്തിലും കഷ്ടനഷ്ടങ്ങൾക്കിരയായി കണ്ണീരും കൈയുമായി കഴിയുന്ന മുസ്ലിം ജനതയെ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകൾ ആശ്വസിപ്പിച്ചു.

1964 മെയ് മാസത്തിൽ നടന്ന ഈ സമ്മേളനത്തെതുടർന്ന് ഉടനെ ഉയർന്ന ഉദ്യോഗസ്ഥരെ ചെന്നു കണ്ട ഖായിതെ മില്ലത്ത് അവർകൾ, ലഹളകളിൽ നേരിൽ കണ്ട കാഴ്ചകളേയും ജനങ്ങൾ പറഞ്ഞറിയിച്ച വേദനകളേയും കഷ്ടനഷ്ടങ്ങളേയും വിവരിച്ച് അവർക്ക് തക്കതായ സംരക്ഷണ ഏർപ്പാടുകൾ, സഹായങ്ങൾ നൽകുവാൻ ഉടനടി ഏർപ്പാടുകൾ ചെയ്യുവാനും പുനരധിവാസത്തിനും വേണ്ട കാര്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യുവാനും അപേക്ഷിച്ചു.

'കേരള രാഷ്ട്രീയത്തിൽ ഏർപ്പെട്ടിട്ടുള്ള ഇളക്കിമറിയലിൽ, ഞങ്ങൾ ആരുടെയും ഭീഷണികൾക്കോ വിരട്ടലുകൾക്കോ ഭയന്ന് അടങ്ങിയിരിക്കില്ല! എന്ന് തങ്ങളുടെ ദീർഘമായ തീരുമാനത്തെ കേരളത്തിൽ ജീവിക്കുന്ന മുസ്ലിം സമുദായവും അവരുടെ നേതാക്കന്മാരും വ്യക്തമാക്കിയിരിക്കുന്നു.'

ഇങ്ങനെ കേരള നിയമസഭയിൽ കമ്യൂണിസ്റ്റു പാർട്ടിയുടെ നേതാവ് ശ്രീ ടി.സി. നാരായണൻ നമ്പ്യാർ വ്യക്തമാക്കി.

കോഴിക്കോട് മുതലക്കുളം മൈതാനത്ത് നടന്ന കമ്യൂണിസ്റ്റു പാർട്ടിയുടെ പൊതുയോഗത്തിൽ ഇ.കെ. നായനാരുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതുയോഗത്തിൽ സംസാരിക്കുമ്പോൾ ശ്രീ നാരായണൻ നമ്പ്യാർ ഉടനെ പറഞ്ഞു.

തുടർന്നും-

മുസ്‌ലിം ലീഗ് നേതാക്കന്മാരേ ഭീഷണിപ്പെടുത്തി ഒതുക്കുവാൻ ഒരു ശ്രമം നടന്നു. പോലീസ് മന്ത്രിക്കെതിരായി നാം നമ്മുടെ കടമകൾ ചെയ്യുന്നതിൽ വിരട്ടി അടക്കാൻ ശ്രമിക്കുന്നത് ഫാസിസമാണ്!

എന്നാൽ, മുസ്‌ലിം നേതാക്കന്മാരും ജനാബ് ബാഫകി തങ്ങളും മുസ്‌ലിം സമുദായവും ഭീഷണികൾക്കൊന്നും ഭയപ്പെടുന്നവരല്ല എന്ന് വ്യക്തമാക്കിയിരിക്കുന്നു.

കർഷകരുടെ പോരാട്ടത്തിലും ഖിലാഫത്തിലും തങ്ങളെ അർപ്പിച്ച ഈ മുസ്‌ലിംകളുടെ ചരിത്രം അറിയാവുന്നവർ, അവരെ (മുസ്‌ലിംകളെ) ഭീഷണിപ്പെടുത്താൻ വിചാരിക്കുന്നത് അറിവില്ലായ്മയോ, വിഡ്ഢിത്തമോ ആണ്!'

ഇങ്ങനെ 1964ൽ നടന്ന പൊതുയോഗത്തിൽ കോമ്രേഡ് ശ്രീ നാരായണൻ നമ്പ്യാർ സംസാരിച്ചു.

എറണാകുളം മുസ്‌ലിം ലീഗ് സമ്മേളനം

1964 മെയ് മാസം എറണാകുളത്തു നടന്ന മുസ്‌ലിം ലീഗ് സമ്മേളനം മലയാള മണ്ണിൽ മറക്കാനാവാത്ത മനോഹരമായ അഭിമാനകരമായ സംഗമമായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു.

ഖായിതെ മില്ലത്ത് അവർകളോടൊപ്പം ദേശീയ ജനറൽ സെക്രട്ടരി ഇബ്രാഹീം സുലൈമാൻ സേഠ് എം.പി, കേരള സിംഹം സി.എച്ച്. മുഹമ്മദ് കോയ എം.പി, ചെന്നൈ ജില്ലാ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ എ.കെ.എ. അബ്ദുസ്സമദ് എം.പി. തുടങ്ങിയവരും- കേരള മുസ്‌ലിം ലീഗ് നേതാക്കന്മാരായ ഹാജി സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ, സൈദ് ഉമർ ബാഫഖി തങ്ങൾ തുടങ്ങി അനേകം പേരും

Downloaded from www.gracebooks.in

നാൽപതു വർഷങ്ങൾക്കു ശേഷം

ഡൽഹി രാജ്യസഭയിൽ മുസ്‌ലിം ലീഗ് ഉയർത്തിയ ശബ്ദം- അവകാശ മുഴക്കം- നാൽപതു വർഷങ്ങൾ ഉരുണ്ടുപോയതിനു ശേഷം, 2004ൽ ത്രുപംപൂണ്ട ഐക്യമുന്നണിയിൽ ചേർന്ന കാര്യങ്ങൾ അടുത്ത പേജുകളിൽ കാണാം.

താനൂർ സമ്മേളനം

1964 ഒക്ടോബർ രണ്ടാം വാരത്തിൽ കേരളത്തിലെ താനൂരിലെ മുസ്‌ലിം ലീഗ് സമ്മേളനത്തിന് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ അവർകൾ നേതൃത്വം വഹിച്ചു.

ഒക്ടോബർ 9-ാം തിയ്യതി നടന്ന ഈ സമ്മേളനം മുസ്‌ലിം ലീഗ് നേതാവ് ഹാജി സൈദ് അബ്ദുർറഹ്മാൻ ബാഫഖി തങ്ങൾ തുടങ്ങിവെച്ചു.

കേരളത്തിന്റെ രാഷ്ട്രീയ ചുറ്റുപാടുകളേയും മുസ്‌ലിം ലീഗ് കേരള രാഷ്ട്രീയത്തിൽ വഹിച്ചുവരുന്ന പ്രാധാന്യത്തേയും സമുദായത്തിന്റെ ജീവ നാഡിയായി വിളങ്ങുന്ന മുസ്‌ലിം ലീഗിനെ ഒതുക്കിയിട്ട് ആരും ഏതൊരു പാർട്ടിയും രാഷ്ട്രീയത്തിൽ ശോഭിക്കാനാവില്ല. മുസ്‌ലിം ലീഗിനെ കബളിപ്പിക്കുവാൻ വിചാരിക്കുന്നവർ, തീർച്ചയായും സ്വയം കബളിപ്പിക്കപ്പെടുകയാണ് ചെയ്യുക.- എന്ന് നേതാക്കന്മാർ പ്രസംഗിച്ചു.

താനൂർ മുസ്‌ലിം ലീഗ് സമ്മേളനത്തിന്റെ വിജയത്തെ തുടർന്ന് ഒക്ടോബർ 10-ാം തിയ്യതി കണ്ണൂരിലും ജില്ലാ മുസ്‌ലിം ലീഗ് കൗൺസിൽ ചേർന്നു.

തുടർന്ന് കണ്ണൂർ ജില്ലാ മുസ്‌ലിം ലീഗ് ഓഫീസിനു വേണ്ടി ശിലാസ്ഥാപനം നടത്തി.

മൺമറഞ്ഞ നേതാവ് സീതി സാഹിബ് മെമ്മോറിയൽ ബിൽഡിംഗ്' എന്ന പേരിൽ നിർമ്മിക്കാനിരിക്കുന്ന ജില്ലാ മുസ്‌ലിം ലീഗ് ഓഫീസിന് ബഹുമാനപ്പെ

ട്ട ഖായിതെ മില്ലത്ത് അവർകൾ തറക്കല്ലിട്ടു.

കേരള സംസ്ഥാന കൗൺസിൽ

1964 ഒക്ടോബർ 11-ാം തിയ്യതി ഞായറാഴ്ച കള്ളിക്കോട്ടെ മുനിസിപ്പൽ ടൗൺ ഹാളിൽ കേരള സംസ്ഥാന മുസ്‌ലിം ലീഗ് കൗൺസിൽ പൊതു സമ്മേളനം സംസ്ഥാന അദ്ധ്യക്ഷൻ ഹാജി സൈദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളുടെ നേതൃത്വത്തിൽ നടന്നു. ഖായിതെ മില്ലത്ത് അവർകളും അതിൽ പങ്കെടുത്തു.

നടക്കാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പ് സംബന്ധിച്ച് തീവ്രമായി ആലോചിച്ച കൗൺസിൽ കോൺഗ്രസ്സല്ലാത്ത ഇതര കക്ഷികൾ വച്ചുനീട്ടുന്ന ഓഫറുകൾ ഒക്കെ പരിശോധിച്ച് നല്ലൊരു തീരുമാനത്തിലെത്താനും താഴെ കാണുന്ന ഏഴുപേരടങ്ങുന്ന ഒരു സംഘത്തെ തെരഞ്ഞെടുത്തു.

ഹാജി സൈദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ
ഹാജി ഇബ്രാഹീം സുലൈമാൻ സേഠ് എം.പി.
ഹാജി സി.എച്ച് മുഹമ്മദ് കോയ എം.പി
ജനാബ് എം.എ. അബ്ദുല്ലക്കോയ
ജനാബ് അഹമ്മദ് കുരിക്കൾ
ജനാബ് സി.കെ.പി. ചെറിയ മമ്മുക്കേയി
ജനാബ് എം.കെ. കുഞ്ഞമ്മദ് ഹാജി

കീഴ്ക്കര സമ്മേളനം

മുഖവൈ ജില്ലാ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് സമ്മേളനം 1964 ഒക്ടോബർ 22,23 തിയ്യതികളിൽ കീഴ്ക്കരയിൽ നടന്നു. അവിടെ പല തീരുമാനങ്ങളും എടുക്കപ്പെട്ടു.

തമിഴ്നാട് സംസ്ഥാനത്തെ- തമിഴിൽ, 'തമിഴ്നാട്' എന്നും ഇംഗ്ലീഷിൽ 'മദ്രാസ് സ്റ്റേറ്റ്' എന്നും ഇരു പേരുകളിൽ വിളിക്കപ്പെടുന്നത് പല കുഴപ്പങ്ങൾക്കും കാരണമായിരിക്കുന്നു. ഈ കുഴപ്പവും പ്രശ്നങ്ങളും നീങ്ങണമെങ്കിൽ തമിഴ് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന തമിഴിലും ഇംഗ്ലീഷിലും 'തമിഴ്നാട്' എന്ന പേരുമാറ്റുകയാണ് പൊരുത്തം എന്ന കാര്യം എടുത്തുകാട്ടി തമിഴ്നാട് നിയമ സഭയിൽ തിരുച്ചി ജനാബ് കെ.എസ്. അബ്ദുൽ വഹാബ് ജാനി, എം.എൽ.സി. അവർകൾ, ഇംഗ്ലീഷിലും 'തമിഴ്നാട്' എന്ന് പേര് മാറ്റണമെന്ന് 1964 മാർച്ച് 9-ാം തിയ്യതി പ്രഖ്യാപിച്ചു.

തീരുമാനത്തെക്കുറിച്ച് ജനാബ് ജാനി സാഹിബ് സംസാരിച്ചത്:

'തമിഴിൽ, തമിഴ്നാട് എന്നും ഇംഗ്ലീഷിൽ 'മദ്രാസ് സ്റ്റേറ്റ് എന്നും പറയപ്പെടുന്നത് പലതരത്തിലും കുഴപ്പങ്ങൾ ഏർപ്പെടുത്തുന്നു. ഇത് മാറ്റണമെന്നും പലതവണ ഈ സമ്മേളനങ്ങളിൽ മുൻപു സംസാരിച്ചിട്ടുണ്ട്.

'അതിനു മറുപടി പറഞ്ഞ മന്ത്രിമാർ 'മദ്രാസ് സ്റ്റേറ്റ് എന്ന പേര് ലോകപ്രശസ്തമായ പേരാണ്. Madrass State എന്ന പേര് മാറ്റിയാൽ ആ ലോകപ്രശസ്തി

Downloaded from www.gracebooks.in

യെ ബാധിക്കും. അതിനാൽ, മദ്രാസ് സ്റ്റേറ്റ് എന്നത് അങ്ങനെ തന്നെയിരിക്കട്ടെയെന്നാണ് പറഞ്ഞത്'

'മദ്രാസ് സ്റ്റേറ്റ് എന്നുള്ളതിനേക്കാളും ഇംഗ്ലീഷിൽ തമിഴ്നാട് എന്ന് മാറ്റണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. എതിർ പാർട്ടിക്കാർ മാത്രമല്ല; എനിക്കറിയാം കോൺഗ്രസ്സിൽ തന്നെയുള്ള പലരും ഈ സംസ്ഥാനത്തിന്റെ പേര് ഇംഗ്ലീഷിലും തമിഴ്നാട് എന്ന മാറ്റപ്പെടണം എന്ന് പറയുന്നു.'

തമിഴ്നാട് എന്ന് ഇംഗ്ലീഷിൽ എഴുതുന്നതു മൂലം തമിഴ് മാതൃഭാഷയായ ഒരു സംസ്ഥാനം തന്റെ മാതൃഭാഷയുടെ പേരിനാൽ വിളിക്കപ്പെടുന്നതിനാൽ ഒരു തരത്തിലുമുള്ള പ്രശസ്തിയും കുറയുന്നില്ല.'

ബോംബെ മഹാ നഗരത്തിന്റെ പേര് 'മഹാരാഷ്ട്ര' എന്നു മാറ്റിയിരിക്കുന്നു. മദ്രാസ് സ്റ്റേറ്റ് ഏതളവോളം ലോകപ്രശസ്തി നേടിയിട്ടുണ്ടോ അതിലുമധികം ലോകപ്രശസ്തമായ ബോംബെ സ്റ്റേറ്റ് Bombay State എന്ന പേരിനെ 'മഹാരാഷ്ട്ര സ്റ്റേറ്റ്' എന്ന് അവർ മാറ്റിയിരിക്കുന്നു എങ്കിൽ അവർക്ക് തങ്ങളുടെ മാതൃഭാഷയോട് എത്രമാത്രം കൂറുണ്ട് എന്നാണ് കാണിക്കുന്നത്.

അതിനാൽ, നമ്മളും 'മദ്രാസ് സ്റ്റേറ്റ്' എന്നതിനെ ഇംഗ്ലീഷിലും തമിഴ്നാട് എന്നു മാറ്റുന്നതിന് കഠിന ശ്രമം നടത്തണമെന്നാണ് ഞാനാവശ്യപ്പെടുന്നത്.'

എന്നാൽ, മുഖ്യമന്ത്രി ശ്രീ. എം. ഭക്തവൽസലത്തിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് ഗവൺമെന്റ് ഈ തീരുമാനത്തെ നിരസിക്കുകയാണ് ചെയ്തത്.

Downloaded from www.gracebooks.in

കോയാ സാഹിബിന്റെ ഗർജ്ജനം!

ദ്രോഹത്തിൽ ആരംഭിച്ച്, ദ്രോഹത്തിൽ ഭരണം നടത്തി, ദ്രോഹത്തിൽ തന്നെ മരിച്ചുപോയ ഒരു ഗവൺമെന്റ് അടക്കം ചെയ്യപ്പെട്ടിരിക്കുന്നു! അതിനായി ആരും കരഞ്ഞില്ല; നിലവിളിച്ചില്ല'

അതിനാൽ തൽസമയത്ത് രാഷ്ട്രപതി ഭരണമാണ് അഭികാമ്യം എന്ന തീരുമാനത്തിൽ നമ്മളെല്ലാവരും വന്നിരിക്കുന്നു. അതിനാൽ എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ഈ തീരുമാനം കൊണ്ടുവരുന്നതിൽ തെറ്റൊന്നുമില്ല!

'സംസ്ഥാന ഗവർണർ പ്രതിപക്ഷ കക്ഷിക്കാരെ വിളിച്ച് മന്ത്രിസഭ രൂപീകരിക്കുവാനാവശ്യപ്പെട്ട്, അവർക്ക് മന്ത്രിസഭ രൂപീകരിക്കാനാവാത്ത അവസ്ഥയിൽ രാഷ്ട്രപതി ഭരണമല്ലാതെ വേറെ വഴിയില്ല. അതുകൊണ്ട് ഗവൺമെന്റിനെ പഴിചാരാനായി ഒന്നും ഇല്ല!'

കേരള സംസ്ഥാനത്തെ രാഷ്ട്രീയ നിലവാരത്തെക്കുറിച്ച് പാർലിമെന്റിൽ ഉയർത്തപ്പെട്ട പ്രശ്നങ്ങൾ സംബന്ധമായി, മുസ്ലിം ലീഗ് പാർലമെന്ററംഗം കേരള സിംഹം സി.എച്ച് മുഹമ്മദ് കോയ സാഹിബ് 1964 സെപ്തംബർ 23-ാം തിയ്യതി, പാർലിമെന്റിൽ നടത്തിയ പ്രസംഗത്തിൽ വന്ന പരാമർശങ്ങളാണ് മുകളിൽ കണ്ടത്.

തുടർന്ന്: 'കേരളം ഒരു പ്രശ്ന ബാധിത പ്രദേശമാണെന്ന് പലരും പറയുന്നു. കേരളം അങ്ങനെ ഒരു പ്രശ്നങ്ങൾ നിറഞ്ഞ പ്രദേശം അല്ല, മറിച്ച്; പ്രശ്നങ്ങൾക്ക് തീരുമാനങ്ങൾ കാണുന്ന ഒരു സംസ്ഥാനമാണ് കേരളം'

'രാജ്യത്തിന്റെ വടക്കുള്ള നിങ്ങളാൽ പരിഹരിക്കാനാവാത്ത പല പ്രശ്നങ്ങളും ഞങ്ങൾ തീർത്തിട്ടുണ്ട്! ഉദാഹരണത്തിന്, വർഗ്ഗീയ പ്രശ്നം തന്നെയെടുക്കാം. പള്ളികളും ക്രിസ്ത്യൻ ദേവാലായങ്ങളും ക്ഷേത്രങ്ങളും അൽപം

പോലും കേടുവരാതെ ഒത്തൊരുമിച്ചു പ്രവർത്തിച്ചുവരുന്നത് കേരളത്തിലാണ്.' യാതൊരു വിധ വർഗ്ഗീയ സംഘട്ടനങ്ങളും ഇല്ലാതെ ഹിന്ദുക്കളും, മുസ്‌ലിംകളും, ക്രിസ്ത്യാനികളും സമാധാനത്തോടെയാണ് കേരളത്തിൽ ജീവിക്കുന്നത്.'

'എന്റെ ചങ്ങാതി ശ്രീ. ത്രിവേദി മുസ്‌ലിം ലീഗിനെ കുറ്റപ്പെടുത്തി സംസാരിച്ചു! എന്നാൽ, മുസ്‌ലിം ലീഗ് തീവ്രമായി പ്രവർത്തിക്കുന്നത് കേരളത്തിലാണ്! അതേസമയം അവിടെ വർഗ്ഗീയത ഇല്ലതന്നെ.'

കോയാ സാഹിബ് ഇങ്ങനെ സംസാരിക്കുമ്പോൾ ഇടയിൽ കയറി കാർകോൻ:

'കോൺഗ്രസ്സ് അവിടെ വീണ്ടും മുസ്‌ലിം ലീഗിനെ പരാജയപ്പെടുത്തിയല്ലോ.' എന്നു പറഞ്ഞു.

'ഉപാദ്ധ്യക്ഷൻ അവർകളേ! ലോകത്തുള്ള മറ്റെല്ലാരേക്കാളും ശ്രീ ത്രിവേദി അവർകൾ വർഗ്ഗീയതയെക്കുറിച്ചു സംസാരിക്കുന്നത്, വേശ്യയുടെ ചാരിത്ര്യപ്രസംഗം പോലെയാണ്.' സി.എച്ച്. പറഞ്ഞു.

ശ്രീ പാഡേ (കാർകോൻ) 'സർ! ഒരംഗത്തെക്കുറിച്ച് അങ്ങനെ പറയാമോ? ഈ സഭയിലെ ഒരംഗത്തെ ഒരു വേശ്യയോടുപമിച്ചു സംസാരിക്കാൻ പാടുണ്ടോ?

ഉപാദ്ധ്യക്ഷൻ; അദ്ദേഹം ഉപമിച്ചിട്ടില്ലല്ലോ!'

ശ്രീ പാഡേ 'ഒരു വേശ്യയുടെ ചാരിത്ര്യപ്രസംഗം പോലെയെന്നു പറഞ്ഞല്ലോ'

ഉപാദ്ധ്യക്ഷൻ: അദ്ദേഹം ആരെയും വ്യഭിചാരിയെന്നു വിളിച്ചിട്ടില്ല.

കോയാസാഹിബ്: 'എന്റെ ബഹുമാനപ്പെട്ട സുഹൃത്തിന് ഭാഷാപ്രയോഗം അറിയാത്തതിൽ വളരെ ഖേദിക്കുന്നു.'

'നമ്മൾ ഉപയോഗിക്കുന്ന ചില വാക്കുകളുടെ അർത്ഥം- നിഘണ്ടുവിലുള്ള അർത്ഥം- എനിക്കു പറഞ്ഞുകൊടുക്കാനാവാത്തതിൽ ഖേദിക്കുന്നു. കേരളത്തിലെ അവസ്ഥ, അവിടത്തെ ജനങ്ങൾ തോൽപിച്ചതല്ല. കോൺഗ്രസ്സ് പാർട്ടിയുടെ തലപ്പത്തു നിന്നുമാണ് ആ അവസ്ഥയുണ്ടായത്. കോൺഗ്രസ്സിന്റെ തലപ്പത്തുള്ളവർ കൈക്കൊണ്ട തന്ത്രങ്ങളും മന്ത്രങ്ങളും ആണ് കേരളത്തിലെ എല്ലാ പ്രശ്നങ്ങൾക്കും കാരണം!

'ഞങ്ങൾ നല്ല ഒരു ഗവൺമെന്റ് ഉണ്ടാക്കിക്കൊടുത്തു. കൂട്ടുകക്ഷി സ്ഥാനാർത്ഥിമാരെ മുസ്‌ലിം ലീഗ് പിന്തുണച്ചു. എന്നാൽ കോൺഗ്രസ്സിന് ഭൂരിപക്ഷം കിട്ടിയ ഉടനെ 'നിങ്ങൾക്ക് മന്ത്രിസഭയിൽ സ്ഥാനമില്ല' എന്ന് ഞങ്ങളെ നോക്കിപ്പറഞ്ഞു!'

മന്ത്രിസഭയിൽ ഞങ്ങൾ അവകാശപ്പെട്ട് പങ്ക് നിഷേധിച്ചെങ്കിലും മന്ത്രിസഭയിൽ നിങ്ങൾക്ക് ഇടമില്ല. എന്ന് വ്യക്തമാക്കിയതിനു ശേഷവും കേരളത്തിൽ അപ്പോൾ പ്രവർത്തിച്ചുവന്ന കൂട്ടുമുന്നണിയുടെ പേരുകൊണ്ട് ഞങ്ങൾ കോൺഗ്രസ്സുകാരെ പിന്തുണച്ചു.

Downloaded from www.gracebooks.in

'തെരഞ്ഞെടുപ്പിൽ ഒന്നിച്ചു നിന്നു മത്സരിച്ച് വിജയിച്ചാൽ ഒരുമിച്ചു ഭരിക്കാം എന്നാണ് വിചാരിച്ചത്. ശ്രീ. എസ്.കെ. പാട്ടീൽ, അന്തരിച്ച ശ്രീ പി.ടി. ചാക്കോ തുടങ്ങിയ ഉത്തരവാദിത്തമുള്ള നേതാക്കന്മാർ അങ്ങനെ തന്നെയാണ് പറഞ്ഞത്. പത്രങ്ങളും അങ്ങനെ തന്നെയാണ് എഴുതിയത്. കേരളത്തിലെ ഗ്രാമങ്ങളിൽ കേട്ട മുഴക്കം- 'പട്ടം, ചാക്കോ, മന്നം, ശങ്കർ, ബാഫക്കി തങ്ങൾ സിന്ദാബാദ്!' എന്നാണ്

'എന്നാൽ ഒരാൾക്കു പിറകെ ഒരാളായി എല്ലാവരും പോയി! ശങ്കർ മാത്രം ബാക്കിയായി! അദ്ദേഹവും തോറ്റു! അതിൽ ഞങ്ങൾ ദുഃഖിക്കാതിരുന്നത് പ്രകൃതിദത്തം തന്നെയാണ്. ദ്രോഹികൾക്കു കിട്ടേണ്ടത് കിട്ടി!'

കേരള നിയമസഭാ തെരഞ്ഞെടുപ്പ്

കേരളത്തിലെ കോൺഗ്രസ്സ് മന്ത്രിസഭ വീണതിനെ തുടർന്ന് 1965ൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗുമായി കേരളാ കോൺഗ്രസ്സ്, സംയുക്ത സോഷ്യലിസ്റ്റ് തുടങ്ങിയ പാർട്ടികൾ തിരഞ്ഞെടുപ്പ് സഖ്യത്തിലേർപ്പെട്ട് മൽസരിച്ചു. ഈ തിരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗ് പന്ത്രണ്ട് മണ്ഡലങ്ങളിൽ വിജയിച്ചു.

മണ്ഡലങ്ങളും ജയിച്ച എം.എൽ.എമാരും

1. തിരൂരങ്ങാടി- അവുക്കാദർ കുട്ടി നഹ
2. താനൂർ- ഡോ. സി.എം. കുട്ടി
3. തിരൂർ- കെ. മൊയ്തീൻകുട്ടി ഹാജി
4. കുറ്റിപ്പുറം- മുഹസിൻബിൻ അഹമ്മദ്, ബി.എഎൽ.ടി
5. കുണ്ടോട്ടി- ഹാജി എം. മൊയ്തീൻകുട്ടി ബി.എ.ബി.എൽ.
6. മലപ്പുറം- എം.വി. അഹമ്മദ് ഹരിക്കൾ
7. കള്ളിക്കോട്ട- പി.എം. അബൂബക്കർ
8. ഹരുവായൂർ- നാട്ടിക പി. അബ്ദുൾ മജീദ്
9. കാസർഗോഡ്- ഇ. അബ്ദുൾ കാദർ (മുസ്‌ലിം ലീഗ് പിന്തുണ)
10. കണ്ണൂർ- കെ.എം. അബൂബക്കർ
11. മട്ടാഞ്ചേരി- മുഹമ്മദ് ജാഫർഖാൻ ബി.എ.ബി.എൽ.
12. മഞ്ചേരി- യു.ടി. ഉത്തമൻ (റിസർവ്)

മുസ്‌ലിം ലീഗ് ഉടമ്പടിയോടെ മത്സരിച്ച

കേരള കോൺഗ്രസ്സ്- 23

സംയുക്ത സോഷ്യലിസ്റ്റ്- 13

133 മണ്ഡലങ്ങളിൽ മത്സരിച്ച കോൺഗ്രസ്സ് 97 മണ്ഡലങ്ങളിൽ പരാജയപ്പെട്ട് 36 മണ്ഡലങ്ങളിൽ മാത്രം വിജയിച്ചു.

കേരളത്തിൽ നടന്ന ഈ തെരഞ്ഞെടുപ്പിൽ ഒരു കക്ഷിക്കും മന്ത്രിസഭ രൂപീകരിക്കുവാനുള്ള ഭൂരിപക്ഷമില്ലാത്തതിനാൽ തുടക്കത്തിൽ 'നിയമസഭ പിരിച്ചുവിട്ടതായി' അറിയിച്ചെങ്കിലും, അതിനുശേഷം ഈ ആ അവസ്ഥ നീണ്ടു

Downloaded from www.gracebooks.in

പോകുന്നതിനാൽ അവസാനം ജയിച്ചവർക്ക് ആർക്കും നിയമസഭയിലേക്ക് പോകാൻ സാധിക്കാത്തതിനാൽ പാർലിമെന്റും പിരിച്ചുവിടപ്പെട്ടു!

രാജാജി സംസാരിക്കുന്നു!

'ഞാൻ ഒരു ഹിന്ദുവാണ്- അങ്ങനെ പറയുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. യഥാർത്ഥ ഹിന്ദു വിശാല മനസ്കനും കളങ്കമില്ലാത്ത മനസ്സിനുടമയുമായിരിക്കും. മറ്റുള്ളവരെ ബഹുമാനിക്കുന്നവനാണ്. മറ്റു മതക്കാരെ നിന്ദിക്കാത്തവനാണ് യഥാർത്ഥ ഹിന്ദു. അങ്ങനത്തെ ഹിന്ദുക്കൾ മറ്റുള്ളവരെ ശല്യം ചെയ്യില്ല. മുസ്‌ലിംകൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കുന്നവർ യഥാർത്ഥ ഹിന്ദുക്കളല്ല'

ഞാൻ, മുസ്‌ലിംകളെ സ്നേഹിക്കുന്നുവെന്നാൽ ഞാനൊരു യഥാർത്ഥ ഹിന്ദുവാണെന്നാണ് അതിന്റെ പൊരുൾ. ഖായിതെ മില്ലത്ത് ഒരു ദേശീയവാദി ധൈര്യശാലി- ബുദ്ധിശാലി- അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന മുസ്‌ലിം ലീഗ് നല്ല ഒരു പാർട്ടിയായി പ്രവർത്തിച്ചുവരുന്നു. ആ സ്ഥാപനം മൂലമാണ് മുസ്‌ലിംകൾ തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കേണ്ടത്"; നേടുവാൻ സാധിക്കു. ഈ സ്ഥാപനം ആവശ്യമായതാണ്. ഈ രാജ്യം നിങ്ങളുടേതാണ്. ഈ രാജ്യത്തുനിന്നും ആരും, ഒരു ശക്തിക്കും നിങ്ങളെ പുറത്താക്കാനാവില്ല. ഈ രാജ്യത്ത് നിങ്ങൾക്ക് ഏത് അവകാശങ്ങളും ഉയർച്ചകളും തീർച്ചയായുമുണ്ട്. ഇതാർക്കും നിഷേധിക്കാനാവില്ല'

ഇങ്ങനെ 3:1 1965ൽ, വേലൂർ നടന്ന ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് സമ്മേളനത്തിൽ സംസാരിക്കുമ്പോൾ രാജാജി അടിവരയിട്ടു പറഞ്ഞു.

ബഹുഭാര്യാത്വ നിരോധന ബില്ല്

പാർലിമെന്റംഗം ശ്രീ രാമസ്വാമി പാർലിമെന്റിൽ കൊണ്ടുവന്ന 'ബഹുഭാര്യാത്വ നിരോധന ബിൽ' അതായത് ഒന്നിലധികം സ്ത്രീകളെ കല്യാണം കഴിക്കുന്നത് തടയാനുള്ള ബില്ല് മുസ്‌ലിംകളെ ആശങ്കയിലാഴ്ത്തുകയും ഞെട്ടിക്കുകയും ചെയ്തു.

ഐ.പി.സി. 493 Bill No. 31 of 1956 എന്ന ആ തിരുത്തൽ ബില്ല് ഒന്നിലധികം സ്ത്രീകളെ കല്യാണം കഴിക്കാനുള്ള അവകാശത്തെ ഇല്ലാതാക്കുന്നതാണ്.

ഇന്ത്യൻ പീനൽ കോഡിൽ ഓരോ പൗരനും നൽകിയിരിക്കുന്ന മതാചാര സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നതും, ഇസ്‌ലാം മതം മുസ്‌ലിംകൾക്കു നൽകിയ അവകാശത്തെ തട്ടിയെടുക്കുന്നതായും മതകാര്യത്തിൽ കടന്നുകയറിയുള്ള തലയിടലായും ഈ ബില്ല് പ്രയോഗിക്കുന്നതിനാൽ മുസ്‌ലിംകൾക്ക് ഈ ബില്ലിനെ തീർച്ചയായും പിൻതാങ്ങാനാവില്ല എന്ന് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾ തങ്ങളുടെ അഭിപ്രായത്തെ ഉന്നിപ്പറഞ്ഞു.

ഇതിനുവേണ്ടി, സമുദായത്തെ തെരുവിലേക്ക് വലിച്ചിഴച്ചുകൊണ്ടുവന്ന് വെ

Downloaded from www.gracebooks.in

യിലത്തുനിർത്തി സമരം, പോരാട്ടം എന്നീ പേരുകളിൽ അവരെ ദ്രോഹിച്ച് ബലിയാടുകളാക്കാൻ മുസ്‌ലിം ലീഗ് ശ്രമിച്ചില്ല എന്നത് മഹത്തര കാര്യമാണ്.

'പാക്കിസ്ഥാനികൾ' എന്ന പഴിചുമത്തി, 'പരദേശികൾ' എന്നു വിളിച്ച് അതിർത്തി പ്രദേശങ്ങളിൽ ജീവിച്ചുവരുന്ന സ്വന്തം രാജ്യത്തെ ജനങ്ങളെ- ഇന്ത്യൻ മുസ്‌ലിംകളെ പുറത്താക്കുന്ന ആക്രമം ഉടനെ നിർത്തണമെന്ന് ഖായിതെ മില്ലത്ത് അവർകൾ പാർലിമെന്റിലും മുസ്‌ലിം ലീഗ് സമ്മേളനത്തിലും തുടരെ ശബ്ദിച്ചുവന്നു.

'അതിർത്തി പ്രദേശങ്ങളിൽ ജീവിക്കുന്ന ഇന്ത്യൻ മുസ്‌ലിംകളെ പുറത്താക്കുന്ന അക്രമം നിർത്തിയില്ലെങ്കിൽ- നിയമപ്രകാരമല്ലാതെ കുടിയേറിയ പാക്കിസ്ഥാനികൾ എന്ന കാരണങ്ങൾ അടിച്ചേൽപിച്ച് ഇന്ത്യൻ മുസ്‌ലിംകൾക്ക് എതിരായി പോലീസ് കൈക്കൊള്ളുന്ന അനീതിയും അടക്കി നിർത്തലും തടഞ്ഞില്ലെങ്കിൽ, ഭരണകർത്താക്കളുടെ പക്ഷപാതപരമായ പോക്കിനെ ഖണ്ഡിക്കുന്ന വിധത്തിൽ ഞങ്ങൾ എം.പി സ്ഥാനം രാജിവെയ്ക്കാൻ തീരുമാനിച്ചിരിക്കുന്നു.' എന്ന് ആസ്സാം എം.പിമാർ പ്രസ്ഥാവനയിറക്കി.

'പാക്കിസ്ഥാനികൾ അന്യായമായി കുടിയേറിയിട്ടുണ്ടെങ്കിൽ അവരെ പുറത്താക്കുന്നതിൽ ആക്ഷേപമില്ലെന്നും മുസ്‌ലിംകൾ അറിയിച്ചു. എന്നാൽ, മുസ്‌ലിംകളെ പുറത്താക്കുന്ന ശ്രമത്തിൽ ഏർപ്പെട്ടിട്ടുള്ളപോലീസ്സുകാർ 'പാക്കിസ്ഥാനിയാണോ? ഇന്ത്യൻ മുസ്‌ലിമാണോ? എന്നും നോക്കില്ല' എന്നും പ്രസ്ഥാവനയിൽ പറഞ്ഞിരുന്നു.

Downloaded from www.gracebooks.in

പാക്കിസ്ഥാൻ യുദ്ധം!

1965ൽ (സെപ്തംബർ മാസം ആണെന്നു കരുതുന്നു) പാക്കിസ്ഥാൻ കാർഗിൽ പ്രദേശത്ത് പട്ടാളക്കാരെ വിന്യസിച്ച്, ഇന്ത്യയുടെ നേരെ വെടിവയ്പു തുടങ്ങി.

ഇന്ത്യയിൽ ജീവിക്കുന്ന എല്ലാ മുസ്ലിംകളും പാക്കിസ്ഥാന്റെ പട്ടാള നടപടിക്കെതിരായി ഇന്ത്യാ ഗവൺമെന്റ് എടുക്കുന്ന എല്ലാവിധ നടപടികൾക്കും മുഴുവൻ പിന്തുണയും നൽകുകയും യുദ്ധത്തിനു വന്നവർ ആരായിരുന്നാലും- അവർ, മുസ്ലിംകളായിരുന്നലും അവരെ തങ്ങളുടെ മുഴുവൻ ബലവും ഉപയോഗിച്ച് എതിർത്ത് തോൽപിക്കുന്നത് മുസ്ലിംകളുടെ കടമയാണെന്ന ബോധത്തോടെ, പാക്കിസ്ഥാനെതിരായി വായാടികളെപ്പോലെ ഒത്തുകൂടി പോവുകയും എതിരിടാൻ വരുന്നവരെ അക്രമിക്കുകയും ചെയ്യണമെന്ന അഭ്യർത്ഥനയോടെ, ഇന്ത്യൻ മുസ്ലിംകളുടെ മുഴുവൻ പിന്തുണയും ഇന്ത്യാ ഗവൺമെന്റിന് ഖായിതെ മില്ലത്ത് അവർകൾ പ്രഖ്യാപിച്ചു.

ഇന്ത്യയുടെ നേർക്ക് യുദ്ധം ആരംഭിച്ച പാക്കിസ്ഥാൻ അമേരിക്കയുടെ 'പേറ്റൺ ടാങ്ക്' ഉപയോഗിച്ച് ഇന്ത്യയെ ജയിക്കാമെന്ന വിശ്വാസത്തോടെ യുദ്ധം തുടങ്ങി.

എന്നാൽ, പാക്കിസ്ഥാൻ, അമേരിക്ക തനിക്ക് നൽകി സഹായിച്ച പേറ്റൺ ടാങ്കുകൾ ' വരിവരിയായണിനിർത്തി ഇന്ത്യയുടെ നേർക്ക് അഹങ്കാരത്തോടെ വന്നുകൊണ്ടിരിക്കുന്നു!

ഇന്ത്യൻ പട്ടാളത്തിലെ ഹവിൽദാർ അബ്ദുൽ ഹമീദ്, തന്റെ ദേഹം മുഴുവൻ ബോംബുകൾ കെട്ടിക്കൊണ്ട്- രാക്ഷസീയമായി അഹങ്കാരത്തോടെ വന്നുകൊണ്ടിരുന്ന പാക്കിസ്ഥാന്റെ 'പേറ്റൺ ടാങ്കുകളുടെ ഇടയിലേക്ക് കുതിച്ചുപാഞ്ഞ് ബോംബുകൾ പൊട്ടിച്ച് ദേഹം ചിതറിത്തെറിച്ച് ഇന്ത്യാ മഹാരാജ്യത്തിന്റെ

യശസ്സുയർത്തിയവൻ- തന്നെ ബലികൊടുത്ത വീര മുസൽമാൻ!

അതേപോലെ, വ്യോമാക്രമണത്തിലും തങ്ങളെ വെല്ലാൻ പറ്റില്ലെന്ന് അഹങ്കരിച്ചു പാക്കിസ്ഥാൻ വ്യോമസേനയെ, ആകാശത്തുവച്ചുതന്നെ തടഞ്ഞ്, തങ്ങളുടെ ചാതുര്യത്താലും സമർത്ഥ്യത്താലും യുദ്ധ തന്ത്രത്താലും അനേകം പാക്കിസ്ഥാൻ പോർവിമാനങ്ങളെ തകർത്ത്, മാതൃരാജ്യത്തിന്റെ പേരും പെരുമയും സംരക്ഷിച്ച ഇന്ത്യൻ വ്യോമസേനയുടെ ലീഡിംഗ് എയർ ക്രാഫ്റ്റ് മാൻ അബ്ദുൽ റഹ്മാൻ, എയർ ക്രാഫ്റ്റ്സ് മാൻ ജമാലുദ്ദീൻ മൈതീൻ കുഞ്ഞ് എന്നീ വീര മുസൽമാൻമാരെ ഇന്ത്യാ മഹാരാജ്യം കണ്ടു!

മാത്രമല്ല, യുദ്ധക്കളത്തിൽ പാക്കിസ്ഥാനെതിരെ യുദ്ധം ചെയ്ത് വീര്യമൃത്യു വരിച്ച അനേകം മുസ്ലിംകൾ കൂടിയുണ്ട്!

ഈ പട്ടികയിൽ മേജർ ജനറൽ എം.എ ഷസ്സ്, സുബേദാർ ഹാരിസ്, നായക് കാസിം മുല്ല, ലെഫ്നന്റ് നായക് ജി.എച്ച്. അഹമ്മദ് ദാനി, അമീർ ഹസൻ, മുഹമ്മദ് ഹഫീസ്, അലിദാനി, ജി.എച്ച്. അഹമ്മദ് ദാർ, അഹമ്മദ് അയ്യൂബ്, മുഹമ്മ്ദ സുൽതാൻ-' അങ്ങനെ എണ്ണിയാലൊടുങ്ങാത്ത അനേകം പേർ തങ്ങളുടെ ജീവൻ നൽകി.

മുപ്പതിനായിരം മുസ്ലിംകൾ ജയിലിൽ!

പാക്കിസ്ഥാൻ യുദ്ധം ആരംഭിച്ചപ്പോൾ ഇന്ത്യയിൽ മുസ്ലിംകളെ ജയിലിലടക്കുന്ന പ്രവർത്തിയും തുടങ്ങി

കാലം കാലമായി കോൺഗ്രസ്സ് പാർട്ടിയേ ശരണം എന്ന് ഖദർ തൊപ്പിയും ഖദർ വസ്ത്രവും ധരിച്ച്, കോൺഗ്രസ്സ് നടത്തിയ പോരാട്ടങ്ങളിൽ മുഴുവൻ പങ്കെടുത്ത് പറങ്കികളുടെ ഭരണത്തിൻ കീഴിൽ വർഷങ്ങളോളം ജയിൽവാസം അനുഭവിച്ച സ്വാതന്ത്ര്യ സമര സേനാനികൾ കോൺഗ്രസ്സ് പാർട്ടിയിൽ പലവിധ പദവികൾ വഹിച്ച പ്രബലരായ നേതാക്കന്മാർ, ജമീഅത്തുൽ ഉലമായെ ഹിന്ദിൽ പെട്ട നേതാക്കന്മാർ, ജമാഅത്തെ ഇസ്ലാമി സംഘടനയിൽ പെട്ടവർ, മുസ്ലിംകൾ നടത്തിവന്ന ഉർദു, ഇംഗ്ലീഷ് പത്രങ്ങളുടെ പത്രാധിപന്മാർ തുടങ്ങിയ ആയിരക്കണക്കിന് മുസ്ലിം രാജ്യത്തിന്റെ എല്ലാ സംസ്ഥാനങ്ങളിലും കാരണമില്ലാതെ പെട്ടെന്ന് കരുതൽ തടങ്കൽ എന്ന പേരിൽ വളരെ വലിയ വേട്ട തുടങ്ങി.

മോചനം!

ഈ അവസ്ഥയിൽ രാജ്യം മുഴുവൻ ഏറെക്കുറെ മുപ്പതിനായിരത്തിലധികം മുസ്ലിംകൾ അറസ്റ്റുചെയ്ത് ജയിലിൽ അടയ്ക്കപ്പെട്ടു എന്ന്, 'ജമാഅത്തെ ഇസ്ലാമി ഹിന്ദി' ന്റെ ആഴ്ചയിൽ രണ്ടുതവണ പ്രസിദ്ധീകരിക്കുന്ന 'ദഅ്വത്ത്' എന്ന ഉർദു പത്രികയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. അതു മാത്രമല്ല, വടക്കേ ഇന്ത്യയിലുള്ള പല ഭാഗങ്ങളിലും യാതൊരു കാരണവും ഇല്ലാതെ 'ദേശീയ സ്വാതന്ത്ര്യ പോരാട്ട കോൺഗ്രസ്സ് മുസ്ലിം ത്യാഗികളിരുന്ന്, കോൺഗ്രസ്സ്

Downloaded from www.gracebooks.in

പാർട്ടിയിൽ പ്രധാനപ്പെട്ട പദവികൾ വഹിക്കുന്ന നേതാക്കന്മാർ, കോൺഗ്രസ്സിന് കരുത്ത പകർന്നുവന്ന 'ജമീയത്തുൽ ഉലമായെ ഹിന്ദ്'ന്റെ പ്രധാനപ്പെട്ട നേതാക്കന്മാർ, ജമാഅത്തെ ഇസ്‌ലാമിയുടെ പ്രധാന നേതാക്കന്മാർ, മുസ്‌ലിം പത്രാധിപന്മാർ തുടങ്ങി അനേകം പേർ അറസ്റ്റ ചെയ്യപ്പെട്ടു.'

യുദ്ധം അവസാനിച്ചപ്പോൾ, എല്ലാ ജയിലറകളും തുറക്കപ്പെട്ടു! ജയിലിലടയ്ക്കപ്പെട്ട എല്ലാവരും മോചിക്കപ്പെട്ടു!

എന്തിനാണ് ജയിലിൽ അടയ്ക്കപ്പെട്ടത്? ഇരുട്ടറയിൽ താമസിപ്പിക്കാൻ എന്താണ് കാരണം? എന്തുകൊണ്ട്, എന്തിനാണ് മോചിപ്പിച്ചത്? ആർക്കും അറിയില്ല!

1960 ജനുവരി മാസം- പുണ്യ റംസാൻ 27-ാം നാൾ വെല്ലൂർ ജയിലിൽ നിന്നും ഞങ്ങളേയും വിട്ടയച്ചു.

സമുദായ സ്വത്ത്!

അലിഗർ മുസ്‌ലിം യൂണിവേഴ്സിറ്റി മുസ്‌ലിം സമുദായത്തിന്റെ സ്വത്താണ്. മുസ്‌ലിം സമുദായത്തിന്റെ പണംകൊണ്ട് സർ സയ്യിദ് അഹമ്മദ് ഖാൻ ആണ് ഈ വിദ്യഭ്യാസ സ്ഥാപനം പടുത്തുയർത്തിയത്.

മുസ്‌ലിം ലീഗ് സമ്മേളനത്തിൽ അലിഗർ മുസ്‌ലിം വിദ്യാഭ്യാസ സ്ഥാപനത്തെ യൂണിവേഴ്സിറ്റിയായി ഉയർത്തുന്നതിന് വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നും തീരുമാനിച്ച് അതിനുവേണ്ടി സർ ആഗാഖാൻ അവർകളുടെ അധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചു. അദ്ദേഹത്തിന്റെ പരിശ്രമത്താൽ ഇരുപത്തഞ്ചു ലക്ഷം രൂപാ സ്വരൂക്കൂട്ടാനായി തുടർന്ന് മുസ്‌ലിം ലീഗിന്റെ അശ്രാന്ത പരിശ്രമത്തിൽ രൂപംകൊണ്ടതാണ് 'അലീഗർ മുസ്‌ലിം യൂണിവേഴ്സിറ്റി'

Downloaded from www.gracebooks.in

ഭരണത്തിൽ പങ്കാളിത്തം!

സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി നടന്നതിന്റെ പിറ്റേന്ന് ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി ചെന്നൈ മുസ്ലിം ലീഗ് കെട്ടിടത്തിൽ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകളുടെ നേതൃത്വത്തിൽ നടന്നു.

കേരള സംസ്ഥാന മുസ്ലിം ലീഗ് അദ്ധ്യക്ഷൻ ഹാജി സൈദ് അബ്ദുർറഹ്മാൻ ബാഫഖി തങ്ങൾ, കേരള സിംഹം സി.എച്ച് മുഹമ്മദ് കോയാ സാഹിബ്, ഹാജി ഇബ്രാഹീം സുലൈമാൻ സേഠ്, മറാഠി മഹാവീരൻ മുജാഹിദെ മില്ലത്ത് ജനാബ് ജി ഗുലാം മുഹമ്മദ് ബനാത് വാലാ തുടങ്ങി പല സംസ്ഥാനങ്ങളിൽ നിന്നും തമിഴ്നാട്ടിൽ നിന്നും എക്സിക്യൂട്ടീവ് മെമ്പർമാരും ക്ഷണിക്കപ്പെട്ട പ്രധാനിമാരും പങ്കെടുത്തു.

വരാനിരിക്കുന്ന 1967ലെ പൊതു തെരഞ്ഞെടുപ്പിനെക്കുറിച്ച് ചർച്ച ചെയ്തു.

'നമ്മൾ വെറുതെ വോട്ടുചെയ്യുന്ന മെഷീനല്ല! നമ്മൾ എടുക്കുന്ന ഉടമ്പടിയിൽ- നമ്മൾ വരാനിരിക്കുന്ന വോട്ടുകൾകൊണ്ട്- നേടുന്ന ഫലത്തിൽ നമുക്ക് പങ്കാളിത്തം വേണം! ലാഭത്തിൽ നമ്മൾക്കും പങ്കുവേണം!'

'കാലം മുഴുവൻ വോട്ടു ചെയ്യുന്ന യന്ത്രമായി മാത്രം നമ്മൾ ഇരുന്നുകൂടാ! ലാഭ-നഷ്ടത്തിൽ നമ്മളും പങ്കാളികളായി ബഹുമാനിക്കപ്പെടണം!'

എന്നു വികാര ഭരിതനായി സമുദായ ജനതയുടെ മനസ്സിലുള്ളവ കേരള സിംഹം സി.എച്ച്. മുഹമ്മദ് കോയ സാഹിബ് പറഞ്ഞു.

'ഏതു പാർട്ടിക്കാരായാലും ശരി- അവർ കമ്മ്യൂണിസ്റ്റു പാർട്ടിക്കാരായാലും ശരി- നമ്മളെ അംഗീകരിച്ച് ഉടമ്പടിക്കു വരുന്ന പാർട്ടികൾ, നമ്മുടെ വികാരങ്ങൾ മനസ്സിലാക്കുന്ന പാർട്ടികൾ- തിരഞ്ഞെടുപ്പിന് ശേഷം ലഭിക്കുവാൻ പോകുന്ന ലാഭത്തിൽ- നമുക്കും പങ്കുവേണം എന്നതിനെ അംഗീകരിക്കുന്നവ

രായിരിക്കണം! ഇതാണ് തിരഞ്ഞെടുപ്പടമ്പടിയുടെ പ്രധാന ലക്ഷ്യമായിരിക്കണം! ഇതിനു വിപരീതമായി വെറും വോട്ടു ചെയ്യുന്ന മെഷീനായി മാത്രം ഇരിക്കാനാവില്ല'

കോയാ സാഹിബിന്റെ അഭിപ്രായങ്ങൾ കൂലംകഷമായി പരിശോധിച്ച് ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി 'കമ്മ്യൂണിസ്റ്റു പാർട്ടിയായാലും ശരി, നമ്മുടെ തീരുമാനങ്ങൾ അംഗീകരിച്ച്, ഫലങ്ങൾ പങ്കുവയ്ക്കാൻ സമ്മതിക്കുന്ന പാർട്ടികളോട് ഉടമ്പടിയുണ്ടാക്കാം' എന്ന് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തു.

കണ്ണൂർ മുസ്‌ലിം ലീഗ് സമ്മേളനം

കേരളത്തിലെ കണ്ണൂർ ജില്ലാ മുസ്‌ലിം ലീഗ് സമ്മേളനം 1966 ഡിസംബർ 3,4 തിയ്യതികളിൽ കാസർകോഡ് 'മാലിക് ഇബ്നു ദീനാർ' നഗറിൽ ഖായിതെ മില്ലത്ത് ജനാബ് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. കേരള മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ഹാജി സയ്യിദ് അബ്ദുർ റഹ്മാൻ ബാഫഖി തങ്ങൾ സമ്മേളനം തുടങ്ങിവെച്ചു.

ആദ്യ ദിനമായ 3-ാം തിയ്യതി 'അസർ' നമസ്കാരത്തിനു ശേഷം നടന്ന മുസ്‌ലിം ലീഗ് 'യുവാക്കളുടെ' സമ്മേളനത്തിന് തമിഴ്നാട്ടിലെ മുൻ എം.പി. മുഹമ്മദ് രാജാഖാൻ അദ്ധ്യക്ഷതവഹിച്ചു. 4-ാം തിയ്യതി കാലത്തു 10 മണിക്ക് കർണാടക സംസ്ഥാന മുസ്‌ലിം ലീഗ് നേതാവ് ജനാബ് സഖറിയാ സേട് മുസ്‌ലിം ലീഗിന്റെ പതാക ഉയർത്തി.

സമ്മേളനം തുടങ്ങിവെച്ച കേരള മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ പ്രസംഗിച്ചു.

'തലയിരിക്കുന്നിടത്ത് വാലെത്തുന്നതിനു മുമ്പ് എല്ലാം മറന്നുപോകുന്ന അരണയുടെ സ്വഭവമാണ് കോൺഗ്രസ്സിന്റേതെന്ന് നമ്മൾ പല അനുഭവങ്ങൾ മൂലം അറിഞ്ഞതാണ്!'

'ആദ്യം നമ്മൾ ഭ്രാന്തുപിടിച്ച ആർ. ശങ്കറോടൊപ്പം ചേർന്നു. അപ്പോൾ നാം, ആർ ശങ്കറുടെ മതത്തിലേക്ക് ചേരുമോ എന്ന് ആരും നമ്മളെ നോക്കി പറഞ്ഞിട്ടില്ല'

എന്നാൽ ഇപ്പോൾ മറ്റൊരു ശങ്കരനോടൊപ്പം (ശങ്കരൻ നമ്പൂതിരിപ്പാട്) നമ്മൾ കൂട്ടു ചേർന്നയുടനെ നമ്മൾ കമ്യൂണിസത്തിന് ബലിയായിപ്പോകുമോ എന്ന് ചിലർ പിത്തലാട്ടപ്രചാരണം നടത്തിവരുന്നുണ്ട്!

മതത്തിനു ദോഷം വരുന്ന ഒരുടമ്പടിക്കും ഞങ്ങൾ ഒരുങ്ങില്ല. ചെയ്യുകയുമില്ല. എന്ന് ബാഫഖി തങ്ങൾ പറഞ്ഞു.

മുസ്‌ലിം ലീഗിനെ നശിപ്പിക്കാൻ ആർക്കും കഴിയില്ല. തീയിൽ ജനിച്ചുവളർന്ന ഇന്ത്യൻ മുസ്‌ലിംകൾ ഒരു വെയിലിലും വാടില്ല.'

കേരള സിംഹത്തിന്റെ ഗർജ്ജനം! കേരള സിംഹം സി.എച്ച് മുഹമ്മദ് കോയ അവർകൾ, തന്റെ ദീർഘ പ്രസംഗത്തിൽ:

Downloaded from www.gracebooks.in

'കമ്യൂണിസ്റ്റ പാർട്ടി മുസ്‌ലിം ലീഗിനെ വിഴുങ്ങിക്കളയും എന്ന് സങ്കൽപിച്ച് കണ്ണീർ വാർക്കുന്നവരോട് പറയാനാഗ്രഹിക്കുന്നു

'മുസ്‌ലിം ലീഗിനെ ആർക്കും വിഴുങ്ങാനാവില്ല! ദഹിക്കുന്ന വസ്തുവല്ല മുസ്‌ലിം ലീഗ് എന്ന് മനസ്സിലാക്കണം!

'മുസ്‌ലിം ലീഗിനെ വിഴുങ്ങാൻ കോൺഗ്രസ്സ് പാർട്ടി വിചാരിച്ചപ്പോൾ, അതിന്റെ വായിലും വയറ്റിലും ആഞ്ഞടിച്ച് നിലംപരിശാക്കി പുറത്തേക്കുവന്ന വഴിയിൽ വളർന്ന സ്ഥാപനമാണ് മുസ്‌ലിം ലീഗ്! സി.എച്ച്. പറഞ്ഞു.

'ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ മുന്നിട്ടു നിന്നു പോരാടിയത് മുസ്‌ലിംകളാണ്. 1857ൽ നടന്ന ശിപായി ലഹളയ്ക്ക നേതൃത്വം നൽകിയത് മുഗൾ രാജാവ് ബഹദൂർഷായാണ് ആ ആദ്യ സ്വാതന്ത്ര്യ സമരത്തിൽ ജീവത്യാഗം വരിച്ചവർ മുക്കാൽ ഭാഗവും മുസ്‌ലിംകളാണ്!'

'ആ ചരിത്രം വീണ്ടും മാപ്പിള മുസ്‌ലിംകൾ സൃഷ്ടിക്കുവാൻ പോവുകയാണ്! കോൺഗ്രസ്സിന്റെ കിരാത ഭരണത്തിനെതിരായി നടത്തുന്ന ഈ പോരാട്ടത്തേയും മുസ്‌ലിംകളാണ് നടത്തുന്നത്'' സ്വതന്ത്ര കക്ഷിക്കാരനായ ശ്രീ എസ്.എസ്. മാരിസ്വാമി പറഞ്ഞു.

മംഗലാപുരത്ത് മറാഠി നേതാവ്!

മംഗലാപുരം മുസ്‌ലിം ലീഗദ്ധ്യക്ഷൻ ടി. കുഞ്ഞുപക്കി സാഹിബിന്റെ നേതൃത്വത്തിൽ 1966 ഡിസംബറിൽ നടന്ന മുസ്‌ലിം ലീഗ് പൊതു സമ്മേളനത്തിൽ മഹാരാഷ്ട്ര മുസ്‌ലിം ലീഗദ്ധ്യക്ഷൻ ജി.എം. ബനാത്ത് വാല പ്രസംഗിച്ചത്.

'തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ ശ്രമിക്കുന്നതും, അവകാശങ്ങൾ നേടാൻ ശ്രമിക്കുന്നതും വർഗ്ഗീയ വാദമായിട്ടാണ് പറയുന്നതെങ്കിൽ ആ അത്ഭുതബിരുദത്തെ അഭിമാനത്തോടെ സ്വീകരിക്കുവാൻ മുസ്‌ലിം ലീഗ് തയ്യാറാണ്!

'ന്യായത്തെ എടുത്തുകാട്ടുവാൻ മുസ്‌ലിംകൾ നെഞ്ചുറപ്പോടെ തുനിഞ്ഞുനിൽക്കണം!'

'ദൈവത്തെയല്ലാതെ മറ്റാരെയും മുസ്‌ലിംകൾ പേടിച്ചതായി ചരിത്രമില്ല! അഭിമാനകരമായ ആ പാരമ്പര്യത്തെ തുടർന്നും നിലനിർത്തുവാൻ യത്നിക്കും.' എന്ന് പ്രസംഗത്തിൽ പറഞ്ഞു.

Downloaded from www.gracebooks.in

പല്ലക്കിൽ പോയാലും കാൽനടയായാലും!

1967 ജനുവരി 28-ാം തിയ്യതി കുളച്ചലിൽ നടന്ന കന്യാകുമാരി ജില്ലാ മുസ്‌ലിം ലീഗ് സമ്മേളനത്തിൽ ഡി.എം.കെ. ജനറൽ സെക്രട്ടരി അണ്ണായുടെ പ്രസംഗത്തിൽ നിന്ന്:

'കൂട്ടുമുന്നണി നേതാക്കന്മാരേ ഒരു ജീവിയുടെ മുകളിൽ കയറ്റിയ ചിത്രം പ്രചരിപ്പിച്ചിരിക്കുന്നതായി ഇവിടെ സുഹൃത്ത് എസ്.എസ്. മാരിസ്വാമി ചൂണ്ടിക്കാട്ടിയിരിക്കുന്നു. ആ പടം ഞാനും കണ്ടിരുന്നു. ആ പടം കണ്ടിട്ട് എനിക്ക് യാതൊരു വിധ ദേഷ്യവും വന്നില്ല. എന്തുകൊണ്ടെന്നാൽ എന്നോടുതന്നെ പടം വരഞ്ഞുകൊടുക്കുവാൻ പറഞ്ഞിരുന്നെങ്കിൽ ഇതിനേക്കാളും നന്നായി ഞാൻ വരഞ്ഞുകൊടുക്കുമായിരുന്നു!'

'അവർ നമ്മെ ഒരുമിച്ചു ചേർത്തതിൽ നിന്നും ഒരു കാര്യം വ്യക്തമായിരിക്കുന്നു. അതായത്, കൂട്ടുകക്ഷി നേതാക്കന്മാർ, ലഭിക്കേണ്ട ഇടങ്ങൾ മൊത്തമായി പ്രയോജനപ്പെടുത്തുന്നവരല്ലാതെ, പങ്കുവയ്ക്കുന്നവരല്ലാതെ, തനിച്ചു തനിച്ചു ഒതുങ്ങിപ്പോകുന്നവരല്ല എന്നു കാട്ടുന്നതിനായിട്ടാണ് അവരുടെ ചിത്രം എനിക്കു തോന്നിയത്!'

'ഈ കൂട്ടുകക്ഷി, പല്ലക്കിൽ പോയാലും ശരി കാൽനടയായാലും ശരി ഒരുമിച്ചാണ് പോവുക എന്നാണ് കാണിച്ചിരിക്കുന്നത്. വേർപിരിയില്ല എന്ന് അവർ തന്നെ വ്യക്തമാക്കിത്തന്നിരിക്കുന്നു.

'ആ പടം അച്ചടിച്ച പത്രാധിപർ നല്ലവരാണ്. തെരഞ്ഞെടുപ്പ് അടുത്തുവരവെ അദ്ദേഹം തനിക്കായി എന്തെങ്കിലും ചെയ്തതായി കാണിച്ച് കാമരാജിൽ നിന്നും അഭിനന്ദനം ഏറ്റുവാങ്ങാനാണ് ആ പടം പ്രസിദ്ധീകരിച്ചിരിക്കുന്നത്!'

'മുസ്‌ലിം ലീഗ് നമ്മോടൊപ്പം ചേർന്നതിനെക്കുറിച്ച് അവർ കാലങ്ങളായി

പറഞ്ഞുവരുന്നു. നാം തിരഞ്ഞെടുപ്പിനായി മാത്രമല്ല കൂട്ടുചേർന്നത്. മുപ്പത്തഞ്ചു വർഷങ്ങളായി നമ്മൾ ഒന്നിച്ചു നിൽക്കുന്നു.'

'അതും ഖായിതെ മില്ലത്ത് അവർകളെ കുറിച്ച് ഞാൻ ഓർക്കുമ്പോഴൊക്കെ മനസ്സിൽ ഭയം കലർന്ന ഭക്തിയാണുണ്ടാവുന്നത്. അദ്ദേഹത്തെ നിങ്ങൾക്ക് നേതാവായി ലഭിച്ചതുകണ്ട്, പലപ്പോഴും ഞങ്ങൾക്ക് ഇങ്ങനെയൊരു നേതാവിനെ കിട്ടിയില്ലല്ലോ എന്ന് മനസ്സ് വേദനിച്ചിട്ടുണ്ട്. എന്നാലും ഞങ്ങളുടെ നേതാവായി ഇന്ന് സ്വീകരിച്ചിരിക്കുന്ന എന്തനിൽ ആശ്വസിക്കുന്നു.'

സ്വാതന്ത്ര്യത്തിനു വേണ്ടി ശബ്ദിച്ചവർ!

മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി കെ.ടി.എം. അഹമ്മദ് ഇബ്രാഹാം സാഹിബ് ബി.എ.ബി.എൽ നടത്തിയ ദീർഘമായ പ്രസംഗത്തിലെ പ്രസക്ത ഭാഗങ്ങൾ:

'റിപ്പബ്ലിക് ദിനം' എന്ന് ചിലർ മിനിഞ്ഞാന്ന് ഇവിടെ കൊണ്ടാടിയത് നിങ്ങൾക്കെല്ലാം അറിയാമല്ലോ'

'എന്നാൽ, ഈ റിപ്പബ്ലിക് അവസ്ഥ വരാൻ, സ്വാതന്ത്ര്യം വേണം എന്ന് പോരാടുവാൻ ആദ്യമായി ഈ രാജ്യത്ത ശബ്ദമുയർത്തിയവർ, മുന്നിൽ നിന്ന് പോരാടി ത്യാഗം ചെയ്തവർ മുസ്‌ലിംകളായ നമ്മളാണ്'

'പേട്ട സമ്മേളനത്തിനു ശേഷം ലാലാ ലജ്പത് റായിയുടെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച ലാലാ ലജ്പത് റായ് തന്നെ സ്വാതന്ത്ര്യ തീരുമാനത്തെ എതിർത്തു!

പണ്ഡിറ്റ് നെഹ്റുവിന്റെ പിതാവ് മോത്തിലാൽ നെഹ്റുവും എതിർത്തു. മറ്റു പലരും വെള്ളക്കാരുടെ ഭരണത്തെ എതിർക്കാൻ മടിച്ചു.

ആ സമയത്ത് ഞാനും പേട്ടെ മൗലവി ഷെയ്ക്ക് ഇബ്രാഹീം സാഹിബും മറ്റു പലരും അവിടേക്കു ചെന്നു. അവിടെ ഗാന്ധിജിക്ക് പിന്തുണയായി നിന്ന് മറ്റു മുസ്‌ലിംകളോടൊപ്പം ചേർന്ന് ഗാന്ധിജിയുടെ തീരുമാനത്തെ നടപ്പിലാക്കി!

അതിനു ശേഷം, മുമ്പ് എതിർത്ത മോത്തിലാൽ നെഹ്റു, പിന്നീട് തന്റെ മകന്റെ അഭിപ്രായത്തിനു വഴങ്ങി പിന്തുണയ്ക്കാനുള്ള അവസ്ഥയിലേക്കു വന്നപ്പോൾ, സി.ആർ ദാസ് 'മകന്റെ സ്നേഹത്തിന് പിതാവ് അടിയറവു പറഞ്ഞു' എന്നു പറഞ്ഞു! അതു മാത്രമാണോ? അന്നത്തെ ദിവസം നടന്ന ഖിലാഫത്ത് യുദ്ധത്തിൽ മുപ്പതിനായിരം മുസ്‌ലിംകൾ ജയിലറയ്ക്കുള്ളിലാവുകയും ചെയ്തു!

ആ സമയത്താണ് എന്റെ ജ്യേഷ്ഠൻ ഖായിതെ മില്ലത്ത് കോളേജു പഠനം വലിച്ചെറിഞ്ഞിട്ട് ഗാന്ധിജിക്കു പിന്തുണ പ്രഖ്യാപിച്ച് ഖിലാഫത്ത് പോരാട്ടത്തിൽ പങ്കെടുക്കുവാൻ ഇറങ്ങിയത്. അന്നാണ് കോൺഗ്രസ്സിനു വേണ്ടി ഞാനും മുന്നണിയിൽ നിന്ന് പ്രവർത്തിച്ചത്.

'വെള്ളക്കാരുടെ ഭരണത്തെ പ്രകീർത്തിക്കുന്ന സംഘടനയായി നിന്ന കോൺഗ്രസ്സ് പാർട്ടിയെ സ്വാതന്ത്ര്യസമരത്തിലേക്ക് നയിച്ച് വിജയം വരിക്കാൻ ഇടയാക്കിയത് നമ്മളാണ്- മുസ്‌ലിംകളാണ്! അദ്ദേഹം പറഞ്ഞു.

Downloaded from www.gracebooks.in

1967 തിരഞ്ഞെടുപ്പ് തീരുമാനങ്ങൾ

1967ലെ പൊതു തെരഞ്ഞെടുപ്പിൽ, ദ്രാവിഡ മുന്നേറ്റ കഴകത്തിന്റെ നേതൃത്വത്തിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ്, സ്വതന്ത്ര കക്ഷി, കമ്യൂണിസ്റ്റ്(എം) തമിഴ്‌നാട് കഴകം, ഫോർവേഡ് ബ്ലോക്, പ്രജാ സോഷ്യലിസ്റ്റ്, സംയുക്ത സോഷ്യലിസ്റ്റ് തുടങ്ങിയ പാർട്ടികളുടെ മുന്നണിയുണ്ടാക്കി കോൺഗ്രസ്സിനെ എതിർത്തു മത്സരിച്ചു. ശ്രീ. എം. കല്യാണസുന്ദരം അവർകളുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി ഈ മുന്നണിയിൽ ചേരാതെ ഒഴിഞ്ഞുനിന്നു.

നാലിൽ മൂന്നു വിജയം!

ഡി.എം.കെയുടെ നേതൃത്വത്തിലുള്ള കൂട്ടുകക്ഷി മുന്നണിയിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് നാല് നിയമസഭാ മണ്ഡലങ്ങളിലും ഒരു പാർലമെന്റ് സീറ്റിലും മത്സരിച്ചത് മുൻപേജുകളിൽ വായിച്ചിരിക്കുമല്ലോ. നാലു നിയമസഭാ സീറ്റിൽ മത്സരിച്ച മുസ്‌ലിം ലീഗ് മൂന്നു സീറ്റിൽ വിജയിച്ചു.

പാർലമെന്റ് സീറ്റിൽ മത്സരിച്ച (രാമനാഥപുരം മണ്ഡലം) മുസ്‌ലിം ലീഗ് സ്ഥാനാർത്ഥി ജനാബ് എസ്.എം. ഷരീഫ് എം.എ. അവർകൾ വിജയിച്ചു!

Downloaded from www.gracebooks.in

തമിഴകത്ത് കഴക ഭരണം!

1967ലെ പൊതു തെരഞ്ഞെടുപ്പിൽ നേരിയ ഭൂരിപക്ഷത്തിൽ പ്രതിപക്ഷ പാർട്ടികൾ മുഴുവനും ഒരുമിച്ച് ചേർന്ന് കൂട്ടുമുന്നണിയുണ്ടാക്കണമെന്ന് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ്, ഖായിതെ മില്ലത്ത് അവർകളുടെ നേതൃത്വത്തിൽ പ്രധാനപ്പെട്ട തീരുമാനമെടുത്ത് അത് എല്ലാവരേയും അറിയിച്ചു. ഈ തീരുമാനം രാജ്യത്തെ രാഷ്ട്രീയ രംഗത്ത് അത്ഭുതകരമായ ഒരു കോളിളക്കമുണ്ടാക്കി.

രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള പത്രങ്ങൾക്കും ആകാംക്ഷയുണ്ടായി. പല ലേഖകന്മാരും നേരിട്ടുവന്ന് അന്വേഷിച്ച്, ഖായിതെ മില്ലത്ത് അവർകളോട് ചോദ്യങ്ങൾ ചോദിച്ച് ബോധ്യംവന്ന് തിരിച്ചുപോയി. വിദേശ പത്രക്കാർകൂടി ഇതിൽ പങ്കുചേർന്നു.

കോൺഗ്രസ്സ് പാർട്ടിയെ ഒതുക്കാൻ ഇതിലും നല്ലൊരു വഴി വേറെ ഇല്ലെന്ന് ഖായിതെ മില്ലത്ത് അവർകൾക്കു തോന്നിയ സത്യം, അതിനെ തുടർന്ന്, ഡി.എം.കെ, മുസ്‌ലിം ലീഗ്, രാജാജിയുടെ നേതൃത്വത്തിലുള്ള സ്വതന്ത്ര കക്ഷി, ഫോർവേഡ് ബ്ലോക്ക്, മാർക്സിസ്റ്റ്, കമ്മ്യൂണിസ്റ്റ്, ബി.എസ്.പി, തമിഴരശ് കഴകം തുടങ്ങിയ പാർട്ടികൾ ചേർന്ന് കൂട്ടുമുന്നണിയുണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പിൽ മത്സരിച്ചു.

ഈ കൂട്ടുകെട്ടിന്റെ പരിശ്രമത്തിൽ ദ്രാവിഡ മുന്നേറ്റ കഴകം ചെന്നൈ നിയമസഭയിൽ ഭൂരിപക്ഷം നേടി, സ്വാതന്ത്ര്യത്തിനു ശേഷം കോൺഗ്രസ്സിനെ വീഴ്ത്തി തമിഴകത്ത് അണ്ണാ അവർകളുടെ നേതൃത്വത്തിൽ ഡി.എം.കെ. ഭരണം ഏറ്റെടുത്തു.

പേരറിഞ്ജൻ അണ്ണായുടെ ദേഹവിയോഗം!

ബഹുമാന്യ ശ്രീ അണ്ണാ ദുരൈയുടെ നേതൃത്വത്തിൽ രൂപംകൊണ്ട ഭരണം

Downloaded from www.gracebooks.in

സംസ്ഥാനത്ത് മഹത്തായ, വിപ്ലവകരമായ പ്രവർത്തികൾ, ജന നന്മയ്ക്കായുള്ള പദ്ധതികൾക്ക് ശ്രദ്ധയൂന്നിക്കൊണ്ടിരുന്ന ചുറ്റുപാടിൽ കഠിന രോഗം ആ നല്ല മനുഷ്യനെ കൊത്തിവലിച്ചു. അവസാനം ആ കഠിനരോഗം അദ്ദേഹത്തെ നമ്മിൽ നിന്നും വേർപ്പെടുത്തി.

ശോകമൂകമായ ചുറ്റുപാട്, അദ്ദേഹത്തിന്റെ ഉറ്റ അനിയൻമാരെ വിഴുങ്ങിക്കൊണ്ടിരുന്ന അവസ്ഥയിലും കടമാ ബോധത്തെ കുറിച്ചുണർന്ന് അണ്ണാ വിട്ടിട്ടുപോയ ഭരണം ഉൾപ്പെടെ എല്ലാ അധികാരങ്ങളേയും കണ്ണീരോടെ ഭാരം നിറഞ്ഞ മനസ്സോടെയും ചുമന്ന് പ്രവർത്തിക്കാൻ, അനിയൻമാരിൽ യോഗ്യനായ- തങ്കപ്പെട്ടവനായ കലൈഞ്ജർ എം. കരുണാനിധി മുന്നോട്ടുവന്നു!

കേരള മുസ്‌ലിം ലീഗ്- കമ്യൂണിസ്റ്റ് സഖ്യം!

1967ൽ, കേരള സംസ്ഥാനത്ത് മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് തുടങ്ങിയ പാർട്ടികളുമായി സഖ്യമുണ്ടാക്കിയ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് കേരള നിയമസഭയിലേക്കും പാർലിമെന്റിലേക്കും മത്സരിച്ചു.

പാർലമെന്റ് സ്ഥാനാർത്ഥികൾ: മഞ്ചേരി- ഖായിതെ മില്ലത്ത്, കോഴിക്കോട്- ഇബ്രാഹീം സുലൈമാൻ സേഠ്

നിയമസഭാ സ്ഥാനാർത്ഥിമാർ: മങ്കട- സി.എച്ച് മുഹമ്മദ് കോയ, തിരൂർ- ബാവഹാജി മൊയ്തീൻകുട്ടി, തിരുരങ്ങാടി- ഹാജി കെ. അവുക്കാദർ കുട്ടി നഹ, പൊന്നാനി- വി.വി.സി. തങ്ങൾ, കുറ്റിപ്പുറം ഡോ. സി.എം കുട്ടി, കോഴിക്കോട് പി.എം. അബൂബക്കർ, കണ്ണൂർ- ഇ. അഹമ്മദ്, താനൂർ ഹാജി മൊയ്തീൻകുട്ടി, മഞ്ചേരി (റിസർവ്വ്) എം. ചടയൻ, മലപ്പുറം- ഹാജി സി.എം. അഹമ്മദ് കുരിക്കൾ, മട്ടാഞ്ചേരി- അഡ്വ. മുഹമ്മദ് ജാഫർഖാൻ, കഴക്കൂട്ടം - എം. ഹമീംജി, കാസർകോഡ്, അഡ്വ. ഹമീദലി ഷംനാട്, ഗുരുവായൂർ - സീതി തങ്ങൾ, കൊണ്ടോട്ടി- സൈദ് ഉമർ ബാഫഖി തങ്ങൾ.

മുസ്‌ലിം ലീഗുമായി സഖ്യമുണ്ടാക്കിയ കമ്യൂണിസ്റ്റുകാരും വൻ വിജയം നേടി. കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി നേതാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ്- മുസ്‌ലിം ലീഗ് കൂട്ടുകക്ഷി ഭരണം കേരളത്തിൽ ത്രുപംകൊണ്ടു. സി.എച്ച്. മുഹമ്മദ്കോയ ഉൾപ്പെട്ട മുസ്‌ലിം ലീഗ് നേതാക്കന്മാർ മന്ത്രിമാരായി മന്ത്രിസഭയിൽ ചേർന്നു.

രാഷ്ട്രപതി തെരഞ്ഞെടുപ്പും മുസ്‌ലിം ലീഗും

1967 ഡോക്ടർ സുബ്ബറാവു അവർകളെ രാഷ്ട്രപതി സ്ഥാനാർത്ഥിയായും അലീഗർ മുസ്‌ലിം യൂണിവേഴ്സിറ്റി വൈസ് ചാൻസലർ അലിയാവർ ജംഗ് അവർകളെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയായും മുസ്‌ലിം ലീഗുമായി സഖ്യത്തിലേർപ്പെട്ട ഡി.എം.കെ. കക്ഷികൾ ഉൾപ്പെടെ തീരുമാനിച്ചു. മുസ്‌ലിം ലീഗിനോട് അഭിപ്രായം ആരായാതെ തന്നെ.

മാത്രമല്ല, ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയായി അവർ തീരുമാനിച്ച അലിയാ

Downloaded from www.gracebooks.in

വർ ജംഗ്, മുസ്‌ലിം സമുദായത്തെക്കുറിച്ച് അൽപം പോലും ഉൽകണ്ഠയില്ലാത്തയാളും അലിഗർ മുസ്‌ലിം യൂണിവേഴ്സിറ്റിയുടെ തനിമയെ പാഴാക്കിയവർ, എന്ന് പതുവെ മുസ്‌ലിംകളുടെയിടയിൽ കരുതപ്പെടുന്നയാളുമാണ്. അങ്ങനത്തെ ഒരാളെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചത് ജയപ്രകാശ് നാരായണൻ, സെതൽവാട് തുടങ്ങിയവർക്കൂടി എതിർത്ത് അഭിപ്രായം പ്രകടിപ്പിച്ചു.

അതിനാൽ, കോൺഗ്രസ്സിന്റെ ഭാഗത്തുനിന്നും പ്രഖ്യാപിച്ച രാഷ്ട്രപതി സ്ഥാനാർത്ഥിയായ ഡോ. സക്കീർ ഹുസൈൻ, ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയായ വി.വി. ഗിരി തുടങ്ങിയവരെ പിന്തുണയ്ക്കാൻ മുസ്‌ലിം ലീഗ് തീരുമാനിച്ചതായി ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ബഹു. ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അറിയിച്ചു.

മുസ്‌ലിം ലീഗിന്റെ പിന്തുണ നേടിയ ഡോ. സക്കീർ ഹുസൈനും വി.വി. ഗിരിയും രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും ആയി വിജയിച്ചു.

Downloaded from www.gracebooks.in

ബൈത്തുൽ മുഖദ്ദിസ് പ്രശ്നം

മുസ്‌ലിംകളുടെ ആദ്യ ഖിബ്‌ലയായ ബൈത്തുൽ മുഖദ്ദിസ് ജൂദന്മാരുടെ കൈവശമാകുന്നത് യാതൊരു തരത്തിലും ഇന്ത്യൻ മുസ്‌ലിംകൾ അംഗീകരിക്കില്ലെന്ന്, ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകളുടെ നേതൃത്വത്തിൽ ഒരു സംഘം പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെ ചെന്നുകണ്ട് തങ്ങളുടെ ആവലാതി അറിയിച്ചു.

ഇംഗ്ലീഷുകാരുടെ ഭരണകാലത്ത് ഫലസ്തീൻ വിഭജന പ്രശ്നം വന്നപ്പോൾ മുസ്‌ലിംകൾ അതിനെ എതിർത്തു. അംഗീകരിക്കാൻ വിസമ്മതിച്ചു. അതുപോലെ മുസ്‌ലിംകളുടെ ഉത്തരവാദത്തിൽ നിന്നും ബൈത്തുൽ മുഖദ്ദസ്സിനെ ജൂദന്മാരുടെ ഉത്തരവാദത്തിലേൽപ്പിക്കാൻ ഉദ്ദേശിക്കുന്നതിനേയും ഇന്ത്യൻ മുസ്‌ലിംകൾ ഒരു കാരണവശാലും അംഗീകരിക്കില്ലെന്നും ഇന്ദിരാജിയോട് തറപ്പിച്ചു പറഞ്ഞു.

തെക്കെ ഇന്ത്യയിൽ മുസ്‌ലിം ലീഗ് പ്രവർത്തിച്ചുവരുന്നുണ്ടെങ്കിലും, കേരളത്തിൽ മുസ്‌ലിംലീഗ് രാഷ്ട്രീയാധികാരം നേടി ഭരണത്തിൽ ഇരിക്കുന്നതിനാലാണ് ഇന്ത്യൻ മുസ്‌ലിം സമുദായത്തിന് പ്രയാസങ്ങളും കഷ്ടങ്ങളും വന്നുചേരുന്നതെന്ന് കഥയുണ്ടാക്കുന്ന കോൺഗ്രസ്സ്, മുസ്‌ലിംകൾ തങ്ങളുടെ നേട്ടം വടക്കേ ഇന്ത്യയിലേക്ക് അൽപം തിരിക്കട്ടെ!

എണ്ണത്തിലും, വിദ്യാഭ്യാസത്തിലും നമ്മളേക്കാളും വടക്കേ ഇന്ത്യയിലെ മുസ്‌ലിംകൾക്കുണ്ടായിട്ടുകൂടി അവരിൽ പ്രവർത്തനബോധവും ഒരുമയും ഇല്ലാത്ത ഒറ്റ കാരണത്താൽ അവർ അനുഭവിച്ചുവരുന്ന വേദനകൾക്കും പരീക്ഷണങ്ങൾക്കും ഒരളവുണ്ടോ? എന്നു ചിന്തിച്ചുനോക്കൂ! അവരുടെ ജീവനും സ്വത്തിനും ഇന്ന് യാതൊരു സംരക്ഷണവും ഇല്ല.!

'ഇരുനില വീടുകളിൽ ജീവിച്ചവർ ഇന്ന് തെരുവു മൂലകളിൽ വാടിക്കിടക്കുകയാണ്'

'വർഗീയ ഭ്രാന്തുപിടിച്ചലയുന്ന രാജ്യദ്രോഹികളുടെ കൊള്ളിക്കണ്ണുകൾക്കും അക്രമികളുടെ കൊലക്കത്തികൾക്കും ബലിയായി വരുന്ന പരിതാപകരാവസ്ഥ കാണാനാകും!'

'ഇടയനില്ലാത്ത ആട്ടിൻകൂട്ടികളെപ്പോലെ, മാതാപിതാക്കന്മാരില്ലാത്ത അനാഥ കുട്ടികളെപോലെ ആയിരിക്കുന്ന ആ പരിതാപകരമായ മുസ്‌ലിം സഹോദരന്മാരുടെ കലങ്ങിയ കണ്ണുകൾ ഇന്ന് തെക്കൻ മുസ്‌ലിംകളുടെ നേർക്ക് തിരിഞ്ഞുനോക്കുന്നു!'

'തങ്ങൾക്ക് ഒരു നേതാവില്ലല്ലോ എന്ന ദുഃഖത്തോടെ, നേതാവിനെ തേടുന്ന ദാഹത്തോടെ അവർ തെക്കോട്ടേക്കു നോക്കുന്നു!

'ഇവിടത്തെ മുസ്‌ലിംകൾ മറ്റുള്ളവരെ പോലെ സമത്വാവകാശങ്ങളോടും സംരക്ഷണത്തോടും ജീവിക്കാനും അവർ തങ്ങളുടെ അവകാശങ്ങളെ നേടി ഗൗരവത്തോടെയും അഭിമാനത്തോടെയും ജീവിക്കാനും വേണ്ടി ശബ്ദമുയർത്തുകയാണ് മുസ്‌ലിം ലീഗിന്റെ ലക്ഷ്യം!'

അതിനാൽ, മുസ്‌ലിം ലീഗ് പ്രവർത്തകരോട് ഞാൻ നിർബന്ധപൂർവ്വം അപേക്ഷിക്കുകയാണ്. പ്രവർത്തിക്കുവീൻ! പ്രവർത്തിക്കുവീൻ! ചുറുചുറുക്കോടെ പ്രവർത്തിക്കുവിൻ! തളരാതെ പ്രവർത്തിക്കുവീൻ! പ്രവർത്തിച്ചുകൊണ്ടേയിരിക്കുക!

വിജയം നമ്മളെ തേടിവരും! ഇതാണ് സത്യം.

അല്ലാഹു അക്ബർ! മുസ്‌ലിം ലീഗ് സിന്ദാബാദ്!

ബനാത്ത് വാലയുടെ നേതൃത്വത്തിൽ പ്രകടനം!

കഴിഞ്ഞ (1967) പൊതു തെരഞ്ഞെടുപ്പിനെ തുടർന്ന് ചില വിഷ കൃമികൾ മുസ്‌ലിംകളെ ആക്രമിച്ചുവരുന്നതിൽ, മുസ്‌ലിംകളിൽ ഭീതിയേയും ഭയത്തേയും ഏർപ്പെടുത്തി വരുന്ന അവസ്ഥയിൽ ആക്രമികളെ സ്വതന്ത്രരായിവിട്ടിട്ട് ബാധിക്കപ്പെട്ട മുസ്‌ലിംകളെ തന്നെ ജയിലിലടയ്ക്കുന്ന പോലീസുകാരുടെ പോക്കിനെ എതിർത്തും ആക്ഷേപിച്ചും മഹാരാഷ്ട്ര സംസ്ഥാന ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറിയും മഹാരാഷ്ട്ര സംസ്ഥാന നിയമസഭാംഗവുമായ മുജാഹിദെ മില്ലത്ത് ജനാബ് ഗുലാം മഹമൂദ് ബനാത് വാലാ അവർകളുടെ നേതൃത്വത്തിൽ 1967 ഏപ്രിൽ മാസം ബോംബെ നിയമസഭയ്ക്കു മുന്നിൽ ഒരു വമ്പൻ പ്രകടനം നടത്തി.

ഏകദേശം ആയിരത്തിലധികം പേർ പങ്കെടുത്ത ഈ പ്രകടനത്തിൽ മുസ്‌ലിംകൾ അല്ലാത്തവരും പങ്കെടുത്തിരുന്നു എന്നത് എടുത്തു പറയേണ്ടതാണ്. മാത്രമല്ല, മുസ്‌ലിം ലീഗ് നടത്തിയ ഈ പ്രകടനത്തിൽ കമ്യൂണിസ്റ്റ പാർട്ടിയംഗമായ കെ.ജി. ദേശായ്, ശ്രീ ഗുണാചാര്യർ തുടങ്ങിയവരും പങ്കെടുത്തിരുന്നു.

Downloaded from www.gracebooks.in

മുസ്‌ലിംകളെ ലക്ഷ്യംവെച്ച് അക്രമം അഴിച്ചുവിടുകയും ഇതിനാൽ വല്ലാതെ ബാധിക്കുന്നത് മുസ്‌ലിംകളാണെന്നത് വ്യക്തമായി മനസ്സിലാക്കിയിട്ടും കുറ്റം ചെയ്തവരെ വിട്ടിട്ട്, നിരപരാധികളായ മുസ്‌ലിംകളെ തന്നെ അറസ്റ്റ ചെയ്തത് എന്തു ന്യായമാണ്?

അധികാര വർഗത്തിന്റെ ഈ പക്ഷപാതത്തെ ആക്ഷേപിച്ചും മുസ്‌ലിംകൾക്ക് തക്ക സംരക്ഷണവും നീതിയും ആവശ്യപ്പെട്ടും കാരണമില്ലാതെ അറസ്റ്റ ചെയ്യപ്പെട്ട മുസ്‌ലിംകളെ ഉടനെ മോചിപ്പിക്കണമെന്നും ആവശ്യപ്പെട്ട് നിയമ സഭയ്ക്ക മുനനിൽ ഈ പ്രകടനം നടത്തിയത്.

പ്രകടനത്തിനു ശേഷം ജി.എം. ബനാത്ത് വാലയുടെ നേതൃത്വത്തിൽ ഒരു സംഘം ബോംബെ മുഖ്യമന്ത്രിയെ കണ്ട് അവസ്ഥകൾ വിശദീകരിച്ച് ന്യായം ആവശ്യപ്പെട്ടു. വിവരങ്ങൾ കേട്ട മനസ്സിലാക്കിയ മുഖ്യമന്ത്രി ഉടനടി നടപടികൾ എടുക്കുന്നതായും ആവശ്യമായ പരിഹാരം ചെയ്യുന്നതാണെന്നും ഉറപ്പുനൽകിയതിനെ തുടർന്ന് പ്രകടനം പിരിച്ചുവിട്ടു.

Downloaded from www.gracebooks.in

വഖഫ് സ്വത്ത് സംരക്ഷണം

വഖഫ് സ്വത്തിന്റെ സംരക്ഷിക്കണം, അതിന്റെ റജിസ്ട്രേഷൻ സംബന്ധിച്ച് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾ 1967 ജൂൺ 14-ാം തിയ്യതി പാർലമെന്റിൽ സംസാരിച്ചത്.

'വഖഫ് സ്വത്തുക്കൾ കുറിച്ചുള്ള വിഷയങ്ങളെ കേന്ദ്രസർക്കാരിന്റെ ഒരു നിയമം മൂലം ശ്രദ്ധിക്കപ്പെട്ടുവരുന്നു. നാടുമുഴുവൻ പരന്നുകിടക്കുന്ന ഈ സ്വത്തുക്കളിൽ മേൽ വിചാരണ തുടരാൻ ഈ വർഷം ആഗസ്റ്റ് മാസം 14-ാം തിയ്യതി അവസാന ഗഡുവായി നിർണയിക്കപ്പെട്ടിരിക്കുന്നു- ആ ദിവസവും അടുത്തിരിക്കുന്നു. എങ്കിലും കോടിക്കണക്കിനു രൂപയുടെ മതിപ്പുള്ള സ്വത്തുക്കളിൽ അധികവും ഇന്നും റജിസ്റ്റർ ചെയ്യപ്പെടാതെയാണിരിക്കുന്നത്.'

'സമയം പോര, എന്നാൽ സർക്കാർ ആ നിയമം തിരുത്തി വഖഫ് സ്വത്തുക്കൾ മുഴുവനും റജിസ്റ്റർ ചെയ്യപ്പെടുന്നതുവരെ സമയം ദീർഘിപ്പിച്ചുതരണം എന്നപേക്ഷിച്ചുകൊള്ളുന്നു. കുറഞ്ഞത് പത്തു വർഷങ്ങളെങ്കിലും ഇനിയും സാവകാശം തന്നാൽ എല്ലാ സ്വത്തുക്കളേയും രജിസ്റ്റർ ചെയ്യാനാകും.'

'മറ്റൊന്ന്, ഉർദു ഭാഷയെക്കുറിച്ചും ഒരു വാക്കു പറയുവാനുണ്ട്. തിരഞ്ഞെടുപ്പിന് മുൻപ്, ഉർദു ഭാഷയ്ക്ക് അംഗീകാരം നൽകുന്നതിനെക്കുറിച്ച് വാക്കുതന്നിരുന്നു. എന്നാൽ ഇതുവരെ അങ്ങനെയൊന്നും ചെയ്തിട്ടില്ല. ഇത് വളരെ അത്യാവശ്യമായ കാര്യമാണ്.'

ദേശീയ ഭാഷകളിൽ ഒന്നായി അതിനെ പറഞ്ഞാലും മറ്റ ഭാഷകളുമായി ഒത്തുനോക്കുമ്പോൾ ഇത് രണ്ടാംതര, മൂന്നാംതര ഭാഷയായിട്ടാണ് കണക്കാക്കുന്നത്. തീർച്ചയായും ഇതിനൊരു പരിഹാരം കാണണം' എന്ന് ഖായിതെ

മില്ലത്ത് നിർബന്ധംപിടിച്ചു.

കൈത്തറി മേഖലയ്ക്ക് പ്രത്യേക മന്ത്രി!

തമിഴ്നാട് നിയമസഭയിൽ കൈത്തറി തുണി സംബന്ധമായി വിവാദം നടന്നപ്പോൾ 1967 ജൂലായിൽ മുസ്‌ലിം ലീഗ് എം.എൽ.എ. എം.എം. പീർ മുഹമ്മദ് അവർകളുടെ വാക്കുകൾ- 'ബഹുമാനപ്പെട്ട നേതാവ് അവർകളേ! കൈത്തറി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അവസ്ഥ പരിതാപകരാവസ്ഥയിലാണ്.

'രാജ്യത്തെ ജനങ്ങളുടെ മാനം കാക്കാനായി വസ്ത്രങ്ങൾ ഉണ്ടാക്കുന്ന ആ തൊഴിലാളികളുടെ ജീവിതം, ഈ നാടിനെ സംബന്ധിച്ചിടത്തോളം മാനം വിമാനത്തിൽ പറക്കുന്ന അവസ്ഥയിലാണുള്ളത്. ഇതിനെക്കുറിച്ച് നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നു എന്ന് താങ്കളെ ഉണർത്തിച്ചുകൊള്ളുന്നു.'

'അതിനാൽ പുതുതായി മന്ത്രിസഭ വികസിപ്പിക്കുമ്പോൾ കൈത്തറി മേഖലയ്ക്കായി പ്രത്യേക മന്ത്രിയെ നിയമിക്കണമെന്നും അതുമൂലം- അതായത് ഇങ്ങനെ പ്രത്യേക മന്ത്രിയെ നിയമിക്കുകയാണെങ്കിൽ രാജ്യത്തെ രണ്ടാമത്തെ വലിയ തൊഴിൽ- വളരെ പുരാതനമായ പാരമ്പര്യ തൊഴിൽ- മാനം മറയ്ക്കുന്ന വസ്ത്രങ്ങൾ ഉണ്ടാക്കുന്ന തൊഴിൽ അൽപമെങ്കിലും സംരക്ഷിക്കപ്പെടും. മതിയായ അളവിൽ വളർച്ചയ്ക്കുള്ള തുണയായിരിക്കുമെന്ന് ബഹുമനപ്പെട്ട മുഖ്യമന്ത്രി അവർകളെ ഉണർത്തിച്ചുകൊള്ളുന്നു! ഇങ്ങനെ ഇവർക്കുവേണ്ടി നിയമസഭയിൽ ആദ്യമായി സംസാരിച്ചത് എം.എം. പീർ മുഹമ്മദ് അവർകളാണ്!

Downloaded from www.gracebooks.in

മതം ഇല്ലാത്ത നാടല്ല!

നമ്മുടെ കേന്ദ്രസർക്കാർ, വിദ്യാർത്ഥികളുടെയിടയിൽ പ്രത്യേകിച്ച് ഹൈസ്ക്കൂളുകളിലേയും കോളേജ് വിദ്യാർത്ഥികൾക്കും ഇടയിൽ അനുസരണശീലമില്ലായ്മയും എതിർപ്പും മനോഭാവവും അധികമായിക്കൊണ്ടിരിക്കുന്നതിനു കാരണം എന്താണെന്ന് ഗവേഷണം ചെയ്ത് അറിയാനായി ശ്രീ പ്രകാശം അവർകളുടെ നേതൃത്വത്തിൽ ഒരു കമ്മീഷനെ നിയമിച്ചു. ഇങ്ങനെ നിയമിക്കപ്പെട്ട സംഘത്തിന്റെ തലവൻ പ്രകാശം അവർകൾ തന്നെയായിരുന്നു.

'വിദ്യാർത്ഥികൾക്കിടയിൽ, എതിർപ്പു മനോഭാവവും വിപ്ലവബോധവും അനുസരണ ശീലമില്ലായ്മയും ഏർപ്പെട്ടുവരുന്നതിന് കാരണം, ഒന്നാം ക്ലാസ്സുമുതൽ അവർക്ക് മത- മാർഗ യാഥാർത്ഥ്യങ്ങളെ അടിസ്ഥാനമാക്കി വിദ്യാഭ്യാസം നൽകാത്തതു മൂലമാണ്'

എന്ന് എടുത്തുപറഞ്ഞിരിക്കുന്നു! അതും ചെന്നൈ നിയമസഭയിൽ വിദ്യാഭ്യാസ സംബന്ധമായ അപേക്ഷയിൽ സംസാരിച്ച മുസ്ലിംലീഗ് എം.എൽ.എ, എം.എം. പീർമുഹമ്മദ് അവർകൾ അദ്ദേഹത്തിന്റെ സംസാരത്തിൽ നിന്ന്.

'നമ്മുടെ ഗവൺമെന്റ് മതത്തോടു ചായ്വില്ലാത്ത ഗവൺമെന്റാണെന്ന് നമുക്കറിയാം. അതേസമയം നമ്മുടെ രാജ്യം മതം, ഇല്ലാത്ത, നാടല്ല എന്ന കാര്യവും ഓർക്കണം!

അതുകൊണ്ടാണ് പള്ളിക്കൂടങ്ങളിൽ വിദേശീയരുടെ ഭരണകാലത്ത് നിലവിലുണ്ടായിരുന്ന അവകാശമായ- അവരവരുടെ മതത്തിനനുസരിച്ച വിദ്യാഭ്യാസം- മുസ്ലിംകൾ, ക്രിസ്ത്യാനികൾക്കു മാത്രമല്ല, ഈ രാജ്യത്തുള്ള ഓരോരുത്തർക്കും അവരവരുടെ മാർഗ്ഗത്തെ അടിസ്ഥാനമാക്കി, ദൈവവിശ്വാസത്തോടെയുള്ള വിദ്യാഭ്യാസം നൽകുമ്പോഴാണ് അന്തരംഗമായും

പൊതുവായും ദൈവത്തെ ഓർത്ത് തെറ്റുകളിൽ നിന്നും തന്നെ സംരക്ഷിക്കുന്ന, തെറ്റുകൾ ചെയ്യാത്ത മനോഭാവം ഉണ്ടാവുകയുള്ളൂ.

അതിനാൽ മത വിദ്യാഭ്യാസം വളരെ അത്യാവശ്യമാണെന്ന് ഉണർത്തിച്ചു കൊള്ളുന്നു.

കേരളത്തിൽ മതവിദ്യാഭ്യാസം!

കേരള സംസ്ഥാനത്തു കൂടി, സംസ്ഥാന മുഖ്യമന്ത്രി ശ്രീ നമ്പൂതിരിപ്പാട്- അദ്ദേഹം നിരീശ്വരവാദിയായിരുന്നിട്ടുപോലും രാജ്യത്ത് പള്ളിക്കൂടങ്ങളിൽ മതപഠനം നടത്താം എന്ന് ഉത്തരവിറക്കിയിരുന്നത്. വിദ്യാഭ്യാസ മന്ത്രിയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു.'

കേരളത്തോടു ചേർന്നിരുന്ന്, ഇപ്പോൾ തമിഴ്നാട്ടിനോട് ചേർന്നിട്ടുള്ള ചെങ്കോട്ട താലൂക്കിലും കന്യാകുമാരി ജില്ലയിലെ ചില താലൂക്കുകളിലും ഉള്ള ഹൈസ്കൂളുകളിൽ മുസ്‌ലിംകൾക്ക് അറബി ഭാഷയെ രണ്ടാമത്തെ പാഠമായി പഠിക്കാനുള്ള അവസരമുണ്ടായിരുന്നു. എന്നാൽ ഇന്ന് അത് വർഷംതോറും മാറ്റംവരുത്തുകയാണ്.

അതിനാൽ, തുടർന്നും പഴയ അവസ്ഥയിലേക്കു മാറി അവിടെയുള്ള ഹൈസ്കൂളുകളിലുള്ള മുസ്‌ലിം വിദ്യാർത്ഥികൾ അറബി ഭാഷയെ രണ്ടാം പാഠമായി എടുത്തു പഠിക്കുന്ന അവസരം മാറ്റമില്ലാതെ തുടരണം'

'അറബി അദ്ധ്യാപകരുടെ തസ്തിക പ്രാബല്യത്തിൽ നിർത്തി, മറ്റുള്ള അദ്ധ്യാപകർക്കു നൽകുന്നതുപോലെയും ശമ്പളം കൊടുക്കണമെന്നും ആവശ്യപ്പെടുന്നു.'

മാത്രമല്ല, ഗവൺമെന്റ് കോളേജുകളിൽ ഉർദു പഠിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. അതിനുള്ള ഏർപ്പാടുകൾ ഗവൺമെന്റ് ചെയ്യണം.'

വഖഫ് സ്വത്ത് വീണ്ടെടുക്കുവാൻ സമയപരിധി പാടില്ലാ!

ആയിരക്കണക്കിന് കോടി രൂപാ മതിപ്പുള്ള സ്വത്തുക്കൾ നാടുമുഴുവൻ പരന്നുകിടക്കുകയാണ്. ദർഗകളുടെ പേരിലും മസ്ജിദുകൾ, മദ്രസകളുടെ പേരിലും ഓഫീസുകൾ തുടങ്ങിയവയിൽ വഖഫ് ചെയ്യപ്പെട്ട ഈ സ്വത്തുക്കൾ പലരാൽ വിക്രയങ്ങൾക്ക് ഉൾപ്പെടുത്തപ്പെടും. പലതരക്കാരാൽ ആക്രമിക്കപ്പെട്ടിരിക്കുന്നതും എല്ലാവരും അറിഞ്ഞ സത്യമാണ്.

ഈ വഖഫ് സ്വത്തുക്കളെയെല്ലാം കണ്ടറിഞ്ഞ് അവയൊക്കെ റജിസ്റ്റർ ചെയ്യുവാനും സംരക്ഷിക്കാനും ഉപയോഗിക്കുവാനുമുള്ള ഏർപ്പാടുകൾ ചെയ്യണമെന്ന് ആദ്യമായി 1906ൽ കൽക്കട്ടയിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ മുഹമ്മദലി ജിന്ന സംസാരിച്ചതും അതിനെ തുടർന്ന് മുസ്‌ലിം ലീഗ് സമ്മേളനത്തിൽ, ഈ ആവശ്യത്തെ- തീരുമാനത്തെ ബ്രിട്ടീഷ് സർക്കാരിനോട് ഇതിനുവേണ്ടി നിയമം കൊണ്ടുവരണമെന്ന് നിർബന്ധിപ്പിച്ചതും അതിനുവേണ്ടിയുള്ള നിയമ നിർമ്മാണം കൊണ്ടുവരാമെന്ന് ബ്രിട്ടീഷ് ഗവൺമെന്റ് സമ്മതിച്ചതും ചരിത്രമാണ്.

Downloaded from www.gracebooks.in

സ്വതന്ത്ര ഇന്ത്യയിൽ 1954ൽ വഖഫ് നിയമം പുനർ നിർണ്ണയം ചെയ്ത്, വഖഫ് സ്വത്തുക്കൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സാവകാശം പത്തുവർഷത്തേക്ക് നീട്ടിക്കൊടുക്കപ്പെട്ടു. പത്തു വർഷത്തിലൊരിക്കൽ, മുസ്‌ലിം ലീഗിന്റെ നിർബന്ധത്തിന്റെ പേരിൽ നീട്ടിക്കൊടുത്തുകൊണ്ടിരുന്നു.

തിരുച്ചിയിൽ പുതിയ പള്ളി!

തുരുച്ചി ഹസ്രത്ത് തബ്‌ലെ ആലം ബാദുഷാ നദ്ഹർ വലി ദർഗയ്ക്കടുത്ത മെയിൻ റോഡിൽ- മേലപ്പുലി വാർഡ് റോഡിൽ ഇബ്രാഹീം പാർക്കിന്റെ പിറകിൽ ഹാർട്ടിൻ ബീഡിയുടമയും രാജ്യവിഭജനത്തിനു മുമ്പ് തിരുച്ചി നഗര മുസ്‌ലിം ലീഗ് പ്രവർത്തകാംഗവുമായ ഹാജി എസ്.എം. നൂറുദ്ദീൻ സാഹിബ് പള്ളി നിർമ്മിക്കാനായി വഖഫ് ചെയ്ത നൽകിയ സ്ഥലത്ത് ഏകദേശം ഏഴായിരം രൂപാ (ആ കാലത്തെ ചിലവ്) ചിലവിൽ പുതുതായി നിർമ്മിച്ചു. 'നൂർ മസ്ജിദ്' ഉദ്ഘാടനം 1967 ആഗസ്റ്റ് 10-ാം തിയ്യതി ജനാബ് കെ.എസ്. അബ്ദുൽ വഹാബ് ജാനി എം.എൽ.സിയുടെ അദ്ധ്യക്ഷതയിൽ നടന്നു. തമിഴ്നാട് മന്ത്രി ജനാബ് സാദിഖ് ബാഷ പള്ളി തുറന്നുകൊടുത്തു.

ഹിദായത്ത് നഗർ

തിരുച്ചിയിൽ മുകളിൽ, പറഞ്ഞ സംഭവങ്ങൾ നടക്കുന്നതിനും ഒരു മാസം മുൻപ് 1967 ജൂലായ് 23-ാം തിയ്യതി ഒരു അത്ഭുതം സംഭവിച്ചു.

വഖഫ് ഭൂമികൾ- സ്വത്തുക്കൾ പലരാലും അപഹരിക്കപ്പെട്ടുവന്ന അവസ്ഥയിൽ, തിരുച്ചി പാലക്കര ജയിൽ തെരുവിന് പടിഞ്ഞാറ്, തിരുച്ചി- ഈറോഡ് റെയിൽവേ ലൈനിന് മുകൾ ഭാഗത്ത് വയൽ വരമ്പുകൾക്കു മദ്ധ്യേ, യാത്രാ സൗകര്യങ്ങൾ ഒന്നും ഇല്ലാതെ, പാമ്പും തേളും പല വിഷ ജന്തുക്കളും നിറഞ്ഞ ഇടതൂർന്ന് മരങ്ങൾ വളർന്ന് കാടായ ഒരു കുന്നിന്റെ ഭാഗവും അതിൽ ഹസ്രത് മൊയ്തീൻ സർമസ്ത് ഹുസൈനി ദർഗ എന്ന് കരിങ്കല്ലുകൊണ്ടുള്ള ഒരു ചെറിയ കെട്ടിടം ഉണ്ടായിരുന്നു. അതിന്റെ അടുത്തുണ്ടായിരുന്ന മുനവ്വർ അലിഷാ മക്കാന് സ്വന്തമായ പതിനെട്ട് ഏക്കർ ഭൂമിയിൻമേലുള്ള നടപടികൾ എടുക്കുവാൻ വഖഫ് ബോർഡിനോട് നിർബന്ധിച്ചതിന്റെ പേരിൽ അവർ കേസ്സു കൊടുത്തു. വിധി വഖഫ് ബോർഡിന് അനുകൂലമായി വന്നതിനു ശേഷവും ആ ഭാഗങ്ങളെ അവസാനംവരെ പെരുമാറാൻ വിട്ടതിന്റെ പേരിൽ അക്രമികൾ തന്നെ അനുഭവിച്ചുവരാൻ അനുവദിക്കപ്പെട്ടതിനാൽ, ആ അവസ്ഥ ഇതിനും ഏർപ്പെട്ടേക്കാം എന്നു കരുതി.

ഈ അവസ്ഥയിൽ 'മറുമലർച്ചി' സഹ പത്രാധിപരും തിരുച്ചി നഗര മുസ്‌ലിം ലീഗ് സെക്രട്ടറിയുമായ സാഹിത്യകാരൻ എ.എം. ഹനീഫ് അവർകൾ, ഹസ്രത്ത് മൊയ്തീൻ സർമസ്ത് ഹുസൈൻ ദർക്ഷാ ഇനാം ദാർ, സയ്യദ് യൂസുഫ് ഹുസൈനി അവർകളെ ചെന്നുകണ്ട് സംസാരിച്ചു. സ്വന്തം വീടോ, ഭൂമിയോ സ്വത്തോ ഇല്ലാത്ത പാവപ്പെട്ട മുസ്‌ലിംകളുടെ പുനരധിവാസത്തിനായി ഭൂമി

Downloaded from www.gracebooks.in

വാടകയുടെ അടിസ്ഥാനത്തിൽ എ.എം. ഹനീഫ് തന്റെ പേരിൽ ഒരു ഭാഗം ഭൂമിയേയും എഴുതിവാങ്ങി. പാവപ്പെട്ട മുസ്‌ലിംകൾക്ക്, വീടുകൾ പണിയാനുള്ള സ്ഥലം എല്ലാവർക്കും അളന്നു നൽകി, 'ഹിദായത്ത് നഗർ' എന്ന പേരും നൽകി.

വസതികൾ ഉണ്ടാക്കിയ ആ ജനങ്ങൾ തന്നെ, കാടുവെട്ടി, കുന്നുകൾ നിരത്തി ജനങ്ങൾ താമസിക്കുന്ന ഭാഗങ്ങളായി തങ്ങളുടെ സ്വന്തം അദ്ധ്വാനത്താൽ തീർത്തും പകൽ മുഴുവൻ സാധാരണ കൂലിപ്പണിക്കുപോയി വൈകുന്നേരം തിരിച്ചെത്തുന്ന ജനങ്ങൾ, റോഡ് സൗകര്യം ഏർപ്പെടുത്തുന്നതിനായി രാത്രി മുഴുവൻ ഉറങ്ങാതെ കല്ലും മണ്ണും ചുമന്ന് റോഡ് സൗകര്യം ഉണ്ടാക്കി. ഇങ്ങനെ പല വർഷങ്ങൾ.

അവസാനം വഖഫ് ബോർഡുമായി നീണ്ട പോരാട്ടം നടത്തി അവരവർ താമസിക്കുന്ന ഭൂമിയെ അവരവർക്കേ വഖഫ് ബോർഡു മൂലം ക്രയവിക്രയം ചെയ്തു കൊടുക്കപ്പെട്ടു.

പുത്താനത്തത്തിൽ പുത്ത പുനരുജ്ജീവനം!

തിരുച്ചി ജില്ലയിലെ പുത്താനത്തം മുസ്‌ലിം ലീഗിൽ മുഴുവൻ കുടുംബവും ചേർന്നിട്ടുള്ള ഒരു ഗ്രാമമാണ്. മുസ്‌ലിംകൾ അധികമുള്ള ഈ ഗ്രാമം മുസ്‌ലിംലീഗിന്റെ പ്രവർത്തനങ്ങളിൽ മുന്നണിയിലേക്കു വന്ന് ചരിത്രം സൃഷ്ടിച്ചിട്ടുള്ളതാണ്.

Downloaded from www.gracebooks.in

അണ്ണാദുരെയും മുസ്‌ലിം ലീഗും!

തമിഴ്‌നാട് മുഖ്യമന്ത്രി അണ്ണാ 9.8.1967ന് പുത്തനത്തം വരുന്നതാണെന്ന് അറിയിച്ചതിനെത്തുടർന്ന് പുത്താനത്തം മുസ്‌ലിംകൾ, മുസ്‌ലിം ലീഗിന്റെ പേരിൽ വമ്പിച്ച സ്വീകരണമൊരുക്കുവാനുള്ള ശ്രമം ആരംഭിച്ചു.

മുഖ്യമന്ത്രി അണ്ണാ അവർകൾ സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട്: 'മുസ്‌ലിം ലീഗിനും എനിക്കും ദീർഘകാലത്തെ ബന്ധം ഉണ്ട്. വ്യക്തമായി പറയുകയാണെങ്കിൽ മുപ്പതു വർഷത്തിലധികമായി മുസ്‌ലിം ലീഗ് ബന്ധവും സൗഹൃദവും എനിക്കുണ്ട്''

'ഞാൻ മുഖ്യമന്ത്രി ആകുന്നതിനും മുൻപേ ജാനിഭായ് എം.എൽ.സി. ആകുന്നതിനു മുൻപേ ഞങ്ങൾ സുഹൃത്തുക്കളാണ്. ഈ ബന്ധം നല്ല സൗഹൃദബന്ധമായി തുടർന്നുകൊണ്ടിരിക്കുന്നു.

'ഇവിടെ കഴിഞ്ഞകാല ഭരണത്തിൽ നിങ്ങളുടെ ഗ്രാമം വഞ്ചിക്കപ്പെട്ടതിനെ-പുറംതള്ളിയതിനെ എടുത്തുപറഞ്ഞ്, ചെയ്യേണ്ട നല്ല പല സൗകര്യങ്ങളെക്കുറിച്ചും അറിയിച്ച്, ആവശ്യമായ കുറവുകൾ തീർക്കുന്നതും മറ്റും സർക്കാരിന്റെ ഉത്തരവാദിത്തമായി ഏറ്റെടുത്തു നടത്തുന്നതാണ്.'

കേരള സിംഹത്തിന്റെ സ്മരണകൾ!

ഇന്ന്- തമിഴ്‌നാടിന്റെ തലസ്ഥാനമായ ചെന്നൈയുടെ നെടും തൂണായി വിളങ്ങുന്ന ഗോഖലെ ഹാളിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ വലിയ പൊതുയോഗം കോലാഹലമായി നടന്നുകൊണ്ടിരിക്കുന്നു.

അന്ന്- മുസ്‌ലിം ലീഗിന്റെ യോഗം നടത്തുന്നതിനായി ഇതേ ചെന്നൈ മുഴുവനും അലഞ്ഞുതിരിഞ്ഞിട്ടും ഒരിടം പോലും കിട്ടിയില്ല- ആരും തരുവാൻ മുന്നോട്ടുവന്നില്ല!

ഈ അവസ്ഥയിൽ, അവസാനമായി റായ് പേട്ടയിലുള്ള എന്റെ മഹാനായ നേതാവ് അഡ്വ. പി. പോക്കർ സാഹിബ് അവർകളുടെ വീട്ടിൽ യോഗം നടത്താൻ തീരുമാനിച്ചു- അപ്പോൾ കേരളത്തിലെ നേതാവ് ജനാബ് സീതി സാഹിബ് ഒരഭിപ്രായം പ്രകടിപ്പിച്ചു. അതായത്, രാജാജി ഹാൾ ചോദിച്ചുനോക്കാമെന്ന്!

അതുപ്രകാരം ഹാൾ ചോദിച്ചു. അപ്പോഴത്തെ രാജധാനി ആഭ്യന്തര മന്ത്രി ഡോ. പി. സുബ്ബരായൻ എന്തു വിചാരിച്ചോ എന്തോ, മുസ്‌ലിം ലീഗ് യോഗം നടത്താൻ രാജാജി ഹാൾ ഉപയോഗിച്ചുകൊള്ളുവാൻ അനുവാദം തന്നു.

അന്നത്തെ ചുറ്റുപാടിൽ- മുസ്‌ലിംകളെ മുസ്‌ലിം ലീഗ് എന്ന് പറയാൻ മടിച്ചുകൊണ്ടിരുന്ന അവസ്ഥയിൽ- ഒരു സംഘവും സംഘടനയും ഇടംതരാൻ മുന്നോട്ടുവരാത്ത ചുറ്റുപാടിൽ ഡോ. പി. സുബ്ബരായൻ ഇടം നൽകി എന്നാൽ എന്താണ് അർഥം? അദ്ദേഹം നമ്മളെക്കുറിച്ച് തെറ്റായ കണക്കുകൂട്ടിയാണ് രാജാജി ഹാളിൽ യോഗം നടത്തിക്കൊള്ളുവാൻ അനുവാദം തന്നത്! മുസ്‌ലിം ലീഗിനെ പിരിച്ചുവിടാനാണ് നമ്മൾ അപ്പോൾ യോഗം ചേരുന്നതെന്ന് അദ്ദേഹം കരുതി! നമ്മുടെ 'ഹയാത്' അതോടെ തീരും എന്നും അദ്ദേഹം വിശ്വസിച്ചു!'.

എന്നാൽ ഡോ. സുബ്ബരായൻ അവർകളോ, അദ്ദേഹത്തോട് സമ്മതം വാങ്ങി വന്ന ജനാബ് സീതിഹാജി അവർകളോ ഇന്ന് 'ഹയാത്തോടെ ഇല്ല മരിച്ചുപോയി!

എന്നാൽ, മുസ്‌ലിം ലീഗ് മരിച്ചിട്ടില്ല. മരിക്കുകയും ഇല്ല. അതിന് എന്നും 'ഹയാത്ത്' ഉണ്ട്. ആ യോഗത്തിൽ തന്നെ- അതും രാജാജി ഹാളിൽ തന്നെ നിർണ്ണയിക്കപ്പെടുകയും ചെയ്തു.

'ആ യോഗത്തിന് ബാലനായ ഞാനും വന്നിരുന്നു. അപ്പോൾ, ഞാൻ മന്ത്രിയാകുമെന്നോ മുസ്‌ലിം ലീഗ് ഈ നാടിനെ ഭരിക്കുമെന്നോ ഞാൻ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല' ഞാൻ മാത്രമല്ല, ലോകത്തിലെ ഒരു ചരിത്രകാരന്മാരും അങ്ങനെ കരുതിയിരിക്കില്ല!

എക്സിക്യൂട്ടീവ് യോഗം!

1967 ഒക്ടോബർ 29-ാം തിയ്യതി പാലക്കാടിനടുത്തുള്ള മലമ്പുഴയിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം, അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകളും അദ്ധ്യക്ഷതയിൽ നടന്നു.

അടുത്തുവരുന്ന പുണ്യറംസാൻ 27- 'ലൈലത്തുൽ ഖദർ' രാവ് പതിനാലാം നൂറ്റാണ്ടു കടന്ന് പതിനഞ്ചാം നൂറ്റാണ്ടിലേക്ക് പ്രയാണം തുടങ്ങുന്നു.

ഇപ്പോൾ, ഹിജ്റവർഷം 1387, മുത്തുനബി മുഹമ്മദ് മുസ്തഫ(സ) ജനിച്ച മക്കയിൽ നിന്നും മദീനയിലേക്ക് ഹിജറ പോയിട്ട് ഇപ്പോൾ 1387 വർഷങ്ങൾ ആകുന്നു. അവർ ഹിജ്റ പോകുമ്പോൾ 53 വയസ്സായിരുന്നു പ്രായം. അതിനും പതിമൂന്ന് വർഷങ്ങൾക്കു മുൻപ് - നബി(സ) അവരുടെ 40-ാം വയസ്സിലാണ്

Downloaded from www.gracebooks.in

ഈ ലോകത്തിന്റെ പുണ്യവും മഹത്വവുമായ ലൈലത്തുൽ ഖദർ രാവിൽ- പരിശുദ്ധ ഖുർആന്റെ ആദ്യവചനവും നബി ചട്ടവും അല്ലാഹുവിനാൽ അരുൾ ചെയ്യപ്പെട്ടത്.

അതിനാൽ, ഇപ്പോഴത്തെ ഹിജ്റ വർഷമായ 1387 നോട് പതിമൂന്ന് വർഷങ്ങൾ കൂടി നോക്കിയാൽ 1400 വർഷങ്ങളാകും അങ്ങനെയായാൽ പരിശുദ്ധ ഖുർആൻ ഷരീഫ് ഇറങ്ങിയിട്ട് 1400 വർഷം തികയുന്നത് ഈ വർഷമാണ്.

അതിനാൽ- വഴികാട്ടുന്ന - അല്ലാഹുവിന്റെ അരുളായ പരിശുദ്ധ ഖുർആൻ ശരീഫ് അവതരിച്ച് പതിനാല് നൂറ്റാണ്ടുകൾ കടന്ന് പതിനഞ്ചാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന ഈ വർഷം വരുന്ന പുണ്യ റംസാൻ മാസം 'ലൈലത്തുൽ ഖദർ' രാവു മുതൽ ഹജ്ജ് പെരുന്നാൾ വരെ മധുരിക്കുന്ന തേൻ മുത്തായ ഖുർആനിന്റെ നൂറ്റാണ്ട് മഹോത്സവം ആഘോഷപൂർവ്വം കൊണ്ടാടണമെന്നും സൽ പ്രവർത്തികൾ ചെയ്യണമെന്നും പാവപ്പെട്ടവർക്ക് ഭക്ഷണവിതരണം ചെയ്ത് കൊണ്ടാടണമെന്നും - ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ എക്സിക്യൂട്ടീവ് - സമുദായ ജനങ്ങളെ ഉണർത്തിച്ചു തീരുമാനിച്ചു.

വർഗീയ ലഹളകൾ!

ബീഹാർ, റാഞ്ചി തുടങ്ങിയ സ്ഥലങ്ങളിലും രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും നടന്നുവരുന്ന വർഗീയ ലഹളകൾ മൂലം, ഇരുപതു വർഷമായിട്ടും മുസ്ലിംകൾക്ക് ഈ നാട്ടിൽ യാതൊരു വിധ സംരക്ഷണവും ഇല്ലെന്നതാണ് സത്യം.

ജനങ്ങൾക്കിഷ്ടമില്ലാത്ത ഒരു ഭാഷ അവരിലേക്ക് അടിച്ചേൽപിക്കുന്നതിനെ എതിർക്കുന്നതോടൊപ്പം, ഭാഷാ പ്രശ്നത്തിൽ പ്രധാനമന്ത്രി നെഹ്റുവിന്റെ വാക്കുറപ്പും നിയമമാക്കണമെന്ന് ഗവൺമെന്റിനെ ഓർമ്മിപ്പിച്ചു.

'മുസ്ലിം ലീഗ് ദേശദ്രോഹ പാർട്ടി!

പാക്കിസ്ഥാന് സിന്ദാബാദ് വിളിക്കുന്ന പാർട്ടിയെ തടയണം. ഒതുക്കണം, താമസിക്കാതെ നിരോധിക്കണം!

മുസ്ലിം ലീഗിനു മേൽ ഇങ്ങനെ കളങ്കം പൂശുന്നതിനായി പാർട്ടിയുണ്ടാക്കിയിരിക്കുന്നവർ ഇവിടെ ധാരാളമാണ്!

നമ്മൾ 'മുസ്ലിം ലീഗ് സിന്ദാബാദ്' എന്നു പറഞ്ഞാൽ അതിനെ 'പാക്കിസ്ഥാൻ സിന്ദാബാദ്' എന്ന് തിരുത്തിപ്പറഞ്ഞ് പഴിചാരും.

ഖായിതെ മില്ലത്ത് സിന്ദാബാദ് എന്ന നമ്മുടെ മുഴക്കം ഖായിതെ ഹാജം സിന്ദാബാദ് ആയി അവരുടെ കാതുകളിൽ മുഴങ്ങും. നമ്മൾ പറയാത്തതൊക്കെ പറഞ്ഞു എന്ന് പറഞ്ഞ് കഥകളുണ്ടാക്കും!

ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിനും പാകിസ്ഥാനും തമ്മിൽ ബന്ധമുണ്ടെന്ന് തെളിയിക്കാനാവുമോ?

മുസ്ലിം ലീഗുകാർ 'പാകിസ്ഥാൻ സിന്ദാബാദ്' എന്ന് മുദ്രാവാക്യം വിളിച്ചതായി തെളിയിക്കാനാകുമോ?

അങ്ങനെ പറഞ്ഞാലും എന്താണ് തെറ്റ്?

Downloaded from www.gracebooks.in

ആഗസ്ത് പതിനാലാം തിയ്യതി തോറും മറക്കാതെ 'പാക്കിസ്ഥാൻ സിന്ദാബാദ്' എന്ന് ഇന്ത്യൻ രാഷ്ട്രപതിയും പ്രധാനമന്ത്രിയും പാക്കിസ്ഥാന് സ്വാതന്ത്ര്യ ദിനാശംസകൾ നേരുന്നത് പാപമല്ലെങ്കിൽ മറ്റുള്ളവർ അങ്ങനെ പറഞ്ഞാൽ എന്താണ് പാവം?

നമ്മുടെ ഇത്തരം വിനകൾക്ക് മറുപടി പറയാൻ വക്കും വായും ഇല്ലാത്ത കോൺഗ്രസ്സുകാർ ഇതാ, ഇതും വായിച്ചുനോക്കട്ടെ!'

'സോവിയറ്റ യൂണിയൻ നീണാൽ വാഴട്ടെ!

'സോവിയറ്റ് കമ്യൂണിസ്റ്റ പാർട്ടി നീണാൾ വാഴട്ടെ!

(1967 ഒക്ടോബർ മാസം ന്യൂഡൽഹിയിൽ നടന്ന കമ്യൂണിസ്റ്റ പാർട്ടിയുടെ തീരുമാനത്തിന്റെ അവസാന ഭാഗം ജനശക്തി ഗോൾഡൻ ജൂബിലി പതിച്ച് 5-11-67)

മുസ്‌ലിം ലീഗ് സംസ്ഥാന എക്സിക്യൂട്ടീവ് യോഗം

തമിഴ് നാട് സംസ്ഥാന ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് എക്സിക്യൂട്ടീവ് യോഗം 31-11-1967 ശനിയാഴ്ച കാലത്ത് 10.30ന് ചെന്നൈ മരൈക്കിയർ ലബ്ബൈ തെരുവിലെ മുസ്‌ലിം ലീഗ് ഓഫീസ് കെട്ടിടത്തിൽ, ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് എം.പിയുടെ അദ്ധ്യക്ഷതയിൽ നടന്നു.

ഹക്കീം മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾ കിറാഅത്ത് ഓതി ആരംഭിച്ചു. എക്സിക്യൂട്ടീവ് തീരുമാനങ്ങൾ ചുവടെ. ബംഗാളിലും മറ്റു സംസ്ഥാനങ്ങളിലും ഇന്ത്യാ ഗവൺമെന്റിന്റെ ഭരണത്തിൽ കീഴിലുള്ള പ്രദേശങ്ങളിലും കോൺഗ്രസ്സ് അല്ലാത്ത ഐക്യമുന്നണി ഗവൺമെന്റുകളെ കേന്ദ്രസർക്കാർ മറിച്ചിട്ടതിനെ ഈ യോഗം ശക്തമായി അപലപിച്ചു.

നഗരസഭാ തെരഞ്ഞെടുപ്പു സംബന്ധമായിട്ടുള്ള നടപടികൾ ദ്രുതഗതിയിൽ നടത്തി, താഴെക്കാണുന്ന ഒരു സംഘത്തെ നിയോഗിച്ചു.

1. സംസ്ഥാന അദ്ധ്യക്ഷൻ
2. സംസ്ഥാന ജനറൽ സെക്രട്ടറി
3. ഡോ. ഹബീബുള്ള സേട് എം.എൽ.എ. (കൺവീനർ)
4. ടി.എ.എസ്. അബ്ദുൾ ഖാദർ
5. എ.കെ.എ. അബ്ദുസ്സമദ് എം.പി.
6. എസ്.എം. ഷരീഫ് എം.പി.
7. കെ.എസ്. അബ്ദുൽ വഹാബ് ജാനി സാഹിബ് എം.എൽ.സി.
8. എം.എം. പീർമുഹമ്മദ് എം.എൽ.എ.
9. എം. അബ്ദുൽ ഗഫൂർ എം.എൽ.എ
10. ദളപതി എ.എം. മൊയ്തീൻ
11. വേയൂർ എ.എം ഹബീബുള്ള
12. വടകര എം.എം. അബൂബക്കർ
13. മൗലവി മുഹമ്മദ് ഇക്ലീൽ

Downloaded from www.gracebooks.in

മറിച്ചിടപ്പെട്ട ഗവൺമെന്റിന്റെ അവസാനത്തെ ഉത്തരവ്!

പശ്ചിമ ബംഗാളിൽ രൂപംകൊണ്ട ഐക്യമുന്നണി കൂട്ടു മന്ത്രിസഭ കേന്ദ്രസർക്കാരിന്റെ അഭിപ്രായ പ്രകാരം ഗവർണറാൽ പിരിച്ചുവിടപ്പെടുന്നതിനു മുൻപ് പുറപ്പെടുവിച്ച ഉത്തരവ്

ബംഗാൾ വിപ്ലവ കവി കാജി നസ്റുൽ ഇസ്ലാം അവർകളെ ആദരിക്കുന്നതായി, പശ്ചിമ ബംഗാൾ മന്ത്രിസഭ ആറായിരം രൂപ മതിപ്പുള്ള ഭൂമി അദ്ദേഹത്തിന് സമ്മാനമായി നൽകാൻ തീരുമാനിച്ചു. മാത്രമല്ല, മുൻ സർക്കാർ അദ്ദേഹത്തിനു നൽകി വന്നിട്ടുള്ള മാസം 200 രൂപാ ധനസഹായം 300 രൂപയാക്കി ഉയർത്താനും ഉത്തരവിട്ടു.

Downloaded from www.gracebooks.in

റാം അവ്താർ ശാസ്ത്രി

പാട്ന നഗരത്തിൽ നടന്ന ഒരു വലിയ പൊതു സമ്മേളനത്തിൽ, പാർലിമെന്റംഗം ശ്രീ റാം അവ്താർ ശാസ്ത്രി പ്രസംഗിച്ചതിന്റെ സാരാംശം.

'കാരണമില്ലാത്ത ഭ്രാന്താവേശത്തോടെ ഉർദു ഭാഷയെ എതിർക്കുന്ന അവസ്ഥ ഇവിടെ വളർന്നുവരുന്നു! ഉർദു അന്യഭാഷയാണെന്നുള്ള തെറ്റിദ്ധാരണ പരന്നിരിക്കുകയാണ്! ഇത് വലിയ തെറ്റാണ്. അതുമാത്രമല്ല, ഈ നാട്ടിൽ രൂപംപൂണ്ട ഉർദു ഭാഷയെ ഈ രാജ്യത്തിന്റെ ഭാഷയായി അംഗീകരിക്കുവാൻ വിസമ്മതിക്കുന്നവർ യഥാർത്ഥത്തിൽ നാടിന്റെ ശത്രുക്കളാണ്!

ഗുണ്ടകളുടെ ആക്രമണങ്ങളാൽ മുസ്ലിംകൾ ഭയന്ന്, അടങ്ങി ഒതുങ്ങിയവരായി, കഴിയുകയാണ്! ഇത്രയ്ക്കും ഹൃദയമില്ലാത്തവരുടെ മൃഗീയത കണ്ട് മുസ്ലിംകളുടെ മനസ്സ് തകരേണ്ട! എന്ന് എന്റെ പ്രിയപ്പെട്ട മുസ്ലിം സഹോദരന്മാരോട് അഭ്യർത്ഥിക്കുന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി ഇന്ത്യൻ മുസ്ലിംകൾ അനുഷ്ഠിച്ച ത്യാഗങ്ങൾ മനസ്സിലാക്കുന്നു. എന്നിട്ടും സ്വാതന്ത്ര്യത്തിനു ശേഷം ഈ രാജ്യത്ത് മുസ്ലിംകൾക്ക് എതിരായി 675 വർഗീയ ലഹളകൾ ഇതുവരെ നടന്നിട്ടുണ്ടെന്നതിനെക്കുറിച്ചോർക്കുമ്പോൾ വേദനയും ലജ്ജയും തോന്നുന്നു!

റാഞ്ചി, സർസന്ത്, ഡിനോകാഡ്, ബേസ്സന്റ് സംഭവങ്ങൾ ഞാൻ അറിഞ്ഞിരിക്കുന്നു. ക്രൂരമായ ഈ ലഹളകൾ സംബന്ധമായി പാർലിമെന്റിലും ഞാൻ ചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

വർഗീയ ലഹളകളുടെ അവസ്ഥയെക്കുറിച്ച് ജനാബ് മുഹമ്മദ് മുയീൻ അസാരിയുമായി ഞാൻ സംസാരിച്ചു. അപ്പോൾ അദ്ദേഹം 1950 ഏപ്രിൽ 22 മുതൽ 1967 നവംബർ വരെ 675 വർഗീയ ലഹളകൾ നടന്നിട്ടുണ്ടെന്ന സത്യം എന്നെ

അറിയിച്ചു.

മാടിനെ അറക്കുന്നത് നിരോധിച്ചതിനാൽ രാജ്യത്ത് രണ്ടു കോടിയിലധികം ജനങ്ങളെ അത് ബാധിക്കും എന്ന് മാട്ടിറച്ചി കച്ചവടക്കാർ കാൻപൂരിൽ നടത്തിയ രണ്ടുദിവസത്തെ യോഗം ഭരണകർത്താക്കളെ ഉണർത്തിച്ചു.

മാട്ടിറച്ചി വ്യാപാരം, തോൽ വ്യാപാരം മുതലായവയിൽ രണ്ടുകോടി ജനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. താഴ്ത്തപ്പെട്ട ഹിന്ദുക്കളും ഇതിൽ അടങ്ങിയിട്ടുണ്ട്. മാട് സംബന്ധമായ പലതരം തൊഴിലുകളിൽ ഈ രാജ്യത്തെ ഉയർന്ന ജാതിക്കാർ എന്നു കരുതപ്പെട്ടവരും പ്രവർത്തിക്കുന്നുണ്ട്. അതിനാൽ, നിരോധന ഉത്തരവ്. സകല സമൂഹങ്ങളേയും തൊഴിലിനെയും ബാധിക്കും എന്നത് അധികാരികളെ ബോധ്യപ്പെടുത്താനാഗ്രഹിക്കുന്നു.

ഇന്ത്യൻ റിപ്പബ്ലിക്ക് പാർട്ടിയുടെ നേതാക്കളിൽ ഒരാളായ ശ്രീ പി.പി. മൗര്യ, ഡൽഹിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഉർദു ഡൈജസ്റ്റ് 'ഹുമാ' പത്രികയ്ക്കു നൽകിയ അഭിമുഖത്തിൽ നിന്ന്

ഇന്ത്യയിൽ ജനാധിപത്യം എന്നു പറയപ്പെടുന്നതെല്ലാം ഭൂരിപക്ഷ സമുദായക്കാരുടെ സർവ്വാധികാരം എന്നാണ് ഞാൻ കരുതുന്നത!

ഇന്ത്യയുടെ ഏതു ഭാഗത്തും മുസ്ലിംകൾ ഭൂരിപക്ഷക്കാരല്ല. മാത്രമല്ല, ചില ഭാഗങ്ങളിൽ പത്തു ശതമാനവും ചിലയിടത്ത് ഇരുപതു ശതമാനവും ആണ് മുസ്ലിംകൾ ഉള്ളത്. അതിനാൽ ഈ രാജ്യത്ത് യാതൊരു ഭാഗത്തും 35 ശതമാനത്തിൽ കൂടുതലായി മുസ്ലിംകൾ ഇല്ല. അതിനാൽ തിരഞ്ഞെടുപ്പുകളിൽ മുസ്ലിംകളുടെ പ്രതിനിധികൾ എളുപ്പം വിജയിക്കാൻ സാധ്യമല്ല! മാത്രമല്ല, മുസ്ലിംകളുടെ പ്രാതിനിധ്യത്തിനെതിരായി വർഗീയ വാദ കക്ഷികളും തടസ്സമായി നിൽക്കുന്നുണ്ട്.

ഇത്തരം കാരണങ്ങളാലാണ് സംസ്ഥാന നിയമസഭകളിലും പാർലിമെന്റിലും മുസ്ലിംകളുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞുവരുന്നത്! ഈ അവസ്ഥ തുടരുകയാണെങ്കിൽ പാർലിമെന്റുകളിലും നിയമസഭകളിലും മുസ്ലിംകളുടെ നാമധേയം തീരെ ഇല്ലാതാകുന്ന ഒരു കാലം വരികതന്നെ ചെയ്യും!

ഇങ്ങനത്തെ കുറവുകൾ നികത്തപ്പെടണമെങ്കിൽ രാജ്യത്തെ ഇന്നത്തെ തിരഞ്ഞെടുപ്പു രീതി മാറണം! ഇങ്ങനെ ചെയ്യപ്പെടാത്തുവരെ ന്യൂനപക്ഷങ്ങൾക്ക് നീതി ലഭിക്കില്ല.

ഇപ്പോഴത്തെ തിരഞ്ഞെടുപ്പു രീതിയിലുള്ള കുറവുകളെ ചെറിയൊരുദാഹരണസഹിതം ചൂണ്ടിക്കാട്ടാനാഗ്രഹിക്കുന്നു.

ഒരു മണ്ഡലത്തിൽ നാല് സ്ഥാനാർത്ഥികൾ മത്സരിക്കുന്നു എന്ന് കരുതുക. അവരിൽ ഒരാൾക്ക് അമ്പതിനായിരം വോട്ടുകൾ ലഭിക്കുന്നു. അദ്ദേഹത്തെ എതിർത്തു മത്സരിച്ച മൂവരും ഓരോരുത്തർക്കും നാൽപതിനായിരം, മുപ്പതിനായിരം, ഇരുപതിനായിരം വീതം വോട്ടുകൾ നേടുന്നു. ആ മൂവരും തോൽക്കുകയും ആദ്യത്തെ ആൾ വിജയിക്കുകയും ചെയ്യുന്നു. അതായത് തൊണ്ണൂറായിരം വോ

Downloaded from www.gracebooks.in

ട്ടുകൾ വൃഥാവിലാകുന്നു. തെളിച്ചു പറഞ്ഞാൽ തൊണ്ണൂറായിരം ജനങ്ങൾ എതിർത്തു വോട്ടു ചെയ്തിട്ടും അമ്പതിനായിരം വോട്ടുകൾ നേടിയ ആൾ വിജയിക്കുന്നു! തൊണ്ണൂറായിരം ജനങ്ങളുടെ വിശ്വാസം ലഭിക്കാത്ത, അമ്പതിനായിരം ജനങ്ങളുടെ പിന്തുണ നേടിയ ആൾ പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെടുന്നു!

അതിനാൽ കുറവുകൾ നിറഞ്ഞ ഈ തെരഞ്ഞെടുപ്പു രീതി മാറ്റി 'കൂട്ട വോട്ട്' രീതി നിലവിൽ കൊണ്ടുവരണമെന്ന് ആഗ്രഹിക്കുന്നു.'

ഈ രീതി കൊണ്ടുവരുന്നതുമൂലം തങ്ങൾ ഇഷ്ടപ്പെടുന്ന സ്ഥാനാർത്ഥിയെ തെരഞ്ഞെടുക്കുവാനുള്ള അവകാശം വോട്ടർമാർക്ക് ലഭിക്കുന്നു. വോട്ടുകളും പാഴാകുന്നില്ല. ന്യൂനപക്ഷങ്ങൾക്കും അവകാശപ്പെട്ട പ്രതിനിധിയെ ലഭിക്കുകയും ചെയ്യും.

എന്ന് അഭിപ്രായം പ്രകടിപ്പിച്ച വി.പി. മൗര്യ മതവുമായി ബന്ധപ്പെട്ട ഒരു ചോദ്യത്തിന് മറുപടി പറയവെ ഇങ്ങനെ പറഞ്ഞു:

ഞാൻ ബുദ്ധമതാനുഭാവിയാണ്. അതേസമംയ ഇസ്‌ലാമിനെക്കുറിച്ചും ആഴമായ നല്ല അറിവും ഉണ്ട്. ഇസ്‌ലാം എന്നെ വല്ലാതെ ആകർഷിച്ചിട്ടുണ്ട്!'

ഇസ്‌ലാം ഒരു മാർഷൽ മതമാണ്. പട്ടാളക്കാരെപ്പോലെ ജനങ്ങളെ നേർവഴിക്കു നടത്തുന്നു ഇസ്‌ലാം. അതിനാൽ ഇസ്‌ലാമാകണമെങ്കിൽ പട്ടാളക്കാരെ പോലെ അച്ചടക്കവും കടമാബോധവും നേരും നെറിയും ആവശ്യമാണ്. ഞാനും ഇസ്‌ലാമാകാനാണ് ആഗ്രഹിച്ചത്. എന്നാൽ, അതിന്റെ നേരും നെറിയും അച്ചടക്കവും ഒക്കെ പിൻപറ്റി ജീവിക്കാൻ എനിക്ക് ശക്തിയില്ലാത്തതിനാൽ എനിക്ക് മുസ്‌ലിമാകാനായില്ല.' എന്നു പറഞ്ഞു.

ഇന്ത്യയിലുള്ള സകല ന്യൂനപക്ഷങ്ങളും ഒന്നു ചേരുകയാണെങ്കിൽ- ഒരണിയിൽ ചേരുകയാണെങ്കിൽ ഭൂരിപക്ഷ അന്തസ്സ് നേടാനാകും. ഇന്ന് ഭൂരിപക്ഷക്കാരായി നടക്കുന്നവർ ന്യൂനപക്ഷക്കാരാവുകയും ചെയ്യും.'

എന്നാൽ ന്യൂനപക്ഷ സമുദായ ജനങ്ങളുടെ അലക്ഷ്യം കാരണമാണ് ഇന്ന് ചിലർ ഭൂരിപക്ഷക്കാരാണെന്നു പറഞ്ഞ് ഭരണം നടത്തിവരുന്നത്.'

'ഈ രാജ്യത്തെ പ്രധാന ന്യൂനപക്ഷ സമുദായക്കാരായ മുസ്‌ലിംകളും ദലിതരും ക്രിസ്ത്യാനികളും രാഷ്ട്രീയ സാമ്പത്തിക മേഖലകളിൽ ശക്തരല്ല. സിക്കുകാരും ന്യൂനപക്ഷക്കാരാണെങ്കിലും അവർ ഇങ്ങനെയല്ല. അവർ പ്രബലമായ രാഷ്ട്രീയ, സാമ്പത്തിക അന്തസ്സ് നേടിയവരാണ്. അവർ ഐക്യത്തോടെ നിൽക്കുന്നവരാണ്.'

'മുസ്‌ലിംകൾ നാൾക്കുനാൾ ക്ഷയിച്ചുവരികയാണ്. ഭാവിയിൽ അവർ ഉയിർത്തെഴുന്നേൽക്കുമെന്ന് എന്റെ ദീർഘവീക്ഷണത്തിൽ കാണാനാവുന്നില്ല'

മുസ്‌ലിംകൾ തങ്ങളുടെ അവകാശങ്ങളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ അത്യാവശ്യ ജീവിതാവശ്യങ്ങൾ നേടിയെടുക്കുവാൻ വായതുറക്കുവാൻ കൂടി ഭയക്കുന്നു.!'

എന്നാൽ ക്രൂരതയിലും അഴിമതികളായി ദീർഘകാലം കഴിച്ചുകൂട്ടുക എന്നത്

Downloaded from www.gracebooks.in

മുസ്‌ലിംകളുടെ പാരമ്പര്യമല്ല. മുസ്‌ലിംകളുടെ ചരിത്ര ഏടുകൾ ഇതിനു സാക്ഷിയാണ്.'

'അതിനാൽ മുസ്‌ലിംകൾ അധൈര്യപ്പെടേണ്ട ആവശ്യമേയില്ല. മുസ്‌ലിംകൾ ഒന്നു ചേർന്ന ശക്തിയായി അണിചേർന്ന് അവകാശങ്ങൾ നേടിയെടുക്കുന്ന കാലം അടുത്തുകൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ തലവിധി നിർണ്ണയിക്കാനുള്ള ഉന്നതമായ ഉത്തരവാദിത്വം ഉള്ള ന്യൂനപക്ഷമായി മാറുകതന്നെ ചെയ്യും.!'

മുസ്‌ലിംകളുടെ പിൻബലത്തോടെയും, പിന്തുണയോടെയും തന്നെ ഭരണം നടക്കും. മുസ്‌ലിംകളുടെ പിന്തുണയില്ലാതെ ഒരു പാർട്ടിക്കും ഈ രാജ്യത്ത് ജയിക്കാനാവില്ലെന്നുള്ള അവസ്ഥ വരികതന്നെ ചെയ്യുമെന്നുള്ള പൂർണ്ണ വിശ്വാസം എനിക്കുണ്ട്. ഇങ്ങനത്തെയൊരു ഉന്നതാവസ്ഥ, ഉത്തരവാദിത്തമുള്ള അന്തസ്സ് മുസ്‌ലിംകൾ നേടിയെടുക്കുമെന്ന ആഗ്രഹത്തോടെ 'ഞാൻ പ്രതീക്ഷിക്കുന്നു.' എന്ന് പി.പി. മൗര്യ പറഞ്ഞു.

Downloaded from www.gracebooks.in

പ്രധാനമന്ത്രി ഇന്ദിരയോട് മുസ്‌ലിം ലീഗിന്റെ അഭ്യർത്ഥന

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ ഭാഗത്തുനിന്നും പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിക്ക് 1968 ൽ സമർപ്പിച്ച അഭ്യർത്ഥനയിൽ പറയപ്പെട്ടവ.

വർഗീയ ലഹളയുണ്ടാക്കുന്നവർക്കെതിരെ കരുതൽ തടങ്കൽ നിയമവും ഇത്തരം നിയമവിരോധ പ്രവർത്തികളിൽ ഏർപ്പെടുന്നവരെ അടക്കുന്നതിനായി നിയമപരമായ നടപടികളും സ്വീകരിക്കണം.

പോലീസ്, പട്ടാളം, നീതിപീഠം, സർക്കാർ ഓഫീസുകളിൽ മുസ്‌ലിംകൾ ഉൾപ്പെട്ട ന്യൂനപക്ഷ സമുദായങ്ങൾക്ക് അവരുടെ ജനസംഖ്യാനുപാതത്തിൽ സംവരണം ചെയ്യപ്പെടണം.

വർഗീയ ലഹളകളിൽ അകപ്പെട്ട ജനങ്ങൾക്ക് ആവശ്യമായ സഹായങ്ങളും അർഹമായ നിവാരണങ്ങളും നൽകണം!

ലഹളസമയത്ത് കടമയാണ്. ഉത്തരവാദിത്തം മറന്ന് അലസത കാട്ടിയ ആധികാരികൾക്കെതിരെ തക്കനടപടികൾ എടുത്ത് നിയമത്തിനു മുന്നിൽ കൊണ്ടുവരണം.

വിദ്യാലയങ്ങളിൽ മതസൗഹാർദ്ദം പഠിപ്പിക്കാനായി വിദ്യാഭ്യാസ വകുപ്പ് ഏർപ്പാടു ചെയ്യണം.

ചിക്ക്മംഗളൂരിൽ വർഗീയ ലഹളകൾ ക്രൂര താണ്ഡവമാടിയ പ്രദേശങ്ങളിൽ നേരിട്ടുചെന്ന് അവസ്ഥകൾ കണ്ടറിഞ്ഞ ക്രൂരമായ കാഴ്ചകളേയും - ലഹള നടക്കുന്നതിനു തലേന്ന് ഹിന്ദുത്വ- സംഘ്പരിവാർ നേതാവ് ഗോൾവാൾക്കർ, അവിടെ ചെന്നതിനേയും അതിനെ തുടർന്നുണ്ടായ വിപരീതങ്ങളേയും പ്രധാന മന്ത്രി ഇന്ദിരാഗാന്ധിയോട് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി ഇബ്രാം സുലൈമാൻ സേഠ് വിവരിച്ചു.

സാഹചര്യം വന്നില്ലപോലും!

1968 ഫെബ്രുവരിയിൽ പാർലിമെന്റ് സഭാ നടപടികൾ തുടങ്ങിവെച്ച് രാഷ്ട്രപതി ഡോ. സക്കീർ ഹുസൈൻ സംസാരിക്കാൻ എഴുന്നേറ്റപ്പോൾ-

'രാജ്യത്ത് നടക്കുന്ന വർഗീയ കലാപങ്ങളെക്കുറിച്ച് രാഷ്ട്രപതി പ്രതികരിക്കട്ടെ ആവശ്യത്തെപ്പറ്റി മൗലാനാ ഇസ്ഹാഖ് ചമ്പലി നിർബന്ധിച്ചു.

അതിനു മറുപടിയായി സാക്കിർ ഹുസൈൻ പറഞ്ഞ അഭിപ്രായം, സഭയിൽ വലിയ ചർച്ചക്ക് ഹേതുവായി!

രാജ്യത്ത് തുടർന്നു കൊണ്ടിരിക്കുന്ന വർഗീയ കലാപങ്ങളെക്കുറിച്ചും ഈ പ്രശ്നത്തിൽ രാഷ്ട്രപതി ഇടപെടേണ്ട ആവശ്യത്തെക്കുറിച്ചും മൗലാനാ ഇസ്ഹാഖ് ചമ്പലി ഉന്നയിച്ച കാര്യത്തിന് രാഷ്ട്രപതി പറഞ്ഞ മറുപടി-

'അതിന്, ഇത് പറ്റിയ സാഹചര്യമില്ല!' എന്നാണ്.

തുടർന്ന് മൗലാനാ ഇസ്ഹാക്ക് ചമ്പലി, ശ്രീ സർജോപാണ്ടേ, ജെ.എം. ബിശ്വാസ്, എസ്.എം. ബാനർജി, റാം അവതാർ ശാസ്ത്രി, ധരംഷേർ കാംതാ മുതലായ എം.പിമാർ ആവേശത്തോടെ എഴുന്നേറ്റ്-

'ആറുകോടി മുസ്ലിംകളും നശിച്ചതിന് ശേഷമാണോ ഇടപെടേണ്ട സാഹചര്യം വരുന്നത്? എന്ന് ഒറ്റ സ്വരത്തിൽ ചോദിച്ചു!

തുടർന്ന് സംസാരിച്ച മൗലാനാ ഇസ്ഹാക്ക് ചമ്പലി-

'ഇരുപത് വർഷങ്ങൾ ഉരുണ്ടോടിപ്പോയി; ഇനിയും എത്രകാലം കാത്തിരിക്കണം? താങ്കളുടെ സർക്കാർ കലാപങ്ങളെ അടിച്ചമർത്താനായി - തടയാനായി എന്തു നടപടികളാണ് എടുത്തത്? എന്നതിനെക്കുറിച്ച് ദയവു ചെയ്ത് വ്യക്തമാക്കിയാലും'

'അതിനാൽ, കേന്ദ്രസർക്കാർ എപ്പോഴാണ് ഈ കാര്യത്തിൽ ഇടപെടാൻ പോകുന്നത്? എന്ന് രാഷ്ട്രപതി സക്കീർ ഹുസൈനെ നോക്കി ചോദ്യശരങ്ങളെയ്തു.

അലിഗർ മുസ്ലിം യൂണിവേഴ്സിറ്റി ബിരുദദാന ചടങ്ങ് 1968 ഫെബ്രുവരി 10-70 തിയ്യതി നടന്നു. ഈ ചടങ്ങിൽ പ്രധാനാഥിതിയായി പങ്കെടുത്ത് സംസാരിച്ച സ്വാതന്ത്ര്യം സമര സേനാനിയും സോഷ്യലിസ്സമായ ശ്രീ ജയപ്രകാശ് നാരായണൻ പ്രസംഗിച്ചത്.

'ഈ സർവ്വകലാശാലയുടെ സ്ഥാപകൻ, അന്തരിച്ച, ബഹുമാനപ്പെട്ട സർ സയ്യിദ് അഹമ്മദ് ഖാൻ അവർകൾ, സമുദായത്തിനു മേൽ പടർന്നിരുന്ന കാർമേഘത്തെ - കൊടി കെട്ടിപ്പറന്ന ക്രൂരമായ അറിവില്ലായ്മയായ ക്ഷുദ്ര കാരമുള്ളു പോലത്തെ മതിൽക്കെട്ടിനെ തകർത്തു നിലംപരിശാക്കി അറിവിന്റെ വെളിച്ചം പരത്തുന്നതിൽ ആ കാലഘട്ടത്തിൽ എത്രമാത്രം കഠിനപ്രയത്നം ചെയ്തിരുന്നു എന്ന ചരിത്രം നിങ്ങൾക്കാർക്കും അറിയാത്തതല്ല!

അന്നത്തെ ചുറ്റുപാടിൽ അദ്ദേഹം ഏതിനെയൊക്കെ, എന്തൊക്കെ എതിർപ്പുകളെ സഹിക്കേണ്ടിവന്നിരുന്നുവോ ആ നിലയാണ് ഇന്നും സമുദായം നേ

Downloaded from www.gracebooks.in

രിടേണ്ടിവരുന്നത്!

മുഗൾ രാജവംശത്തിന്റെ പതനവും ബ്രിട്ടീഷ് ഭരണവും അതിനാൽ ജനങ്ങൾക്കുണ്ടായ ദുരിതങ്ങളും അടിച്ചമർത്തലുകളും സർ സയ്യിദ് അവർകളുടെ ചിന്തകളെ തീക്കനലുകളാക്കി ആ തീയിൽ ഉരുക്കിയെടുത്ത പത്തരമാറ്റ് തങ്കമാണ് ഈ സർവ്വകലാശാല'!

'സർ സയ്യിദ് അവർകളുടെ ദീർഘ വീക്ഷണവും തന്റേടവും ഓരോ വിദ്യാർത്ഥിയും ആർജ്ജിക്കണം. ഇന്നത്തെ പരീക്ഷണ ചുറ്റുപാടിനേയും പക്വതയേയും വിദ്യാർത്ഥികളും ആർജ്ജിക്കണം.' (ആധാരം നയീദുനിയാ ഉർദു ദിനപത്രം)

ഹിന്ദിയോ ഹിന്ദുസ്ഥാനിയോ?

'ഭരണ ഭാഷയെക്കുറിച്ചു സംസാരിച്ച ധാരാളം സുഹൃത്തുക്കൾ ഗാന്ധിജിയേയും ബന്ധപ്പെടുത്തി സംസാരിച്ചു. ഗാന്ധിജി തന്റെ അന്ത്യകാലത്ത് എന്തു പറഞ്ഞുവോ അത് വളരെ പ്രധാനപ്പെട്ടതാണ്'

ഇന്ത്യയുടെ ഭരണഭാഷയായി ഹിന്ദി വേണമെന്ന് അദ്ദേഹം പറഞ്ഞില്ല, അദ്ദേഹം പറഞ്ഞത്:

'ഇന്ത്യയുടെ ഭരണ ഭാഷയായി രണ്ടുതരം 'ലിപി'കളിലും അതായത്, ദേവനാഗരിയും ഉർദു ഭാഷയുടെ അക്ഷരവടിവുങ്ങളിലും എഴുതാവുന്ന ഉർദു ഭാഷയുടെ കലർപ്പുള്ള 'ഹിന്ദുസ്ഥാനിയേ ദേശീയ ഭാഷയായിരിക്കണം' എന്നതാണ്!

ഇതാണ് ഗാന്ധിജി തുടരെ പറഞ്ഞുകൊണ്ടിരുന്നത്

ഭരണ ഭാഷാ പ്രസ്നത്തെക്കുറിച്ച് വിവാദിക്കുന്ന സമയത്ത് ഇതിനെക്കുറിച്ച് ചിന്തിക്കട്ടെ എന്നതിനായി ഈ അഭിപ്രായത്തെ ഞാൻ പാർലിമെന്റിൽ പറഞ്ഞിരുന്നു. എന്നാൽ, ആ സമയത്ത് ഗാന്ധിജിയുടെ ഈ അഭിപ്രായത്തെ ആരും അംഗീകരിച്ചില്ല. എതിർക്കുകയാണ് ചെയ്തത്!

ഖായിതെ മില്ലത്ത് അവർകൾ 1968 ജനുവരിയിൽ ഭരണ ഭാഷാ നിയമം തിരുത്തൽ ഹർജി' പാർലിമെന്റിൽ സമർപ്പിക്കുമ്പോൾ പറഞ്ഞ കാര്യങ്ങളാണിത്.

ഭരണഭാഷയായി തമിഴ്! 'ഭരണഭാഷയായി താന്താങ്ങളുടെ സ്വന്തം ഭാഷയാണ് വേണ്ടതെന്ന് സുഹൃത്തുക്കളിൽ ചിലർ ഇവിടെ പറഞ്ഞു. അങ്ങനെയാണെങ്കിൽ, നമ്മുടെ നാട്ടിൽ ശ്രേഷ്ഠ ഭാഷയായ, ക്ലാസ്സിക് ഭാഷയായ 'തമിഴ്' ആണ് ഭരണഭാഷയായിരിക്കേണ്ടതെന്ന് ഞാൻ പറഞ്ഞു (കരഘോഷം)

ആ സമയത്ത്, കോൺഗ്രസ്സുകാർ ഭൂരിപക്ഷമുണ്ടായിരുന്ന കാരണത്താൽ ഈ അഭിപ്രായങ്ങൾക്ക് അംഗീകാരം ലഭിച്ചില്ല'

കോൺഗ്രസ്സുകാരിൽ പല അഭിപ്രായങ്ങൾ ഉള്ളവർ ഉണ്ടായിരുന്നു. അതിനാൽ ഒരേയൊരു വോട്ടിന്റെ വ്യത്യാസത്തിലാണ് 'ഹിന്ദി'യെ ഭരണ ഭാഷയായി അംഗീകരിച്ചത്!

ഓംപ്രകാശ് ത്യാഗി ഇടയിൽ കയറി ഹിന്ദിയിൽ 'അല്ല, അദ്ദേഹം കള്ളം പറ

Downloaded from www.gracebooks.in

യുകയാണ്'! എന്നു പറഞ്ഞു.

സേവിയർ (സ്വതന്ത്ര കക്ഷി) ഈ സഭയിൽ, അദ്ദേഹം, മുസ്‌ലിം ലീഗ് പാർട്ടി അദ്ധ്യക്ഷനാണ്. അദ്ദേഹത്തിന്റെ സംസാരം തടസ്സമില്ലാതെ കേൾക്കണം'

ശ്രീകണ്ഠൻ നായർ (എസ്.എസ്.പി) ഈ സഭയിൽ, ബഹുമാന്യനായ ഒരംഗ മാണദ്ദേഹം. അദ്ദേഹം സംസാരിക്കുന്നത് മര്യാദയോടും ശ്രദ്ധയോടും തടസ്സമി ല്ലാതെ കേൾക്കണം!'

കുചേലർ (ഡി.എം.കെ) അദ്ദേഹം സംസാരിക്കുമ്പോൾ ആരും തടസ്സപ്പെടു ത്തുന്നത് ഞങ്ങൾ അനുവദിക്കില്ല.

നായനാർ (മാർക്സിസ്റ്റ്) ആവേശത്തോടെ ഉറച്ച ശബ്ദത്തിൽ: 'അദ്ദേഹം സംസാരിക്കുമ്പോൾ ആരെങ്കിലും തടസ്സപ്പെടുത്തിയാൽ, പിന്നെ ഈ സഭയിൽ ഒരംഗത്തിനും സംസാരിക്കാനാവില്ല.'

സഭാദ്ധ്യക്ഷൻ: അംഗത്തിന് അദ്ദേഹത്തിന്റെ സംസാരം തുടരാം.

ഖായിതെ മില്ലത്ത്: 'പാർലിമെന്റിൽകൂടി ഹിന്ദി ഭാഷ ഭൂരിപക്ഷം പേരും അം ഗീകരിച്ചിട്ടില്ല! എന്ന് ഞാൻ വളരെ ഉറപ്പോടെ പറയുന്നു. പാർട്ടിയോടുള്ള കൂ റുമൂലമാണ് അവർ പുറമേക്ക് ഹിന്ദിയെ അംഗീകരിക്കുന്നത്! ഇതാണ് നടന്ന കാര്യം!

'ചെന്നൈ രാജധാനിയിൽ മുഖ്യമന്ത്രിയായിരുന്ന രാജാജി 1937ൽ ഹിന്ദി നിർബന്ധ പാഠമായി വിദ്യാലയങ്ങളിൽ പഠനഭാഷയാക്കിയപ്പോൾ അതിനെ യെതിർത്തു പോരാട്ടം നടത്തി. പെരിയാർ ഇ.വി. രാമസ്വാമിയുടെ നേതൃത്വത്തി ലാണ് ഈ പോരാട്ടം നടത്തിയത്.

'തമിഴ്നാട്ടിലെ ഇപ്പോഴത്തെ മുഖ്യമന്ത്രി അണ്ണാദുരൈയും അതിൽ പങ്കെ ടുത്തിരുന്നു. 1938ൽ തന്നെ ഈ പോരാട്ടം കാരണം ഏകദേശം രണ്ടായിരം പേർ ജയിലിലായിട്ടുണ്ട്''

1952ൽ രാജാജി വീണ്ടും ചെന്നൈ സംസ്ഥാന മുഖ്യമന്ത്രി ആയ ഉടനെ തുട ർന്നും ഹിന്ദിയെ ഉൾപ്പെടുത്തുവാൻ ശ്രമിച്ചു. അപ്പോഴും ജനങ്ങൾ എതിർത്തു. പോരാട്ടം നടത്തി. ജനങ്ങൾ സമ്മതിക്കില്ലെന്ന് രാജാജി മനസ്സിലാക്കി. ഹിന്ദിയെ കൈയൊഴിഞ്ഞു. നാടിനേക്കാളും പ്രധാനമല്ല ഭാഷ എന്നതിനേയും ഭാഷയ്ക്കായി, നാട്ടിൽ ശത്രുത വളരാൻ പാടില്ല എന്നതിനേയും അദ്ദേഹം, അറി വുള്ളവരായിരുന്നു എന്ന കാരണത്താൽ മനസ്സിലാക്കി.' ഖായിതെ മില്ലത്ത് അവർകൾ പറഞ്ഞു നിർത്തി.

Downloaded from www.gracebooks.in

കേരള സംസ്ഥാന നഗരസഭാ തിരഞ്ഞെടുപ്പ്!

1968 ഏപ്രിൽ മാസം കേരള സംസ്ഥാനത്ത് നടന്ന നഗരസഭാ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് വൻ വിജയം വരിച്ചു.

കേരളത്തിന്റെ പല ഭാഗങ്ങളിലും നടന്ന നഗരസഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ച മുസ്‌ലിം ലീഗ് സ്ഥാനാർത്ഥികൾ 70 പേരിൽ 67 പേർ വിജയിച്ച് ചരിത്രം കുറിച്ചു.

കള്ളിക്കോട്ട: ഇവിടെ നടന്ന തെരഞ്ഞെടുപ്പിൽ പത്തു സ്ഥാനാർത്ഥികൾ വിജയിച്ചു.

തലശ്ശേരി: ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് സ്ഥാനാർത്ഥികളായി മത്സരിച്ച പന്ത്രണ്ടുപേരും വിജയിച്ചു.

അവരിൽ നാലുപേർ എതിരില്ലാതെ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

മുസ്‌ലിം ലീഗുമായി സഖ്യമുണ്ടാക്കിയ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഐക്യമുന്നണി 21 സ്ഥാനങ്ങൾ നേടി.

കണ്ണൂർ: ഈ നഗര സഭയിൽ മുസ്‌ലിം ലീഗ് കൗൺസിലർമാർ തുടർന്നും ഇടം നേടിക്കൊണ്ടിരുന്നു.

ഇപ്പോൾ നടന്ന തെരഞ്ഞെടുപ്പിൽ മത്സരിച്ച മുസ്‌ലിം ലീഗ് മുൻപേ തന്നെ വിജയിച്ച് കൗൺസിലർമാരെ നേടിയിരുന്ന വാർഡുകൾ ഈ തെരഞ്ഞെടുപ്പിൽ കൈപ്പിടിയിലൊതുക്കുക മാത്രമല്ല മേലും 10 പുതിയ വാർഡുകളിൽ മത്സരിച്ച മുസ്‌ലിം ലീഗ് 8 വാർഡുകളിൽ മഹത്തായ വിജയം നേടി എണ്ണം വർദ്ധിപ്പിച്ചു.

കാസർകോട്: ഇവിടെ മുസ്‌ലിംലീഗ് സ്ഥാനാർത്ഥിമാരായി മത്സരിച്ച 8 വാർഡുകളിലും മുസ്‌ലിം ലീഗ് വിജയം വരിച്ചു.

മുസ്‌ലിം ലീഗിന്റെ പിന്തുണയോടെ ഒരു വാർഡിൽ മത്സരിച്ച കമ്യൂണിസ്റ്റ് സ്ഥാനാർത്ഥിയും വിജയിച്ചു.

നെയ്യാറ്റിൻകര: മത്സരിച്ച മൂന്നു വാർഡുകളിലും മുസ്‌ലിംലീഗ് വിജയിച്ചു.

വടകര: വാർഡുകളിൽ മത്സരിച്ച മുസ്‌ലിം ലീഗ് 8ലും വിജയിച്ചു.

പാലക്കാട്: മുസ്‌ലിം ലീഗ് സ്ഥാനാർത്ഥിമാരായി മത്സരിച്ച 5 പേരും മുസ്‌ലിം ലീഗിന്റെ പിന്തുണയോടെ മത്സരിച്ച മറ്റ രണ്ടുപേരും ഉൾപ്പെടെ ഏഴുപേരും വിജയിച്ചു.

മേലും, കോട്ടയം ചങ്ങനാശ്ശേരി, ആറ്റിങ്ങൽ, പറവൂർ, മുവാറ്റുപുഴ, കായംകുളം, തുടങ്ങിയ നഗര സഭകളിൽ മുറപ്രകാരം ഓരോ നഗരസഭയിലും മുസ്‌ലിം ലീഗിന് ഓരോ കൗൺസിലർമാരെ ലഭിച്ചു.

ഷേക്ക് അബ്ദുള്ളയുടെ ജയിൽ ജീവിതം!

കാശ്മീർ സിംഹം ഷേക്ക് മുഹമ്മദ് അബ്ദുള്ളയുടെ ജയിൽ ജീവിതത്തെക്കുറിച്ച് ചില വാർത്തകൾ- മുസ്‌ലിം ലീഗിനെ കഠിനമായി എതിർക്കുന്നയാളും കോൺഗ്രസ്സ് പാർട്ടിയുടെ പ്രബലനായ അംഗവും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ സ്നേഹത്തിനു പാത്രവുമായി തിളങ്ങിയ ഷേക് മുഹമ്മദ് അബ്ദുള്ള തന്റെ ജീവിതകാലത്ത് മൊത്തം 15 വർഷം 7 മാസം 5 ദിവസം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്! അതായത്, അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഓരോ നാലാം ദിവസവും ജയിൽവാസം അനുഭവിക്കേണ്ടിവന്നിട്ടുണ്ട് എന്നറിയാൻ കഴിയുന്നു.

അദ്ദേഹത്തെ ജയിലിലടച്ചു, മോചിപ്പിച്ച വിവരങ്ങൾ ഇവിടെ കുറിക്കുന്നു.

മിസ്റ്റർ ഷേക്ഫീൽഡ് എന്നയാൾ, കാശ്മീർ പ്രധാനമന്ത്രിയായിരുന്നപ്പോൾ 1930 ജൂലായ് 13-ാം തിയ്യതി ആദ്യമായി ഷേക് അബ്ദുള്ള അറസ്റ്റ ചെയ്യപ്പെട്ട് 19 ദിവസം ജയിൽവാസമനുഭവിച്ച് ആഗസ്ത് ഒന്നാം തിയ്യതി മോചിപ്പിക്കപ്പെട്ടു.

പണ്ഡിറ്റ് ഹരികിഷൻ കൗൾ കാശ്മീർ പ്രധാനമന്ത്രിയായിരുന്നപ്പോൾ 1931 സെപ്തംബർ 21-ാം തിയ്യതി അറസ്റ്റു ചെയ്യപ്പെട്ട് 13 ദിവസം ജയിലിലടച്ച് ഒക്ടോബർ 13-ാം തിയ്യതി മോചിപ്പിച്ചു.

അടുത്ത് 1932 ജനുവരി 23-ാം തിയ്യതിയും ഷേക് അബ്ദുള്ള അറസ്റ്റ ചെയ്യപ്പെട്ട് നാലുമാസവും 13 ദിവസവും ജയിൽ വാസമനുഷ്ഠിച്ചു.

കേണൽ കൗലേന പ്രധാനമന്ത്രിയായിരുന്നപ്പോൾ 1933 മെയ് 21-ാം തിയ്യതി അറസ്റ്റ് ചെയ്യപ്പെട്ട ഷേക് അബ്ദുള്ള രണ്ടുമാസവും പതിനെട്ട് ദിവസവും ജയിൽവാസമനുഭവിച്ച് 1933 ആഗസ്ത് 7-ാം തിയ്യതി മോചിതനായി.

സർ ഗോപാൽ സ്വാമി അയ്യങ്കാർ പ്രധാനമന്ത്രിയായിരുന്നപ്പോൾ 1938 ആഗസ്ത് മാസം അറസ്റ്റു ചെയ്യപ്പെട്ട ഷേക് സാഹിബ് ആറുമാസത്തെ ജയിൽ വാസത്തിനു ശേഷം 1939 ഫെബ്രുവരി 28ന് മോചിതനായി.

പണ്ഡിറ്റ് രാമചന്ദ്രയുടെ കാലത്ത് 1946 മെയ് 20-ാം തിയ്യതി അറസ്റ്റുചെയ്യപ്പെട്ട് ഒരുവർഷവും നാലുമാസവും പതിനൊന്നു ദിവസവും ജയിലിലടച്ചു. 1947

Downloaded from www.gracebooks.in

സപ്തംബർ 29-ാം തിയ്യതി മോചിപ്പിച്ചു.

ഭക്ഷി ഗുലാം മുഹമ്മദിന്റെ ഭരണകാലത്ത് 1953 ആഗസ്ത് 9-ാം തിയ്യതി അറസ്റ്റു ചെയ്യപ്പെട്ട ഷേക് സാഹിബ് അഞ്ചു വർഷവും നാലു മാസവും 29 ദിവസവും ജയിൽവാസമനുഷ്ഠിച്ചു.

1959 ഏപ്രിൽ 29ന് വീണ്ടും അറസ്റ്റു ചെയ്യപ്പെട്ട് അഞ്ചു വർഷവും പതിനൊന്നു മാസവും ഒൻപതു ദിവസവും ജയിലിലടച്ച് 1964ൽ മോചിപ്പിച്ചു.

ഇന്ത്യാ ഗവൺമെന്റിന്റെ ഉത്തരവു പ്രകാരം 1965 മെയ് 5-ാം തിയ്യതി ഷെയ്ക് സാഹിബിനെ അറസ്റ്റു ചെയ്ത് രണ്ടു വർഷവും ഒൻപതു മാസവും ഇരുപത്തൊന്നു ദിവസവും ജയിലിലടച്ച് 1968 ജനുവരി 2ന് മോചിപ്പിച്ചു.

കാശ്മീരിനു വെളിയിൽ ഇന്ത്യാ ഗവൺമെന്റിന്റെ ഉത്തരവു പ്രകാരം ഷെയ്ക് അബ്ദുള്ള അറസ്റ്റു ചെയ്യപ്പെട്ട് ജയിൽവാസം അനുഷ്ഠിച്ചത് ഇത് ആദ്യമായാണ്.

കറുത്ത ചിഹ്നം ധരിച്ച് പെരുന്നാൾ നമസ്കാരം!

പുണ്യ റംസാൻ മാസത്തിൽ, മുസ്‌ലിംകൾ നോമ്പു നോറ്റിരിക്കുന്ന പ്രധാനപ്പെട്ട സന്ദർഭത്തിൽ ഭഗൽപൂരിൽ മുസ്‌ലിംകൾക്കെതിരായി ഭയങ്കരമായ മതവർഗീയ കലാപത്തെ, യാതൊരു വിധ പ്രകോപനവും ഇല്ലാതെ, വേണമെന്നുവെച്ചിട്ടുതന്നെ തുടങ്ങിയിട്ട് മുസ്‌ലിംകളെ കാര്യകാരണങ്ങളൊന്നുമില്ലാതെ അക്രമിക്കുകയും കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തു. സമൂഹ വിരോധികളുടെ ക്രൂരത ഖണ്ഡിക്കുന്ന വിധത്തിൽ ഭഗൽപൂർ മുസ്‌ലിംകൾ ഈദുൽ ഫിത്വർ-റംസാൻ പെരുന്നാൾ കറുത്ത ബാഡ്ജ് ധരിച്ചു കൊണ്ടാടി!

സ്ഥലത്തെ മുസ്‌ലിം ലീഗ് യുവാക്കൾ കറുത്ത ബാഡ്ജുകൾ ധാരാളം തയ്യാറാക്കിയിരുന്നു. ഈ അവസ്ഥയിൽ, മുസ്‌ലിംകളുടെ വേദനയിലും ദുഖത്തിലും പങ്കുകൊള്ളുവാനായി ജില്ലാ കലക്ടറും പോലീസ് സൂപ്രണ്ടും മറ്റു ചില ഉദ്യോഗസ്ഥരും ഈദുഗാഹിൽ വന്ന് മുസ്‌ലിം ലീഗ് യുവാക്കളിൽ നിന്നും കറുത്ത ബാഡ്ജ് ആവശ്യപ്പെട്ടു വാങ്ങി തങ്ങളുടെ ഷർട്ടിൽ ധരിച്ചു.

പെരുന്നാൾ നമസ്കാരത്തിന് വന്ന എല്ലാ മുസ്‌ലിംകളും കറുത്ത ബാഡ്ജ് ധരിച്ചിരുന്നു.

കാറപകടത്തിൽ ഖായിതെ മില്ലത്ത്

26-1-1968 ഇന്ത്യൻ റിപ്പബ്ലിക് ദിനമായ അന്നു രാത്രി ഏകദേശം ഒമ്പതര മണിക്ക് ചെന്നൈ നഗരസഭാ മുസ്‌ലിം ലീഗ് അംഗം ജനാബ് ഹാജി സിലാർ മിയാൻ അവർകളുടെ കാറിൽ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് അവർകൾ വീട്ടിലേക്കു പോയിക്കൊണ്ടിരിക്കുമ്പോൾ എതിരെ വന്ന മിലിട്ടറി ട്രക്കിൽ ചെന്നിടിച്ചതിനാൽ കാറിന്റെ ഡോർ തകർന്ന് ഖായിതെ മില്ലത്ത് അവർകൾ പുറത്തേക്ക് തെറിച്ചുവീണു. വാർദ്ധക്യത്തിലും വിശ്രമമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരുന്ന ഖായിതെ മില്ലത്ത് അവർകൾ ആഘാതത്തിൽ ബോധരഹിതനായി.

Downloaded from www.gracebooks.in

ഉടനെ പിടഞ്ഞെഴുന്നറ്റ സിലാർ മിയാൻ, തനിക്കേർപ്പെട്ട പരിക്ക് വകവയ്ക്കാതെ ഖായിതെ മില്ലത്ത് അവർകളെ വാരിയെടുത്ത് ടാക്സിയിൽ കയറ്റിക്കൊണ്ട് അടുത്തുള്ള റായ്പേട്ട ആശുപത്രിയിലേക്കു കൊണ്ടുപോയി.

ഖായിതെ മില്ലത്ത് അവർകൾക്ക് താടിയിലും മുഴംകാലിലും കനത്ത പരിക്കേറ്റിരുന്നു. ശരീരത്ത് ചില ഭാഗങ്ങളിൽ ചതവും പറ്റിയിരുന്നു. സിലാർ മിയാന് നെഞ്ചിൽ കനത്ത ഇടിയും ചില്ലറ മുറിവുകളും പറ്റിയിരുന്നു.

അല്ലാഹുവിന്റെ കൃപയാൽ ആശുപത്രിയിൽ അഡ്മിറ്റ ചെയ്യപ്പെട്ട സിലാർമിയാൻ എം.സി. സുഖം പ്രാപിച്ച് 29-1-1968ൽ ഡിസ്ചാർജ്ജായി

ഖായിതെ മില്ലത്ത് അവർകൾ പൂർണ്ണ സുഖം പ്രാപിച്ച് 31-1-1968ന് ഡിസ്ചാർജ്ജായി വീട്ടിലേക്ക് പോയി.

അപകട വാർത്തയറിഞ്ഞപ്പോൾ രാജ്യത്തിന്റെ നാനാ ഭാഗത്തുനിന്നും ജനങ്ങൾ, നേതാക്കന്മാർ, ഒക്കെ ചെന്നൈയിലേക്കു കുതിച്ചു. സുഖപ്രാപ്തിക്കായി പ്രാർത്ഥനകൾ നടത്തി.

ഒരുമയെ തകർക്കാൻ!

മീററ്റിൽ നടന്ന വർഗീയ ലഹളയെക്കുറിച്ച്, മീററ്റിൽ നടന്ന പൊതുയോഗത്തിൽ കാശ്മീർ സിംഹം ഷേക്ക് അബ്ദുള്ള രത്നച്ചുരുക്കമായി സംസാരിച്ചത്:

'മീററ്റ് സംഭവം വേദനാജനകമാണ്. എങ്കിലും ഇത് പുതിയതല്ല; ഇതിനു പിന്നിൽ ഭയങ്കരമായ പദ്ധതികൾ ഉണ്ട്.' 'ലഹളയ്ക്ക് ഞാൻ ഒരു ലക്ഷ്യമല്ല. എന്റെ വരവ് തടയുക എന്നത് സാധാരണ കാര്യമാണ്. എന്നാൽ, ഇവിടെ (മീററ്റിൽ) ലഹളയുണ്ടാക്കിയവർ, മുസ്ലിംകൾ ഒരുമിക്കുന്നതിനെ, ഒരിടത്ത് ഒത്തുചേരുന്നതിനെ ഇഷ്ടപ്പെടാത്തവരാണ്. മുസ്ലിംകളെ പിളർക്കുകയും ഛിന്നഭിന്നമാക്കുകയുമാണ് അവരുടെ ലക്ഷ്യം!

'ഷേയ്ക്ക് അബ്ദുള്ളയുടെ ഇവിടെയുള്ള വരവു മൂലം മുസ്ലിംകൾ വീണ്ടും ഒരുമിച്ചു ചേരുമെന്നവർ കരുതുന്നു! മുസ്ലിംകളെ പരിഭ്രാന്തരായും നിയന്ത്രണം വിട്ട് ചിതറിയും പരസ്പരം ആക്രമിച്ച് തങ്ങളെ തങ്ങൾ തന്നെ ഇല്ലാതാക്കണമെന്നുമാണ് അവർ ആഗ്രഹിക്കുന്നത്.

അവരുടെ ഈ ശ്രമത്തെ എങ്ങനെ തകർക്കണമെന്നതിനെക്കുറിച്ചുള്ള ചോദ്യചിഹ്നമാണ് ഇപ്പോൾ നമ്മൾക്കു മുന്നിലുള്ളത്. ഇതിന് പരിഹാരം കാണുക എന്നത് അത്ര പ്രയാസമല്ല. നമ്മൾ ഒരുമിച്ചു നിൽക്കുകയാണ് അതിനുള്ള ഏക പോംവഴി!

എന്ന് ഷെയ്ക്ക് അബ്ദുള്ള എല്ലാ മുസ്ലിംകളോടും അഭ്യർത്ഥിച്ചു.

'കോളേജിൽ പഠിക്കാത്തയാൾ വിദ്യാഭ്യാസ മന്ത്രിയോ?' എന്ന് കേരള വിദ്യാഭ്യാസ വകുപ്പ് മന്ത്രി സി.എച്ച്. മുഹമ്മദ്കോയയെ പരിഹസിച്ച് വായാടിത്തം നടത്തുന്ന കോൺഗ്രസ്സ്കാർക്ക് ചാട്ടയടിയായി മറുപടികൊടുക്കുവാൻ മുന്നോട്ടുവന്ന കേരള എസ്.എസ്.പി (സംയുക്ത സോഷ്യലിസ്റ്റ് പാർട്ടി) നേതാവ് ശ്രീ അരങ്ങിൽ ശ്രീധരൻ ഒരു പൊതുയോഗത്തിൽ പറഞ്ഞത്:

Downloaded from www.gracebooks.in

ഓക്സ്ഫോർഡിൽ പഠിക്കാൻ ചെന്നപ്പോൾ ആദ്യ വർഷം തന്നെ പരീക്ഷയിൽ തോറ്റ ആദ്യത്തെ ഇന്ത്യൻ സ്ത്രീ എന്ന അപൂർവ ബഹുമതി നേടിയ ഇന്ദിരാഗാന്ധിക്ക് ഇന്ത്യൻ പ്രധാനമന്ത്രിയാവാമെങ്കിൽ ജനാബ് സി.എച്ച്. മുഹമ്മദ്കോയക്ക് എന്തുകൊണ്ട് വിദ്യാഭ്യാസ മന്ത്രിയായിക്കൂടാ?

'ഓക്സ്ഫോർഡ് പരീക്ഷയിൽ തോറ്റതിനാൽ സ്വിറ്റ്സർലാന്റ് കോളേജിൽ കൂടി സീറ്റ് നിഷേധിച്ചു!

എന്തിന് കോൺഗ്രസ്സുകാർ തലയിലേറ്റി കൊണ്ടുനടന്ന കാമരാജ് ഏതു കോളേജിൽ പഠിച്ചിട്ടാണ് ബിരുദമെടുത്തത്? അദ്ദേഹത്തിന് തമിഴ്നാട്ടിൽ മുഖ്യമന്ത്രിയാകാമെങ്കിൽ എന്തുകൊണ്ട് സി.എച്ച് സാഹിബിന് മന്ത്രിയായിക്കൂടാ'

എന്ന് തുടരെ ചോദ്യശരങ്ങളെയ്ത് അവരുടെ വായടപ്പിച്ചു.

കേരള വിദ്യാഭ്യാസ മന്ത്രിയുടെ ചരിത്ര ദൗത്യം!

കേരളത്തിൽ വിദ്യാഭ്യാസ മന്ത്രിയായി ജനാബ് സി.എച്ച്. മുഹമ്മദ് കോയ പദവി ഏറ്റെടുക്കുമ്പോൾ തീർപ്പു കൽപിക്കാതെ മുടങ്ങിക്കിടക്കുന്നത് 46920 ഫയലുകളാണ്. ഇവയിൽ 43238 ഫയലുകൾ തീർപ്പു കൽപിച്ചു. കഴിഞ്ഞ ഒരു വർഷത്തിൽ വിദ്യാഭ്യാസ വകുപ്പിലേക്കു വന്ന 23, 558 ഫയലുകളിൽ 67,077 ഫയലുകൾ പരിഹാരം കണ്ടു.

മുഴുവൻ ഫയലുകൾക്കും പരിഹാരം കാണാൻ ചില നിയമ തടസ്സങ്ങളും കോടതി വ്യവഹാരങ്ങളും മറ്റുമാണ് കാരണം! ഇവയ്ക്കൊന്നും വെട്ടൊന്ന് തുണ്ടം രണ്ട് എന്ന മുറയിൽ പരിഹാരം കാണാനാവില്ല. ഇത്തരമൊരവസ്ഥ ഇതിനു മുൻപ് ഉണ്ടായിട്ടുമില്ല.'

കേരള നിയമസഭയിൽ ചോദ്യോത്തര വേളയിൽ വിദ്യാഭ്യാസ മന്ത്രി സി.എച്ച്. മുഹമ്മദ് കോയ ഇങ്ങനെ വ്യക്തമാക്കി. അതും ഇത്രയുമധികം ഫയലുകൾ കുന്നുകൂടിക്കിടക്കുന്ന വകുപ്പ് വേറെയേതും ഇല്ലതന്നെ.'

ഭരണത്തിന്റെ പിന്തുണയോടെയും അധികാര ബലത്തോടും കോൺഗ്രസ്സ് പാർട്ടി നടത്തിയ സമ്മേളനങ്ങളേയും- ചെങ്കോൽ നടത്തുന്ന ചെങ്കൊടി സഖാക്കളുടെ പ്രബല സമ്മേളനങ്ങളേയും സംയുക്ത സോഷ്യലിസ്റ്റുകളുടെ സമ്മേളനങ്ങളേയും പി.എസ്.പി. പ്രജാ സോഷ്യലിസ്റ്റുകളുടെ ബ്രഹ്മാണ്ഡമായ സമ്മേളനങ്ങളെയും കണ്ടു മതിമറന്നിരുന്ന കേരളം!

1968 ഫെബ്രുവരി മാസം 24,25 തിയ്യതികളിൽ നടന്ന കേരള സംസ്ഥാന മുസ്‌ലിം ലീഗിന്റെ സംസ്ഥാന സമ്മേളനം, ഇതുവരെ കേരളം കണ്ടതിൽ പുതുമയും മുസ്‌ലിം സമുദായത്തിന്റെ അദ്ധ്വാനത്തിനും ദൃഢതയ്ക്കും പ്രധാന എടുത്തുകാട്ടലായി മാറി.

പൊന്നാനി ഷെയ്ക്ക് സയ്യിദ് മക്ദൂം തങ്ങളുടെ ആത്മീയ ബലവും സ്വാതന്ത്ര്യ വീരൻ കുഞ്ഞാലി മരക്കാരുടെ നിശ്ചയദാർഢ്യവും മലപ്പുറം വീര ശുഹദാക്കളുടെ ത്യാഗവും വർത്തെടുത്ത ദൃഢ നിശ്ചയം അകലാത്ത കേരള മുസ്‌ലിംകൾ

Downloaded from www.gracebooks.in

പുതിയൊരു ചരിത്രം എഴുതിച്ചേർത്തു.

സമ്മേളനത്തിൽ കടൽപോലെ ഇളകിവന്ന ജനങ്ങളെക്കുറിച്ച് പത്രങ്ങൾ (പത്തുലക്ഷം ജനങ്ങൾ പങ്കെടുത്തെന്ന്) എഴുതി.

1978 ഫെബ്രുവരി 24-ാം തിയ്യതി പകൽ 11 മണിക്ക് കോഴിക്കോട് തീവണ്ടിയാപ്പീസിൽ വന്നിറങ്ങിയ ഖായിതെ മില്ലത്ത് അവർകളെ കേരള സംസ്ഥാന അദ്ധ്യക്ഷൻ അബ്ദുറഹ്മാൻ ബാഫഖി തങ്ങൾ മാലയിട്ടു വരവേറ്റു. ലക്ഷോപലക്ഷം ജനങ്ങൾ പങ്കെടുത്ത സമ്മേളനം രാത്രി 1.30നാണ് അവസാനിച്ചത്.

Downloaded from www.gracebooks.in

കച്ച ദ്വീപിനെക്കുറിച്ച്
ഖായിതെ മില്ലത്ത്

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ബഹുമാനപ്പെട്ട ഖായിതെ മില്ലത്ത് ജനാബ് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾ കച്ച ദ്വീപിനെ സംബന്ധിച്ച് പത്രങ്ങൾക്ക് കൊടുത്ത വാർത്തയിൽ പറഞ്ഞത്.

തമിഴ്നാട്ടിലെ ധനുഷ്കോടി മുനമ്പിനും ശ്രീലങ്കയിലെ യാഴ്പ്പാണത്തിനും ഇടയിൽ പാക് ജലസന്ധിയിൽ ഉള്ള കച്ച ദ്വീപിനെ ശ്രീലങ്ക ആക്രമിച്ചോ അല്ലെങ്കിൽ, അക്രമിക്കുന്ന ശ്രമത്തിലോ ഏർപ്പെട്ടിട്ടുണ്ടെന്നും പറയപ്പെടുന്നു. ഇക്കാര്യം ചില ദിവസങ്ങൾക്കു മുൻപ് പത്രങ്ങളിൽ വന്നതാണ്. ഇതിനെക്കുറിച്ച് ഇന്ത്യൻ ഗവൺമെന്റ് തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുമ്പോൾ അവസ്ഥയെക്കുറിച്ച് അന്വേഷിച്ചുവരാൻ അപ്പോൾ പറഞ്ഞു. എന്നാൽ പ്രശ്നം ഇന്ന് വളർന്നിരിക്കുകയാണ്.

കുറച്ചു മാസങ്ങൾക്കു ശേഷം ഇപ്പോഴും കൂടി കച്ച ദ്വീപിനെക്കുറിച്ചു പ്രശ്നത്തിലെ വാർത്തകൾ ശ്രീലങ്കയിലുള്ള ഇന്ത്യൻ ഹൈക്കമ്മീഷണരിൽ നിന്നും പ്രതീക്ഷിച്ചിരിക്കുന്നതായി ഇന്ത്യൻ ഗവൺമെന്റ് പറയുന്നു.

ഇന്ത്യയുടെ വടക്കു കിഴക്കൻ അതിർത്തിയിൽ നമ്മുടെ രാജ്യത്തെ ആക്രമിച്ചപ്പോൾ തിളച്ചുമറിഞ്ഞ ജനങ്ങളോടും അവരുടെ പ്രതിനിധികളോടും ഇന്ത്യൻ സർക്കാർ സംസാരിക്കുമ്പോൾ ചൈനക്കാർ ആഗ്രഹിച്ച സ്ഥലമാണ്. ഒരു പുല്ലുപോലും മുളയ്ക്കാത്ത സ്ഥലം എന്ന് പ്രത്യേകിച്ചുപറയും. അങ്ങനെതന്നെയാണ് കച്ച ദ്വീപു സംബന്ധമായ വിഷയത്തിലും ജനങ്ങൾക്കു താമസിക്കാൻ പറ്റാത്ത സ്ഥലം എന്നു പറയുന്നത്.

എന്നാൽ ഇതിന്റെ യാഥാർത്ഥ്യം തികച്ചും വ്യത്യസ്ഥമാണ്. തമിഴ്നാടിനടുത്തും ശ്രീലങ്കൻ അതിർത്തിക്ക് വളരെ അകലെയും ആയാണ് ഈ കുഞ്ഞു ദ്വീ

പുള്ളത്. ഈ ദ്വീപിനെക്കുറിച്ച് ജനങ്ങൾ അറിഞ്ഞ കാലം മുതൽ ഇത്, രാമനാഥപുരം മഹാരാജാവിന്റെ അധികാരത്തിൽ കീഴിലായിരുന്നു.

ജമീന്ദാരി കൂടിയൊഴിപ്പിക്കൽ നിയമം നിലവിൽ വന്നപ്പോൾ, ഈ ദ്വീപും രാമനാഥപുരം മഹാരാജാവിന്റെ ഭരണത്തിൻ കീഴിലുള്ള മറ്റു സ്ഥലങ്ങളും തമിഴ്നാടിന്റെ അതായത് ഇന്ത്യയുടെ ഭരണത്തിൻ കീഴിൽ വന്നു.

ധനുഷ്കോടി മുനമ്പിലും അതിനു ചുറ്റുമുള്ള നൂറു മൈൽ ചുറ്റളവിലും ഉള്ള ഇന്ത്യൻ മത്സ്യതൊഴിലാളികൾ കച്ച ദ്വീപിനെ തങ്ങളുടെ വാസസ്ഥലമാക്കുകയും തങ്ങളുടെ മത്സ്യബന്ധനത്തൊഴിലിന് ഒഴിച്ചുകൂടാൻ പറ്റാത്ത പ്രധാനപ്പെട്ട, സ്ഥലമായും പ്രയോജനപ്പെടുത്തിവന്നു.

ശ്രീലങ്കൻ ജനങ്ങളും ഇന്ത്യക്കാരും ദ്വീപിനെ ഉപയോഗിക്കുന്നതിന് രാമനാഥപുരം രാജാവിന് ചെറിയൊരു തുക കപ്പമായോ വാടകയായോ നൽകും.

കച്ച ദ്വീപ് ഇന്ത്യയിലേതാണെന്നതിന് ഇതുതന്നെ മതിയായ തെളിവാണ്.

അതിനാൽ ഇന്ത്യയ്ക്ക് സ്വന്തമായ ഈ ദ്വീപു വിഷയത്തിൽ ഇന്ത്യാ ഗവൺമെന്റ് ഉചിതമായ തീരുമാനമെടുത്ത് ദ്വീപിനെ രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Downloaded from www.gracebooks.in

ഗവൺമെന്റിന്റെ നിസ്സഹകരണം! ബനാത്ത് വാലയുടെ പ്രതിഷേധം

മഹാരാഷ്ട്ര സംസ്ഥാനത്തെ മുസ്‌ലിംകൾ സംരക്ഷണില്ലാത്ത അവസ്ഥയിലാണുള്ളത്. അവർക്ക് വേണ്ട സംരക്ഷണം നൽകി തങ്ങൾ സുരക്ഷിതരാണെന്ന ബോധം ഏർപ്പെടുത്തേണ്ട സർക്കാർ കാണിക്കുന്ന നിസ്സഹകരണം വേദനാജനകമാണ്. പ്രതിഷേധകരവും ആണ്. മഹാരാഷ്ട്ര സംസ്ഥാന ബജറ്റവതരണ സമയത്ത് മഹാരാഷ്ട്ര സംസ്ഥാന മുസ്‌ലിം ലീഗിന്റെ ജനറൽ സെക്രട്ടറിയും എം.എൽ.എയുമായ മുജാഹിദെ മില്ലത്ത് ജനാബ് ഗുലാം മുഹമ്മദ് ബനാത്ത് വാല സംസാരിച്ചത് മുകളിൽ കണ്ടത്.

ഭരണാധികാരികളുടെ കണക്കു പ്രകാരം മമൈഗാവിൽ നടന്ന വർഗീയ കലാപത്തിൽ പതിനഞ്ചു ലക്ഷത്തി അറുപത്തി ഏഴായിരം രൂപയും അഹമ്മദ് നഗർ കലാപത്തിൽ ഒരുലക്ഷത്തി ഇരുപതിനായിരം രൂപയും പാർസിയിൽ മുപ്പതിനായിരം രൂപയം ഷോലാപൂരിൽ പതിനയ്യായിരത്തി നാന്നൂറ് രൂപയുടെയും ധനനഷ്ടം സംഭവിച്ചതായി അറിയിച്ചിട്ടുണ്ട്!

ഇത്രയ്ക്കും നാശനഷ്ടം സംഭവിച്ചിട്ടുപോലും ഭരണാധികാരികൾ ആ ജനങ്ങൾക്കു വേണ്ടി ഒരു സഹായവും നൽകാൻ മുന്നോട്ടുവന്നില്ല.

സംസ്ഥാനത്ത് ഏതൊരു ഭാഗത്തും ചുഴലിക്കാറ്റും ഭൂകമ്പവും ഉണ്ടായാലും അവിടെയൊക്കെ ഓടിച്ചെന്ന് നിവാരണ ജോലികൾക്ക് നേതൃത്വം നൽകുന്ന സർക്കാർ, വർഗീയ കലാപം മൂലം തകർന്നുനിൽക്കുന്ന ജനങ്ങൾക്ക് സഹായം നൽകുന്നതിൽ മാത്രം ഇങ്ങനെ നിഷ്ക്രിയത്വം പാലിക്കുന്നത് എന്തിനാണ്?

രാജ്യദ്രോഹികളുടെ ഭ്രാന്തിൽ ബാധിക്കപ്പെട്ട ജനങ്ങളുടെ ജീവന്റെ നന്മയെ കരുതി അവർക്ക് ധനസഹായം നൽകി സഹായിക്കാൻ സർക്കാർ മുന്നോട്ടു വരണം.' ബനാത് വാല അഭ്യർത്ഥിച്ചു.

ഉദ്യോഗവകുപ്പിൽ മുസ്‌ലിംകൾക്ക് അനീതി!

തമിഴ്നാട് നിയമസഭയിൽ 1968- 69 വർഷങ്ങൾക്കുള്ള ബജറ്റവതരണ വേളയിൽ മുസ്‌ലിം ലീഗ് എം.എൽ.എ എം. എം. പീർ മുഹമ്മദ്, ഉദ്യോഗ വകുപ്പുകളിൽ മുസ്‌ലിംകളുടെ പരിതാപകരാവസ്ഥയെ സർക്കാരിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നുകൊണ്ടുള്ള പ്രസംഗത്തിന്റെ പ്രസക്ത ഭാഗം:

പോലീസ് സ്റ്റേഷനിലും മറ്റു ഓഫീസുകളിലും മുസ്‌ലിം ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം ചില പ്രശ്നങ്ങൾ ഉണ്ട്: കഴിഞ്ഞ ഗവൺമെന്റിനെ കുറ്റപ്പെടുത്തിക്കൊണ്ടു പറയുന്നതല്ല ഞാൻ. ഞങ്ങൾ മുസ്‌ലിംകളായതിന്റെ അടിസ്ഥാനത്തിൽ, ഞങ്ങളുടെ സമുദായക്കാരായ പല ഉദ്യോഗസ്ഥർക്കും സീനിയോരിറ്റിയും അർഹതയും ഉണ്ടായിട്ടുകൂടി അവർക്ക് ഉദ്യോഗക്കയറ്റം തുടരെ തടഞ്ഞുകൊണ്ടിരിക്കുകയാണ്. താങ്കൾ മുഖ്യമന്ത്രിയായിതിനു ശേഷവും ഇതിനൊരു മാറ്റവും കാണുന്നില്ല.

അതിനാൽ, പുതിയ ഗവൺമെന്റ്, ഞങ്ങളുടെ സമുദായത്തിൽ മേൽവച്ചിട്ടുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുകയല്ല. നീതിയുടെയും ന്യായത്തിൻരെയും അടിസ്ഥാനത്തിൽ ആവശ്യപ്പെടുകയാണ്. സീനിയോരിറ്റിയും അർഹതയും ഉള്ള മുസ്‌ലിം ഉദ്യോഗസ്ഥന്മാർക്ക് ഉദ്യോഗക്കയറ്റം നൽകാത്തതെന്തുകൊണ്ടെന്നന്വേഷിക്കാൻ ഒരു കമ്മീഷനെ നിയമിച്ച് ഒരു തീരുമാനമെടുക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

പ്രധാനമന്ത്രി ഇന്ദിരയുടെ സാക്ഷിപത്രം!

ഇന്ത്യയിൽ ഉർദു ഭാഷയോട് നീതികാട്ടിയില്ല' എന്ന് പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി 'ഉർദു'വില്ലയുടെ തറക്കല്ലിടൽ സമയത്ത് പറഞ്ഞു.

നിർഭാഗ്യവശാൽ ഉർദു പോലത്തെ മധുര ഭാഷ രാഷ്ട്രീയ വർഗീയ ചുറ്റുപാടിൽ

കരുങ്ങിപ്പോയി. ഉർദു ഭാഷയ്ക്ക് സംഭവിച്ച നഷ്ടം, ഈ രാജ്യത്തിനേർപ്പെട്ട വൻ നഷ്ടമാണെന്ന് അംഗീകരിക്കുന്നു.

ഉർദു ജീവനുള്ള ഭാഷയാണ്; ഉന്നത ഭാഷയാണെന്ന കാര്യം ആരും നിഷേധിക്കുന്നില്ല. നമ്മുടെ നാട്ടിലെ സംസ്കാരത്തിൽ ഉർദു ഭാഷ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്.

ഒരു കാലത്ത്, ഉർദുവിന്റെ ഉറവിടമായി തിളങ്ങിയതാണ് തലസ്ഥാനമായ ന്യൂഡൽഹി, എന്നാൽ തന്റെ സ്വന്തം ഗൃഹത്തിൽ നിന്നുതന്നെ ഇന്ന് ഉർദു ഭാഷ പുറംതള്ളപ്പെട്ടത് കാണുമ്പോൾ വേദന തോന്നുന്നു. അതായത് ഉർദു ഭാഷ മാത്രമല്ല പുറംതള്ളപ്പെട്ടത്. ഡൽഹിയുടെ സംസ്കാരം തന്നെയാണ് പുറംതള്ളപ്പെട്ടത്. എന്ന് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പറഞ്ഞു.

അഖിലേന്ത്യാ അൻജുമനെ തരക്കിയ ഉർദു സ്ഥാപനത്തിന്റെ ഹെഡ് ഓഫീസ് ഉർദുഹൗസ് എന്ന പേരിൽ ഡൽഹിയിൽ നിർമ്മിക്കാനിരിക്കുകയാണ്. ഈ ചടങ്ങിലാണ് സാക്ഷ്യപത്രം നൽകിയത്.!

ലോക്സഭയിൽ സുലൈമാൻ സേഠ്!

രാജ്യത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന വർഗീയ ലഹളകൾ മൃഗീയതയിലേക്ക് കടന്നിരിക്കുകയാണ്. ഈ കലാപങ്ങളിലെല്ലാം ന്യൂനപക്ഷ മുസ്‌ലിംകൾ മാത്രമാണ് ഇരകളായിട്ടുള്ളത്! അഭ്യന്തര മന്ത്രി ചവാൻ 8.3.1968ൽ സഭയിൽ ഇതിനെക്കുറിച്ച് സംസാരിച്ചിട്ടുണ്ട്.

'പെട്ടെന്നു പൊട്ടിപ്പുറപ്പെട്ട ഓരോ കലാപങ്ങളിലും അവ വെവ്വേറെ സ്ഥലങ്ങളിൽ നടന്നാൽ പോലും ആ കലാപങ്ങളിൽ മുഴുവൻ മൈനോരിറ്റി സമൂഹമാണ് ഇരകളാകുന്നത്.'

വീണ്ടും വീണ്ടും തുടർന്നുകൊണ്ടിരിക്കുന്ന കലാപങ്ങൾ അടിച്ചമർത്തുന്നതിന് ഈ ഗവൺമെന്റ് എന്തു നടപടികളാണ് എടുത്തിരിക്കുന്നത്?

കലാപകാരികൾ ആരായിരുന്നാലും അവർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ?

കലാപങ്ങൾക്കിരയായി സർവ്വതും നഷ്ടപ്പെട്ടവർക്ക് പുനരുജ്ജീവനത്തിനു വേണ്ടി ഈ ഗവൺമെന്റ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

വർഗീയ വികാരവും, രാഷ്ട്രീയ ചായ്വും പക്ഷപാതവും ഉള്ള പോലീസ് അധികാരികൾക്കു മേൽ എന്തു നടപടികളാണ് എടുത്തത്?

ഈ കലാപങ്ങളെ വർഗീയ കലാപം എന്നു പറയുന്നത് തെറ്റാണെന്നാണ് ഞാൻ കരുതുന്നത്!

യഥാർത്ഥത്തിൽ ഈ രാജ്യത്തുള്ള ചില മതഭ്രാന്തു പിടിച്ച ശക്തികൾ മുസ്‌ലിംകളെ കൊന്നു കൂട്ടുവാനും മുസ്‌ലിംകളെ ഉൻമൂലനാശം വരുത്തുവാനും പദ്ധതിയിട്ടു ചെയ്യുവരുന്ന ഭയങ്കര കൊലഭ്രാന്താണ് എന്നാണ് ഇതിനെ വിളിക്കേണ്ടത്.

റാഞ്ചിയിൽ നടന്ന സംഭവത്തിൽ മുസ്‌ലിം മെഡിക്കൽ വിദ്യാർത്ഥികളെ പോലും വെറുതെ വിട്ടില്ലല്ലോ!

Downloaded from www.gracebooks.in

ഈ രാജ്യത്ത് ആയിരക്കണക്കിന് ജനങ്ങൾ കൊല്ലപ്പെട്ടിട്ടുണ്ട്! പട്ടാപ്പക ലിലാണ് കൊലചെയ്യപ്പെടുന്നത്! ഈ ഇരുപതു വർഷത്തിനിടയ്ക്ക് ഇതിന്റെ പേരിൽ ഒരാൾ പോലും അറസ്റ്റ ചെയ്യപ്പെട്ടിട്ടില്ല! ശിക്ഷിക്കപ്പെട്ടിട്ടില്ല. തുക്കി ലേറ്റപ്പെട്ടില്ല എന്നത് എന്നെ ആശ്ചര്യപ്പെടുത്തുന്നു! എന്ന് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് ജനറൽ സെക്രട്ടറി ഇബ്രാഹീം സുലൈമാൻ സേട് പറഞ്ഞു.

മുസ്‌ലിം ലീഗ് മന്ത്രിമാർക്ക് കോൺഗ്രസ്സിന്റെ അഭിനന്ദനം!

കേരളത്തിൽ ഭരണം നടത്തുന്ന ഏഴ പാർട്ടികളുൾപ്പെട്ട ഐക്യമുന്നണിയിൽ അംഗമായ മുസ്‌ലിം ലീഗ് മന്ത്രിമാരിൽ എന്തെങ്കിലും കുറ്റം ആരോപിക്കുന്തിനുള്ള ആധാരം ഒന്നും തന്നെയില്ലെന്ന് കേരള സംസ്ഥാന കോൺഗ്രസ്സ് നേതാവ് കെ.എം. ജോർജ്ജ് 1.8.68ൽ മാധ്യമ പ്രവർത്തകരോടു പറഞ്ഞു.

ഏഴ പാർട്ടി സർക്കാരിനെതിരായി അമ്പത്തഞ്ചു പേജുകളുള്ള, മുപ്പത്തഞ്ച് കുറ്റാരോപണങ്ങൾ അടങ്ങിയ ഒരു കുറ്റപത്രം 1968 ആഗസ്റ്റ് ഒന്നാം തിയ്യതി ഒരു പത്രസമ്മേളനത്തിൽ കേരള കോൺഗ്രസ്സ് കമ്മിറ്റി അദ്ധ്യക്ഷൻ കെ.എം. ജോർജ്ജ് പ്രസിദ്ധം ചെയ്ത്, അതിലുള്ള കാര്യങ്ങൾ വ്യക്തമാക്കി.

ആ കുറ്റപത്രത്തിൽ സർക്കാറിൽ പങ്കുവഹിക്കുന്ന എല്ലാ പാർട്ടികളെക്കുറിച്ചും പരാതികളുണ്ടായിരുന്നു! എന്നാൽ, മുസ്‌ലിം ലീഗിനെക്കുറിച്ചോ, അവരുടെ മന്ത്രിമാരെക്കുറിച്ചോ യാതൊരുവിധ പരാതികളും കുറ്റാരോപണങ്ങളും അതിൽ പറഞ്ഞിരുന്നില്ല. ആ കുറ്റപത്രം കൂലംകഷമായി വായിച്ചു മനസ്സിലാക്കിയ ഒരു പത്രപ്രവർത്തകൻ-

'മുസ്‌ലിം ലീഗ് മന്ത്രിമാരെക്കുറിച്ച് കുറ്റാരോപണങ്ങൾ ഒന്നുംതന്നെ ഈ കുറ്റപത്രത്തിൽ പറയപ്പെടുന്നില്ലല്ലോ എന്താണത്?'

എന്നു ചോദിച്ചു, അതിന്, കോൺഗ്രസ്സ് അദ്ധ്യക്ഷൻ കെ.എം. ജോർജ്ജ് പറഞ്ഞ മറുപടി-

'കുറ്റാരോപണങ്ങളോ, പരാതികളോ ആരോപിക്കാൻ തക്കവണ്ണം മുസ്‌ലിം ലീഗിനെക്കുറിച്ച് ആധാരങ്ങൾ ഒന്നുംതന്നെ ഞങ്ങൾക്ക് കിട്ടിയിട്ടില്ല!

'ഞങ്ങൾ അവരെക്കുറിച്ച് അന്വേഷിക്കാതിരിക്കുകയോ, പഠിക്കാതിരിക്കുകയോ ചെയ്തിട്ടില്ല എന്നിട്ടും യാതൊരു തുമ്പും ഞങ്ങൾക്കു കിട്ടിയിട്ടില്ല. ആധാരങ്ങളില്ലാതെ എങ്ങനെയാണ് അവരെ കുറ്റക്കാരാക്കാനാവുക?

ആരെങ്കിലും, അവരെക്കുറിച്ച് ആധാരങ്ങളോടെ, കുറ്റാരോപണങ്ങൾ തെളിയിച്ചാൽ, അവ വിശ്വസനീയമാണെങ്കിൽ അന്വേഷിക്കും!' എന്നു പറഞ്ഞു.

സീതിസാഹിബിന്റെ സ്മാരകം!

മദ്രാസ് സംസ്ഥാനത്തെ നിയമസഭയിൽ മുസ്‌ലിം ലീഗ് എം.എൽ.എ ആയിരുന്നവരും കേരള നിയമസഭയിൽ സഭാദ്ധ്യക്ഷനായിരുന്നവരുമായ ജനാബ് കെ.എം. സീതി സാഹിബിന്റെ സ്മരണ നിലനിർത്തുന്നതിന്നായി കണ്ണൂർ ജില്ലാ മുസ്‌ലിം ലീഗ് തങ്ങളുടെ ഓഫീസിനായി സീതിസാഹിബ് ബിൽഡിംഗ് എന്ന

Downloaded from www.gracebooks.in

പേരിൽ പുതിയൊരു കെട്ടിടം നിർമ്മിച്ചു.

1964 ഒക്ടോബറിൽ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ഖായിതെ മില്ലത്ത് അവർകൾ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചതിനെത്തുടർന്ന് പൂർത്തീകരിച്ച ഈ കെട്ടിടം കേരളാ വിദ്യാഭ്യാസ മന്ത്രി ജനാബ് സി.എച്ച്. മുഹമ്മദ് കോയ 1968 സെപ്തംബർ ഒന്നാം തിയ്യതി ഉദ്ഘാടനം നിർവ്വഹിച്ചു.

Downloaded from www.gracebooks.in

ഗാന്ധിജിയുടെ നാട്ടിൽ ശാന്തി നഷ്ടപ്പെട്ടു!

അഹിംസയെന്ന ആയുധംകൊണ്ട്, ആംഗലേയരെ- നമ്മളെ അടിമകളാക്കിയവരെ- തുരത്തി, സ്വാതന്ത്ര്യം നേടിത്തന്നു. സ്വതന്ത്രഭരണം നേടി!

ഗാന്ധിയൻ അഹിംസാ സിദ്ധാന്തത്തിൻരെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ഭരണം നടത്തിയ ഭരണകർത്താക്കളുടെ കാലത്ത് നാട്ടിൽ നടന്ന ഹിംസകളുടെ- കലാപങ്ങളുടെ കണക്ക് എണ്ണത്തിലൊടുങ്ങാത്തതാണ്.

സി.ബി.ഐയുടെ കണക്കുപ്രകാരം എണ്ണം കൂടിക്കൊണ്ടേയിരുന്നു.

1966ൽ മാത്രം ഈ രാജ്യത്ത് രാഷ്ട്രീയ, സമൂഹ, വർക്ഷീയ ലഹളകൾ എന്ന പേരിൽ മുപ്പത്തിനാലായിരത്തിലധികം കലാപങ്ങൾ നടന്നു.

1965ൽ തന്നെ മുപ്പത്തിമൂന്നായിരം കലാപങ്ങൾ നടന്നിരുന്നു. വളരെ കൂടുതൽ കലാപങ്ങൾ ഉത്തർപ്രദേശിലും രണ്ടും മൂന്നും സ്ഥാനങ്ങൾ പശ്ചിമ ബംഗാളിലും ബീഹാറിലുമാണ്.

ഗാന്ധിജിയുടെ നാട്ടിൽ ജനങ്ങൾക്ക് ശാന്തിയോടെ ജീവിക്കുവാൻ വഴി കാണപ്പെടുമോ? എന്ന ദുഃഖം ജനങ്ങളെ വേട്ടയാടിക്കൊണ്ടിരുന്നു.

മംഗലാപുരത്തെ മുസ്‌ലിം ലീഗ് കൗൺസിലർമാരുടെ വിജയം!

മംഗലാപുരം നഗരസഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ച രണ്ട് ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് സ്ഥാനാർത്ഥികൾ, കോൺഗ്രസ്സും ജനസംഘവും അഴിച്ചുവിട്ട എല്ലാവിധ ആക്രമണങ്ങളേയും തകർത്ത് വിജയക്കൊടി പറത്തി. മംഗലാപുരം മുസ്‌ലിം ലീഗ് അദ്ധ്യക്ഷൻ ജനാബ് സി. അബ്ദുൾ ഹമീദ്, ഉപാദ്ധ്യ

ക്ഷന്മാരിൽ ഒരാളായ ജനാബ് ഹാജി സയ്യിദ് മുഹമ്മദ് എന്നിവരും തെരഞ്ഞെടുപ്പിൽ വിജയിച്ചു.

സ്വാതന്ത്ര്യത്തിനു ശേഷം മംഗലാപുരത്ത് ഇതാണ് മുസ്‌ലിം ലീഗിന്റെ ആദ്യ നഗരസഭാ പ്രവേശനം.

ഡൽഹി കോർപറേഷൻ മണ്ഡലത്തിൽ ബാങ്കും നമസ്കാരവും

ഡൽഹി നഗരസഭാ സമ്മേളനം ഉപ മേയർ ബാൽരാജ് ഖന്നയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരുന്നു. പുണ്യ റമളാൻ നോമ്പുകാലം- നോമ്പ് എട്ടോ, ഒൻപതോ, ആണു വൈകുന്നേരം- തങ്ങളുടെ മതാചാരങ്ങൾ നിറവേറ്റുവാൻ സൗകര്യം വേണം. ഞങ്ങളൊക്കെ നോമ്പു നോറ്റിരിക്കുകയാണ്. നോമ്പു തുറക്കാനുള്ള സമയവും തുടർന്ന് നമസ്കരിക്കുകയും ചെയ്യേണ്ടതിനാൽ. സമ്മേളനം ദീർഘിപ്പിക്കാതെ കൃത്യസമയത്ത് അവസാനിപ്പിക്കണമെന്ന് മുസ്‌ലിം ലീഗ് അംഗങ്ങളും പ്രതിപക്ഷവും അഭ്യർത്ഥിച്ചു.

ഈ വിഷയത്തിലുണ്ടായ അഭിപ്രായ വ്യത്യാസത്തെ തുടർന്ന്, സഭയിൽ അദ്ധ്യക്ഷ സ്ഥാനം വഹിച്ചിരുന്ന ഉപമേയർ ബൽരാജ് ഖന്ന സഭാ നടപടികൾ ദീർഘിപ്പിപ്പിക്കണോ? വേണ്ടേ? എന്ന് വോട്ടെടുപ്പ നടത്താൻ മുന്നോട്ടുവന്നത് ശരിയല്ല എന്നും ഇതൊന്നും ചെവിക്കൊള്ളാതെ വോട്ടെടുപ്പ നടത്തിയതിൽ ദീർഘിപ്പിക്കുവാൻ തീരുമാനമായി.

ഈ തീരുമാനം അനീതി മാത്രമല്ല, തങ്ങളുടെ മതവികാരത്തെ വ്രണപ്പെടുത്തുന്നതും മത കടമകൾ നിർവ്വഹിക്കുന്ന പ്രശ്നത്തിൽ വോട്ടെടുപ്പ് നടത്തിയത് ശരിയായതോ പതിവുള്ളതോ അല്ല എന്നും മുസ്‌ലിം ലീഗ് അംഗങ്ങൾ ചൂണ്ടിക്കാട്ടി

നോമ്പുതുറക്കാനും നമസ്കരിക്കാനും പത്തുമിനിറ്റ് സാവകാശം മതിയാവില്ല. ഉപ മേയർ അൽപം മഹാമനസ്കത കാട്ടിയിരിക്കണം. എന്ന് പറഞ്ഞ ജനാബ് ഡോ. അബ്ബാസ് മാലിക്, യോഗം നടന്നുകൊണ്ടിരുന്ന ആ മണ്ഡപത്തിൽ തന്നെ നോമ്പ് തുറന്ന്, നമസ്കാരം നിർവ്വഹിക്കുകയല്ലാതെ വേറെ വഴിയില്ലെന്ന് അറിയിച്ചു.

ഇതിനെ തുടർന്ന് നോമ്പ് തുറക്കാനുള്ള സമയം ആയപ്പോൾ നോമ്പു തുറന്ന്, ശേഷം ജനാബ് അബ്ബാസ് മാലിക് ഉറക്കെ ബാങ്ക് വിളിച്ച് അവിടെതന്നെ മഗ്‌രിബ് നമസ്കാരം നിർവ്വഹിച്ചു.!

ഗുർതൻ പേട്ട് ശങ്കരാചാര്യർ നിരഞ്ചൻ ദേവ് തീർഥ്, ഗോരഖ്പൂരിൽ നിന്നും പുറത്തിറങ്ങുന്ന 'കല്യാൺ' എന്ന പത്രികയിൽ എഴുതിയ ഒരു ലേഖനത്തിൽ മുസ്‌ലിംകൾ, ക്രിസ്ത്യാനികൾ, ശൂദ്രർ, സ്ത്രീകൾ ഇവരെ, നായ, പൂച്ച തുടങ്ങിയ മൃഗങ്ങളോടുപമിച്ച് വളരെ താണ തരത്തിൽ അഭിപ്രായപ്രകടനം നടത്തിയിരുന്നു. മാത്രമല്ല, ഇത്തരക്കാർ ഉണ്ടാക്കുന്ന ഭക്ഷണം കഴിക്കുന്നവരും നായ, പൂച്ച

Downloaded from www.gracebooks.in

തുടങ്ങിയ മൃഗങ്ങളെ പോലുള്ളവരാണെന്നും എഴുതിയിരുന്നു.

ഹിന്ദു ധർമ്മം, ദൈവങ്ങൾ ഇവയിൽ വിശ്വസിക്കാത്ത ശൂദ്രർ, മുസ്‌ലിംകൾ, ക്രിസ്ത്യാനികൾ ഇവർക്കൊന്നും ഒരിക്കലും ദേശഭക്തരായിരിക്കാനാവില്ലെന്ന് ശങ്കരാചാര്യർ തീർത്തു പറഞ്ഞിരുന്നു!

പാർലിമെന്റിൽ!

ന്യൂനപക്ഷ സമുദായക്കാരെ വെറുക്കത്തക്കവിധത്തിൽ, തരം താഴ്ത്തിയുള്ള ഈ പ്രശ്നത്തെ, ജോർജ്ജ് ഫർണാണ്ടസ് പാർലിമെന്റിൽ ഉയർത്തിക്കാട്ടി, വികാരം വ്രണപ്പെടുത്തുന്ന അപാദം പ്രചരിപ്പിക്കുന്ന ഈ ലേഖനത്തിന്മേൽ നടപടി എടുക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു.

ആഭ്യന്തര മന്ത്രി ചവാൻ, ജോർജ് ഫെർണാണ്ടസിനു നൽകിയ മറുപടി: 'ശങ്കരാചാര്യർ തന്റെ ലേഖനത്തിൽ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായങ്ങളേയും പ്രസ്ഥാവിച്ച അവസ്ഥയേയും പരിശോധിച്ചു നോക്കുമ്പോൾ, അദ്ദേഹം വഹിക്കുന്ന പദവിക്ക് ചേർന്നതല്ല! അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ സർക്കാർ അപലപിക്കുന്നു. ഇത്തരം അഭിപ്രായങ്ങൾ ദേശീയ ഒത്തൊരുമയ്ക്ക് പാതകമായതാണെന്ന് സർക്കാർ കരുതുന്നു. എന്നാൽ, നിയമപരമായി ഈ അഭിപ്രായങ്ങൾക്കെതിരായി ഒരു നടപടിയും സർക്കാരിനെടുക്കാനാവില്ലെന്ന് അറിയിച്ചു കൊള്ളുന്നു.

Downloaded from www.gracebooks.in

ആരാണ് ആ കേളപ്പൻ?

'ദേശഭക്തി' എന്നത് കേളപ്പനെപ്പോലത്തെ സർവ്വോദയ വാദികൾക്കും മതദ്വേഷ കുട്ടിച്ചാത്തന്മാർക്കും മാത്രം സ്വന്തം കുത്തകയാണോ? ആരാണ് ആ കേളപ്പൻ? എന്ന് കേരള സിംഹം 1969 ഫെബ്രുവരിയിൽ നടന്ന സംഭവത്തിൽ ചോദിച്ചു?

'ആരാണ് ആ കേളപ്പൻ? ഈ നാട്ടിലെ ചക്രവർത്തിയാണോ? ഇദ്ദേഹമെന്താ ദൈവമാണോ? അല്ലെങ്കിൽ, ഇദ്ദേഹമെന്താ ജന്മിയാണോ? ഇദ്ദേഹത്തെപോലത്തെ ചിലർ വേദനിപ്പിച്ചുകൊണ്ടു നടന്നു തിരിഞ്ഞാൽ മുസ്ലിംകൾക്ക് ഒരു 'ചുക്കും' സംഭവിക്കാൻ പോകുന്നില്ല.'

'ഞങ്ങൾ, എന്തുവേണേലും സഹിക്കും' എന്നാൽ, ഞങ്ങളുടെ രാജ്യസ്നേഹത്തെ തൊട്ടുകളിച്ചാൽ അത് ഒരിക്കലും സഹിക്കില്ല'

'സ്വതന്ത്രമായ സ്വന്തം നാട്ടിൽ കടത്താൻ പറ്റിയില്ലെങ്കിൽ തന്റെ മയ്യത്ത് അടക്കാൻ ഒരു കുഴി താ എന്ന്, ബ്രിട്ടീഷ് സിംഹത്തിന്റെ ജഡയിൽ പിടിച്ചുകുലുക്കി ഗർജ്ജിച്ച മൗലാന മുഹമ്മദലി ജവ്ഹറിന്റെ വീര പരമ്പരയാണ് ഞങ്ങൾ'

കാശ്മീരിനെ ആക്രമിച്ച് സ്വാതന്ത്ര്യത്തെ കൊള്ളയടിക്കാൻ പടയെടുത്തു വന്ന പാക്കിസ്ഥാനെ എതിർത്തു പോരാടി വീരചരമം പ്രാപിച്ച ബ്രിഗേഡിയൻ ഉസ്മാന്റെ തലമുറയാണ് ഞങ്ങൾ!

ഞങ്ങളെ രാജ്യസ്നേഹമില്ലാത്തവരായി കാണിക്കാൻ ഈ കേളപ്പൻ ആരാണ്? ഇദ്ദേഹത്തിന് ഈ അധികാരം കൊടുത്തത് ആരാണ്?

കേരളാ ഐക്യമുന്നണി ഗവൺമെന്റിനെ മറിച്ചിടുന്നതിന് കോൺഗ്രസ്സ് പറയുന്ന കാരണം. ജനങ്ങൾക്കും നിയമവ്യവസ്ഥയ്ക്കും ഇവിടെ സുരക്ഷിതത്വമില്ലാത്ത അവസ്ഥയാണുള്ളതെന്നാണ്!

അവർ പറയുന്ന ഈ സുരക്ഷിതത്വമില്ലാത്ത അവസ്ഥയെ ഞാൻ എവിടെ? എവിടെ? എന്ന് എവിടെയൊക്കെ അന്വേഷിച്ചലഞ്ഞു! അവസാനം അത് കണ്ടത് എവിടെയാണെന്നറിയാമോ? ബോംബെയിൽ! ശിവസേനയുടെ രൂപത്തിൽ! വേഷ്ടിധരിച്ചവരെയൊക്കെ വെട്ടിക്കൊല്ലുന്ന നേരത്ത്!

അതിനു ശേഷം ഞാൻ കണ്ടത് റാഞ്ചിയിൽ! ജനസംഘത്തിന്റെ രൂപത്തിൽ! മുസ്ലിംകളെ കണ്ടാൽ കൊല്ലുമ്പോൾ!

അവിടെയൊക്കെ ഗവൺമെന്റിനെ താഴയിറക്കാനോ, മറിച്ചിടാനോ യാതൊരു വിധ ഭജനയോ, പദയാത്രയോ നടത്തിയിട്ടില്ല!

കോൺഗ്രസ്സ് ഭരണത്തിൽ പണക്കാർക്കും ജന്മികൾക്കും പാവപ്പെട്ടവരെ അടിച്ചോടിക്കാനും അടിച്ചമർത്താനും പോലീസുകാരെ ലഭിച്ചുകൊണ്ടിരുന്നു! ഇവിടെ അത് നടന്നിട്ടില്ല!

ഇപ്പോൾ ഒരു പക്ഷെ അത്തരം ധനവാൻമാർക്ക് വേണമെങ്കിൽ തങ്ങളുടെ 'ഏകഭോഗ'ത്തിന് സംരക്ഷണം നഷ്ടപ്പെട്ട അവസ്ഥയായിരിക്കാം! ഇതല്ലാതെ വേറെ ആർക്കാണ് സുരക്ഷിതത്വമില്ലാത്ത അവസ്ഥയുള്ളത്?

എന്ന് സി.എച്ച്. മുഹമ്മദ്കോയ രോഷംപൂണ്ടു

ജനസംഘത്തെക്കുറിച്ച് ഇന്ദിരാഗാന്ധി!

ധർമ്മത്തിന്റെ പേരു പറഞ്ഞ് രാജ്യത്തെ കളങ്കപ്പെടുത്തിയിരിക്കുകയാണ് ജനസംഘക്കാർ അവർ കലാപങ്ങൾ തോണ്ടിയിടുന്നു.

ഒരു ധർമ്മവും കലാപത്തെ അംഗീകരിക്കുന്നില്ല! എന്നാൽ, ധർമ്മത്തെക്കുറിച്ച് മഹത്വം പറഞ്ഞുകൊണ്ടിരിക്കുന്ന 'സംഘ'ക്കാരാണ് എല്ലാ പ്രശ്നങ്ങളും ഉണ്ടാക്കുന്നത്!

അതിനാൽ ഇത്തരം സംഘത്തെ അധ്വാനിക്കുന്ന ജനങ്ങൾ എങ്ങനെയാണ് അംഗീകരിക്കുന്നത് എന്നാണ് എനിക്കു മനസ്സിലാക്കാത്തത്''

പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ലുധിയാനയിൽ വെച്ചു പറഞ്ഞു.

ഉത്തർപ്രദേശ് നിയമസഭാംഗങ്ങളിൽ നൂറുപേർ ഹിന്ദിയിൽ സത്യപ്രതിജ്ഞ ചെയ്യാൻ വിസമ്മതിച്ച, തങ്ങളുടെ മാതൃഭാഷയായ ഉർദുവിൽ സത്യപ്രതിജ്ഞ ചെയ്യാൻ ഉള്ള അവകാശം ചോദിച്ചു. ഈ സംഭവം ശ്രദ്ധേയമാണെന്നു മാത്രമല്ല, ഇതിനെ പ്രശംസിച്ച് വരവേൽക്കുകയും ചെയ്യണം.' എന്ന് രാജഗോപാലാചാരി വെളിപ്പെടുത്തി.

'അറബി ഭാഷ, പേർഷ്യൻ ഭാഷ, സംസ്കൃതം മൂന്നും സംഗമിച്ചുണ്ടായ ഭാഷയാണ് ഉർദു! അതൊരു സുന്ദരമായ ഭാഷയാണ്! മുഗൾ കാലഘട്ടത്തിലെ കലപോലെ അത് ഇന്ത്യയിൽ പിറന്ന ഒന്നാണ്!

മുസ്ലിംകൾ അധികമായുള്ള ഒരു സംസ്ഥാന രൂപപ്പെടുന്നു എന്നതിനാൽ അത്, രാജ്യ സുരക്ഷയ്ക്ക് എതിരായതാണ് എന്ന സിദ്ധാന്തം നമ്മൾ ഉണ്ടാക്കിക്കൂടാ! ഇത്തരം പോക്ക് ന്യൂനപക്ഷമായിപ്പോയ ഇന്ത്യയുടെ ഗൗരവപൂർവ്വമായ ഒരു ജനസമൂഹത്തെ കളങ്കപ്പെടുത്തും!'

Downloaded from www.gracebooks.in

നിഷേധിക്കപ്പെടുന്ന അവകാശങ്ങൾ! ക്രൂരതകൾ!

'ഈ രാജ്യത്ത് മുസ്‌ലിംകൾ തുടർന്നും അനുഭവിച്ചുവരുന്ന വിഷമങ്ങൾ; അവർ അനുഭവിക്കുന്ന ക്രൂരതകൾ, നിഷേധിക്കപ്പെടുന്ന അവകാശങ്ങൾ എല്ലാം ഇന്ന് വലിയ ഒരു പ്രശ്നമായി മുന്നിൽ നിൽക്കുന്നു.

മുസ്‌ലിംകളുടെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അവരുടെ കുറവുകൾ ആവശ്യങ്ങൾ ഒക്കെ തീവ്രമായി പരിശോധിക്കാനും ഒരു സംഘത്തെ നിയമിക്കണം.

ആ സംഘം രഘുമീർ ദയാൾ കമ്മീഷനെപ്പോലെ അന്വേഷണ കമ്മീഷനായിപ്പോകരുത്. മുസ്‌ലിംകൾക്ക് വേണ്ടത് അങ്ങനത്തെ ഒരു കമ്മീഷനല്ല.'

ഇബ്രാഹീം സുലൈമാൻ സേഠ്

'ഡൽഹിയിൽ പുണ്യസ്ഥലങ്ങൾ തകർത്തു നശിപ്പിക്കാനായി ബുൾഡോസറുകൾ, മസ്ജിദുകൾ, ഓഫീസുകൾ, മക്ബറകൾ എന്നിവയിൽ പ്രയോഗിച്ചതല്ല- മുസ്‌ലിംകളുടെ നെഞ്ചിലൂടെ കയറ്റിയതാണ്" ഇബ്രാഹീം സുലൈമാൻ സേഠ് പറഞ്ഞു.

ഡൽഹി നിസാമുദ്ദീൻ ഭാഗത്ത് മസ്ജിദുകളും, ഖബറിടങ്ങളും ബുൾഡോസർ വച്ച് നിരപ്പാക്കിയ ക്രൂരതയെ ചൂണ്ടിക്കാട്ടിക്കൊണ്ട് പറഞ്ഞു.

പബ്ലിക് ട്രസ്റ്റിന്റെ പേരിൽ പുതിയ ആപത്ത്!

പൊതു നിയമത്തിനകത്ത് മുസ്‌ലിംകളെ എങ്ങനെയെങ്കിലും കൊണ്ടുവരണമെന്ന് കണ്ണിലെണ്ണയൊഴിച്ച് കാത്തിരിക്കുന്ന ഭരണാധികാരികളിൽ ചിലർ എല്ലാവിധ തന്ത്രങ്ങളും പ്രയോഗിക്കുവാൻ മറന്നില്ല.

മുസ്‌ലിംകളുടെ ഇഷ്ടത്തിനെതിരായി ഒരു നിയമവും ഒരു തരത്തിലും അടിച്ചേൽപ്പിക്കില്ലെന്ന് എത്രതന്നെ ഉറപ്പുപറഞ്ഞാലും അങ്ങനത്തെ ഉറപ്പു നൽകിയതിൽ രാജ്യത്തെ ആദ്യ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മുതൽ, നിയമ മന്ത്രിമാർ പലരും സ്ഥാനം പിടിച്ചിരുന്നെങ്കിലുംകൂടി, സിവിൽ നിയമത്തിന്റെ ചട്ടക്കൂട്ടിനകത്ത് മുസ്‌ലിംകളെ കുരുക്കിവയ്ക്കുന്ന ചാണക്യതന്ത്രവും ഒക്കെക്കൂടി ഒരു പുതിയ പേര് രംഗത്തേക്കു കൊണ്ടുവന്നു.

രാജ്യം മുഴുവനുമുള്ള എല്ലാ സമുദായങ്ങളുടേയും ധർമ്മ സ്വത്തുക്കൾ ഒരേ നിയമത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിന്നായി 'പബ്ലിക് ട്രസ്റ്റ് ബിൽ 1968' എന്ന പേരിൽ ഒരു ബില്ല് കൊണ്ടുവരികയും ചെയ്തു. എല്ലാ ധർമ്മ സ്ഥാപനങ്ങളുടേയും വരവു ചെലവു കണക്കുകൾ ഒരേ കണക്കായി കൈകാര്യം ചെയ്യുക എന്നതാണ് ഈ ബില്ലിന്റെ ലക്ഷ്യം!

എല്ലാ മതക്കാരുടെ ധർമ്മ സ്വത്തുക്കൾക്കായും കൊണ്ടുവരപ്പെട്ട ഈ ബില്ലിൽ സിക്കുകാരുടെ ധർമ്മസ്വത്തുക്കൾ ചേർത്തിരുന്നില്ല. സിക്കുകാർക്ക് പ്രത്യേക നിയമം പ്രാവർത്തികമാകും എന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.

Downloaded from www.gracebooks.in

മുസ്‌ലിംകളുടെ ധർമ്മസ്വത്തുക്കളായ 'വഖഫ്'കൾക്ക് ഇസ്‌ലാമിക ശരീഅത്ത് വ്യക്തമായ നിയമവ്യവസ്ഥകൾ വച്ചിട്ടുണ്ടെന്നത് എല്ലാവർക്കും അറിയാവുന്ന യാഥാർത്ഥ്യമാണ്!

ഇസ്‌ലാം മാർഗ നിയമങ്ങൾക്കെതിരായി കൊണ്ടുവരപ്പെട്ട ഈ ബില്ലിനേയും മുസ്‌ലിം ലീഗ് കഠിനമായി എതിർത്തു.

മലപ്പുറം കണ്ട് മനസ്സു നീറുന്നവർ!

മലപ്പുറം ജില്ലാ രൂപീകരണത്തെ എതിർത്തു നടത്തുന്ന ആർഭാടങ്ങൾ മനസ്സിലാക്കാനേ ആവുന്നല്ല. ഓരോ പത്രങ്ങളും എത്രയെത്ര കളവുകളാണ് പടച്ചുവിടുന്നത്.

ഈയടുത്ത്, മഹാരാഷ്ട്രയിൽ 'ഉല്ലാസ് നഗർ' രണ്ടു താലൂക്കുകളായി വിഭജിച്ചു. അവിടെ ഒരു താലൂക്ക് എന്നത് കേരളത്തിൽ ഒരു ജില്ലയ്ക്കു സമയമാണ് സിന്ധികൾ ഭൂരിപക്ഷമുള്ള ഒരു താലൂക്കും, മറാഠികൾക്ക് മെജോരിറ്റിയുള്ള ഒരു താലൂക്കും രൂപീകരിച്ചപ്പോൾ ഒരെതിർപ്പും അവിടെ ഉയർന്നില്ല. വരുന്ന ജനുവരി 26-ാം തിയ്യതി ആ താലൂക്കുകൾ നിലവിൽ വരും.

ആന്ധ്രയിൽ അനേകം പുതിയ ജില്ലകൾ രൂപീകരിച്ചിട്ടുണ്ട്. ആസ്സാമിൽ നാഗാലാന്റ് എന്നൊരു സംസ്ഥാനം തന്നെ ഉണ്ടായി! മന്ത്രിസഭ ഭരിക്കുന്ന സംസ്ഥാനം! പഞ്ചാബിൽ എന്താണ് നടന്നത്? സിക്കുകാർക്ക് ഭൂരിപക്ഷമുണ്ടെന്ന കാരണം കാണിച്ച്, ഹിന്ദുക്കൾക്കു ഭൂരിപക്ഷമുള്ള ഹരിയാന, രൂപീകരിച്ചില്ലെ? പ്രത്യേകം സംസ്ഥാനം വേണമെന്ന് വിധർഭ ജാതിക്കാർ കലാപമുണ്ടാക്കുന്നു.

മുസ്‌ലിംകൾക്ക് മെജോരിറ്റിയുള്ള ഒരു പ്രദേശം ഇന്ത്യാ പാകിസ്ഥാൻ അതിർത്തിയിൽ ഉണ്ടല്ലോ! 'മുർഷിദാബാദ്! ആദ്യം പാക്കിസ്ഥാനിലായിരുന്നു. പിന്നീട് ഇന്ത്യക്ക് വിട്ടുകൊടുത്തു. ഇരുപതു വർഷമായിട്ടും ഒരു പ്രശ്നവും ഉണ്ടായിട്ടില്ലല്ലോ? ഒരു യുദ്ധം ഉണ്ടായിട്ടുപോലും അവിടെ ഒരു കുഴപ്പവും ഉണ്ടായില്ലല്ലോ!

കടൽക്കര ഭാഗം ആയതിനാൽ പാക്കിസ്ഥാനികൾ വരുമെന്നും ഗറില്ലാ യുദ്ധം ഉണ്ടാകാൻ വഴിയുണ്ടെന്നും ഉമ്മാക്കി കാട്ടുന്നു! ഈ മലപ്പുറം ജില്ല രൂപീകരിച്ചില്ലെങ്കിലും അത് കടൽക്കര ഭാഗം തന്നെയാണ്. ഒരു ജില്ലയും ഒരു കലക്ടറും ഉണ്ടായാലാണ് പാക്കിസ്ഥാനികൾ വരും എന്നില്ല. പുൽപ്പള്ളിയിൽ നടന്നില്ലെ ഗറില്ലായുദ്ധം, അത് മാപ്പിളസ്ഥാൻ പിറന്നതുകൊണ്ടാണോ? ഇങ്ങനെയൊരു ജില്ല വേണമെന്ന് കോൺഗ്രസ്സ്, പി.എസ്.പി, മന്ത്രിസഭകൾ ഉണ്ടായിരുന്നപ്പോഴേ ഞങ്ങൾ നിർബന്ധിച്ചുകൊണ്ടിരുന്നു. അന്ന് ആരും അതിന് മതഛായം പൂശിയിരുന്നില്ല. എന്നാൽ ഇപ്പോൾ ഇവിടെ ജനസംഘം ആണ് ഇതിന് വർഗീയ നിറം പൂശിയത്. കോൺസ്സ് അതിന് വക്കാലത്തും നൽകിയിരിക്കുന്നു.

'നാട്ടിൽ 'രാവോട് രാവ്' എത്ര ജില്ലകൾ പിറന്നിരിക്കുന്നു. കോഴിക്കോട്,

Downloaded from www.gracebooks.in

കണ്ണൂർ, ആലപ്പുഴ, എറണാകുളം ജില്ലകളൊക്കെ അങ്ങനെ രൂപീകരിച്ചതാണ്. അപ്പോഴൊന്നും ഒരെതിർപ്പും ഉണ്ടായിട്ടില്ല. ഒരു സമുദായവും ഒരു ജില്ലയിൽ ഭൂരിപക്ഷമുണ്ടെന്നും നോക്കിയല്ല ജില്ലകൾ രൂപീകരിച്ചിട്ടുള്ളത്.

സർവ്വോദയം നേതാവെന്നും പറയപ്പെടുന്ന കേളപ്പൻ, കോഴിക്കോട് സർവ്വകലാശാല സ്ഥാപിച്ചതുതന്നെ മാപ്പിളസ്ഥാനം വേണ്ടിയാണെന്ന് പറഞ്ഞിരിക്കുന്നു എന്തൊരു വലിയ കളവ്! കോത്താരി കമ്മീഷൻ ആണ് കേരളത്തിൽ മറ്റൊരു സർവ്വകലാശാല വേണമെന്നു പറഞ്ഞത്. അങ്ങനെയെങ്കിൽ കോത്താരി മാപ്പിളസ്ഥാനം വേണ്ടി പ്രവർത്തിച്ചു എന്നു വരില്ലെ! ഇത്തരം അറിവില്ലായ്മയാണ് മലപ്പുറം മാപ്പിളസ്ഥാൻ ആകും എന്ന പ്രചരണം'

ആരൊക്കെ എന്തൊക്കെ പ്രചാരണം നടത്തിയാലും 'മലപ്പുറം' രൂപീകരിച്ചേ തീരൂ! ജനുവരി 26-ാം തിയ്യതി രൂപീകരിക്കാതിരുന്ന പുതിയ ജില്ല, ജില്ലയുടെ തലസ്ഥാനത്തെക്കുറിച്ചും ഓഫീസുകൾ സംബന്ധമായും ഉള്ള വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടതിനാൽ ഇനിയും ഒന്നരണ്ടു മാസം സാവകാശം വേണ്ടിയിരിക്കുന്നു. ഈ സാവകാശം മൂലം മലപ്പുറത്തിന് ഒരുവിധ ആപത്തും സംഭവിക്കുകയില്ല.

മലപ്പുറം ജില്ലയിൽ വിൽപനയ്ക്ക വരുന്ന ഭൂമികൾ മുസ്‌ലിംകൾ തന്നെ വാങ്ങണമെന്ന്; മുസ്‌ലിംലീഗ് ഒരറിയിപ്പ് പുറപ്പെടുവിച്ചതായി കോൺഗ്രസ്സ് ദിനപത്രമായ 'മാതൃഭൂമി'യിൽ ഒരു വാർത്ത പ്രസിദ്ധീകരിച്ചു! ഇത് കേളപ്പനെ പോലത്തെ സർവ്വോദയ വാദികളും മറ്റും പാടി നടക്കാൻ തുടങ്ങിയിരുന്നു! ഈ വ്യാജ വാർത്ത പ്രസിദ്ധീകരിച്ചതിന് 'മാതൃഭൂമി'ക്കെതിരെ നഷ്ടപരിഹാരത്തിന് മുസ്‌ലിംലീഗ് സെക്രട്ടറി കേസ്സു കൊടുത്തു.

ഹിന്ദുക്കൾ വിൽക്കുന്ന സ്വത്തുക്കൾ മുസ്‌ലിംകൾ തന്നെ വാങ്ങണമെന്ന് മുസ്‌ലിംലീഗ് ഒരു രഹസ്യ അറിയിപ്പ് പുറപ്പെടുവിച്ചതായതായി കേളപ്പൻ ഉയർത്തിയിരിക്കുന്ന 'കള്ള പ്രചരണങ്ങൾക്ക്' പ്രത്യേകം കേസ്സ് നടത്താനും തീരുമാനിച്ചു.

അറബി മുൻഷിമാരെ നിയമിക്കുന്നതായും അതും സ്കൂൾ അധികൃതരുടെ ഇഷ്ടത്തിനെതിരായി നിയമിക്കുന്നതായും അറബി പഠിച്ചാൽ കേരളം പാക്കിസ്ഥാനായിത്തീരും എന്നും കേളപ്പൻ കുറ്റപ്പെടുത്തുന്നു. അറബി മുൻഷിമാരുടെ നിയമനം തിരുവിതാംകൂർ, കൊച്ചി രാജാക്കന്മാരും ഇംഗ്ലീഷുകാരും ഭരിച്ചകാലം മുതലേ നടന്നുവരുന്നതാണ്! അറബി മുൻഷിമാരുടെ ആവശ്യം പഠിക്കുന്ന വിദ്യാർത്ഥികൾ അല്ലാതെ, മാനേജ്മെന്റിനല്ല, അറബി പഠിച്ചാൽ പാക്കിസ്ഥാൻ ആകുന്നതിന് കേരളം പാക്കിസ്ഥാനും അല്ല; മറിച്ച്, ഇന്ത്യ എന്ന മതേതര രാഷ്ട്രത്തിന്റെ ഒരംഗമാണ്! എന്നാൽ കേരളം ഭരിക്കുന്നവർ വികല മനസ്സിനുടമകളാണ്. അത്രതന്നെ!'

സി.എച്ച് മുഹമ്മദ്കോയ ഒരഭിമുഖത്തിൽ പറഞ്ഞു

Downloaded from www.gracebooks.in

സുപ്രീം കോടതികളുടെ വിധികൾ!

ന്യൂനപക്ഷ സമുദായക്കാർ തങ്ങൾ ആഗ്രഹിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിച്ച് നടത്താൻ അവകാശം സിദ്ധിച്ചിരിക്കുന്നു എന്ന് സുപ്രീംകോടതി വിധി പ്രസ്ഥാവിച്ചു.

വടക്ക്, ഭഗൽപൂർ എന്ന സ്ഥലത്ത് ചർച്ച് മിഷനറി ഹയർ സെക്കന്ററി സ്കൂൾ, ന്യൂനപക്ഷ സമുദായക്കാരാൽ- ക്രിസ്ത്യാനികളാൽ നടത്തിവരുന്നു. ഈ സ്കൂളിന്റെ സെക്രട്ടരിക്ക്, വിദ്യാഭ്യാസ വകുപ്പ് പ്രഖ്യാപിച്ച ഒരു ഉത്തരവിൽ 1967 മെയ് 27ാം തിയ്യതിയത്തെ ഉത്തരവു പ്രകാരം ഒരു മാനേജ്മെന്റ് രൂപീകരിക്കാൻ ആവശ്യപ്പെട്ടു. ഈ ഉത്തരവിനെ എതിർത്ത് സുപ്രീംകോടതിയിൽ കേസ്സ് നൽകി.

ഈ കേസ്സ് വിസ്തരിച്ച് സുപ്രീംകോടതി വിധി പ്രസ്താവനയിൽ അറിയിച്ചത്. ന്യൂനപക്ഷ സമുദായക്കാരാൽ നടത്തപ്പെടുന്ന ചർച്ച് മിഷനറി ഹയർ സെക്കന്ററി സ്കൂൾ, ഇന്ത്യൻ ഭരണഘടന, നിയമം 30ാം വകുപ്പു പ്രകാരം സംരക്ഷിക്കപ്പെടേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, ഈ നിയമവിധിപ്രകാരം മത, ഭാഷ, ന്യൂനപക്ഷക്കാർ, തങ്ങൾക്ക് ഇഷ്ടമുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കാനും അവ നടത്തുവാനും ഉള്ള അധികാരം ലഭിച്ചിരിക്കുന്നു എന്ന് വിധി പ്രഖ്യാപിച്ച സുപ്രീം കോടതി വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവിനെയും റദ്ദു ചെയ്തു!

ഗോവധ നിരോധനം! സുപ്രീംകോടതി വിധിയും!

മദ്ധ്യപ്രദേശിൽ വിധിക്കപ്പെട്ട ഗോവധ നിരോധന നിയമം രാഷ്ട്രീയ അവകാശത്തിന് എതിരായതാണെന്ന് ഒരു റിട്ട് ഹരജിയിൻമേൽ സുപ്രീംകോടതി വിധി പ്രഖ്യാപിച്ചു.

1960 ൽ മധ്യപ്രദേശ് ഗവർണർ പുറപ്പെടുവിപ്പിച്ച ധൃതിപിടിച്ച നിയമത്തെ

തുടർന്ന് ജബൽപൂർ നഗരസഭാതിർത്തിക്കകത്ത് ഗോവധം നിരോധിച്ച നിയമത്തിന്റെ 16-ാം അനുഛേദത്തിൽ വ്യക്തമാക്കിയിട്ടുള്ള ജീവാധാരാവകാശത്തിൽ തലയിടുന്നതാകും എന്നു പറഞ്ഞ് മുഹമ്മദ് ഫാറൂഖ് എന്നയാൾ സുപ്രീംകോടതിയിൽ റിട്ട് ഹർജി നൽകി.

ഗോവധം, ഒരുകൂട്ടം ജനങ്ങളുടെ മതവികാരത്തെ ബാധിക്കുന്നതായിരിക്കാം. എന്നാൽ, ഗോവധം നിരോധിക്കുക എന്നുവെച്ചാൽ വ്യാപാരം, തൊഴിൽ തുടങ്ങിയ അടിസ്ഥാന ജീവിത പ്രശ്നങ്ങളുടെമേൽ തലയിലിടലാകും. അതിനാൽ, ഗോവധം നിരോധനം എന്നത് ജീവിതത്തൊഴിൽ തടയലാകും. അതിനാൽ ഗോവധ നിരോധനം പ്രായോഗികമല്ലെന്ന് ചീഫ് ജസ്റ്റിസ് ഹിദായത്തുല്ല, ജസ്റ്റിസ് ഷാ, ജസ്റ്റിസ് കിരൂർ തുടങ്ങിയവരുടെ ബഞ്ച് ഐകൃകണ്ഠ്യേന തീരുമാനിച്ചു.

മലപ്പുറം രൂപീകരണത്തിന് ജനങ്ങൾ നൽകിയ അംഗീകാരം!

കേരള നിയമസഭയിൽ മുസ്‌ലിം ലീഗ് മന്ത്രിയായി പദവി വഹിച്ചുവന്ന ജനാബ് അഹമ്മദ് കുരിക്കളുടെ നിര്യാണത്തെ തുടർന്ന് 9.6-1969ൽ നടന്ന മലപ്പുറം മണ്ഡലത്തിലെ ഇടക്കാല തെരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗ് സ്ഥാനാർത്ഥിയായി ചാക്കീരി അഹമ്മദ്കുട്ടി മത്സരിച്ചു. മുസ്‌ലിംലീഗ് സ്ഥാനാർത്ഥിക്കെതിരായി കോൺഗ്രസ്സ് പാർട്ടി പാലാട് കുഞ്ഞുകോയയേയും ജനസംഘം തന്റെ സ്ഥാനാർത്ഥിയായി എം.കെ. കൃഷ്ണൻ എന്നയാളേയും കളത്തിൽ ഇറക്കി.

മലപ്പുറം ജില്ലാ രൂപീകരണം തെരഞ്ഞെടുപ്പ പ്രശ്നമായെടുത്ത് സ്ഥാനാർത്ഥികൾ എല്ലാവിധ പിത്തലാട്ടങ്ങളും തെരഞ്ഞെടുപ്പ് പ്രചരണത്തിൽ ഉയർത്തി. ഈ ചുറ്റുപാടിൽ വോട്ടർമാർ സ്ഥാനാർത്ഥികൾക്കു നൽകിയ വോട്ടുകൾ:

ചാക്കീരി അഹമ്മദ്കുട്ടി (മു.ലീ) 33718

പാലാട് കുഞ്ഞുകോയാ (കോൺഗ്രസ്) - 10106

എം.കെ. കൃഷ്ണൻ (ജനസംഘം) 4776

അങ്ങനെ മുസ്‌ലിംലീഗ് സ്ഥാനാർത്ഥി ചാക്കീരി അഹമ്മദ്കുട്ടി വൻ വിജയം കൊയ്തു. എതിർസ്ഥാനാർത്ഥികൾക്ക് കെട്ടുവെച്ച തുകയും നഷ്ടപ്പെട്ടു. മലപ്പുറം രൂപീകരണത്തിന് ജനങ്ങൾ നൽകിയ അംഗീകാരം!

Downloaded from www.gracebooks.in

തകർക്കുന്നത്- ദേശീയം!
നിർമ്മിക്കുന്നത്- വർഗീയതയോ?

മനിതാഭിമാനത്തിന് എതിരായി ഡൽഹിയിൽ തകർത്ത നശിപ്പിച്ച മസ്ജിദുകൾ വീണ്ടും നിർമ്മിച്ചതരണമെന്ന് ആവശ്യപ്പെട്ടത്. 'വർഗീയവാദം' എന്ന് ജനസംഘ നേതാക്കളിൽ ഒരാളായ കെയ്താരി നാഥ് സാഹ്നി അറിയിച്ചതിനെ ഖണ്ഡിച്ച് ഡൽഹി പ്രദേശ് കോൺഗ്രസ്സ് നേതാവായ രാജേശർമ്മ പുറപ്പെടുവിപ്പിച്ച അറിയിപ്പ്-

'ആരാധനാലയങ്ങൾ തകർക്കുന്നതും, നശിപ്പിക്കുന്നതും ജനസംഘത്തിന്റെ കാഴ്ചപ്പാടിൽ വർഗീയവാദമായി കാണപ്പെടുന്നില്ല. തകർത്ത പള്ളികൾ നിർമ്മിച്ചു തരിക എന്നാൽ ഉടനെ അത് അവർക്ക് വർഗീയതയാകുന്നു!

അതായത്, ആരാധനാലയങ്ങൾ ഇടിക്കുന്നത് ദേശീയവാദം! അവയെ വീണ്ടും നിർമ്മിച്ചുതരിക എന്നത് വർഗീയവാദം! ജനസംഘത്തിന്റെ മനസ്സിന്റെ പോക്ക് ഇങ്ങനെയാണ്!

ജനസംഘത്തിന്റെ ചിന്തകളെക്കുറിച്ച് ഗഹനമായി പഠിച്ചാൽ മതഛ്ചായ്വില്ലാതെ രൂപംകൊണ്ട ഈ ജനാധിപത്യത്തിന്റെ തായ് വേരെ കോടാലികൊണ്ട് വെട്ടിമാറ്റുന്നതായുള്ള യാഥാർത്ഥ്യം മനസ്സിലാകും!'

ഖായിതെ മില്ലത്ത് അവർകളുടെ ദേഹവിയോഗം!

ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന്റെ അഖിലേന്ത്യാ നേതാവും ദേശീയാദ്ധ്യക്ഷനും ഇന്ത്യൻ ഇസ്ലാം സമുദായത്തിന്റെ ഊടും പാവുമായ- സ്വതന്ത്ര ഇന്ത്യയുടെ നവനിർമ്മിതിക്ക്- നിയമനിർമ്മാണത്തിൽ- ജനാധിപത്യത്തെ നിലനിർത്തുന്നതിൽ- ന്യൂനപക്ഷങ്ങളുടെ നന്മയ്ക്ക്- രാജ്യത്തന്റെ ഒത്തൊരുമ സംരക്ഷിക്കുന്നതിൽ- തന്നെ മുഴുവനായും അർപ്പിച്ച ദേശീയ നേതാവ് ബഹുമനപ്പെട്ട ഖായിതെ മില്ലത്ത് ജനാബ് എം. മുഹമ്മദ് ഇസ്മാഈൽ സാഹിബ് അവർകൾ 1972 ഏപ്രിൽ 5-ാം തിയ്യതി അല്ലാഹുവിന്റെ അരുളാൽ ഭൂലോകവാസം വെടിഞ്ഞ് പരലോകം പൂകി- ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ

ആധാര ഗ്രന്ഥങ്ങൾ

1. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ അവസാന നാളുകൾ- ധാർഷിയാം
2. ഹിന്ദുത്വത്തിന്റെ പരിണാമവളർച്ച- കെ.ഇ.എൻ, കെ.എസ്. ഹരിഹരൻ
3. മുസ്ലിംകളുടെ രാഷ്ട്രീയ പരിണാമ വളർച്ച- ജെ.പി.പി. മോറെ
4. സമകാല ഇന്ത്യാ ചരിത്രം (1942- 1997) ഡോ. കെ. വെങ്കിടേശൻ
5. കൺഫെസൻസ് ഓഫ് എ സെക്യുലർ ഫണ്ട്മെന്റലിസ്റ്റ് - മണിശങ്കർ അയ്യർ (തമിഴിൽ കെ.എം. ഖാദർ മൊയ്തീൻ)
6. മരണപ്പാതയിൽ മജീദ്- രാജാഖാൻ- തിരുച്ചി ടോർപ്പിഡോ എ.കെ. ബാഷ
7. ചന്ദ്രിക- മലയാളം ദിനപത്രം - സി.എച്ച്. മുഹമ്മദ്കോയ
8. മലയാള രാജ്യം - ദിനപത്രം, കൊല്ലം
9. മറുമലർച്ചി വാരിക - എ.എം. യൂസുഫ്
10. ഹിന്ദുസ്ഥാൻ- മലയാളം പത്രം- എം.എം. വർഗീസ്
11. 'ഹമാ' ഉർദു ഡൈജസ്റ്റ്- ഡൽഹി
12. നിഷേമൻ- ഉർദു വാരിക- ബാംഗ്ലൂർ
13. 'ഹമാരാ കദം'- ഉർദു വാരിക, ഡൽഹി
14. 'നയീ ദുനിയാ' - ഉർദു വാരിക- ഷാഹിദ് സിദ്ദീഖി - ഡൽഹി
15. ഇന്ത്യാ ടുഡേ
16. കൗമി ആസാദ്- ഉർദു - ഡൽഹി